കുഴൽമന്ദം ഗ്രാമപഞ്ചായത്ത്



സമഗ്രവികസന റിപ്പോർട്ട് –1996



"ഒരു പഞ്ചായത്തിന് യഥാർത്ഥമായ ജനപിന്തുണ ഉണ്ടായിരിക്കുകയും സൃഷ്ടിപരപ്രവർത്തനങ്ങൾ വഴി ആ പിന്തുണ വർദ്ധിക്കുകയും ചെയ്യുമ്പോൾ ധാർമ്മികമായ അന്തസ്സുമൂലം അതിന്റെ തീരുമാനങ്ങളും അധികാരവും ബഹുമാനിക്കപ്പെടും. ഏതൊരാൾക്കും ആർജ്ജിക്കാൻ കഴിയുന്നതും പിന്നീട് നിഷേധിക്കാൻ കഴിയാത്തതുമായ ഏറ്റവും വലിയ ശക്തി തീർച്ചയായും അതാണ്".

-മഹാത്മാഗാന്ധി

105-3

ഒൻപതാം പദ്ധതി

ജനകീയ പദ്ധതി


സമഗ്ര വികസന റിപ്പോർട്ട്-1996


കുഴൽമന്ദം ഗ്രാമപഞ്ചായത്ത് ഓഫീസ്

പാലക്കാട് - 678702

ഭരണസമിതി അംഗങ്ങൾ

വാർഡ്	പേര്	
8	ശ്രീ. പി.എൻ. സേതുമാധവൻ	(പ്രസിഡന്റ്)
11	ശ്രീ. എ.വി. രാഘവൻ	(വൈസ്. പ്രസിഡന്റ്)
2	ശ്രീമതി. സി. ജാനകിവാസു	(സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ)
1	ശ്രീ. സി. രാധാകൃഷ്ണൻ	(മെമ്പർ)
3	ശ്രീമതി. ആർ. വസന്ത	"
4	ശ്രീ. എ.എം.എ റഹ്മാൻ	"
5	ശ്രീമതി. കെ. ഇന്ദിര	"
6	ശ്രീ. എം.ആർ. രാമദാസ്	"
7	ശ്രീ. പി.സി പ്രകാശൻ	"
9	ശ്രീമതി. പി. ജയലക്ഷ്മി	"
10	ശ്രീ. എ. കണ്ടു	"
	ശ്രീ. എ. നാരായണൻ	(സെക്രട്ടറി)





പ്രഥമ പ്രസിഡന്റ്

ശ്രീ. എൻ.ബി. ബാലചന്ദ്രൻ



മുൻ പ്രസിഡന്റ്

ശ്രീ. കെ. ആണ്ടു




മുൻ പ്രസിഡന്റ്

ശ്രീ. കെ. പരമേശ്വരൻ



മുൻ പ്രസിഡന്റ്

ശ്രീ. കെ. ആർ. അപ്പുക്കുട്ടൻ




പ്രസിഡന്റ്

ശ്രീ. പി.എൻ. സേതുമാധവൻ


ഭരണസമിതി അംഗങ്ങൾ



ആർ. വസന്ത
3-ാം വാർഡ് മെമ്പർ



എം.ആർ. രാമദാസ്
6-ാം വാർഡ് മെമ്പർ




എ.വി. രാഘവൻ
(വൈസ് പ്രസിഡന്റ്)
11-ാം വാർഡ്



സി. ജാനകിവാസു
(സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ)
2-ാം വാർഡ്




പി. ജയലക്ഷ്മി
9-ാം വാർഡ് മെമ്പർ




പി.എൻ. സേതുമാധവൻ
(പ്രസിഡന്റ്) 8-ാം വാർഡ്




കെ. ഇന്ദിര
5-ാം വാർഡ് മെമ്പർ



എ.എം.എ. റഹ്മാൻ
4-ാം വാർഡ് മെമ്പർ




സി. രാധാകൃഷ്ണൻ
1-ാം വാർഡ് മെമ്പർ



എ. കണ്ടു
10-ാം വാർഡ് മെമ്പർ




എ. നാരായണൻ
സെക്രട്ടറി



സി. പ്രകാശൻ
7-ാം വാർഡ് മെമ്പർ

എഡിറ്റോറിയൽ ബോർഡ്



എഡിറ്റർ:

ശ്രീ. എൻ. മുരളീധരൻ

എഡിറ്റോറിയൽ സ്റ്റാഫ്:

ശ്രീ. എൻ. മോഹൻദാസ്

ശ്രീ. കെ.എൻ. നാരായണൻകുട്ടി

ശ്രീ. ടി.പി. സുനന്ദൻ

ശ്രീ. കെ.വി. പരമൻ

ശ്രീ. ആർ. സുരേന്ദ്രൻ


ശ്രീമതി. സി. രാധികാദേവി

ശ്രീമതി. സി. ജാനകിവാസു


ശ്രീ. ആർ. ശിവദാസൻ

ശ്രീ. വി.എൻ. ഗോപിനാഥൻ

ജില്ലാഭൂപടം



PALGHAT DISTRICT
SHOWING PANCHAYATS
SCALE 1 Cm 2.5 Km
REFERENCE
NILGIRI
MANNARGHAT TALUK
MALAPPURAM
COIMBATORE
OTTAPPALAM TALUK
PALGHAT TALUK
ALATHUR TALUK
CHITTUR TALUK
TRICHUR
LIST OF PANCHAYATS
OTTAPPALAM TALUK
MANNARGHAT TALUK
PALGHAT TALUK
ALATHUR TALUK
CHITTUR TALUK

പഞ്ചായത്ത് ഭൂപടം



അകം താളുകളിൽ.....

1. ആമുഖം - ചരിത്രപശ്ചാത്തലം
2. കൃഷി അനുബന്ധമേഖലകൾ
3. മൃഗസംരക്ഷണവും മത്സ്യബന്ധനവും
4. വിദ്യാഭ്യാസം
5. ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം
6. വ്യവസായം
7. ഗതാഗതം, ഊർജ്ജം
8. ഭവനനിർമ്മാണം, ക്ഷേമപ്രവർത്തനം
9. സാംസ്കാരികരംഗം
10. വനിതാക്ഷേമം
11. സഹകരണമേഖല
12. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം
13. വിഭവസമാഹരണം



ആമുഖം

താഴെതട്ടിൽനിന്ന് ജനപങ്കാളിത്തത്തോടുകൂടിയുള്ള ആസൂത്രണം നമ്മുടെ സംസ്ഥാനത്തെ ആസൂത്രണപ്രക്രിയയിൽ ഒരു പുതുയുഗം തുറക്കാൻ പോകുകയാണ്. സ്വാതന്ത്ര്യലബ്ധി മുതൽ ആസൂത്രിതമായി സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനാണ് നമ്മൾ ശ്രമിച്ചുകൊണ്ടിരുന്നത്. ഇതിന്റെ ഫലമായി പല നേട്ടങ്ങളും നമുക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ നാം തുടർന്നുവന്ന ആസൂത്രണ സമ്പ്രദായത്തിന് ചില അടിസ്ഥാന വൈകല്യങ്ങൾ ഉണ്ടായിരുന്നുവെന്ന് അനുഭവങ്ങൾ ചൂണ്ടിക്കാട്ടുന്നു.

വികസന പദ്ധതികൾ സംബന്ധിച്ച കാര്യങ്ങളെല്ലാം ആദ്യം കേന്ദ്രത്തിലും പിന്നീട് സംസ്ഥാനതലത്തിലും തീരുമാനങ്ങൾ എടുത്ത് വിവിധ വകുപ്പുകൾ വഴി നടപ്പാക്കുകയാണ് ചെയ്യുന്നത്. ഈ അതിരുകവിഞ്ഞ കേന്ദ്രീകരണം മൂലം ഓരോ പ്രദേശത്തിന്റെയും ഭൂപ്രകൃതിക്കോ ജനകീയാവശ്യങ്ങൾക്കോ അനുസൃതമായ സ്കീമുകളല്ല പദ്ധതിയുടെ ഭാഗമായി യഥാർത്ഥത്തിൽ നടപ്പാക്കപ്പെട്ടത് എന്ന് കാണുവാൻ കഴിയും.

ആസൂത്രണം അതിന്റെ പ്രയോഗത്തിൽ വിവിധ വകുപ്പുകളുടെ പരസ്പരബന്ധമില്ലാത്ത സ്കീമുകൾ തയ്യാറാക്കി അധ:പതിച്ചു. സ്ഥല-ജല വിഭവങ്ങളുടെ സാദ്ധ്യതകളുടെയും അവയുടെ വിനിയോഗ പ്രവർത്തനങ്ങളേയും സമഗ്രമായിക്കണ്ട് പരിപാടികൾ തയ്യാറാക്കുന്നതിന് പകരം ഡിപ്പാർട്ട്മെന്റലിസമായി തീർന്നു ഇന്ത്യൻ ആസൂത്രണത്തിന്റെ മുഖമുദ്ര.

പദ്ധതികളുടെ അസൂത്രണത്തിലോ നിർവ്വഹണത്തിലോ ജനപങ്കാളിത്തമുണ്ടായിരുന്നില്ല. തൻമൂലം പദ്ധതിപ്രവർത്തനം ജനങ്ങളിൽനിന്നും അദൃശ്യവൽക്കരിക്കപ്പെട്ടു. പ്രാദേശികമായ വിഭവസമാഹരണ സാദ്ധ്യതകളെ ഇല്ലാതാക്കി നടത്തിപ്പിന്റെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിച്ചു. കാർഷിക മേഖല പ്രതീക്ഷകൾക്കൊപ്പം വളരുന്നില്ല. വ്യവസായ മേഖല മുരടിച്ചുനിൽക്കുന്നു. തൻമൂലം തൊഴിലില്ലായ്മ പെരുകുന്നു. സേവന മേഖലയുടെ നിലവാരത്തകർച്ച ജനജീവിതത്തെ ബാധിച്ചിരിക്കുന്നു. വൈദ്യുതിക്ഷാമം നിലവിലുള്ള വ്യവസായങ്ങളുടെ പോലും നടത്തിപ്പിനെ അവതാളപ്പെടുത്തിയിരിക്കയാണ്. ഇത് പരിഹരിക്കേണ്ടത് ഒരടിയന്തിര കടമയാണ്. അതോടൊപ്പം കേരളത്തിലെ കാർഷിക-വ്യവസായ മേഖലകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യണം.

ഒമ്പതാം പദ്ധതിയുടെ 35-40% തുകക്കുമുള്ള സ്കീമുകൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും വേണമെന്നാണ് സംസ്ഥാന പ്ലാനിംഗ് ബോർഡ് ഉദ്യേശിക്കുന്നത്. വളരെ വലിയ ഉത്തരവാദിത്തമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ പോകുന്നത്. ചെയ്തുശീലമില്ലാത്ത കാര്യമാണ് നമ്മൾ ചെയ്യാൻ പോകുന്നത്. മാമൂൽ വിട്ട് ചിന്തിക്കുവാനും പ്രവർത്തിക്കുവാനും തയ്യാറാവണം. അതി വിപുലമായതോതിൽ ജനങ്ങളെ അണിനിരത്തിക്കൊണ്ടുവേണം ഈ കടമ നിർവ്വഹിക്കാൻ. ഈ ലക്ഷ്യം മുൻനിറുത്തിക്കൊണ്ടാണ് കേരള സർക്കാർ "ജനകീയാസൂത്രണ" പ്രസ്ഥാനത്തിന് രൂപം നൽകിയിരിക്കുന്നത്.

I 1. ജനകീയാസൂത്രണ പ്രസ്ഥാനം എന്ത്? എന്തിന്?

ഒൻപതാംപദ്ധതിയുടെ 35-40% തുക വിവിധ തട്ടുകളിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ, അവയ്ക്ക് നിർവ്വചിക്കപ്പെട്ടിരിക്കുന്ന ചുമതലകളുടെ പരിധിക്കുള്ളിൽനിന്ന് തീരുമാനിക്കേണ്ടതാണെന്ന് നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ. അതോടൊപ്പം വിവിധ സർക്കാർ വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതികളിലേക്ക് താഴെ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങൾ പരിഗണിക്കപ്പെടണം. പഞ്ചായത്ത് സമിതികളുടെ നേതൃത്വത്തിൽ ജനകീയ ചർച്ചയുടെ അടിസ്ഥാനത്തിലാവണം ഇതിലേക്കുള്ള മുൻഗണനകൾ നിശ്ചയിക്കേണ്ടത്. ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടുള്ളതായിരിക്കണം കേരളത്തിന്റെ ഒൻപതാം പദ്ധതി എന്നാണ് വിവക്ഷിക്കുന്നത്.

പദ്ധതിയെപ്പോലെ പ്രധാനമാണ് അത് രൂപപ്പെടുത്തുന്ന രീതിയും. പദ്ധതി രൂപീകരണം മുതൽ അത് നടപ്പാക്കുന്നവരെ എല്ലാ ഘട്ടത്തിലും ജനപങ്കാളിത്തം ഉറപ്പ് വരുത്തുക വഴി ജനങ്ങളിൽ ഒരു പുതിയ വികസനകാഴ്ചപ്പാട് വളർത്താൻ കഴിയണം. ഇന്ന് ജനങ്ങൾക്കിടയിൽ കാണുന്ന നിരാശയും "ഒന്നും ശരിയാവില്ല" മനോഭാവവും മാറ്റിയെടുത്ത് അവരിൽ പ്രതീക്ഷയും ശുഭാപ്തിവിശ്വാസവും ദിശാബോധവും വളർത്തണം. എങ്കിലേ ഇതുവരെ നമുക്ക് പ്രയോജനപ്പെടുത്താൻ കഴിയാതിരുന്ന മനുഷ്യവിഭവശേഷിയുള്ള വിഭവങ്ങൾ വർത്തോതിൽ സമാഹരിച്ച് പ്രാദേശികവികസന പ്രവർത്തനങ്ങൾ നടപ്പാക്കാൻ കഴിയൂ.

പ്രാദേശിക സ്വയംഭരണ സമിതികളെന്ന നിലയിൽ പഞ്ചായത്ത് സമിതികളെ ശക്തിപ്പെടുത്താനും ഈ പ്രവർത്തനം കൊണ്ട് സാദ്ധ്യമാകും. സാമ്പത്തിക പരിമിതി, ഭരണതടസ്സങ്ങൾ, നിയമത്തിന്റെ അപര്യാപ്തത തുടങ്ങി അനേകം ഘടകങ്ങൾ ഈ ജനകീയ സമിതികളുടെ കാര്യക്ഷമമായ പ്രവർത്തനത്തി

ന് തടസം സൃഷ്ടിക്കുന്നു. അധികാര വികേന്ദ്രീകരണത്തിനു വേണ്ടിയും അതിനെതുടർന്ന് ഉണ്ടാകേണ്ട മാറ്റങ്ങൾക്ക് വേണ്ടി ജനങ്ങളെ സംഘടിപ്പിച്ചണിനിരത്തിക്കൊണ്ടല്ലാതെ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കാൻ കഴിയില്ല എന്നാണ് മുൻകാല അനുഭവങ്ങൾ കാണിക്കുന്നത്.

I 2. പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വപങ്ക്

ഓരോ പഞ്ചായത്തിന്റെയും പ്രകൃതി വിഭവവും മാനുഷിക വിഭവവും ലഭ്യമായതോ ലഭ്യമാക്കാവുന്നതോ ആയ സാങ്കേതിക ജ്ഞാനവും കൂട്ടിച്ചേർത്തുകൊണ്ട് ഉൽപാദന മേഖലയിൽ ക്രിയാത്മകമായി ഇടപെടാൻ കഴിഞ്ഞാൽ ഇന്ന് പാഴായിപ്പോകുന്ന അദ്ധ്വാനശേഷിയെ ഓരോ പ്രദേശത്തിന്റെയും സ്ഥായിയായ വളർച്ചയ്ക്ക് ഉതകുന്ന രീതിയിൽ തിരിച്ചുവിടാനാകും. ഇത്തരം ഒരു ജനകീയ വികസന അവബോധം പദ്ധതി ആസൂത്രണ ഘട്ടത്തിൽതന്നെ വികസിപ്പിച്ചെടുക്കാൻ കഴിയണം.

ഗ്രാമസഭകളിലൂടെ ഒട്ടേറെ പ്രശ്നങ്ങളും പരാതികളും ഉയർന്നുവന്നിട്ടുണ്ട്. അതോടൊപ്പം ക്രിയാത്മകങ്ങളായ നിർദ്ദേശങ്ങളും ഉയർന്നുവന്നു എന്നത് നമ്മുടെ ജനതയുടെ വികസനാവബോധത്തെ കാണിക്കുന്നു. ഇങ്ങനെ ഉയർന്നുവന്ന പ്രശ്നങ്ങളെല്ലാം ഒരു പദ്ധതികൊണ്ട് മാത്രം പരിഹരിക്കാനാവില്ല.

അതാത് പ്രദേശങ്ങളുടെ തനത്പ്രത്യേകതകൾ മനസ്സിലാക്കി അനുയോജ്യമായ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടുകൂടി നടപ്പാക്കാൻ കഴിഞ്ഞാൽ വലിയ നേട്ടങ്ങൾ പ്രാദേശികമായി ഉണ്ടാക്കാൻ കഴിയും എന്നാണ് കേരളത്തിന്റെ വിവിധ കോണുകളിൽ നടന്ന അനുഭവമാതൃകകൾ വ്യക്തമാക്കുന്നത്. പുതിയൊരു പ്രവർത്തനശൈലി വികസിപ്പിച്ചെടുക്കുന്നതിലൂടെയാണ് ഇത് സാദ്ധ്യമായത്. ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ബഹുജനസംഘടനകൾ, സന്നദ്ധസംഘടനകൾ, വിദഗ്ധർ, ഉദ്യോഗസ്ഥർ എന്നിവരെ കോർത്തിണക്കി പുതിയ പ്രവർത്തനശൈലി കേരളത്തിലെമ്പാടും വളർത്തുക എന്നതാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. അതിന് കഴിഞ്ഞാൽ വളരെ കുറഞ്ഞ സമയത്തിനുള്ളിൽതന്നെ സാശ്രയത്തിലൂന്നിയ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്ന സങ്കൽപം കേരളത്തിൽ സാക്ഷാത്കരിക്കപ്പെടും. ഒപ്പം കേരളത്തിന്റെ സമകാലിക വികസന പ്രതിസന്ധി തരണം ചെയ്യാനും നമുക്ക് കഴിയും. അഖിലേന്ത്യാ ശരാശരിയേക്കാൾ സാമ്പത്തിക വളർച്ചയിൽ പിന്നോക്കം നിൽക്കുന്ന ഒരു സംസ്ഥാനം എന്ന പദവിയിൽ നിന്ന് നമുക്ക് കരകയറാൻ കഴിയണം. കേരളം സാമൂഹിക-രാഷ്ട്രീയ രംഗങ്ങളിൽ കൈവരിച്ചിട്ടുള്ള ഭൂതകാലത്തിന്റെ നേട്ടങ്ങൾ നിലനിർത്തിക്കൊണ്ടും അവ മെച്ചപ്പെടുത്തിക്കൊണ്ടും നമുക്ക് സാമ്പത്തിക വളർച്ച കൈവരിക്കാവുന്നതാണ്.

I 3. പഞ്ചായത്ത് പരിശീലനം

ഒൻപതാം പദ്ധതി രൂപീകരണത്തിനുള്ള ജനകീയ പ്രസ്ഥാനത്തിന്റെ ഒന്നും രണ്ടും ജില്ലാതല പരിശീലനങ്ങളിൽ ഉദ്യോഗസ്ഥർ അടക്കം 19 പേർ പങ്കെടുത്തിരുന്നു. പഞ്ചായത്ത് തല ഒന്നാംഘട്ട പരിശീലനം 21.9.96-ന് കുഴൽമന്ദം ഐ.ടി.ഐ ഹാളിൽവെച്ച് സംഘടിപ്പിക്കപ്പെട്ടതിൽ 5 സ്ത്രീകളും 14 ഉദ്യോഗസ്ഥരും ഭരണസമിതിയംഗങ്ങളും ഉൾപ്പടെ 71 പേർ പങ്കെടുത്തു. ജില്ലാതല പരിശീലകർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. തുടർന്ന് 11 വാർഡുകളിലും പ്രത്യേക ഗ്രാമസഭകൾ ചേർന്നതിൽ 1,10 വാർഡുകളിൽ സ്ത്രീപങ്കാളിത്തം ഇല്ലായിരുന്നുവെങ്കിലും മറ്റെല്ലാ വാർഡിലും പൊതുവെ പങ്കാളിത്തം ആവേശകരമായിരുന്നു.

ഗ്രാമസഭകളിലെ പങ്കാളിത്തം

വാർഡ് നമ്പർ	യോഗം ചേർന്ന തീയ്യതി	പങ്കെടുത്തവരുടെ എണ്ണം		ആകെ	പങ്കെടുത്ത ഉദ്യോഗസ്ഥരുടെ എണ്ണം	പട്ടികജാതി അംഗങ്ങളുടെ എണ്ണം
		സ്ത്രീ	പുരുഷൻ			
1	6.10.96	-	38	38	1	10
2	5.10.96	12	40	52	-	5
3	5.10.96	12	61	73	8	5
4	6.10.96	12	86	98	9	6
5	2.10.96	3	74	77	5	25
6	5.10.96	10	60	70	3	7
7	2.10.96	15	67	82	1	20
8	2.10.96	6	43	49	5	8
9	29.9.96	26	83	109	14	25
10	6.10.96	-	56	56	2	4
11	29.9.96	8	53	61	1	10
ആകെ		104	661	765	49	125

ജനകീയ ആസൂത്രണ പരിപാടിയുടെ പ്രചരണാർത്ഥം ബ്ലോക്ക് കലാജാഥ കുഴൽമന്ദം പഞ്ചായത്തിലും 17.10.96 ന് 12 കലാകാരന്മാർ ഉൾപ്പെടുന്ന ഒരു സംഘം പര്യടനം നടത്തിയതിൽ പഞ്ചായത്തിലെ അഞ്ചു ഗ്രാമങ്ങളിലായി ആയിരത്തോളം പൊതു ജനങ്ങൾ പങ്കാളിത്തമുണ്ടായത് രണ്ടാം ഘട്ട പരിശീലന പരിപാടിക്ക് കൂടുതൽ ആവേശം നൽകി.

രണ്ടാംഘട്ട പരിശീലനം 2.11.96-ന് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടത്തി. അതിൽ മൊത്തം പങ്കെടുത്ത 75 പരിശീലകരിൽ 13 സ്ത്രീകൾ പങ്കെടുത്തു. 8 പഞ്ചായത്ത് മെമ്പർമാരും 25 ഉദ്യോഗസ്ഥരും പങ്കെടുത്തു. ദ്വിതീയ വിവര ശേഖരണവും പൂർത്തിയാക്കി. വികസനറിപ്പോർട്ട് എഴുതി തയ്യാറാക്കുന്നതിന് വിദഗ്ധരെ ഉൾപ്പെടുത്തി ഒരു യോഗം 11.11.96ന് കുഴൽമന്ദം ബ്ലോക്ക് കോൺഫറൻസ് ഹാളിൽ ചേരുകയും 12 വികസന മേഖലകളാക്കിത്തിരിച്ച് പ്രവർത്തനം ഊർജ്ജിതപ്പെ

ടുത്തുന്നതിനും നിശ്ചയിച്ചു. ഓരോ ഗ്രൂപ്പിന്റെയും നേതൃത്വം ഓരോ മെമ്പർമാർ സ്വയം ഏറ്റെടുത്തു. ഇതിനിടയിൽ 3 ദിവസങ്ങളിലായി പഠനപര്യടനം നടത്തി ഭൂപ്രകൃതിയെക്കുറിച്ച് വിശദ പഠനം നടത്തി മാപ്പുകൾ തയ്യാറാക്കി.

I. 4. പഞ്ചായത്ത് പൊതുവിവരങ്ങൾ

1. പഞ്ചായത്തിന്റെ പേര് : കുഴൽമന്ദം
2. റവന്യൂവില്ലേജുകൾ : കുഴൽമന്ദം ഘ & ഘഘ
3. വില്ലേജിൽ ഉൾപ്പെടുന്നദേശം: 1. കുഴൽമന്ദം, 2. കണ്ണനൂർ, കളപ്പെട്ടി, പുതുക്കോട്, പെരുങ്കുന്നം
4. ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ : കുഴൽമന്ദം
5. ബ്ലോക്ക് പഞ്ചായത്ത് : കുഴൽമന്ദം
6. താലൂക്ക് : ആലത്തൂർ
7. ജില്ല : പാലക്കാട്
8. അസംബ്ലിമണ്ഡലം : കുഴൽമന്ദം (പ.ജാതി സംവരണം)
9. വിസ്തീർണ്ണം : 30.65 സ്കയർ കിമി.
10. നാല് അതിരുകൾ : 1. കിഴക്ക് തെങ്കുറിശ്ശി പഞ്ചായത്ത്, പടിഞ്ഞാറ് കുത്തന്നൂർ പഞ്ചായത്ത്, വടക്ക് മാത്തൂർ പഞ്ചായത്ത്, തെക്ക് എരിമയൂർ പഞ്ചായത്ത്
11. ജനസംഖ്യ : 25292 (ആൺ: 12311, പെൺ: 12981)
12. വാർഡുകളുടെ എണ്ണം : 11
13. സംവരണ വാർഡുകൾ : 1. പട്ടികജാതി 2 (2&7) 2. വനിത 4 (3,5,9& പ.ജാ വനിത 2)
14. പ്രസിഡന്റിന്റെ പേര് : ശ്രീ. പി.എൻ. സേതുമാധവൻ
15. വൈസ് പ്രസിഡന്റിന്റെ പേര് : ശ്രീ. എ.വി. ഗോപാലൻ
16. സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ : ശ്രീമതി. സി. ജാനകിവാസു
17. പഞ്ചായത്തിന്റെ ഗ്രേഡ് : ഫസ്റ്റ് ഗ്രേഡ്

I. 5. പഞ്ചായത്ത് ചരിത്രവും ഭരണസമിതികളും

പഞ്ചായത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ സംഘം അധികാരികളാണ് നീതി നിർവ്വഹണം നടത്തിയിരുന്നത് എന്ന് കാണാം. 24.5.1954 മുതൽ പഞ്ചായത്തിന്റെ ആദ്യഭരണ സമിതി നിലവിൽവന്നിട്ടുണ്ട്. ആദ്യത്തെ അംഗങ്ങളുടെ പേര് വിവരങ്ങൾ താഴെ കുറിക്കുന്നു.

1. ശ്രീ. എൻ.ബി. ബാലചന്ദ്രൻ (പ്രസിഡന്റ്)
2. ശ്രീ. കെ. ശങ്കുണ്ണിഅച്ചൻ (വൈസ് പ്രസിഡന്റ്)
3. ശ്രീ. കെ.എസ്. രാമചന്ദ്രഅയ്യർ (മെമ്പർ)
4. ശ്രീ. ടി.സി. വേലായുധൻ നായർ "
5. ശ്രീ. സി. ശ്രീധരൻ, എടക്കാട് "
6. ശ്രീ. എം.എ. വേലപ്പൻ "
7. ശ്രീ. കെ.വി. ബാലകൃഷ്ണൻ "
8. ശ്രീ. എം.കെ. ചാത്തുഎഴുത്തച്ചൻ "
9. ശ്രീ. കെ. മുഹമ്മദ് സാഹിബ് "
10. ശ്രീ. ആർ. കുഷ്ണൻ " (പട്ടികജാതി)
11. ശ്രീ. കെ. ചാത്തൻ " (പട്ടികജാതി)

വാർഡ് ഉപദേശക സമിതികളും നിലനിന്നിരുന്നു. ആദ്യഭരണസമിതി അംഗങ്ങളിൽ ശ്രീ. സി. ശ്രീധരൻ മാത്രമാണ് ഇപ്പോൾ ജീവിച്ചിരിപ്പുള്ളത്.

ശ്രീ. സി. ശ്രീധരൻ : ശ്രീ. ചാമുണ്ണിയുടേയും കല്ല്യാണിയുടേയും 7 മക്കളിൽ രണ്ടാമത്തെ മകനായി കൊല്ലവർഷം 1102 തുലാമാസം 28-ാം തീയതി ശ്രീ. ശ്രീധരൻ ജനിച്ചു. എസ്.എസ്.എൽ.സി വരെ വിദ്യാഭ്യാസം നടത്തി. നോമിനേഷൻവഴി തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹം 24.5.54-ൽ 11-ാം വാർഡിനെ പ്രതിനിധീകരിച്ച് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. (ഘ. 8 കാണുക) 1962 ജനവരി 21 വരെ അംഗമായി തുടർന്നു. പിന്നീട് 28.12.61-ലെ ജി.ഒ.എം.എസ് 194/61/സി.ഡി. നമ്പർ ഉത്തരവ് അനുസരിച്ച് പഞ്ചായത്ത് രൂപീകരണത്തോട് അനുബന്ധിച്ച് നടന്ന ഇലക്ഷനിൽ സ്ഥാനാർത്ഥിയായി മത്സരിച്ചെങ്കിലും വിജയിക്കുകയുണ്ടായില്ല.

ഇക്കാലയളവിൽ പഞ്ചായത്തിലെ ആദ്യറോഡായ 'ബാലചന്ദ്രാ മെമ്മോറിയൽ റോഡ്' നിർമ്മാണത്തിലും കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് കിണറുകൾ കുഴിക്കുന്നതിനും നേതൃത്വം നൽകിയിട്ടുണ്ട്.

പഞ്ചായത്തിന് സ്വന്തമായ കെട്ടിടം എന്ന അഭിലാഷം പൂർത്തിയാക്കുന്നതിന് കുമരംചെരിയത്ത് ശേഖരമേനോൻ സൗജന്യമായി നൽകിയ സ്ഥലത്താണ് ആദ്യഭരണസമിതിയുടെ നേതൃത്വത്തിൽ ഓഫീസ് കെട്ടിടം പണികഴിച്ചത്.

ആദ്യഭരണ സമിതിയുടെ കാലാവധി അവസാനിച്ച 22.1.62 മുതൽ 31.12.63 വരെ ഭരണം സ്പെഷ്യൽ ഓഫീസർക്കായിരുന്നു. 1963- നവംബറിൽ തെരഞ്ഞെടുപ്പ് നടത്തി 1.1.64 മുതൽ രണ്ടാമത്തെ ഭരണസമിതി നിലവിൽവന്നു.

പ്രസിഡന്റ് സ്ഥാനത്തേക്ക് രണ്ടുപേർ നാമനിർദ്ദേശം ചെയ്യപ്പെട്ടതിനാൽ (ശ്രീ. ആണ്ടു, ശ്രീ. രാമനാഥമന്നാടിയാർ) വോട്ടിംഗ് നടത്തി. എട്ട് മെമ്പർമാർ ഉണ്ടായിരുന്നതിൽ ആറുപേർ വോട്ടിംഗിൽ പങ്കെടുത്തു. രണ്ടുപേർക്കും 3 വീതം തുല്യവോട്ടുകൾ ലഭിച്ച സാഹചര്യത്തിൽ നറുക്കെടുപ്പ് നടത്തി. നറുക്കെടുപ്പിൽ ശ്രീ. ആണ്ടു വിജയംകണ്ടെത്തി പ്രസിഡന്റായി ചുമതലയേറ്റു. മേൽപറഞ്ഞ രണ്ട് ഭരണസമിതികളിലും വനിതാ പ്രാതിനിധ്യം ഉണ്ടായിരുന്നില്ല. എന്നാൽ തുടർച്ചയായി 151/2

വർഷം നിലനിന്ന രണ്ടാമത്തെ ഭരണസമിതി 31.7.79-ൽ സർക്കാർ പിരിച്ചുവിട്ടു.

1.8.79 മുതൽ 28.9.79 വരെ സ്പെഷ്യൽ ഓഫീസർക്കായിരുന്നു ഭരണച്ചുമതല. 29.9.79 -ന് മൂന്നാമത്തെ ഭരണസമിതി പ്രസിഡന്റ് ശ്രീ. കെ. പരമേശ്വരന്റെ നേതൃത്വത്തിൽ അധികാരമേറ്റ് 30.9.84 വരെ ഭരണം നടത്തി. 1.10.84 മുതൽ 7.2.88 വരെ വീണ്ടും സ്പെഷ്യൽ ഓഫീസർക്കായിരുന്നു ഭരണച്ചുമതല.

നാലാമത്തെ ഭരണസമിതി 8.2.1988 ന് നിലവിൽവന്നു. 9-ാം വാർഡിനെ പ്രതിനിധീകരിച്ച ശ്രീ. കെ. പരമേശ്വരൻ പ്രസിഡന്റ് സ്ഥാനം സ്വയം ഒഴിഞ്ഞതിനെതുടർന്ന് എട്ടാം വാർഡിനെ പ്രതിനിധീരിച്ച ശ്രീ. കെ.ആർ. അപ്പുക്കുട്ടനെ പ്രസിഡന്റായി അവരോധിക്കപ്പെട്ടു. ഈ ഭരണസമിതി 30.9.1995 വരെ നിലനിന്നു.

1.10.1995 ന് നിലവിലുള്ള 5-ാം മത്തെ ഭരണസമിതി അധികാരമേറ്റു. അംഗങ്ങളുടെ പേര് വിവരവും അവർ പ്രതിനിധാനം ചെയ്യുന്ന വാർഡും താഴെ കൊടുക്കുന്നു.

1.	ശ്രീ. പി.എൻ. സേതുമാധവൻ (പ്രസിഡന്റ്)	
	വാർഡ് 8 പെരിങ്കുന്നം	
2.	ശ്രീ. എ.വി. രാഘവൻ (വൈസ്. പ്രസിഡന്റ്)	
	വാർഡ് 11, നൊച്ചുള്ളി	
3.	ശ്രീമതി. സി. ജാനകിവാസു	
	(സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ) വാർഡ് 2, പുത്തൻതറ	
4.	ശ്രീ. സി. രാധാകൃഷ്ണൻ	(മെമ്പർ)
	വാർഡ് 1, മന്ദം	
5.	ശ്രീമതി. ആർ. വസന്ത	"
	വാർഡ് 3, കളക്കാട്	
6.	ശ്രീ. എ.എം.എ. റഹ്മാൻ	"
	മെമ്പർ, വാർഡ് 4, ചന്തപ്പുര	
7.	ശ്രീമതി. കെ. ഇന്ദിര	"
	വാർഡ് 5, കണ്ണനൂർ	
8.	ശ്രീ. എം.ആർ. രാമദാസ്	"
	വാർഡ് 6, കൊഴിഞ്ഞംപറമ്പ്	
9.	ശ്രീ. സി. പ്രകാശ്	"
	വാർഡ് 7, കളപ്പെട്ടി	
10.	ശ്രീമതി. പി. ജയലക്ഷ്മി	"
	വാർഡ് 9, കുളവൻമുക്ക്	
11.	ശ്രീ. എ. കണ്ടു	"
	വാർഡ് 10, ചെന്നക്കോട്	

I. 6 മറ്റ് പ്രധാന ഓഫീസുകൾ/ സ്ഥാപനങ്ങൾ

1. ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്
2. ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ്
3. കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്
4. കൃഷിഭവൻ
5. എക്സൈസ് റേഞ്ച് ഓഫീസ്
6. സബ് രജിസ്റ്റാർ ഓഫീസ്
7. ലാന്റ് ട്രിബൂണൽ ഓഫീസ്
8. സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ്
9. പോലീസ് സ്റ്റേഷൻ
10. സബ് പോസ്റ്റ്ഓഫീസ് (7 ബ്രാഞ്ചുകൾ)
11. ടെലിഫോൺ എക്സ്ചേഞ്ച്
12. പൊതുമരാമത്ത് അസി. എഞ്ചിനീയർ (റോഡ്വിഭാഗം)
13. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ
14. എലക്ട്രിക്കൽ മേജർ സെക്ഷൻ
15. വാട്ടർ അതോറിറ്റി സെക്ഷൻ ഓഫീസ്
16. വില്ലേജ് ആഫീസ് നമ്പർ 1, കുഴൽമന്ദം
17. വില്ലേജ് ആഫീസ് നമ്പർ 2, "
18. സ്കൂളുകൾ : ഹൈസ്കൂൾ 1, അപ്പർ പ്രൈമറി സ്കൂൾ 2, ലോവർപ്രൈമറി സ്കൂൾ 5
19. ഗവൺമെന്റ് ഐ.ടി.ഐ)
20. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ
21. യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ
22. കുഴൽമന്ദം സർവ്വീസ് സഹകരണ ബാങ്ക്
23. പാലക്കാട് ജില്ലാ സർവ്വീസ് സഹകരണബാങ്ക് ശാഖ
24. കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ശാഖ
25. ഡയറി എക്സ്റ്റൻഷൻ ഓഫീസ്
26. ICDS പ്രൊജക്ട് ഓഫീസ്
27. ആലത്തൂർ താലൂക്ക് മാർക്കറ്റിംഗ് സൊസൈറ്റി ശാഖ
28. പട്ടികജാതി സഹകരണസംഘം, ചിതലി
29. വീവേഴ്സ് സഹകരണ സംഘം, മന്ദം
30. മൃഗാശുപത്രി, ചന്തപ്പുര
31. മൊബൈൽ വെറ്റിനറി യൂണിറ്റ്, കുഴൽമന്ദം
32. ഖാദി യൂണിറ്റ്, കളപ്പെട്ടി
33. ഹരിജൻ സഹകരണ പ്രിന്റിംഗ് പ്രസ്, കുളവൻമുക്ക്
34. ക്ഷീരവ്യവസായ സഹകരണ സംഘം, കളപ്പെട്ടി

II 1. സ്ഥലനാമ ചരിത്രം

വടമലപ്പുറത്തിനും തെൻമലപ്പുറത്തിനും നടുവിലുള്ള പ്രദേശം "നടുവട്ടം" എന്നറിയപ്പെടുന്നു. ക്രി.അ. 1756-57ക്ക് കൊല്ലം 932-ാംമതിൽ സാമൂതിരിപ്പാട് പാലക്കാട് തരൂർ സ്വരൂപത്തിന്റെ രാജ്യത്ത് കടന്ന് അക്രമിച്ച് ആ രാജ്യത്തെ മൂന്ന് അംശമാക്കിയിട്ട് നടുഭാഗത്ത് താൻ കൈവശപ്പെടുത്തി ആ ഭാഗത്തിന് "നടുവട്ടം" എന്ന് പേരിട്ടു. 22 വില്ലേജുകളായി തിരിച്ച നടുവട്ടം പ്രദേശത്തിലെ ഒരു വില്ലേജാണ് കൊഴൽമന്ദം (റഫറൻസ് ശ്രീ. വി.വി.കെ. വാലത്ത്, കേരളത്തിലെ സ്ഥലചരിത്രങ്ങൾ) ഒരു കാലത്ത് കുന്നുകൾ, കുടിയിരിപ്പുകൾ, പാടങ്ങൾ, പാറക്കെട്ടുകൾ കരിമ്പനകൾ എന്നിവ കൊണ്ട് സമൃദ്ധമായിരുന്നു ഇവിടം. നടുവട്ടം പ്രദേശം വളരെ സമ്പന്നമായിരുന്നു.

പാലക്കാട് ജില്ലയിൽ നടന്നുവരുന്ന കണ്യാർകളി ആഘോഷത്തിന്റെ പ്രധാനകേന്ദ്രങ്ങൾ നടുവട്ടം പ്രദേശത്താണ്. ഈ പ്രാചീന കലാവിനോദത്തിന് കൊല്ലവർഷാരംഭത്തോളം പഴക്കമുണ്ട്. ആദിമനിവാസികൾ ആഹാരസമ്പാദനത്തിനും സ്വതന്ത്രനിലനിൽപ്പിനും വേണ്ടി നടത്തിയ ജീവിതസമരത്തിന്റെ ചുട്ടുപഴുത്ത അനുഭവങ്ങളിൽനിന്നാകണം അത് രൂപം കൊണ്ടിരിക്കുക. അതിലെ പാട്ടുകളുടെ ആദിമരൂപം എന്തെന്ന റിയാൻ മാർഗ്ഗമില്ല. ഇപ്പോൾ പ്രചാരത്തിലിരുക്കുന്നവയ്ക്ക് ഭാഷാപരമായി നോക്കുമ്പോൾ വടക്കൻ പാട്ടുകളുടെ പഴക്കമേ കൽപ്പിക്കാനാവൂ. കണ്യാർകളി പാട്ടുകളിൽ പരാമർശിക്കപ്പെടുന്ന 50-ൽപരം സ്ഥലനാമങ്ങളിൽ നല്ലൊരുഭാഗം നടുവട്ടം പ്രദേശത്തുള്ളവയാണ്.

പാലക്കാടിന് 91/2 കി.മീ തെക്ക് പടിഞ്ഞാറ് സ്ഥിതിചെയ്യുന്ന കൊഴൽമന്ദം ആലത്തൂർ-പാലക്കാട് റോഡിൽ സ്ഥിതിചെയ്യുന്നു. കുഴൽവിളി നടന്നിരുന്ന മൻട്രം (മന്ദം) കുഴൽമന്ദമായതോ എന്ന് സന്ദേഹമുണ്ട്. കണ്യാർകളിയിലെ ഒരു പാട്ട് അതിന് വഴികാട്ടുന്നു.

'മന്ദത്തുനിന്നു കുഴൽവിളി വേണം,
കുന്നത്തുനിന്ന് വടിത്തല്ലുവേണം'

വളരെ പുരാതനമാണ് കൊഴൽമന്ദം വേല. പണ്ടുപണ്ടേ നടന്നുവരുന്ന ഒരു പ്രതിവാര ചന്തയും ഇവിടെയുണ്ട്. തമിഴ്നാട്ടിൽനിന്നും കന്നുകാലികളെ ഇവിടെ കൊണ്ടുവന്നു വിൽപ്പന നടത്തുന്ന സമ്പ്രദായത്തിനും പഴക്കമുണ്ട്.

കാലം കാർഷികവൃത്തിയുടെ കോലം കെടുത്തിയപ്പോൾ കുഴൽമന്ദത്തെ കാലിച്ചന്തയുടെ കോലത്തിനും കോട്ടം തട്ടി. നെല്ലറയുടെ നാട്ടിലെ ഈ കന്നുകാലിച്ചന്തയുടെ പെരുമ കാലം ചെല്ലുംതോറും കുറഞ്ഞു കുറഞ്ഞുവരികയാണ്. പാലക്കാടൻ കാർഷിക മേഖലയുടെ തകർച്ചയാണ് ഇവിടെ പ്രതിഫലിക്കുന്നത്. കേരളത്തിന്റെ നെല്ലറപ്പട്ടം ഏതാനും വർഷം മുൻപുവരെ പാലക്കാടിന്റെ കുത്തകയായിരുന്നു. കേരളത്തിലെ പ്രധാന കന്നുകാലിച്ചന്തയും പണ്ടുമുതലേ കുഴൽമന്ദത്തായിരുന്നു. കാലവും കാലാവസ്ഥയും കാലുമാറിയപ്പോൾ പാലക്കാടൻ നെല്ലറക്ക് സംഭവിച്ച ക്ഷീണം ചരിത്രനിയോഗം പോലെ കുഴൽമന്ദം ചന്തക്കും സംഭവിച്ചു.

ത്രിവേണി സംഗമ സ്ഥാനമായ കന്യാകുമാരി മുതൽ സേലംവരെ നീണ്ടുനിവർന്നുകിടക്കുന്ന ദേശീയപാതയുടെ ഓരത്ത് സ്ഥിതിചെയ്യുന്ന കുഴൽമന്ദത്തെ കന്നുകാലിച്ചന്തയ്ക്ക് ദശവർഷങ്ങൾ പഴമയുണ്ട്. ദേശീയപാത 47 ലൂടെ കടന്നു പോകുന്ന വിദേശടൂറിസ്റ്റുകളുടേയും ആയിരക്കണക്കിന് യാത്രക്കാരുടെയും കണ്ണുകളിൽ കൗതുകമുണർത്തുന്നതാണീ കന്നുകാലിച്ചന്ത. വാഹനങ്ങളിൽ സംഘമായി എത്തുന്ന വിദേശ വിനോദ സഞ്ചാരികൾ കന്നുകാലിപ്പെരുമ കാണാൻ നെല്ലറയുടെ ഉള്ളറയിലെ ചന്തയിൽ ഇറങ്ങുന്നതും കന്നുകാലിച്ചന്തയുടെ ചിത്രങ്ങൾ എടുക്കുന്നതും പതിവാണ്.

കുഴൽമന്ദം കാലിച്ചന്തയുടെ ആരംഭത്തെ സംബന്ധിച്ച് ചരിത്ര രേഖകൾ ഒന്നും ലഭ്യമല്ല. എങ്കിലും 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലാണ് ഈ ചന്തയുടെ ആരംഭമെന്ന് പൊതുവേ പറയപ്പെടുന്നുണ്ട്. പാലക്കാട് വെട്ടിപ്പിടിക്കാൻ പടയുമായി പാഞ്ഞെത്തിയ മൈസൂർ സുൽത്താൻമാരായ ഹൈദരാലിയുടേയും ടിപ്പുവിന്റേയും പടക്കുതിരകളെ സൂക്ഷിച്ചിരുന്ന പാളയമത്രേ ഇന്നത്തെകാലിച്ചന്ത സ്ഥിതിചെയ്യുന്ന നാലര ഏക്കറോളം വിസ്തൃതിയുള്ള ചന്തപറമ്പ് എന്ന് പഴമക്കാർ പറയുന്നു.

കുഴൽമന്ദം ചന്തയുടെ തുടക്കത്തെക്കുറിച്ച് മറ്റൊരു കഥയും പഴമക്കാരുടെ ഓർമ്മകളിലുണ്ട്. കോലത്തിരി നാടുവാണിരുന്ന കാലത്ത് അദ്ദേഹം സ്ഥാപിച്ചതാണ് കുഴൽമന്ദം ചന്ത എന്നാണ് ഈ കഥ. കാലിച്ചന്തയുടെ തുടക്കക്കാർ ആരായിരുന്നാലും പാലക്കാടൻ കാർഷികമേഖലയുടെ പ്രാധാന്യം കണക്കിലെടുത്താണ് നെല്ലറയുടെ മദ്ധ്യത്തായി സ്ഥിതിചെയ്യുന്ന കുഴൽമന്ദത്ത് കാർഷിക വൃത്തിയുടെ അവിഭാജ്യഘടകമായിരുന്ന കന്നുകാലികളുടെ വിപണന കേന്ദ്രത്തിന് തുടക്കം കുറിച്ചത്. പശു, കാള, പോത്ത്, എരുമ കന്നുകുട്ടികൾ എന്നിങ്ങനെ ശരാശരി അയ്യായിരത്തോളം വളർത്തു മൃഗങ്ങളാണ് ശനിയാഴ്ചതോറും ഈ ചന്തയിൽ വിൽപ്പനയ്ക്ക് എത്തുന്നത്.

ഏതാനും വർഷംമുൻപ് വരെ ഉഴവിനുള്ള ഉരുക്കളുടെ കച്ചവടമാണ് ഈ ചന്തയിൽ പ്രധാനമായും നടന്നിരുന്നത്. എന്നാൽ കാർഷികരംഗത്തുവന്ന മാറ്റങ്ങളുടേയും പരിഷ്കാരങ്ങളുടേയും ഭാഗമായി ട്രാക്ടറുകൾക്കും ട്രില്ലറുകൾക്കും പ്രചാരമേറിയതോടെ ഉഴവിനുള്ള കാളകളുടേയും പോത്തുകളുടേയും കച്ചവടം പിന്നിട് കുറഞ്ഞു. അതേസമയം അറവിനുള്ള കന്നുകാലികളുടെ വിൽപ്പന വർദ്ധിച്ചിരിക്കുകയും ചെയ്തു. എറണാകുളം, കോഴിക്കോട്, തൃശൂർ തുടങ്ങിയ നഗരങ്ങളിലേക്കാണ് കുഴൽമന്ദം ചന്തയിലെത്തുന്ന കന്നുകാലികളിൽ ഭൂരിഭാഗവും വാങ്ങികയറ്റിപ്പോകുന്നത്. ഓരോ ശനിയാഴ്ചയും 50 ലക്ഷത്തിൽപരം രൂപയുടെ കന്നുകാലിവ്യാപാരം കുഴൽമന്ദത്ത് നടന്നുവരുന്നു. ഒരു വനിത ഉൾപ്പെടെ മൂന്ന് സഹകാര്യവ്യക്തികളാണ് ഈ ചന്തനടത്തിവരുന്നത്. ഇതിൽനിന്ന് കിട്ടുന്ന വരുമാനത്തിന്റെ മൂന്നിൽ ഒരു ഭാഗം നികുതിയായി പഞ്ചായത്തിന് ലഭിക്കുന്നു. കേരളത്തിൽ സഹകാര്യമേഖലയിലുള്ള ഏക ചന്ത കുഴൽമന്ദം മാത്രമാണ്.

കഴിഞ്ഞ കാലഘട്ടത്തിന്റെ രാജകീയ സ്മരണകൾ അയവിറക്കി കുഴൽമന്ദം കൊട്ടാരം നിലകൊള്ളുന്നു. കുഴൽമന്ദത്തെ പുൽപൂരമന്ദത്തിന് തൊട്ടുവടക്കുഭാഗത്ത് മരുതൂർ ശ്രീകൃഷ്ണക്ഷേത്രത്തോട് ചേർന്നാണ് കൊട്ടാരം സ്ഥിതിചെയ്തിരുന്നത്. കൊട്ടാരത്തിന്റെ അവശിഷ്ടമായി ഒരു കൽപ്പത്തായവും കൽതറയും കൽചുമരും ഇന്നുമുണ്ട്. ഈ പത്തായത്തിലെ നെല്ല് എത്രയെടുത്താലും വീണ്ടും നിറഞ്ഞിരുന്നതായി പഴമക്കാർ പറയുന്നു. കർക്കിടകമാസത്തിലെ അത്തംനാളിൽ കുഴൽമന്ദത്തും മറ്റു പ്രദേശങ്ങളിലും അമാവാസി കഴിഞ്ഞ ഞായറാഴ്ചയും നിറ ഉത്സവമായി ആഘോഷിക്കുന്നു. കുഴൽമന്ദം കൊട്ടാരം

പോലെ "നിറയേ നിറ" എന്നും പറഞ്ഞുകേൾക്കുന്നുണ്ട്.

നവോത്ഥാന പ്രസ്ഥാനവുമായി ബന്ധപ്പെട്ട അഭിമാനകരമായ ഒരു ചരിത്രം കുഴൽമന്ദം പഞ്ചായത്തിലെ നൊച്ചുള്ളി കോളനിക്ക് പറയാനുണ്ട്. 1930-ൽ മിശ്രഭോജനത്തിന് സാക്ഷ്യം വഹിക്കാൻ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയെ ഈ കോളനിയിൽ കൊണ്ടുവരുവാൻ നേതൃത്വം നൽകിയത് നൊച്ചുള്ളി കോളനിയിലെ ആർ. കൃഷ്ണൻ, പഞ്ചായത്തിന്റെ പ്രഥമപ്രസിഡന്റ് ബാലചന്ദ്രന്റെ അച്ഛൻ ബാലകൃഷ്ണൻ, ചേങ്ങോട് വേലായുധൻ എന്നിവരാണ്. ഇന്നത്തെ ബാലകൃഷ്ണാ മേമ്മോറിയൽ സ്കൂളിന്റെ മുൻഭാഗത്ത് ഓല മേഞ്ഞ ഒരു വിദ്യാലയം അന്ന് ഗാന്ധിജി ഉൽഘാടനം ചെയ്യുകയുണ്ടായി. കോളനിയിൽ അന്ന് ഒരു കുടുംബം മാത്രമാണ് ഉണ്ടായിരുന്നത്. പിന്നീട് കുനിശ്ശേരിയിൽ നിന്ന് പരിക്കുംപള്ളം കുപ്പു കുറച്ചു കുടുംബങ്ങളെ കൊണ്ടുവന്നു താമസിപ്പിച്ചു. അതിനുവേണ്ടിയുള്ള കെട്ടിടം നൊച്ചുള്ളി ആർ. കൃഷ്ണൻ, എരിമയൂർ സുകുമാരൻ എന്നിവർ നേതൃത്വം നൽകി സംഭാവന സമാഹരിച്ച് നിർമ്മിച്ചതാണ്. അന്ന് കോളനിനിവാസികൾ വിദ്യാഭ്യാസ സാംസ്കാരിക മുന്നേറ്റത്തിന്റെ പാതയിലായിരുന്നു. അതിന്റെ ഫലമായി ഇവിടെനിന്നും വിദ്യാഭ്യാസം നേടിയവ പുറമേ നല്ലജോലിക്ക് പോയിട്ടുണ്ട്. ഇവിടെനിന്നും വിദ്യാഭ്യാസം ലഭിച്ച് അദ്ധ്യാപികയായിത്തീർന്ന അമ്മിണിടീച്ചർ ഇതിന് ഉദാഹരണമാണ്. കൂടാതെ ഇവിടെനിന്നും ഒരു വ്യക്തി കരസേനയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ മുൻകാല അനുഭവങ്ങൾ ഉൾക്കൊണ്ട് മുന്നോട്ടാനോ കൈവരിച്ച പുരോഗതി നിലനിർത്താനോ കോളനിനിവാസികൾക്ക് ഇന്ന് കഴിയുന്നില്ല. അവരുടെ സാമൂഹിക ഉന്നമനം പ്രധാനമായും വിദ്യാഭ്യാസത്തെ അടിസ്ഥാനമാക്കിയാണ് നിലകൊള്ളുന്നത്. അതിനാൽ ഈ വിഭാഗത്തെ വിദ്യാഭ്യാസ പുരോഗതിയിലേക്ക് നയിക്കേണ്ടത് ഈ പഞ്ചായത്തിന്റെ പുരോഗതിക്ക് അനുപേക്ഷണീയമാണ്. ഈ വസ്തുകൾ മനസ്സിലാക്കി ഇവരുടെ ഉന്നമനത്തിന് നാട്ടിലെ എല്ലാവിഭാഗം ജനങ്ങളും പരിശ്രമിക്കേണ്ടിയിരിക്കുന്നു. അതുപോലെ ഇന്ത്യയുടെ പ്രഥമപ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഈ പഞ്ചായത്തിൽ വരുവാനും അദ്ദേഹത്തിന് ഒരു പൗരസ്വീകരണം നൽകുവാനും നമുക്ക് കഴിഞ്ഞു. ഭൂദാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിനോദ്ഭാവ ഈ പഞ്ചായത്തിലെ നവക്കോട് വേലപ്പനിൽനിന്നും 10 ഏക്കറോളം ഭൂമി സൗജന്യമായികിട്ടിയത് വിതരണം നടത്തിയതിൽ നമുക്ക് അഭിമാനിക്കാൻ വകനൽകുന്നു.

2. 1928-ൽ കർഷകപ്രക്ഷോഭം നടന്നു. 1930-34 സിവിൽ നിയമലംഘന പ്രസ്ഥാനത്തിന് ശേഷം 1937-ൽ ആണ് മലബാറിൽ കർഷകസംഘം രൂപീകൃതമായത്. ഇതിന്റെ ചലനങ്ങൾ കുഴൽമന്ദം പഞ്ചായത്തിൽ ശക്തമായ പ്രതികരണങ്ങൾ ഉളവാക്കി. നമ്മുടെ ഈ പ്രദേശത്തെ കർഷകപ്രസ്ഥാനം കിസാൻസഭ എന്നപേരിലാണ് അറിയപ്പെട്ടിരുന്നത്. ഇതിന് നേതൃത്വം നൽകിയവർ കണ്ണനൂർ കാഞ്ഞിരംപള്ളം ശ്രീ. കെ.എ വേലായുധൻ, ശ്രീ. ജോൺകിട്ട, ശ്രീ. കെ.ടി. ഫിലിപ്പ്, ശ്രീ. കെ.എ. ബാലകൃഷ്ണൻ ചാത്തൻകളത്തിൽ എന്നവരായിരുന്നു.

3. ദേശീയപ്രസ്ഥാനങ്ങൾ

പ്രമുഖ സ്വാതന്ത്ര്യ സമര സേനാനി ശ്രീ. എം. അബ്ദുള്ള സാഹിബിനെ (അബ്ദുക്ക) ഓർക്കാത്തവർ കുഴൽമന്ദം പഞ്ചായത്തിൽ ഉണ്ടാകാൻ ഇടയില്ല. കുഴൽമന്ദം ചന്തപ്പുരയിൽ ശ്രീ. മൊയ്തു-ഹാജിറ ദമ്പതികളുടെ മകനായ ശ്രീ. അബ്ദുള്ള സാഹിബ് 1910-ൽ ജനിച്ചു. ക്വിറ്റ്ഇന്ത്യ സമരത്തിൽ പങ്കെടുത്തതിനെ തുടർന്ന് 1942-ൽ ശ്രീ. അബ്ദുള്ള സാഹിബ് അറസ്റ്റ് വരിച്ചിട്ടുണ്ട്. അധികാരികളുടെ അടിയേറ്റ മുറിവിന്റെ പാട് അദ്ദേഹം മരിക്കുന്നതുവരെ ദേഹത്ത് കിടന്നിരുന്നു. കേരളാ ഡിസ്ട്രിക്ട് ബോർഡിൽ കൊല്ലങ്കോടിനെ പ്രതിനിധീകരിച്ച് (മുസ്ലിം സംവരണം) അംഗമായിരുന്നിട്ടുണ്ട്. ആറ് പെൺമക്കളും അഞ്ച് ആൺമക്കളും അദ്ദേഹത്തിന് ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ മൂന്നാമത്തെ മകൻ ശ്രീ. ഉസ്മാൻ മരുമകൾ ശ്രീമതി ലൈല എന്നിവർ നാലാം വാർഡിനെ പ്രതിനിധീകരിച്ചിട്ടുണ്ട്. ഏറ്റവും ഇളയമകൻ ശ്രീ. റഹ്മാൻ നാലാം വാർഡിനെ പ്രതിനിധീകരിച്ച് ഇപ്പോഴും പ്രവർത്തിച്ചു വരുന്നു. സ്വാതന്ത്ര്യ സമര സേനാനികൾക്കുള്ള സ്റ്റേറ്റ് പെൻഷൻ ആയിരം രൂപ വീതം ലഭിക്കുന്നതിന് അർഹത നേടിയിട്ടുണ്ട്. താമ്രപത്രവും ലഭിച്ചിട്ടുണ്ട്. കുഴൽമന്ദം ആശുപത്രി വികസന സമിതിയിലും സജീവമായി പ്രവർത്തിച്ചിരുന്ന അദ്ദേഹം 1984-ൽ മരണപ്പെട്ടു.

സ്വാതന്ത്ര്യ സമരസേനാനികൾക്ക് സ്വാതന്ത്ര്യ ലബ്ദിക്ക് ശേഷം സർക്കാർ സൗജന്യമായി നൽകിയ 10 ഏക്കർ ഭൂമി സർക്കാരിലേക്ക് തന്നെ തിരിച്ചുനൽകുകയാണ് അദ്ദേഹം ചെയ്തത്. അദ്ദേഹത്തിന്റെ നിസ്വാർത്ഥ സേവനങ്ങൾ പഞ്ചായത്ത് നന്ദിയോടെ എന്നും സ്മരിക്കപ്പെടുന്നതാണ്.

യുദ്ധവിരുദ്ധസമരം നടത്തിയതിന് കളത്തിൽ വീട്ടിൽ ശ്രീ. കെ.സി. ബാലകൃഷ്ണൻമാസ്റ്റർ, താഴത്തേപ്പുര ചാമുണ്ണിമകൻ ശ്രീ. ടി.സി. വേലപ്പൻ എന്നിവരെ 18 മാസം കഠിനതടവിന് ശിക്ഷിച്ചു. ആന്ധ്രപ്രദേശിലെ അലിച്ചൂർ ജയിലിലേക്കാണ് ഇവരെ കൊണ്ടുപോയത്. ജയിലിൽ തടവുപുള്ളികളെ എ.ബി.സി. വാർഡുകളിലാണ് താമസിപ്പിച്ചിരുന്നത്. വാർഡുകൾ ഏകോപിപ്പിക്കണമെന്ന് പറഞ്ഞ് നിരാഹാരസമരം കിടന്നതിന് ശ്രീ. കെ.സി. ബാലകൃഷ്ണൻ മാസ്റ്റർക്ക് 6 മാസത്തെ അധികതടവ് ശിക്ഷകൂടി അനുഭവിക്കേണ്ടിവന്നിട്ടുണ്ട്.

കേരളത്തിൽ ക്ഷേത്യക്ഷാമം കൊടുമ്പിരികൊണ്ടിരുന്ന കാലത്ത് ജില്ലാകലക്ടറുടെ നേതൃത്വത്തിലുള്ള ഫുഡ്കമ്മറ്റി ഏജന്റുമാരെ നിയമിച്ച് നെല്ല് സംഭരിച്ചിരുന്നു. കണ്ണനൂർ മാക്കു എന്ന നെല്ല് ഏജന്റ് സംഭരിച്ച നെല്ല് കൊണ്ടുപോകുന്നത് തടഞ്ഞ്നിർത്തി സംഭരിച്ചവിലയ്ക്ക് അതായത് 57 രൂപ ഇവിടെ തന്നെ വിതരണം നടത്തി കിട്ടിയതുക സർക്കാരിലേക്ക് അടക്കുന്നതിന് നേതൃത്വം നൽകിയത് കളത്തിൽ വീട്ടിൽ ബാലകൃഷ്ണൻ മാസ്റ്റർ, താഴത്തെപ്പുര ചാമുണ്ണിമകൻ ശ്രീ.

ടി.സി. വേലപ്പൻ എന്നിവരാണ്.

1973-ൽ ഭൂപരിഷ്ക്കരണ നിയമം നടപ്പിലായതിനെ തുടർന്ന് കൃഷിഭൂമി കൃഷിക്കാരന് ലഭിച്ചെങ്കിലും കർഷകത്തൊഴിലാളിക്ക് ന്യായമായ കൂലി കൊടുക്കണം എന്ന് പറഞ്ഞ് സമരം നടത്തിയതാണ് കർഷകരംഗത്തെ ആദ്യപരിവർത്തനം. ഇതിന് സർവ്വശ്രീ. ടി.സി. അപ്പുക്കുട്ടൻ പുതുക്കോട്, അപ്പുണ്ണി എരുമക്കോട്, കെ.എ. വേലായുധൻ കാഞ്ഞിരംപള്ളം, എ. അയ്യപ്പൻ ചിതലി, എന്നിവർ നേതൃത്വം നൽകി.

മിച്ചഭൂമി സമരത്തിൽ പങ്കെടുത്തതിന് 1973-ൽ തൃശൂർ ജയിലിൽ പോയവർ ശ്രീ. ടി.പൊന്നു, എം.ആർ. മുത്തു എന്നിവരായിരുന്നു.

1982-ൽ എട്ടിടങ്ങാഴി, ഏഴിടങ്ങാഴി കൂലിവർദ്ധനവിനായി ഇടക്കാട്, ചിതലി, പെരുങ്കുന്നം എന്നിവിടങ്ങളിലെ കർഷകത്തൊഴിലാളികൾ പ്രക്ഷോഭം ആരംഭിച്ചതിനെ ശ്രീ. പി.എൻ. സേതുമാധവൻ നേതൃത്വം നൽകി. തൊഴിൽ സമരം മൂന്നുമാസക്കാലത്തോളം നീണ്ടുനിന്നു. പ്രസ്തുത സമരത്തിൽ തങ്കമണി, തങ്ക, പാറു എന്നീ വനിതകളുടെ പങ്കാളിത്തം പ്രത്യേകം ആവേശം പകർന്നിട്ടുണ്ട്. തൊഴിലാളികളും കർഷകരും തമ്മിൽ സംഘർഷാവസ്ഥനിലനിന്നു. ഈ പ്രദേശങ്ങളിൽ പോലീസ് പിക്കറ്റിംഗ് ഉണ്ടായിരുന്നു. എന്നാൽ 93 ദിവസത്തിനുശേഷം ശ്രീ. ടി.കെ. ആറുമുഖൻ എം.എൽ.എ യുടെയും കർഷകസംഘം നേതാവ് ശ്രീ. കെ. വേലുണ്ണിയുടേയും നേതൃത്വത്തിൽ നടന്ന അനുരഞ്ജനചർച്ചയെത്തുടർന്ന് പ്രസ്തുത സമരം ഉപേക്ഷിക്കുകയാണുണ്ടായത്.

സ്വാതന്ത്ര്യലബ്ധിക്ക് എത്രയോ മുൻപ്തന്നെ 1915 കുഴൽമന്ദം ഗ്രാമപഞ്ചായത്തിലെ കണ്ണന്നൂരിൽ ഒരു എൽ.പി. സ്കൂൾ സ്ഥാപിച്ചിരുന്നു. ആദ്യത്തെ പ്രധാന അദ്ധ്യാപകൻ ശ്രീ. അപ്പുമാസ്റ്റർ ആയിരുന്നു. 1.6.51-ൽ ഒരു ഹൈസ്ക്കൂളും 1954-55 ൽ കളപ്പെട്ടിയിൽ ഒരു അദ്ധ്യാപക പരിശീലന കേന്ദ്രവും സ്ഥാപിക്കപ്പെട്ടു. അദ്ധ്യാപക പരിശീലന കേന്ദ്രം പിന്നീട് നിർത്തൽ ചെയ്ത് അവിടെയാണ് ഇപ്പോഴത്തെ ഖാദി കേന്ദ്രം പ്രവർത്തിക്കുന്നത്. 1915-ൽ ഏകദേശം 20 വിദ്യാർത്ഥികൾക്ക് മാത്രമായിരുന്നു അധ്യയനം ലഭിച്ചതെങ്കിൽ ഇന്ന് പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂൾ, രണ്ട് യുപി, 5 എൽ.പി എന്നീ സ്ഥാപനങ്ങളിലായി 2360 ആൺകുട്ടികളും 2338 പെൺകുട്ടികളുമടക്കം 4698 വിദ്യാർത്ഥികൾ അധ്യയനം നടത്തിവരുന്നു. 11.8.95-ൽ ഒരു സാങ്കേതിക പരിശീലനകേന്ദ്രം (ഐ.ടി.ഐ) സ്ഥാപിക്കപ്പെട്ടു. 160 അദ്ധ്യാപകരുടെ സേവനവും ലഭ്യമാണ്. ഇതിനുപുറമേ പ്രീ-പ്രൈമറി വിദ്യാഭ്യാസ മേഖലയിൽ പതിനാല് അംഗൻവാടികളും പ്രവർത്തിക്കുന്നു. 3 സ്വകാര്യ നേഴ്സറികളും പ്രവർത്തിക്കുന്നുണ്ട്. വിദ്യാഭ്യാസ മേഖലയിൽ പുരോഗതി കൈവരിക്കാനായെങ്കിലും നിലവാരത്തകർച്ച നേരിട്ടുകൊണ്ടിരിക്കുകയാണ്. 1956-ലെ എസ്.എസ്.എൽ.സി പരീക്ഷയിൽ 56% വിജയം കൈവരിച്ചപ്പോൾ 95-96 ആയപ്പോഴേക്കും കേവലം 11% ആയി കുറഞ്ഞത് ഇതിനൊരു ഉദാഹരണം മാത്രമാണ്.

ആരോഗ്യരംഗത്തെ സർക്കാർ സ്ഥാപനമായ പ്രൈമറി ഹെൽത്ത്സെന്റർ 10.4.53-ന് സ്ഥാപിക്കപ്പെട്ടു. ആദ്യത്തെ ഡോക്ടർ ശ്രീ. നായകമായിരുന്നു. 31.12.1972-ൽ പതിനാല് കിടക്കകൾ ആണ് ഉണ്ടായിരുന്നത്. പ്രസ്തുത സ്ഥാപനം 1995-96 മുതൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തപ്പെട്ടു. ഇതിന്റെ കീഴിൽ മൂന്ന് ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട്. വിദഗ്ധർ ഉൾപ്പെടെ 6 ഡോക്ടർമാരുടെ സേവനം ഇവിടെ ലഭ്യമാണ്. സ്വകാര്യ മേഖലയിലെ (ബി.എ.ജെ.എം) ആസ്പത്രിയും നല്ലനിലയിൽ പ്രവർത്തിച്ചുവരുന്ന ഒരു സ്ഥാപനമാണ്. ആയുർവേദമേഖലയിൽ ആരോഗ്യപ്രവർത്തനങ്ങൾ മെച്ചമല്ലെങ്കിലും ഹോമിയോ മേഖലയിലെ അലക്സാണ്ടർ ആശുപത്രി കേരളത്തിൽ മാത്രമല്ല, തമിഴ്നാട്ടിൽ പോലും പ്രസിദ്ധമാണ്.

11 വാർഡുകളിലായി മൊത്തം 7466 കെട്ടിടങ്ങൾ ഉണ്ട്. 421 കോൺക്രീറ്റ് കെട്ടിടങ്ങളും 5810 ഓടിട്ട വീടുകളുമാണ് ഉള്ളത്. ജനസാന്ദ്രത സ്കയർ കിലോമീറ്ററിൽ 826 ആളുകൾ താമസിക്കുന്നു. സംസ്ഥാന ശരാശരിയെക്കാൾ കുറവാണ് ഇത്. 4307 ഭേദപ്പെട്ട വീടുകളും 2497 ഇടത്തരം വീടുകളുമാണ് പഞ്ചായത്തിൽ മൊത്തം. 335 ഓലപ്പുരയുള്ളതിൽ 129 എണ്ണം പട്ടികജാതിക്കാരുടെതാണ്. 602 കുടുംബങ്ങൾക്ക് സ്വന്തമായി പാർപ്പിട സൗകര്യമില്ല എന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ 120 പട്ടികജാതി വിഭാഗവും ഉൾപ്പെടുന്നു.

നാഷണൽ ഹൈവേ 7 കിമിയും പൊതുമരാമത്ത് വക 57ർ ചെയ്ത 20 കിമി റോഡിനും പുറമേ 12.800 കിമി 57ർ റോഡും 18.600 കിമി മെറ്റൽറോഡും 44.939 കിമി മറ്റ് റോഡുകളും ഉൾപ്പെടെ 76.339 കിമി റോഡ് പഞ്ചായത്തിന്റെ മേൽനോട്ടത്തിലുണ്ട്. ധാരാളം റോഡുകൾ ഇനിയും പഞ്ചായത്തിൽ നിർമ്മിക്കേണ്ടതുണ്ട്. സാമ്പത്തികപരിമിതിയാണ് റോഡ്വികസനത്തിൽ വിഘാതമായി നിലനിൽക്കുന്നത്. സന്നദ്ധപ്രവർത്തനങ്ങൾ ഈ മേഖലയിലേക്ക് കടന്നുവരണം.

ജീവിത തുറകളിൽ ധാരാളം പുരോഗതി കൈവരിക്കാനായിട്ടുണ്ടെങ്കിലും വികസനത്തിന്റെ വെല്ലുവിളികൾ നാം നേരിടുന്നു. ഉൽപാദനമേഖലയിലെ മുരടിപ്പ്, സേവനമേഖലയിലെ ഗുണനിലവാരത്തകർച്ച, ദാരിദ്ര തുരുത്തുകൾ, സ്ത്രീവിവേചനം, സന്നദ്ധപ്രവർത്തനങ്ങൾ, നിർമ്മാണപ്രവർത്തനങ്ങൾ എന്നീ മേഖലകളിൽ ഇനിയും പുരോഗതി കൈവരിക്കേണ്ടതായുണ്ട്.

ഭൂപ്രകൃതിയും വിഭവങ്ങളും

ജില്ലയുടെ കിഴക്ക് ഭാഗത്ത് കിടക്കുന്ന കുഴൽമന്ദം പഞ്ചായത്തിൽ അധികഭാഗവും കറുത്ത കോട്ടൻമണ്ണാണ് നിലവിലുള്ളത്. 7568.49 ഏക്കർ വിസ്തൃതിയുള്ള ഈ ഭൂപ്രദേശത്തിൽ 3741.47 ഏക്കർ കൃഷിനിലവും 3827.02 ഏക്കർ പറമ്പ് പ്രദേശവുമാണ്. ചെറിയകുന്നുകൾ ഒഴിച്ചാൽ ബാക്കി സമതലപ്രദേശമാണ്. നീർവാർച്ച കിഴക്കുനിന്നും പടിഞ്ഞാറോട്ടാണ്. മൊത്തവിസ്തീർണ്ണത്തിൽ 1533 ഹെക്ടർ കൃഷിയിടമായും 735 ഹെക്ടർ പുരയിടവും 326 ഹെക്ടർ പുറംപോക്ക് ഭൂമിയും ഉൾപ്പെടുന്നു. കൃഷിയോഗ്യമാക്കാവുന്ന

702 ഹെക്ടർ തരിശ് ഭൂമിയും 700 ഹെക്ടർ ഒന്നിനും പറ്റാത്ത തരിശായും നിലനിൽക്കുന്നു. 2 ഹെക്ടറിലധികം ഭൂമി കൈവശമുള്ളവർ 86-ഉം 1 മുതൽ 2 ഹെക്ടർവരെ 282-ഉം 1 ഹെക്ടറിൽ താഴെ 1432 പേരും ഭൂമി കൈവശം വെച്ചുവരുന്നു. 1956 വരെ മഴയെമാത്രം ആശ്രയിച്ചാണ് കൃഷി ചെയ്തിരുന്നത്. അതിന് ശേഷം മലമ്പുഴവെള്ളം ലഭ്യമായിത്തുടങ്ങി.

ജലലഭ്യത

ഒന്നാംവിള നെൽകൃഷി മഴയെമാത്രം ആശ്രയിച്ചാണ് നടത്തുന്നത്. രണ്ടാം വിള മലമ്പുഴ ഡാമിൽനിന്ന് ലഭിക്കുന്ന വെള്ളം കൊണ്ടും കൃഷിയിറക്കുന്നു. പഞ്ചായത്തുതലത്തിൽ ലഭിക്കുന്ന ശരാശരിമഴ സംബന്ധിച്ചവിവരം ലഭ്യമല്ല. 1993-ലെ കണക്കനുസരിച്ച് കേരളത്തിലെ ശരാശരി മഴ 234.9 മി.മീറ്റർ ആണെങ്കിൽ പാലക്കാട് ജില്ലയിൽ അത് 156.4 മി.മീറ്റർ ആണെന്ന് കാണുന്നു. ഇതിൽനിന്നും കേരളത്തിന് പൊതുവെ ലഭിക്കുന്ന ശരാശരി മഴയേക്കാൾ തുലോം കുറവാണ് പാലക്കാട് ജില്ലയിൽ ലഭിക്കുന്നതെന്ന് കാണാം. പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ ഉൾപ്പെടെ 150 കുളങ്ങളും 2 തോടുകളും ഉപരിതല ജലസോത്രസ്സുകളായിട്ടുണ്ട്. പുഴകളൊന്നും നിലവിലില്ല.

കുടിവെള്ളത്തെ സംബന്ധിച്ചാണെങ്കിൽ 61 പൊതു കിണറുകളും 15 കുഴൽകിണറും 2 വാട്ടർ ടാങ്കും ഉണ്ട്. യാക്കര പുഴയിൽനിന്നും വെള്ളം പമ്പ്ചെയ്ത് പുതുക്കോട് ടാങ്കിൽ സംഭരിച്ച് 225 പൊതു ടാപ്പുകളിലൂടെ ജലവിതരണം നടത്തിവരുന്നു. വെള്ളപ്പാറയിലെ കുഴൽകിണറിൽ മോട്ടോർ ഘടിപ്പിച്ച് പൈപ്പ്വഴി കുടിവെള്ളം എത്തിക്കുന്നുണ്ട്.

കാലാവസ്ഥ

മഴയെ സംബന്ധിച്ചും കാലാവസ്ഥയെ സംബന്ധിച്ചും പഞ്ചായത്ത് തലത്തിൽ വിവരങ്ങൾ ലഭ്യമല്ല. ജില്ലയിൽ പൊതുവെ ലഭിക്കുന്ന മഴയും കാലാവസ്ഥയിലും. വലിയ മാറ്റങ്ങൾ ഇല്ലാത്തതിനാൽ ജില്ലയുടെ വിവരങ്ങൾ താഴെ കുറിക്കുന്നു.

പട്ടിക -1

ഓരോ മാസവും ലഭിക്കുന്ന മഴ (മി. മീറ്റർ കണക്ക്)

ജില്ല/സംസ്ഥാനം	ജന	ഫെ	മാ	ഏ	മെ	ജൂ	ജൂലാ	ആഗ	സെപ്	ഒക്	നവം	ഡിസം	ആകെ
പാലക്കാട്	8	9	27	87	161	477	633	349	165	249	136	28	2329
കേരളം	14	17	39	112	256	691	760	433	247	288	163	42	3063

പട്ടിക - 2

1993-ലെ ശരാശരി മഴ

ജില്ല/സംസ്ഥാനം	ജന	ഫെ	മാ	ഏ	മെ	ജൂ	ജൂലാ	ആഗ	സെപ്	ഒക്	നവം	ഡിസം	ആകെ
പാലക്കാട്	0	21.8	1.0	21.5	111.4	361.8	560.7	301.4	33.3	355.5	96.01	13.5	156.4
കേരളം	0	18.1	21.0	70.6	167.5	688.8	804.6	2552.2	91.7	442.7	169.1	49.3	234.9

ഐക്യകേരളപ്പിറവിക്കുമുമ്പ് 1950 ൽ മലബാർ കുടിയാൻ നിയമം നിലവിൽവന്നു. പാട്ടകുടിയാൻമാർക്ക് സംരക്ഷണം ലഭിച്ചതോടെ അവർക്ക് കൃഷിയോട് താല്പര്യം വർദ്ധിച്ചു. അവർ പല ശാസ്ത്രീയമാർഗങ്ങളും സ്വീകരിക്കുവാൻ തുടങ്ങി. 1949 മാർച്ചിൽ 525 ലക്ഷംരൂപ ചെലവിൽ മലമ്പുഴ അണക്കെട്ടിന്റെ നിർമാണം തുടങ്ങി. 1956 ൽ അണക്കെട്ടിന്റെ പണി പൂർത്തിയായി. ഇത് കാർഷിക മേഖലയുടെ മുഖച്ഛായതന്നെ മാറ്റി. നെൽകൃഷിക്ക് രണ്ടാം വിള ഉറപ്പായി. കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണത്തിൽ വർദ്ധനവ് ഉണ്ടായി. ഈ കാലത്താണ് CO 25 എന്ന വിത്ത് ഇറങ്ങിയത്. ഇതെല്ലാം ഉത്പാദനരംഗത്ത് വളർച്ചക്ക് കാരണമായി. ഒപ്പം സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസസാംസ്കാരികരംഗങ്ങളിൽ പടിപടിയായ മാറ്റങ്ങൾ ഉണ്ടായി.

1971 ൽ ഭൂപരിഷ്ക്കരണ നിയമം നിലവിൽ വന്നതോടെ കൃഷിഭൂമി കൃഷിക്കാരന് എന്ന മുദ്രാവാക്യം സാക്ഷാൽക്കരിക്കപ്പെടുകയും അതിന്റെ ഫലമായി ഊർജ്ജിത ശാസ്ത്രീയരീതികൾ അവലംബിക്കാൻ കർഷകർ തയ്യാറാവുകയും ചെയ്തു. കമ്യൂണിറ്റി പ്രോജക്ടിന്റെ കീഴിൽ അത്യുൽപാദനശേഷിയുള്ള തൈനാൻ, ഐ.ആർ.8, ജയ എന്നീ വിത്തുകൾ വന്നു. സർക്കാർ സൗജന്യമായി രാസവളങ്ങൾ നൽകുകയും ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തത് ഈ ഉദ്യമത്തിന് വിജയത്തിന് കാരണമായി. ഇതിന്റെ എല്ലാം ഫലമായി ഉത്പാദനരംഗത്ത് ഇരട്ടി വർദ്ധനവ് ഉണ്ടായി. കൃഷിക്കാർ രാസവളപ്രയോഗത്തിന് വശംവദരായപ്പോൾ ജൈവവളപ്രയോഗം കുറഞ്ഞു. മണ്ണിന്റെ ഘടനയിലും ഗുണനിലവാരത്തിലും തകർച്ച സംഭവിക്കാൻ ഇത് കാരണമായി. ഇതുവരെ പാടം ഉഴുതുമറിക്കുവാൻ പുല്ലുകാളകളെയാണ് ഉപയോഗിച്ചിരുന്നത്. കന്നുകാലികൾ അന്ന് ഓരോ ഗൃഹത്തിന്റെയും ഐശ്വര്യവും കുടുംബത്തിന്റെ സാമ്പത്തികനില അളക്കുവാനുള്ള മാനദണ്ഡവും ആയിരുന്നു. കന്നുകാലികളെ മേയ്ക്കുന്നതിന് ഓരോ വീട്ടിലും ഓരോ പോർത്തിക്കാരൻ (പ്രവർത്തിക്കാരൻ) ഉണ്ടായിരുന്നു. എന്നാൽ ട്രാക്ടറിന്റെ വരവോടുകൂടി തൊഴിലിനും തൊഴിൽദിനങ്ങൾക്കും കുറവ് സംഭവിക്കും എന്ന വേവലാതിയിൽ അവർ ട്രാക്ടർ പൂട്ടുന്നതിനെതിരെ സമരങ്ങൾ സംഘടിപ്പിച്ചു. എന്നാൽ പിന്നീട് ഈ യന്ത്രവൽക്കരണം ആവശ്യമാണെന്ന് കണ്ട് ട്രാക്ടറിന്റെ പ്രയോഗം അംഗീകരിക്കുകയും ചെയ്തു. ഈ സന്ദർഭത്തിൽ ഒരു വണ്ടിനെല്ലിന് 700 രൂപയും പുരുഷന് 5 ഇടങ്ങഴിയും സ്ത്രീക്ക് 4 ഇടങ്ങഴി നെല്ലുമായിരുന്നു കൂലി. കൊയ്ത്തിന് 8 ന് ഒന്ന് പതമ്പ് കൊടുത്തിരുന്നു. സർക്കാർ കൃഷിക്കാരിൽ നിന്നും നിർബന്ധമായി ലെവി സമ്പ്രദായത്തിലൂടെ നെല്ല് സംഭരിക്കുകയുണ്ടായി. ഇതിന് കാരണം അന്നത്തെ ക്ഷേമൃക്ഷാമം ആയിരുന്നു.

ഭൂപരിധിനിയമം നിലവിൽവരികയും കൃഷിഭൂമി കൈവശം വെയ്ക്കാൻ നിയന്ത്രണം ഏർപ്പെടുത്തുകയും കൃഷിക്കാർ മക്കൾക്ക് ഭൂമി ദാനം വയ്ക്കാൻ തുടങ്ങുകയും ചെയ്തതുമൂലം കൃഷി ഭൂമി തുണ്ടുകളായി വിഭജിക്കപ്പെട്ടു. ഇതിന്റെ ഫലമായി ശാസ്ത്രീയകൃഷിരീതികൾ അവലംബിക്കാൻ കഴിയാതെ വന്നു. ഉത്പാദനച്ചിലവ് വർദ്ധിച്ചു, ഉത്പാദനക്ഷമത കുറയുകയും ചെയ്തു. ഉത്പന്നത്തിന് കാലോചിതമായി വിലവർദ്ധിക്കാതിരുന്നത് വരുമാനത്തെ ബാധിച്ചു. കൃഷി മുഖ്യതൊഴിലാക്കിയവർ അത് ഉപേക്ഷിച്ച് മറ്റ് മേഖലകൾ തേടിപ്പോവുകയും ചെയ്തു.

പട്ടിക 1

നമ്പർ	ഇനം	വിസ്തീർണ്ണം
1	നിലം	1533 ഹെക്ടർ
2	പുരയിടം	7456 ഹെക്ടർ
3	പുറമ്പോക്ക്	326 ഹെക്ടർ
4	കൃഷിയോഗ്യമായ തരിശ്	702 ഹെക്ടർ
5	കൃഷിയോഗ്യമല്ലാത്ത തരിശ്	700 ഹെക്ടർ
	ആകെ	10617 ഹെക്ടർ

കുഴൽമന്ദം പഞ്ചായത്തിന്റെ തെക്കുഭാഗത്തുള്ള പെരുകുന്നം, ചിതലി, നൊച്ചുള്ളി എന്നീ പ്രദേശങ്ങൾ ചെറിയ ചെറിയ കുന്നുകളും ചരിഞ്ഞ സമതലപ്രദേശങ്ങളുമായാണ് കിടക്കുന്നത്. പഞ്ചായത്തിന്റെ മദ്ധ്യഭാഗം തൊട്ട് വടക്കെ അതിർത്തിയായ കണ്ണനൂർ വരെ സമതലപ്രദേശങ്ങൾ മാത്രമാണുള്ളത്. കുഴൽമന്ദത്തിന്റെ ആകെ വിസ്തീർണ്ണം 2410 ഹെക്ടർ ആണ്. ഇതിൽ 1533 ഹെക്ടർ നെൽകൃഷിഭൂമിയാണ്.

ജലസേചനം

കൃഷിക്ക് അത്യാന്താപേക്ഷിതമായ ഘടകമാണ് ജലസേചനം. മഴയെ ആശ്രയിച്ചായിരുന്നു നെൽകൃഷിയുടെ നിലനിൽപ് എന്നുതന്നെ പറയാം. കൃഷിക്കുള്ള ജലസ്രോതസ്സുകൾ എന്ന നിലയിൽ 114 കുളങ്ങൾ ഈ പഞ്ചായത്തിലുണ്ട്. വിഷുവിന് ശേഷമാണ് പഴയകാലങ്ങളിൽ വിത്തിറക്കിയിരുന്നത്. ഞാറ്റുവേലയോടനുബന്ധിച്ചായിരുന്നു ഇത്. മഴക്കാലത്ത് ലഭിക്കുന്ന ജലത്തെ അടുത്തവിളക്കുവേണ്ടി സംഭരിക്കുവാൻ കുളങ്ങളെ ഫലപ്രദമായി ഉപയോഗപ്പെടുത്തിയിരുന്നു. എന്നാൽ ഇത് രണ്ടാം വിളയ്ക്ക് പര്യാപ്തമായിരുന്നില്ല. അതിനാൽ രണ്ടാംവിളയിൽ ഉണക്കം സംഭവിക്കുകയും വിളവിൽ ഗണ്യമായ കുറവ് ഉണ്ടാവുകയും ചെയ്തിരുന്നു. ഇവിടെ ഇടവപ്പാതിയെ ആശ്രയിച്ചാണ് കൃഷി. ഇടവപ്പാതിയാണ് കൂടുതൽ പ്രയോജനപ്പെടുന്നത്. അത് വൈകുകയും കുറയുകയോ ചെയ്താൽ കൃഷിയുടെ താളം തെറ്റും. പുളി, മാവ് തുടങ്ങിയ വൃക്ഷങ്ങൾ കായ്ക്കുന്നതിന് ഇടമഴ പ്രയോജനപ്പെടുന്നു. ഇതും ഒരു വരുമാനമാർഗം തന്നെ.

കൃഷി-ജലസേചനം

കുഴൽമന്ദം പഞ്ചായത്ത് പരിപൂർണ്ണമായും ഒരു കാർഷിക മേഖലയാണ്. ഇതിൽ മുഖ്യമായും നെൽക്കൃഷിയാണ് ചെയ്യുന്നത്. തെങ്ങ്, ഇഞ്ചി, വാഴ എന്നിവയും കൃഷി ചെയ്യുന്നുണ്ട്. പച്ചക്കറി, ധാന്യങ്ങൾ എന്നിവ ഇടവിളയായും കൃഷി ചെയ്തുവരുന്നു.

ക്രിസ്തുവർഷത്തിനു മുൻപുതന്നെ അസിറിയക്കാരും ഗ്രീക്കുകാരും ഇസ്രായേൽക്കാരും അറബികളും കേരളത്തിൽ നിന്ന് അരിവ്യാപാരം നടത്തിയിരിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ നെൽകൃഷി ആവിർഭവിച്ച കാലത്തുതന്നെ ഇവിടെയും കൃഷി ആരംഭിച്ചതായി കാണാം. 12 ാം നൂറ്റാണ്ടിന്റെ അവസാനം ചോളപാണ്ഡ്യ ആക്രമണ ഫലമായി കേരളത്തിൽ ഭരണം നടത്തിയിരുന്ന കുലശേഖര സാമ്രാജ്യം തകർന്നു. ഇതോടെ കേന്ദ്രീകൃത ഭരണം ഇല്ലാതായി. കൈയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന സ്ഥിതിയായി. ഇതിന്റെ ഫലമായി ചെറിയ ചെറിയ നാടുവാഴികൾ സ്വതന്ത്രഭരണാധികാരികളായി. ഇതോടെ ക്ഷേത്രവൃത്തിയുമായി മാത്രം ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന ബ്രാഹ്മണർ ജന്മിമാരായി തുടങ്ങി. കൃഷിഭൂമി കൃഷിക്കാരനിൽനിന്നും ജന്മി കൈവശപ്പെടുത്തി. ബ്രാഹ്മണ്യം മതമേധാവിത്വവുമായി ധാരണയിൽ ആയിരുന്നു. ഇതിനോടൊപ്പം രാഷ്ട്രീയാധികാരവും ചേർന്നപ്പോൾ കേരളത്തിൽ ജന്മി സമ്പ്രദായം വേരുറച്ചു. അതിന്റെ ഒരു പരിച്ഛേദം കുഴൽമന്ദത്തും ദർശിക്കാം.

ഈ കാലഘട്ടത്തിൽ കുഴൽമന്ദത്ത് കൃഷിഭൂമി അഞ്ച് ദേശങ്ങളിലെ ജന്മിമാരുടെ കീഴിലായിരുന്നു. ജന്മിമാർ അവരുടെ ഇഷ്ടാനുസരണം കുടിയാൻമാരായ കൃഷിക്കാർക്ക് കൃഷി നടത്താൻ കൊടുക്കുകയായിരുന്നു. അന്നത്തെ പാട്ടവ്യവസ്ഥകൾ പല വിധത്തിൽ ആയിരുന്നു. അതിൽ മിച്ചവാരം, കാണപ്പാട്ടം, വെറുംപാട്ടം, ഈഴുവപാട്ടം എന്നിവ നിലനിന്നിരുന്നു. കൃഷിക്കാർക്ക് ഈ കാലഘട്ടം കഷ്ടപ്പാടിന്റേയും യാതനകളുടെയും നാളുകളായിരുന്നു. പാട്ടവും വാരവും അളന്നാൽ പാട്ടബാക്കിയും കണ്ണീരും മാത്രമാണ് മിച്ചം ഉണ്ടായിരുന്നത്. ജന്മികളുടെ മുന്നിൽ കുടിയാൻമാർ അവർ ഉത്പാദിപ്പിച്ച ഉൽപ്പന്നങ്ങൾ വിശേഷദിവസങ്ങളിൽ കാഴ്ചവയ്ക്കാറുണ്ട്. ആ സന്ദർഭത്തിൽ മേൽമുണ്ട് കക്ഷത്തിൽ വെച്ച് ഓച്ചമാനിച്ച് നിന്നിരുന്നു.

1928 -ൽ കർഷക പ്രക്ഷോഭം നടന്നു. 1930-34 കാലത്തെ സിവിൽനിയമലംഘനപ്രസ്ഥാനത്തിന് ശേഷം 1937 -ൽ ആണ് മലബാറിൽ കർഷകസംഘം ആദ്യമായി രൂപം കൊണ്ടത്. ഇതിന്റെ ചലനങ്ങൾ കുഴൽമന്ദത്ത് ശക്തമായ പ്രതികരണം ഉളവാക്കി. കർഷകസംഘത്തിന്റെ ആദ്യരൂപം കിസാൻസഭ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. അതിന് നേതൃത്വം നൽകിയവർ കണ്ണനൂർ കാഞ്ഞിരംപള്ളം കെ. എ. വേലായുധൻ, കളത്തിൽ കെ. എ. മാധവൻ മാസ്റ്റർ, കെ. എ. കണ്ടായി, അയ്യപ്പൻ ചിതലി, പാറയിൽ അപ്പു എന്നിവരായിരുന്നു.

ജന്മിമാരുടെ നീരാളിപ്പിടുത്തത്തിൽ നിന്നും മോചനം നേടുവാൻ കുടിയാൻമാരായ കർഷകർ പാട്ടവ്യവസ്ഥയ്ക്കും കൃഷി ഒഴിപ്പിക്കലിനും എതിരായി ശക്തമായ സമരങ്ങൾ സംഘടിപ്പിക്കുകയും അതിൽ വിജയം കൈവരിക്കുകയും ചെയ്ത ജനസമൂഹമാണ് കുഴൽമന്ദത്തിന്റെ അഭിമാനം.

1956-ന് മുമ്പ് മഴയെമാത്രം ആശ്രയിച്ചാണ് നെൽക്കൃഷി ചെയ്തിരുന്നത്. അന്ന് ജലം ശേഖരിക്കുന്നതിന് കുളങ്ങളെ പ്രയോജനപ്പെടുത്തിയിരുന്നു. കുളങ്ങളിലേക്ക് കൈച്ചാലുകൾ കെട്ടിയിരുന്നു. തോട്, കുളം എന്നീ ജലസ്രോതസ്സുകളുടെ സഹായത്തോടെ ഒന്നാംവിള ചെയ്യുമായിരുന്നു. രണ്ടാം വിള തുലാവർഷത്തെ ആശ്രയിച്ചാണ് ചെയ്തിരുന്നത്. തുലാവർഷം ചതിച്ചാൽ കർഷകൻ വലഞ്ഞതുതന്നെ. വളപ്രയോഗത്തിന് പച്ചിലവളവും കാലിവളവുമാണ് ഉപയോഗിച്ചിരുന്നത്. കീടങ്ങളെ അകറ്റാൻ വേപ്പിൻപിണ്ണാക്കും ടൈകിന്റെ ഇലയും ഉപയോഗിച്ചിരുന്നു. അന്നത്തെ വിത്തുകൾ തവളക്കണ്ണൻ (കഴമ), ചിറ്റേനി, ചെറുമണിയൻ, ചമ്പാൻ എന്നിവയാണ്. അന്നത്തെ വിളവ് 5 മേനിക്കും 8 മേനിക്കും ഇടയിലായിരുന്നു. പറമ്പുകളിൽ മോഡൺവിത്തും, ചക്കരക്കിഴങ്ങും മുഖ്യമായും കൃഷിചെയ്തിരുന്നു. അന്ന് ഒരു വണ്ടി നെല്ലിന് 25 രൂപ ആയിരുന്നു. ഇത് 3 പവന് തുല്യമായിരുന്നു. കൊയ്ത്തിന് 12 ന് 1 പതമ്പ് നെല്ലും മറ്റ് പണിക്ക് ആണുങ്ങൾക്ക് 2 ഇടങ്ങഴിയും പെണ്ണുങ്ങൾക്ക് 1½ ഇടങ്ങഴി നെല്ലുമായിരുന്നു കൂലി. ഈ വിഷമം പിടിച്ച കാലത്ത് വിദ്യാഭ്യാസത്തിന് വേണ്ടത്ര പ്രാധാന്യം ഇല്ലായിരുന്നു. അയിത്തവും തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും കൊടികുത്തി വാണിരുന്നു.

ഐക്യകേരളപ്പിറവിക്കുമുമ്പ് 1950 ൽ മലബാർ കുടിയാൻ നിയമം നിലവിൽവന്നു. പാട്ടകുടിയാൻമാർക്ക് സംരക്ഷണം ലഭിച്ചതോടെ അവർക്ക് കൃഷിയോട് താല്പര്യം വർദ്ധിച്ചു. അവർ പല ശാസ്ത്രീയമാർഗങ്ങളും സ്വീകരിക്കുവാൻ തുടങ്ങി. 1949 മാർച്ചിൽ 525 ലക്ഷംരൂപ ചെലവിൽ മലമ്പുഴ അണക്കെട്ടിന്റെ നിർമാണം തുടങ്ങി. 1956 ൽ അണക്കെട്ടിന്റെ പണി പൂർത്തിയായി. ഇത് കാർഷിക മേഖലയുടെ മുഖച്ഛായ തന്നെ മാറ്റി. നെൽകൃഷിക്ക് രണ്ടാം വിള ഉറപ്പായി. കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണത്തിൽ വർദ്ധനവ് ഉണ്ടായി. ഈ കാലത്താണ് CO 25 എന്ന വിത്ത് ഇറങ്ങിയത്. ഇതെല്ലാം ഉത്പാദനരംഗത്ത് വളർച്ചക്ക് കാരണമായി. പ്പം സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസസാംസ്ക്കാരികരംഗങ്ങളിൽ പടിപടിയായ മാറ്റങ്ങൾ ഉണ്ടായി.

1971 ൽ ഭൂപരിഷ്ക്കരണ നിയമം നിലവിൽ വന്നതോടെ കൃഷിഭൂമി കൃഷിക്കാരന് എന്ന മുദ്രാവാക്യം സാക്ഷാൽക്കരിക്കപ്പെടുകയും അതിന്റെ ഫലമായി ഊർജ്ജിത ശാസ്ത്രീയരീതികൾ അവലംബിക്കാൻ കർഷകർ തയ്യാറാവുകയും ചെയ്തു. കമ്യൂണിറ്റി പ്രോജക്റ്റിന്റെ കീഴിൽ അത്യുൽപാദനശേഷിയുള്ള തൈനാൻ, ഐ.ആർ.8, ജയ എന്നീ വിത്തുകൾ വന്നു. സർക്കാർ സൗജന്യമായി രാസവളങ്ങൾ നൽകുകയും ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തത് ഈ ഉദ്യമത്തിന് വിജയത്തിന് കാരണമായി. ഇതിന്റെ എല്ലാം ഫലമായി ഉത്പാദനരംഗത്ത് ഇരട്ടി വർദ്ധനവ് ഉണ്ടായി. കൃഷിക്കാർ രാസവളപ്രയോഗത്തിന് വശംവദരായപ്പോൾ ജൈവവളപ്രയോഗം കുറഞ്ഞു. മണ്ണിന്റെ ഘടനയിലും ഗുണനിലവാരത്തിലും തകർച്ച സംഭവിക്കാൻ ഇത് കാരണമായി. ഇതുവരെ പാടം ഉഴുതുമറിക്കുവാൻ പുട്ടുകാളകളെയാണ് ഉപയോഗിച്ചിരുന്നത്. കന്നുകാലികൾ അന്ന് ഓരോ ഗൃഹത്തിന്റെയും ഐശ്വര്യവും കുടുംബത്തിന്റെ സാമ്പത്തികനില അളക്കുവാനുള്ള മാനദണ്ഡവും ആയിരുന്നു. കന്നുകാലികളെ മേയ്ക്കുന്നതിന് ഓരോ വീട്ടിലും ഓരോ പോർത്തിക്കാരൻ (പ്രവർത്തിക്കാരൻ) ഉണ്ടായിരുന്നു. എന്നാൽ ട്രാക്ടറിന്റെ വരവോടുകൂടി തൊഴിലിനും തൊഴിൽദിനങ്ങൾക്കും കുറവ് സംഭവിക്കും എന്ന വേവലാതിയിൽ അവർ ട്രാക്ടർ പൂട്ടുന്നതിനെതിരെ സമരങ്ങൾ സംഘടിപ്പിച്ചു. എന്നാൽ പിന്നീട് ഈ യന്ത്രവൽക്കരണം ആവശ്യമാണെന്ന് കണ്ട് ട്രാക്ടറിന്റെ പ്രയോഗം അംഗീകരിക്കുകയും ചെയ്തു. ഈ സന്ദർഭത്തിൽ ഒരു വണ്ടിനെല്ലിന് 700 രൂപയും പുരുഷന് 5 ഇടങ്ങഴിയും സ്ത്രീക്ക് 4 ഇടങ്ങഴി നെല്ലുമായിരുന്നു കൂലി. കൊയ്ത്തിന് 8 ന് ഒന്ന് പതമ്പ് കൊടുത്തിരുന്നു. സർക്കാർ കൃഷിക്കാരിൽ നിന്നും നിർബന്ധമായി ലെവി സമ്പ്രദായത്തിലൂടെ നെല്ല് സംഭരിക്കുകയുണ്ടായി. ഇതിന് കാരണം അന്നത്തെ ഭക്ഷ്യക്ഷാമം ആയിരുന്നു.

ഭൂപരിധിനിയമം നിലവിൽവരികയും കൃഷിഭൂമി കൈവശം വെയ്ക്കാൻ നിയന്ത്രണം ഏർപ്പെടുത്തുകയും കൃഷിക്കാർ മക്കൾക്ക് ഭൂമി ഭാഗം വയ്ക്കാൻ തുടങ്ങുകയും ചെയ്തതുമൂലം കൃഷി ഭൂമി തുണ്ടുകളായി വിഭജിക്കപ്പെട്ടു. ഇതിന്റെ ഫലമായി ശാസ്ത്രീയകൃഷിരീതികൾ അവലംബിക്കാൻ കഴിയാതെ വന്നു. ഉത്പാദനച്ചിലവ് വർദ്ധിച്ചു, ഉത്പാദനക്ഷമത കുറയുകയും ചെയ്തു. ഉത്പന്നത്തിന് കാലോചിതമായി വിലവർദ്ധിക്കാതിരുന്നത് വരുമാനത്തെ ബാധിച്ചു. കൃഷി മുഖ്യതൊഴിലാക്കിയവർ അത് ഉപേക്ഷിച്ച് മറ്റ് മേഖലകൾ തേടിപ്പോവുകയും ചെയ്തു.

പട്ടിക 1

നമ്പർ	ഇനം	വിസ്തീർണ്ണം
1	നിലം	1533 ഹെക്ടർ
2	പുരയിടം	7456 ഹെക്ടർ
3	പുറമ്പോക്ക്	326 ഹെക്ടർ
4	കൃഷിയോഗ്യമായ തരിശ്	702 ഹെക്ടർ
5	കൃഷിയോഗ്യമല്ലാത്ത തരിശ്	700 ഹെക്ടർ
	ആകെ	10617 ഹെക്ടർ

കുഴൽമന്ദം പഞ്ചായത്തിന്റെ തെക്കുഭാഗത്തുള്ള പെരുകുന്നം, ചിതലി, നൊച്ചുള്ളി എന്നീ പ്രദേശങ്ങൾ ചെറിയ ചെറിയ കുന്നുകളും ചരിഞ്ഞ സമതലപ്രദേശങ്ങളുമായാണ് കിടക്കുന്നത്. പഞ്ചായത്തിന്റെ മദ്ധ്യഭാഗം തൊട്ട് വടക്കെ അതിർത്തിയായ കണ്ണനൂർ വരെ സമതലപ്രദേശങ്ങൾ മാത്രമാണുള്ളത്. കുഴൽമന്ദത്തിന്റെ ആകെ വിസ്തീർണ്ണം 2410 ഹെക്ടർ ആണ്. ഇതിൽ 1533 ഹെക്ടർ നെൽകൃഷിഭൂമിയാണ്.

ജലസേചനം

കൃഷിക്ക് അത്യാന്താപേക്ഷിതമായ ഘടകമാണ് ജലസേചനം. മഴയെ ആശ്രയിച്ചായിരുന്നു നെൽകൃഷിയുടെ നിലനിൽപ് എന്നുതന്നെ പറയാം. കൃഷിക്കുള്ള ജലസ്രോതസ്സുകൾ എന്ന നിലയിൽ 114 കുളങ്ങൾ ഈ പഞ്ചായത്തിലുണ്ട്. വിഷുവിന് ശേഷമാണ് പഴയകാലങ്ങളിൽ വിത്തിറക്കിയിരുന്നത്. ഞാറ്റുവേലയോടനുബന്ധിച്ചായിരുന്നു ഇത്. മഴക്കാലത്ത് ലഭിക്കുന്ന ജലത്തെ അടുത്തവിളക്കുവേണ്ടി സംഭരിക്കുവാൻ കുളങ്ങളെ ഫലപ്രദമായി ഉപയോഗപ്പെടുത്തിയിരുന്നു. എന്നാൽ ഇത് രണ്ടാം വിളയ്ക്ക് പര്യാപ്തമായിരുന്നില്ല. അതിനാൽ രണ്ടാംവിളയിൽ ഉണക്കം സംഭവിക്കുകയും വിളവിൽ ഗണ്യമായ കുറവ് ഉണ്ടാവുകയും ചെയ്തിരുന്നു. ഇവിടെ ഇടവപ്പാതിയെ ആശ്രയിച്ചാണ് കൃഷി. ഇടവപ്പാതിയാണ് കൂടുതൽ പ്രയോജനപ്പെടുന്നത്. അത് വൈകുകയും കുറയുകയോ ചെയ്താൽ കൃഷിയുടെ താളം തെറ്റും. പുളി, മാവ് തുടങ്ങിയ വൃക്ഷങ്ങൾ കായ്ക്കുന്നതിന് ഇടമഴ പ്രയോജനപ്പെടുന്നു. ഇതും ഒരു വരുമാനമാർഗം തന്നെ.

വളം എന്നിവയിൽ കർഷകരുടെ അഭിരുചി എന്നീ ഘടകങ്ങളിൽ മൂലം ഏകീകൃതകൃഷിരീതി ഇവിടെ അസാദ്ധ്യമായിരിക്കുന്നു. കൃഷിയുടെ ഓരോഘട്ടം ചെയ്യുന്നതിലെ സമയവ്യത്യാസത്തിനും ഇത് കാരണമായി. അതിനാൽ മലമ്പുഴ വെള്ളം ചില വിഭാഗങ്ങൾക്ക് കിട്ടാതിരിക്കുകയോ, അസമയത്ത് കിട്ടുന്നതുകൊണ്ട് പ്രതികൂലമായ ഫലം ഉണ്ടാവുകയോ ചെയ്യുന്നു. ഈ സാഹചര്യത്തിൽ പ്രാദേശികജലസംഭരണ കേന്ദ്രങ്ങൾ വളരെ പ്രാധാന്യം അർഹിക്കുന്നു. മലമ്പുഴ കനാലുകളുടെ അറ്റകുറ്റപണികളും യഥാസമയത്ത് നടത്തേണ്ടതാണ്. ഇപ്രകാരം മഴവെള്ളം, മലമ്പുഴയിൽ നിന്ന് ലഭിക്കുന്ന വെള്ളം എന്നിവയെ ശേഖരിച്ച് പരിപൂർണമായും കാര്യക്ഷമമാക്കാൻ കഴിയു. പിന്നീട് മലമ്പുഴ ഇടതുകനാലിന്റെ മാത്തൂർ സെക്ഷൻ ചുലനൂർ സെക്ഷൻ (എരിമയൂർ സെക്ഷൻ) പെരുങ്ങോട്ടുകുറുശ്ശി ബ്രാഞ്ച് കനാൽ, കുത്തനൂർ ബ്രാഞ്ച് 1 കനാൽ കുറിശ്ശി മെയിൻ ബ്രാഞ്ച് ചുലനൂർ ബ്രാഞ്ച് എന്നിവയുടെ സ്യൂയിനുകളിലൂടെയും പുതുക്കോട് സബ് ബ്രാഞ്ച്, കുഴൽമന്ദം സബ്, കണ്ണനൂർ സബ്, മഞ്ഞളൂർ ബ്രാഞ്ച് 1 പെരിങ്കുന്നം ബ്രാഞ്ച് 1, 2 കുഴൽമന്ദം ബ്രാഞ്ച് 2, 3 എന്നീ സബ്ബ്രാഞ്ചുകളുടെ സ്യൂയിനുകളിൽ കൂടിയുമാണ് ജലസേചനം നടത്തുന്നത്. ജലസേചനം അവസാനംവരെ എത്തിക്കുക. ജലം പാഴായി പ്പോകാതിരിക്കുവാനും ദുരുപയോഗം തടയുക എന്നീ ഉദ്ദേശത്തോടുകൂടി 1986 ലെ കാഡആക്ട് വകുപ്പ് 17(1) പ്രകാരം45 കർഷകസമിതികളെ റജിസ്റ്റർ ചെയ്തിരുന്നു. 8.10.96 ന് പോത്താൻകാട് കർഷകസമിതിയാണ് ആദ്യമായി റജിസ്റ്റർ ചെയ്തത് കാഡ സമിതികളുടെ പ്രവർത്തനം കർഷകർക്ക് ഒരു പരിതിവരെ പ്രയോജനകരമാണ്.

പട്ടിക 2 **ജലസേചനസംവിധാനങ്ങൾ**

വാർഡ് നമ്പർ	പൊതുജലസേചന കിണർ	കുഴൽ കിണർ	കുളം	ക്രോസ് ബാർ	ആയക്കെട്ട് (ഹെക്ടർ)
1	4	1	7	1	---
2	11	1	2	---	---
3	10	1	19	---	---
4	5	2	6	---	---
5	10	2	15	2	---
6	5	1	6	---	---
7	2	1	3	---	---
8	2	1	10	---	---
9	3	2	7	---	---
10	6	1	15	---	---
11	3	2	10	---	---
Total	**61**	**15**	**100**	**3**	---

പട്ടിക 3 **ജലസേചനപദ്ധതികളുടെ വിവരങ്ങൾ**

ക്രമ നമ്പർ	പ്രവർത്തിയുടെ പേര്	ആരംഭിച്ച വർഷം	പൂർത്തിയായ വർഷം	എസ്റ്റിമേറ്റ് തുക	ആയക്കെട്ട് വിസ്തീർണ്ണം (ഹെക്ടർ)	മറ്റു വിവരങ്ങൾ
1	ക്രോസ്ബാർ JRY	1991/92	1992/93	141000 രൂ	10 Hector	---
2	ക്രോസ്ബാർ കണ്ണനൂർ JRY	1993/94	പൂർത്തീകരിച്ചിട്ടില്ല	100000 രൂ	----	---
3	ക്രോസ്ബാർ	1989/90	1990/91	100000 രൂ	20 Hector	---
4	ക്രോസ്ബാർ	1989/90	1990/91	77650 രൂ	10 Hecor	---
5	ക്രോസ്ബാർ	1991/92	1992/93	100000 രൂ	15 Hector	---

വള ഉപയോഗം

വള പ്രയോഗത്തെ സംബന്ധിച്ച് രണ്ട് വ്യത്യസ്തഘട്ടങ്ങളാണ് പരാമർശിക്കാനുള്ളത്. ജൈവവളം പ്രയോഗിച്ച കാലഘട്ടവും രാസവള പ്രയോഗത്തിന്റെ കാലഘട്ടവും. ആദ്യകാലം ജൈവവള പ്രയോഗത്തിന്റെതായിരുന്നു. ധാരാളം വൃക്ഷങ്ങൾ, കാലിവളങ്ങൾ എന്നിവയെല്ലാം ഇവിടത്തെ ജൈവ സമ്പത്തായിരുന്നു. അതിനാൽ ജൈവവളത്തിന്റെ ഉപയോഗം വ്യാപകമായിരുന്നു. എന്നാൽ നഗരവൽക്കരണം പലമാറ്റങ്ങൾക്കും കാരണമായി. വൃക്ഷങ്ങളുടെ എണ്ണം കുറഞ്ഞു. മലമ്പുഴ കനാൽ നിർമാണം വൃക്ഷങ്ങളുടെ എണ്ണം കുറഞ്ഞതിന് ഒരു കാരണമായി. ട്രാക്ടർ ഉപയോഗം വ്യാപകമായപ്പോൾ കന്നുകാലികളെ വളർത്തുന്ന പ്രവണത കുറയാൻ തുടങ്ങി. ഇതെല്ലാമാണ് ജൈവവള ലഭ്യതയിൽ ഒരു പ്രതിസന്ധി സൃഷ്ടിച്ചത്. ജൈവവളത്തിന്റെ അളവ് കുറഞ്ഞതും രാസവളത്തിന് ഗവൺമെന്റ് ആനുകൂല്യങ്ങളും സൗജന്യങ്ങളും പ്രഖ്യാപിച്ചതും രാസവളത്തിന്റെ ഉപയോഗം വ്യാപകമാകാൻ കാരണമായി. രാസവളത്തിന്റെ ഉപയോഗംമൂലം ഉത്പാദനവർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ മണ്ണിന്റെ ഗുണനിലവാരത്തെ ഇത് പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. രാസവള ഉപയോഗത്തിന് കർഷകർ വശംവദരായതിന്റെ ഒരു ദോഷഫലമായി ഇതിനെ കാണണം. സൊസൈറ്റികളും സഹകരണ ഏജൻസികളുമാണ് വളം വിതരണം ചെയ്യുന്നത്. സൊസൈറ്റികൾ മുഖാന്തിരം വളം ലഭിക്കാൻ വൈകുമ്പോൾ സഹകാരേജൻസികളെ തന്നെ ആശ്രയിക്കേണ്ടിവരുന്നു. ഒരുവിധം ഭേദപ്പെട്ട കൃഷിക്കാർ സഹകാരേജൻസികളെയാണ് ആശ്രയിക്കുന്നത്. രാസവളപ്രയോഗം മൂലം മേൽമണ്ണ് നേർത്തതാകുന്നു. അതിനാൽ മഴ പെയ്യുമ്പോൾ ഫലഫുയിഷ്ഠമായ ഈ മേൽഘടകം ഒലിച്ചുപോവുന്നു. ഇങ്ങനെ മണ്ണിന്റെ പോഷകാംശം ക്രമേണ നഷ്ടപ്പെടുന്നു. ഇത് ഉത്പാദനത്തെയും ബാധിക്കും. ജൈവവളം പ്രോത്സാഹിപ്പിച്ച് മണ്ണിന്റെ പോഷകഗുണം നിലനിർത്തേണ്ടത് അത്യാവശ്യമാണ്. മുഖ്യമായുപയോഗിക്കുന്ന വളങ്ങൾ യൂറിയ പൊട്ടാഷ് എന്നിവയാണ്.

രോഗങ്ങൾ

നെല്ല്.

നെൽച്ചെടിയുടെ വളർച്ചാമുരടിപ്പിനും വിളവിലുള്ള ഗണ്യമായ കുറവിനും കാരണമായി വരുന്ന ഓലചുരുട്ടിപ്പുഴു, മുഞ്ഞ എന്നിവയുടെ ശല്യം ഇവിടെ ഉണ്ട്. ഉൽപാദനത്തെ പ്രതികൂലമായി ബാധിക്കുന്ന ഈ ഘടകം കർഷകരുടെ സജീവശ്രദ്ധയിലുണ്ട്. ഇതിന് ഉപയോഗിക്കുന്ന കീടനാശിനികൾ എക്കാലക്സ്, ഡിമാക്രോൺ നുവാക്രോൺ, ഫ്യൂറിഡാൻ, ഫെൻവാൾവ്, കിലോസാൻ കാർബൺഡയസിൻ, ഫയറ്റിലോൺ എന്നിവയാണ്. ഇവയെല്ലാം വിതരണം ചെയ്യുന്നത് സമിതികളിലൂടെയാണ്. ഇത് വ്യക്തികൾക്ക് നൽകുന്ന തരത്തിലുള്ള സംവിധാനം ഉണ്ടാവേണ്ടതാണ്.

തെങ്ങ്

തെങ്ങ് മുഖ്യകൃഷിയായി സ്വീകരിച്ചവർ വളരെ കുറവാണ്. പാടങ്ങളുടെ വരമ്പിലും അത്യാവശ്യം പറമ്പുകളിലും വീട്ടുമുറ്റത്തുമാണ് തെങ്ങ് വെച്ചുപിടിപ്പിച്ചിരിക്കുന്നത്. രോഗങ്ങൾ വ്യാപകമല്ല. മണ്ടച്ചീയൽ, കൊമ്പൻചെല്ലി, മറ്റ് കീടങ്ങളുടെ ഉപദ്രവം എന്നിവ ഭാഗികമായി കണ്ടുവരുന്നു.

പട്ടിക 4

വിവിധകൃഷിയുടെ വിവരം

വിള	വിസ്തീർണ്ണം	മൊത്തം ഉൽപാദനം	ഉത്പാദന ക്ഷമത ഹെക്ടറിൽ
നെല്ല് 1 ാം വിള	1533 Hr	9198	3000KG/ Hector
നെല്ല് 2 ാം വിള	1533 Hr	---	---
നെല്ല് 3 ാം വിള	---	---	---
പയർ	25 "	—	—
എള്ള്	—	---	—
പച്ചക്കറികൾ	5 "	—	—
തെങ്ങ്	53 "		
വാഴ	24 "	—	—
മരച്ചീനി	70 "	—	—
കുരുമുളക്	3 "	---	—
പ്ലാവ്	—	—	—
കശുമാവ്	—	—	—
മാവ്	---	—	—
റബ്ബർ	5 "	—	—
കവുങ്ങ്	—	---	---

വാഴ

ഇപ്പോൾ വ്യാപകമായിക്കൊണ്ടിരിക്കുന്ന കൃഷിയാണ് നേന്ത്രവാഴക്കൃഷി. കുമ്പ്അടയൽ, ഇല കരിച്ചൽ എന്നിവയാണ് വാഴയെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ.

ഇഞ്ചി

വളരെയധികം ലാഭസാധ്യതയുള്ള ഈ കൃഷി അനുദിനം വർദ്ധിക്കുന്നുണ്ടെന്ന് പറയാം. ഈ കൃഷിക്കാർ നേരിടുന്ന പ്രധാനപ്രശ്നം രോഗബാധ തന്നെ. നിർവീര്യചയാണ് രോഗവിമുക്തിക്ക് ആവശ്യം.

കാർഷിക ഉപകരണങ്ങൾ

യന്ത്രവൽക്കരണത്തിന്റെ ഫലമായി മനുഷ്യന്റെ കായികാദ്ധ്വാനം ലഘൂകരിക്കപ്പെട്ടു. ഇത് കാലോചിതമായ ഒരു വികാസപ്രക്രിയയുടെ ഭാഗം മാത്രമാണ്. ഇവിടെ ഉപയോഗിക്കുന്ന കാർഷികോപകരണങ്ങൾ, ട്രാക്ടർ, ട്രില്ലർ, കലപ്പ, റോക്ക്സ്പെയർ, നംപ്സ്റ്റാക്ക് സ്പെയർ, പോർട്ടബ്ൾ പമ്പുസെറ്റുകൾ കുറ്റിപമ്പ് എന്നിവയാണ്. മെതിയന്ത്രങ്ങൾ, തെങ്ങുകയറ്റയന്ത്രങ്ങൾ എന്നിവ ഇവിടെ പ്രചരിച്ചിട്ടില്ല.

ഉത്പാദനവും വിപണനവും

മുൻപ് സൂചിപ്പിച്ചിട്ടുള്ളതുപോലെ ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമിയുള്ള കൃഷിക്കാരാണ് ഈ പഞ്ചായത്തിലുള്ളത്. അവരുടെ ഉപജീവനമാർഗ്ഗം കൂടിയാണ് കൃഷി. അതിനാൽ ഉത്പാദനത്തിലുണ്ടാവുന്ന ഏറ്റക്കുറച്ചിലുകൾ അവരുടെ സാമ്പത്തികസ്ഥിതിയെ കാര്യമായി ബാധിക്കുന്നു. ജനിക്കുമ്പോഴും കടം മരിക്കുമ്പോഴും കടം എന്നതാണ് ഇന്നത്തെ അവസ്ഥ. കൃഷിവന്റെ കണക്ക് പ്രകാരം ഹെക്ടറിന് 3000 കി.ഗ്രാം. ആണ് ഉത്പാദനക്ഷമത. എന്നാൽ ഒരു ഹെക്ടറിന് താഴെയുള്ളവർക്ക് 2000 കി.ഗ്രാം എന്ന തോതിലുമാണ് നെല്ലിന്റെ ലഭ്യത എന്നതാണ് യഥാർത്ഥ വസ്തുത. കൃഷിയിൽ നിന്നുള്ള വരുമാനം തുച്ഛമായതുകൊണ്ട് ഉത്പാദനക്ഷമത വർദ്ധിപ്പിക്കാനുള്ള പരീക്ഷണങ്ങളിൽ ഏർപ്പെടാൻ കർഷകർ തയ്യാറാവുന്നില്ല. കൃഷി മുഖ്യതൊഴിൽ അല്ലാത്ത ഉദ്യോഗസ്ഥന്മാരായ കൃഷിക്കാർക്ക് ഈ രംഗത്ത് താൽപര്യം നഷ്ടപ്പെട്ടിരിക്കുന്നു. കൃഷിചെയ്യപ്പെടുന്ന സ്ഥലത്തും തൊഴിലാളികളുടെ എണ്ണത്തിലും കുറവ് വന്നിരിക്കുന്നു. വിദ്യാഭ്യാസം സാർവ്വത്രികമായതോടെ കർഷകത്തൊഴിലാളി കുടുംബങ്ങളിലെ അംഗങ്ങൾ കാർഷികവൃത്തി വിട്ട് മറ്റ് ജോലികളിൽ പ്രവേശിക്കാൻ തുടങ്ങി. കെട്ടിടനിർമ്മാണ മേഖലയാണ് ഇവരിൽ പലരേയും ആകർഷിച്ചത്. ഈ രംഗത്ത് കൂലി കുറവാണെങ്കിലും തൊഴിൽ ദിനങ്ങളിലെ വർദ്ധനവ് അവരെ ആകർഷിച്ചിരിക്കാം. മാത്രമല്ല, സമൂഹത്തിൽ കൂടുതൽ മാന്യമായൊരു സ്ഥാനം ലഭിക്കും എന്ന ധാരണയും ഇവർ വെച്ചു പുലർത്തുന്നു. കൃഷിപ്പണിയെ സംബന്ധിച്ച് ഇന്ന് രൂപം കൊണ്ടിട്ടുള്ള പൊതുധാരണയുടെ ഭാഗമായിട്ടുവേണം ഇതിനെ കാണാൻ.

എന്നാൽ നാടിന്റെ പുരോഗതിയുടെ അടിത്തറ കാർഷിക പുരോഗതിയായതിനാൽ കാർഷികോൽപാദനം വർദ്ധിപ്പിക്കുകയെന്നത് വർത്തമാനകാലത്തിന്റെ അനിവാര്യതയാണ്. ഇത് ഒരു വെല്ലുവിളിയാണെങ്കിൽ അതിനെ കർശനമായി നേരിടേണ്ടിയിരിക്കുന്നു. യുവാക്കളെ ഈ രംഗത്തേക്ക് ആകർഷിക്കാൻ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുക, തൊഴിലാളികൾക്ക് ക്ഷേമനിധി, പെൻഷൻ എന്നീ ക്ഷേമപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക എന്നിവയെല്ലാം ഇതിനാവശ്യമാണ്. കാലിവളക്കുറവ്, കീടരോഗം, പ്രതികൂലകാലാവസ്ഥ, ജലസേചനസംവിധാനത്തിലെ സമയനിഷ്ഠയില്ലായ്മ എന്നിവയെല്ലാമാണ് ഉത്പാദനമാന്ദ്യത്തിന് കാരണമായ ഘടകങ്ങൾ.

പട്ടിക 4

കാർഷിക ഉപകരണങ്ങൾ

വാർഡ് നമ്പർ	ഉഴവുപകരണങ്ങൾ		മരുന്നു തളി ഉപകരണങ്ങൾ				മെതി യന്ത്രം	തെങ്ങു കയറ്റയന്ത്രം	പോർട്ടബിൾ പമ്പ്സെറ്റ്
	ട്രാക്ടർ/ട്രില്ലർ		നാടൻ കലപ്പ	റോക്ക് സ്പെയർ	കുറ്റി പമ്പ്	മറ്റുള്ളവ			
1	---	---	15	10	1	3	---	---	3
2	1	---	10	7	2	1	---	---	4
3	1	---	7	9	1	2	---	---	2
4	3	---	9	5	3	1	---	---	1
5	7	---	5	15	2	1	---	---	4
6	2	---	4	10	1	2	---	---	1
7	3	---	5	8	1	3	---	---	1
8	1	1	6	7	2	1	---	---	2
9	2	---	4	5	1	1	---	---	3
10	3	1	2	4	2	1	---	---	2
11	5	---	10	8	3	1	---	---	4
	28	2	77	88	25	17	---	---	27

ഇവിടെ ഉത്പന്നങ്ങൾ സംഭരിക്കുന്നത് സഹകാര്യവ്യക്തികൾ മാത്രമാണ്. വിലക്കുറവ്, അളവിൽ കൃതിമം യഥാസമയം വില നൽകാതെ കബളിപ്പിക്കൽ എന്നിവയിലൂടെ കൃഷിക്കാരൻ ചൂഷണത്തിന് വിധേയമാകുന്നു. ഉത്പാദനച്ചെലവിന് ആനുപാതികമായി താങ്ങുവില ഏർപ്പെടുത്തിയിട്ടില്ല. ഇതിനു പുറമെ അയൽസംസ്ഥാനങ്ങളിൽ നിന്ന് ധാരാളമായി നെല്ലും അരിയും വരുന്നത് വിലയിടിവിന് കാരണമാവുന്നു. ഇതിനു പരിഹാരമായി ജനുവരി, ഫിബ്രവരി മാസങ്ങളിലും സെപ്റ്റംബർ ക്ടോബർ മാസങ്ങളിലും അയൽസംസ്ഥാനത്തുനിന്ന് വരുന്ന നെല്ല്, അരി എന്നിവയുടെ വരവ് കർശനമായി നിയന്ത്രിക്കേണ്ടതുണ്ട്(മത്സ്യബന്ധനമേഖലയിൽ ട്രോളിംഗ് നിരോധിക്കുന്നതിന് ആ മേഖലയിൽ ഉത്പാദനത്തെ സഹായിക്കുന്നുണ്ടല്ലോ). അസംസ്ക്കൃത വസ്തുവായ വൈക്കോൽ സംസ്ക്കരിച്ചെടുക്കുന്ന (പൾപ്പ്) യൂണിറ്റ് സ്ഥാപിച്ചാൽ മഴസമയങ്ങളിൽ വൈക്കോൽ ഉണക്കാനുള്ള ബുദ്ധിമുട്ട് ഒഴിവാക്കാം.

സഹകരണമേഖലയിലെ നെല്ലിന് ന്യായമായ വില നൽകി അതാത് സ്ഥലത്തെ റൈസ് മില്ലുകളെ സംഭരണച്ചുമതല ഏർപ്പെടുത്തേണ്ടതാണ്. ഇതിൽ നിന്ന് ലഭിക്കുന്ന ലാഭവിഹിതം കൃഷിക്കാർക്ക് ബോണസായി നൽകണം.

കൂലി-വേതനം

കാർഷികോൽപാദനത്തിലുണ്ടായ വർദ്ധനവ് കർഷകത്തൊഴിലാളികളുടെ കൂലിവർദ്ധനവിനിടയാക്കി. ഇവിടെ കൊയ്ത്ത് നടത്തുന്നത് ആറിന് ഒന്ന് എന്ന പതമ്പിന്റെ അടിസ്ഥാനത്തിലാണ്. ഒരു ദിവസം ഒരു പറ നെല്ലാണ് ശരാശരി കൂലി. ഇതിന്റെ വില 35 രൂപയാണ്. മറ്റ് ഏതൊരു ജോലിക്കും ഇന്ന് ശരാശരി 50 രൂപ കൂലി കിട്ടുന്നു. ഇതിനാൽ നെൽക്കൃഷി ചെയ്യുന്ന തൊഴിലാളികളുടെ കൂലി നിരക്ക് മുൻകാലത്തെ അപേക്ഷിച്ച് കൂടിയിട്ടുണ്ടെങ്കിലും മറ്റ് ജോലികളിലെ കൂലിനിരക്കുമായി താരതമ്യം ചെയ്യുമ്പോൾ കുറവാണെന്ന് കാണാം. ഈ സാഹചര്യം കർകത്തൊഴിലാളികളുടെ ക്ഷാമത്തിലേക്കാണ് വിരൽചൂണ്ടുന്നത്.

ഇന്നത്തെ ജീവിതനിലവാരം വെച്ചു നോക്കുമ്പോൾ കർഷകത്തൊഴിലാളികളുടെ വേതനം അപര്യാപ്തം തന്നെയാണ്. എന്നാൽ ഉൽപാദനവുമായി ബന്ധപ്പെടുത്തി പരിശോധിച്ചാൽ ഇത് കർഷകനും തൊഴിലാളിക്കും നഷ്ടമുള്ള ഒരു പരിപാടിയാണെന്ന ധാരണ ശക്തിപ്പെട്ടിരിക്കുകയാണ്. ഇത് രണ്ടുകൂട്ടർക്കും ഗുണകരമാക്കാനുള്ള ഒരേ ഒരു വഴി ഉത്പാദന ക്ഷമത എങ്ങനെയും വർദ്ധിപ്പിക്കുക എന്നതാണ്. ഈ വഴിക്കുള്ള ചിന്തയും പ്രവർത്തനവുമാണ് ആവശ്യം.

പാടശേഖര സമിതികൾ

പാടശേഖരക്കമ്മിറ്റികൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കർഷകർക്ക് പല സഹായങ്ങളും നേടിയെടുക്കാൻ ഇത് സഹായകമാണ്. ഇത് ഒരു വൻവിജയമാണ്. സമിതികൾ തമ്മിൽ ഏരിയ തിരിച്ചുള്ള പ്രവർത്തനം ക്രമീകരിച്ചാൽ നന്നായിരിക്കും. ഇവിടെ 49 പാടശേഖരക്കമ്മികൾ ഉണ്ട്. കാർഷിക ഉപകരണങ്ങൾ, ചുണ്ണാമ്പ് തുടങ്ങിയ വസ്തുക്കൾ കൃത്യമായി ലഭ്യമാക്കാൻ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. കൃഷിഭവൻ നൽകുന്ന പദ്ധതികളെക്കുറിച്ച് യഥാസമയം വിവരങ്ങൾ ലഭിക്കാത്ത അവസ്ഥയുണ്ട്. ഇത് പരിഹരിക്കുന്നതിന് കൃഷിഭവനിൽനിന്ന് ഒരു പ്രതിനിധിയെ അയച്ച് പാടശേഖര കമ്മിറ്റിയുമായി ബന്ധപ്പെടുകയാണെങ്കിൽ ഈ പ്രശ്നങ്ങൾ ഒരു പരിധി വരെ പരിഹരിക്കാം.

ഗ്രൂപ്പ് ഫാമിംഗ്

കേരളത്തിൽ കുറച്ചുവർഷങ്ങൾക്കുമുമ്പ് ആരംഭിച്ച ഗ്രൂപ്പ് ഫാമിംഗ് ദേശീയ ശ്രദ്ധ ആകർഷിച്ചിരുന്നുവല്ലോ. കാർഷിക മേഖലയിൽ അനുകരണീയമായ ഒരു സംരംഭമായിരുന്നു അത്. എന്നാൽ ഈ പദ്ധതിയെക്കുറിച്ച് വ്യക്തമായ ജ്ഞാനം ഇവിടത്തെ കർഷകർക്കില്ലായിരുന്നു. അതിനാൽ ഗ്രൂപ്പ് ഫാമിംഗ് വിജയമാക്കാൻ കഴിഞ്ഞിട്ടില്ല. ഭൂപ്രകൃതിയിലെ വ്യത്യസ്തത, കൃഷിക്കാർ തമ്മിൽ സഹകരണമില്ലായ്മ എന്നിവ ഇതിന് കാരണമായി.

നഴ്സറി

ഈ പഞ്ചായത്തിൽ നഴ്സറികൾ ഒന്നും ഇല്ല. കൃഷിഭവന്റെ സഹകരണത്തോടുകൂടി നഴ്സറികൾ ആരംഭിക്കേണ്ടിയിരിക്കുന്നു.

കൃഷിഭവൻ

1987 ലാണ് കൃഷിഭവനുകൾ ആരംഭിച്ചത്. ഇത്രയും വിപുലമായ സ്ഥലത്ത് നാലു പേരാണ് ഉദ്യോഗസ്ഥരായിട്ടുള്ളത്. ആയതിനാൽ ഇവരുടെ സേവനം എപ്പോഴും എല്ലാഭാഗത്തും ലഭിക്കാൻ കഴിയാതെ വരുന്നു. ഒരു പരീക്ഷണശാലയും ആവശ്യമാണ്. വിത്ത്, വളം, കീടനാശിനി, നടീൽവസ്തുക്കൾ എന്നിവ വിതരണം ചെയ്യുന്നത് പരിമിതമായ തോതിലാണ്. ജൈവ വളങ്ങൾ, കാർഷിക ഉപകരണങ്ങൾ, ട്രാക്ടർ പച്ചക്കറി കിറ്റ്, വിത്ത്, വളം എന്നിവയുടെ വിതരണം ഊർജ്ജിതമാക്കേണ്ടതാണ്.

പട്ടിക 6

കൃഷിഭവനിൽ നിന്ന് വിതരണം ചെയ്യുന്ന നടീൽ വസ്തുക്കൾ

ഇനം		എണ്ണം	
	1993-94	1994-95	1995-96
തെങ്ങ്	1030	485	1815
കശുമാവ്	-----	-----	-----
കുരുമുളക്	-----	-----	8000 (വള്ളികൾ)

ഇൻഷുറൻസ്

പ്രകൃതിക്ഷോഭം മൂലമുള്ള നാശത്തിന് മാത്രമാണ് ഇൻഷുറൻസ് പദ്ധതിയുള്ളത്. ഇത് ഒട്ടും പര്യാപ്തമല്ല. ഈ പദ്ധതി എല്ലാരോഗബാധക്കും കീടബാധയ്ക്കും കൂടി നടപ്പിലാക്കണം. ഗ്രൂപ്പ് അടിസ്ഥാനത്തിൽ മാത്രം കൊടുക്കുന്നതാണ് ഇപ്പോഴത്തെ പദ്ധതി. അത് വ്യക്തികൾക്ക് നൽകി ഈ പദ്ധതി പരിഷ്ക്കരിക്കേണ്ടതാണ്.

പട്ടിക 7

നെൽക്കൃഷിക്കാരുടെ വിവരങ്ങൾ

വാർഡ് നമ്പർ	നാമമാത്ര കർഷകർ 1 ഹെ. താഴെ	ചെറുകിട കർഷകർ 1-2 ഹെ.	വൻകിട കർഷകർ 2 ഹെ. മേൽ
1	127	24	7
2	126	23	9
3	129	25	8
4	132	28	6
5	130	22	7
6	131	27	9
7	130	26	8
8	135	27	8
9	134	26	7
10	131	25	9
11	127	29	8
Total	1432	282	86

സഹകരണസംഘം

കുഴൽമന്ദത്ത് ഒരു സഹകരണസംഘമാണുള്ളത്. ഇതിന്റെ പ്രവർത്തനം നല്ലരീതിയിലാണ്. എങ്കിലും ഇതിൽ അംഗത്വം കൊടുക്കുന്നതും മറ്റു സേവനകാര്യങ്ങളും പക്ഷപാതപരമായാണ്. അതിനാൽ ഉദ്ദേശിച്ച ലക്ഷ്യം നിറവേറ്റപ്പെടുന്നില്ല. (പട്ടിക -8 നോക്കുക)

മറ്റു കൃഷികൾ

തെങ്ങ്: ഈ പ്രദേശത്ത് എണ്ണൂറോളം കൃഷിക്കാരുണ്ട്. എങ്കിലും തെങ്ങ് മുഖ്യകൃഷിയായി സ്വീകരിച്ചവർ വളരെക്കുറവാണ്. പാടങ്ങളുടെ വരമ്പുകൾ, പറമ്പുകൾ, വീട്ടുമുറ്റങ്ങൾ എന്നിവിടങ്ങളിലാണ് തെങ്ങ് വെച്ചുപിടിപ്പിക്കുന്നത്. ശാസ്ത്രീയമായ പരിഗണന ഈ മേഖലക്ക് ലഭിച്ചിട്ടില്ല. വിപണനസംസ്ക്കരണ സംവിധാനം രൂപപ്പെട്ടിട്ടില്ല. കേരകർഷകസമിതി നിലവിലുണ്ടെങ്കിലും പ്രതീക്ഷിച്ച പ്രവർത്തനം ഉണ്ടായിട്ടില്ല. ഈ പ്രദേശത്ത് 25,000 തെങ്ങുകൾ ഉണ്ട് എന്നാണ് ഏകദേശകണക്ക്. ഒരു തെങ്ങിൽനിന്നും ശരാശരി 50-60 നാളികേരങ്ങൾ ലഭിക്കുന്നുണ്ട്. തെങ്ങിൽ നിന്നുള്ള മറ്റ് ഉൽപന്നങ്ങളായ ചകിരി, ചിരട്ട എന്നിവ ഉപയോഗപ്പെടുത്തി ധാരാളം വസ്തുക്കൾ നിർമ്മിക്കുന്നതിലേക്ക് കർഷകർ ശ്രദ്ധതിരിക്കേണ്ടിയിരിക്കുന്നു. തെങ്ങ് കല്പവൃക്ഷം എന്നറിയപ്പെടുന്നതുതന്നെ അതിന്റെ എല്ലാ ഭാഗങ്ങളുടെയും ഉപയോഗ്യതയുടെ അടിസ്ഥാനത്തിലാണല്ലോ. അതിനാൽ ഇത് സംബന്ധിച്ച സജീവമായ പ്രവർത്തനങ്ങൾ ആവശ്യമാണ്. ചിരട്ട, ഓല, എന്നിവ സംസ്ക്കരിച്ച് എടുത്താൽ അതിൽനിന്നുള്ള ഉൽപന്നങ്ങൾക്ക് നല്ല വിപണിലഭിക്കും. ഇങ്ങനെയുള്ള സംസ്ക്കരണയൂണിറ്റുകൾ മൂലം യുവാക്കൾക്ക് തൊഴിൽസാധ്യത വർദ്ധിക്കുകയും കർഷകന് തന്റെ അസംസ്ക്കൃതവസ്തുക്കൾക്ക് നല്ല വില കിട്ടുകയും ചെയ്യും.

വാഴ: വ്യാപകമായിക്കൊണ്ടിരിക്കുന്ന ഒരു കൃഷിയാണ് ഇത്. ഇവിടെയും പ്രധാനപ്രശ്നം വിപണിയാണ്. ഒരു ഏക്കറിന് ഏകദേശം 30,000 രൂപയാണ് ചെലവ്. എങ്കിലും 80,000 രൂപവരെ വരുമാനമുണ്ടാക്കാൻ കഴിയുന്ന മേഖലയാണിത്. അതിന് വിപണി ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. വാഴക്കൃഷിക്കുള്ള ഇൻഷുറൻസ് വ്യാപകമാക്കുകയും വേണം.

പച്ചക്കറി: വാണിജ്യാടിസ്ഥാനത്തിൽ കുറച്ച് പേർ പീച്ചറോഡ്, ചിതലി, പരുക്കമ്പള്ളം, ഏറാമംഗലം എന്നീ ഭാഗങ്ങളിൽ കൃഷിചെയ്യുന്നുണ്ട്. വിപണിസാധ്യത ഏറെയുള്ള ഈ മേഖല വിപുലീകരിക്കേണ്ടതാവശ്യമാണ്. പഞ്ചായത്ത് മുൻകൈയെടുത്ത് വിത്ത്, വളങ്ങൾ എന്നിവ സൗജന്യനിരക്കിൽ നൽകുക, വിദഗ്ദ്ധപരിശീലനം നൽകുക എന്നിവമൂലം ഈ മേഖലക്ക് പുരോഗതി നേടാൻ കഴിയും.

കുഴൽമന്ദത്തെ കാർഷികരംഗം മെച്ചപ്പെടുത്തേണ്ടതുണ്ട്. അതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കപ്പെടേണ്ടതാണ്.

1. ഉത്പാദനച്ചെലവിന് ആനുപാതികമായി താങ്ങുവില പരിഷ്ക്കരിക്കുക.
2. ട്രാക്ടർ പൂട്ടുന്നതിന് ഒരേക്കറിന് 600 രൂപ പഞ്ചാ കൃഷിക്ക് ചെലവാകുന്നു. ഈ നഷ്ടം നികത്താൻ കൃഷിക്കാർക്ക് ഏക്കറിന് 25 ലി. ഡീസൽ സൗജന്യമായി നൽകുക.
3. സബ്സിഡി ഉയർത്തി രാസവളത്തിന്റെ വില കുറയ്ക്കുക.
4. പച്ചിലവളം തീറ്റപ്പുല്ല് എന്നിവയുടെ അളവ് വർദ്ധിപ്പിക്കാൻ സംവിധാനം ഏർപ്പെടുത്തുക.
5. കീടബാധക്കും രോഗബാധക്കും ഇൻഷുറൻസ്

ഏർപ്പെടുത്തുക. ഇത് സമിതികൾ മുഖാന്തിരം കൊടുക്കുന്നതിന് പകരം വ്യക്തികൾക്ക് നൽകുക.

6. കൊയ്ത്ത് കാലങ്ങളിൽ അന്യസംസ്ഥാനത്തുനിന്നും അരി വരുന്നത് കർശനമായി തടയണം.
7. കൃഷിഭൂമി കൈവശമുള്ള 60 വയസ്സിനുമുകളിലുള്ള എല്ലാ കർഷകർക്കും നിർബന്ധമായും പെൻഷൻ ഏർപ്പെടുത്തുക.
8. നിലവിലുള്ള 250 രൂപ ബോണസ് ഹെക്ടറിന് 1000 രൂപ ആയി ഉയർത്തുക.
9. സഹകരണസംഘങ്ങളിലൂടെ നെല്ല് ന്യായവിലക്ക് നിർബന്ധമായും സംഭരിക്കുക. ഇതിനായി അതാതു പ്രദേശത്തെ റൈസ്മില്ലുകളെ സംഭരണകേന്ദ്രങ്ങളാക്കുക. ലാഭവിഹിതം കർഷകർക്ക് വിതരണം ചെയ്യുക.
10. സർക്കാരും സഹകരണമേഖലയും സംയുക്തമായി കുഴൽമന്ദം കേന്ദ്രീകരിച്ച് 650 ലക്ഷം രൂപ മുടക്കിൽ ആധുനിക റൈസ് മില്ലായ ഡയർ മില്ല് സ്ഥാപിക്കുക. യുവാക്കൾക്ക് തൊഴിലും കർഷകർക്ക് ന്യായവിലയും ഇതുമൂലം ലഭിക്കും.
11. നാളികേരം, ഇഞ്ചി, പച്ചക്കറി എന്നിവയ്ക്ക് വിപണനം സംസ്ക്കരണകേന്ദ്രം പഞ്ചായത്തിൽ ആരംഭിക്കുക.
12. വൈക്കോൽ സംസ്ക്കരിച്ച് പശുപ്പാക്കിമാറ്റുന്ന യൂണിറ്റ് ആരംഭിക്കുക.
13. കുൾകൃഷിക്ക് പരിശീലനം ലഭ്യമാക്കുക.
14. കുഴൽമന്ദത്ത് മണ്ണുപരിശോധനകേന്ദ്രം തുടങ്ങുക.
15. തെങ്ങുപിണ്ണാക്ക്, വേപ്പിൻപിണ്ണാക്ക് എന്നിവ സഹകരണ സംഘങ്ങളിലൂടെ വിതരണം ചെയ്യുക.
16. ഡോൾഫിന്റ് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതോടൊപ്പം അതിനുള്ള പുട്ടുകുലി, വളം എന്നിവ സൗജന്യനിരക്കിൽ നൽകുക.
17. കാഡയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുക.
18. എല്ലാ കൃഷിക്കാർക്കും വൈദ്യുതി സൗജന്യമായി നൽകുക.
19. ജലസേചനത്തിനായുള്ള മണ്ണെണ്ണയുടെ പെർമിറ്റിന്റെ അളവ് വർദ്ധിപ്പിക്കുക.
20. മലമ്പുഴ കനാൽ കമ്മിറ്റിയിൽ കുഴൽമന്ദത്തുനിന്ന് ഒരു പ്രതിനിധിയെ ഉൾപ്പെടുത്തുക.
21. കല്പാത്തി, ചാത്തമ്മോട്, പിച്ചറോഡ് എന്നിവിടങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കുക.
22. ഉപയോഗശൂന്യമായ കുളങ്ങൾ പുനരുദ്ധരിച്ച് കൃഷിക്ക് ഉപയോഗപ്രദമാക്കുക.
23. നൊച്ചുള്ളിപ്രദേശത്ത്കൂടി ഒഴുകുന്ന തോട്ടിൽ ചെക്ക്ഡാം പണിയുക. 2-ാം വാർഡിൽ കൊല്ലംപറമ്പ് വടക്കുഭാഗത്തോട്ടിൽ ബണ്ട് കെട്ടുകയും കൈത്തോട് വശം കരിങ്കല്ല് കെട്ടി ജലസേചനസൗകര്യം ഏർപ്പെടുത്തുക. വാത്തിരിക്കടവ് ചെക്ക്ഡാം പലകകൾ പുനർനിർമ്മിക്കുക. നാലാം വാർഡിൽ എണ്ണക്കുണ്ട് ഭാഗത്ത് കെട്ടിയ ചെക്ക്ഡാമിനോട് ചേർന്ന് തോടിന്റെ രണ്ടുഭാഗവും കരിങ്കല്ല് കെട്ടി മണ്ണിടിച്ചിൽ തടയുകയും ജലസേചനം മെച്ചപ്പെടുത്തുക. അഞ്ചാം വാർഡിൽ നെല്ലിയാംകാടിന് സമീപം തോടിന് കുറുകെ ബണ്ട് കെട്ടി ജലസേചനം മെച്ചപ്പെടുത്തുക. ആറാം വാർഡിൽ പൊക്കാംത്ത് പ്രദേശത്ത് ചെക്ക് ഡാം പണിയണം. 9,10 നമ്പർ കനാലുകളുടെ അറ്റകുറ്റപണികൾ ചെയ്യണം. ഏഴാം വാർഡിൽ പാങ്ങുളം തോട്ടിൽ ബണ്ട് കെട്ടണം. 10-ാം വാർഡിൽ വെള്ളപ്പാറയിൽ നിന്ന് വരുന്ന തോടിന് ബണ്ട് കെട്ടണം. പുപ്പിക്കാട് പ്രദേശത്ത് രണ്ട് ചെക്ക് ഡാം പണിയണം. 11-ാം വാർഡിൽ ആർമോകോട് ഭാഗത്ത് ചെക്ക് ഡാം പണിയണം.
24. കൃഷിവേന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം.
25. പാടശേഖരക്കമ്മിറ്റികൾ സജീവമാക്കുക.
26. 85% സബ്സിഡിയോടുകൂടി കാർഷികോപകരണങ്ങൾ വ്യക്തികൾക്ക് ലഭ്യമാക്കുക.
27. കീടനാശിനികളുടെ ശരിയായ ഉപയോഗത്തിന് ബോധവൽക്കരണക്ലാസ് സംഘടിപ്പിക്കുക.
28. കൃഷിക്കാരെ പഞ്ചായത്ത് തലത്തിൽ അവാർഡുകൾ നൽകി (5000, 3000, 2000) ആദരിക്കുക.
29. ഏകീകൃത കൂലി സമ്പ്രദായം ഏർപ്പെടുത്തുക.
30. സാമൂഹിക ജലസേചനപദ്ധതിയിലൂടെ തരിശുഭൂമി കുഴൽ കിണർ കുഴിച്ച് കൃഷിയോഗ്യമാക്കുക.
31. കാഡ പദ്ധതിയിലൂടെ ഓരോ പാടശേഖരത്തിലും ഫാം കനാൽ നിർമ്മിക്കുക.
32. കർഷകത്തൊഴിലാളിക്ഷാമം പരിഹരിക്കാൻ യന്ത്രവൽക്കരണം ഊർജ്ജിതമാക്കുക.
33. കാഡാപദ്ധതിയുടെ കീഴിലുള്ള കനാലുകൾ അറ്റകുറ്റപ്പണി നടത്തുകയും പൊട്ടിയതും കല്ലും മണ്ണും തൂർന്ന് അടഞ്ഞ ഭാഗങ്ങളും വൃത്തിയാക്കി ജലസേചനം അവസാനം വരെ പൂർണ്ണമാക്കണം. വെള്ളാംപാറകുന്നിന്റെ സമീപത്തുകൂടിയുള്ള കാഡ കനാലിൽകൂടി അവസാനം വരെയ്ക്കും വെള്ളം എത്തിക്കുവാൻ സൗകര്യം ഉണ്ടാക്കണം.
34. നെല്ലുൽപാദനസമിതികളുടെ പ്രവർത്തനം വിപുലപ്പെടുത്തുക.
35. കാർഷികോൽപന്നങ്ങൾക്ക് പ്രധാനമായും നെല്ലിന് ഇടനിലക്കാരെ (ഏജന്റ്) ഒഴിവാക്കിക്കൊണ്ട് സ്ഥിരമായ ഒരു വിപണന സൗകര്യം സഹകരണസ്ഥാപനങ്ങൾ നടപ്പിലാക്കണം.
36. മലമ്പുഴയെ മാത്രം ആശ്രയിച്ച് ഈ ജില്ലയിലെ മിക്കവാറും പ്രദേശങ്ങളിൽ കൃഷി ഇറക്കുന്നത്. പക്ഷേ മണ്ണൊലിപ്പ് മൂലം മലമ്പുഴയുടെ ആഴം കുറഞ്ഞുവരുന്നുണ്ട്. അതോടൊപ്പം തന്നെ ജലസംഭരണശേഷിയും കുറയുന്നു. അതു പരിഹരിക്കുവാൻ ചെറുകിടജലസംഭരണികൾ ഓരോ പാടശേഖരങ്ങളിലും നിർമ്മിച്ച് ജലശേഖരണം നടത്താവുന്നതാണ്.
37. മുഖ്യകാർഷികവിളയായ നെല്ലിന് വണ്ടിക്ക് 6000 രൂപയെങ്കിലും വില നിജപ്പെടുത്തേണ്ടതാണ്-കൊയ്ത്ത്

സമയങ്ങളിൽ കർഷകത്തൊഴിലാളികളെ ലഭിക്കുന്നതിന്-നെല്ലിന് വില ഒരു പറയ്ക്ക് 70-80 രൂപ എങ്കിലും കിട്ടേണ്ടതുണ്ട്.


38. കൃഷിക്കാർക്ക് കറ്റമെതിക്കാനും വൈക്കോൽ ഉണക്കുവാനും ഉള്ള കറ്റക്കളങ്ങൾ നിർമ്മിക്കുവാനും കോൺക്രീറ്റ് ചെയ്യുവാനും ധനസഹായം ലഭ്യമാക്കണം.


39. പച്ചക്കറികൃഷി കൂടുതൽ സ്ഥലത്ത് വ്യാപിപ്പിക്കുവാൻ പച്ചക്കറി കൃഷിക്കാരെ പ്രോൽസാഹിപ്പിക്കുവാൻ സഹകരണസംഘങ്ങളിലൂടെ ധനസഹായം ലഭ്യമാക്കണം അതുപോലെ പച്ചക്കറി വിപണനസൗകര്യംഏർപ്പെടുത്തുക.

40. ചിതലി, വെള്ളപാറകുന്ന്, പിച്ചറോഡ് ഭാഗങ്ങളിലെ കുന്നിൻ പ്രദേശങ്ങളിൽ കശുമാവുകൃഷി വിപുലപ്പെടുത്താനുള്ള സാമ്പത്തിക സഹായം സഹകരണബാങ്കിലൂടെ ലഭ്യമാക്കുക.

പട്ടിക-7

സഹകരണ സംഘങ്ങളിലൂടെ വിതരണം ചെയ്ത രാസവളം





മൃഗസംരക്ഷണം

വികസനസാധ്യതകൾ ഏറെയുള്ള ഒരു മേഖലയാണ് മൃഗസംരക്ഷണം. കാർഷിക മേഖലയിൽ ഏർപ്പെട്ടിരിക്കുന്നവരെ കൂടാതെ തൊഴിലന്വേഷിക്കുന്ന ബിരുദധാരികൾ, ഭാഗികമായ തൊഴിലുള്ള ചെറുപ്പക്കാർ തുടങ്ങി സ്ത്രീ പുരുഷഭേദമെന്യേ ഏവർക്കും കടന്നു വന്ന് ശാസ്ത്രസാങ്കേതിക നേട്ടങ്ങൾ ഉൾക്കൊണ്ട് ബോധവാൻമാരായി അഭിമാനകരമായ നേട്ടങ്ങൾ മൃഗസംരക്ഷണമേഖലയിൽ കൂടെ നേടിയെടുക്കാൻ സാധിക്കും. പ്ലാനിംഗ് കമ്മീഷന്റെ പവർ ഡിവിഷൻ ചൂണ്ടിക്കാണിക്കുന്ന കണക്കനുസരിച്ച് മൃഗസംരക്ഷണ മേഖലയിലെ തൊഴിൽ വളർച്ച നിരക്ക് 5 ശതമാനമാണ്. ഇത് മറ്റു കാർഷിക മേഖലയിലേതിനെക്കാളും കൂടുതലാണ്. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ വികസനരംഗത്ത് 1.33 ശതമാനം വരെ ചെലവാക്കി 10 ശതമാനം വരെ വരുമാനം ഉണ്ടാക്കിയ മേഖലയാണ് മൃഗസംരക്ഷണരംഗം.

മൃഗസംരക്ഷണമേഖലയിലെ സാധ്യതകൾ എന്തൊക്കെയാണ്?

1. മനുഷ്യരാശിയുടെ മെച്ചപ്പെട്ട ആരോഗ്യത്തിന് പോഷകപ്രധാനമായ ആഹാരം ഒരു മുഖ്യഘടകമാണ്. പാൽ, മുട്ട, മാംസം എന്നീ പോഷകമൂല്യമുള്ള ആഹാരങ്ങളുടെ ഉത്പാദനം മൃഗസംരക്ഷണ മേഖലയ്ക്കാണ്.

2. വ്യവസായത്തിനാവശ്യമായ തുകൽ, എല്ല്, ജലാറ്റിൻ ഓസിൻ, കൊഴുപ്പ് എന്നിവയുടെ ഉത്പാദനത്തിൽ മൃഗസംരക്ഷണ മേഖലയ്ക്ക് സാധ്യതകൾ ഏറെയുണ്ട്.

3. ഔഷധങ്ങൾ, വാക്സിൻ, ഹോർമോൺ എന്നിവയുടെ ഉത്പാദനത്തിന് ഈ മേഖലയ്ക്ക് പങ്കുണ്ട്.

4. ഗവേഷണങ്ങൾക്കാവശ്യമായ പരീക്ഷണമൃഗങ്ങളുടെയും (ശീമപ്പന്നി, വെള്ളയെലി, മുയൽ) S.P.E മൃഗങ്ങളുടെയും ഉത്പാദനം ഈ മേഖലയുടെ മറ്റൊരു നേട്ടമാണ്.

5. കൃഷിക്കാവശ്യമായ ജൈവവള ഉത്പാദനം ചാണകത്തിലെ ഊർജ്ജസ്രോതസ്സിന്റെ ഉറവിടമായ ബയോഗ്യാസിന്റെ ഉത്പാദനം എന്നിവ ഈ മേഖലയിൽ വികസിപ്പിക്കാവുന്ന കാര്യങ്ങളാണ്.

6. ഗ്രാമപ്രദേശങ്ങളിൽ ആധുനികവാഹനങ്ങൾക്ക് (മോട്ടോർ വെഹിക്കിൾസ്) ഗതാഗതയോഗ്യമല്ലാത്ത റോഡുകളിൽ മൃഗശക്തി (കാളവണ്ടി, പോത്തുവണ്ടി മുതലായവ) യുടെ പങ്കു പ്രശംസനീയമാണ്.

7. പേ വിഷബാധ നിയന്ത്രണം, മാംസപരിശോധന എന്നീ രംഗങ്ങളിൽ ഈ മേഖലയ്ക്ക് സാധ്യതകൾ ഏറെയുണ്ട്.

8. ജന്തുജന്യാഹാരങ്ങളുടെ ഉത്പാദനത്തിനായി ഇറച്ചിക്കോഴി വളർത്തൽ, ആടു വളർത്തൽ, പന്നി വളർത്തൽ, മുട്ടക്കോഴി വളർത്തൽ, കാട വളർത്തൽ തുടങ്ങിയ പദ്ധതികളിലൂടെ ഗ്രാമീണജനതയുടെ തൊഴിൽ സാധ്യതയും വരുമാനവും വർദ്ധിപ്പിക്കാം.

9. ഗ്രാമപ്രദേശങ്ങളിലെ 94% കന്നുകാലിസമ്പത്തും പിന്നോക്ക വർഗ്ഗക്കാരുടെയും ഉടമസ്ഥതയിലായതുകൊണ്ട് ഈ രംഗത്ത് വികസനം മൂലം ഈ വിഭാഗത്തിന് ദാരിദ്ര്യരേഖയ്ക്കു മുകളിൽ എത്തുവാൻ സഹായിക്കും.

10. മൃഗസംരക്ഷണമേഖലയിലെ അദ്ധ്വാനം അറുപത് ശതമാനം ഗ്രാമീണ സ്ത്രീകളെ ആശ്രയിച്ചാണ്. അതിനാൽ ഈ രംഗത്തെ വികസനം ഗ്രാമീണസ്ത്രീകൾക്ക് പ്രചോദനമാണ്.

കാർഷിക മേഖലയിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന മുരടിപ്പിനെ അതിജീവിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനം പാലുല്പാദനരംഗത്ത് ഒരു കുതിച്ചുകയറ്റം തന്നെ നടത്തിയിട്ടുണ്ട്. മൃഗസംരക്ഷണവകുപ്പ് കഴിഞ്ഞകാലങ്ങളിൽ നടത്തിയ ഊർജ്ജിത കന്നുകാലി വികസന പദ്ധതിയുടെ പ്രജനന നയം മൂലം ഗ്രാമീണ ജനതയ്ക്ക് നല്ലയിനം കന്നുകാലികളെ ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. 1980-82 ൽ ഒരു സങ്കരയിനം പശു 3.2 കി.ഗ്രാം പാൽ ദിനംപ്രതി ഉല്പാദിപ്പിച്ചിരുന്നത് 1992-93 ൽ 5.7 കി.ഗ്രാം ആയി വർദ്ധിച്ചു. നമ്മുടെ കന്നുകാലികളുടെ ഗുണമേന്മ വർദ്ധിച്ച് പാലുല്പാദനരംഗത്ത് ഗണ്യമായ നേട്ടം ഉണ്ടായെങ്കിലും നമ്മുടെ സംസ്ഥാനത്തെ പാലിന്റെ ആളോഹരി ശരാശരി ഉപയോഗം 185 ഗ്രാം മാത്രമാണ്. അത് ചുരുങ്ങിയത് 201 ഗ്രാം എങ്കിലും എത്തിക്കാനാണ് നാം ശ്രമിക്കേണ്ടത്.

കുഴൽമന്ദം പഞ്ചായത്തിൽ ഒരു ക്ഷീരോല്പാദകസഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്. ആകെയുള്ള 11 വാർഡുകളിലായാണ് സംഘത്തിന്റെ പ്രവർത്തനം കേന്ദ്രീകരിച്ചിരിക്കുന്നത്. 1,9 വാർഡുകൾ സംഘത്തിന്റെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുന്നില്ല. സംഘത്തിൽ ആകെ

680 മെമ്പർമാർ ഉണ്ട്. സംഘം 7 ജോലിക്കാർ മുഖേന ദിനം പ്രതി 500 ലിറ്റർ പാൽ ശേഖരിക്കുന്നു.

ഈ സംഘവുമായി ബന്ധപ്പെട്ട് ഒരു ക്ഷീരോൽപന്ന യൂണിറ്റ് തുടങ്ങിയിരുന്നു. പാൽഗോവ, പാലിറച്ചി, പാൽ അച്ചാർ, തൈര്, ചോക്കലേറ്റ്, കട്‌ലറ്റ് തുടങ്ങിയ സാധനങ്ങൾ ഉണ്ടാക്കിയിരുന്നു. ഇതിൽ 4 പെൺകുട്ടികളാണ് പ്രവർത്തിച്ചിരുന്നത്. സൊസൈറ്റിയുമായി ബന്ധപ്പെട്ട് ഒരു വിപണനകേന്ദ്രം ഇല്ലാത്തതിനാൽ പിന്നീട് അതിന്റെ പ്രവർത്തനം നിലച്ചു. ഇതിനെല്ലാം ശാസ്ത്രീയമായ നിർദ്ദേശങ്ങൾ നൽകുന്നത് കുഴൽമന്ദത്ത് പ്രവർത്തിക്കുന്ന ക്ഷീരവികസന ഓഫീസാണ്. കുഴൽമന്ദം, കുത്തനൂർ, കണ്ണാടി, തേങ്കുറുശ്ശി, എരിമയൂർ എന്നീ പഞ്ചായത്തുകളിലെ പ്രവർത്തനങ്ങളും ഈ ഓഫീസുതന്നെ നോക്കേണ്ടതുകൊണ്ട്, വേണ്ടവിധത്തിൽ, വേണ്ടസമയത്ത് നിർദ്ദേശങ്ങൾ കൊടുക്കുവാൻ സാധിക്കുന്നില്ല. അതിനാൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ ക്ഷീരവികസനത്തിന്റെ കാര്യത്തിൽ ഇന്നുള്ള അപര്യാപ്തത നികത്താൻ സാധിക്കും. സങ്കരയിനം പശുക്കളുടെ പാലുല്പാദനവും പ്രത്യുൽപാദന ക്ഷമതയും പരിപൂർണ്ണമായി ചോർത്തി എടുക്കാൻ കഴിഞ്ഞ കാലങ്ങളിൽ കർഷകന് സാധിച്ചിട്ടില്ല. കാരണം മൃഗസംരക്ഷണ മേഖലയ്ക്ക്, വികസനപദ്ധതിക്കു കിട്ടുന്ന വിഹിതം നാമമാത്രമായിരുന്നതുകൊണ്ട് ശാസ്ത്രസാങ്കേതിക നേട്ടങ്ങൾ മൂഴുവനും കർഷകന്റെ വീട്ടുപടിക്കൽ എത്തിക്കാൻ സാധിച്ചിട്ടില്ല. ഇതിനും പുറമെ ഗുണനിലവാരമില്ലാത്ത കാലത്തീറ്റയുടെ ഉൽപാദനവും അവയുടെ നിയന്ത്രണമില്ലാത്ത വിലവർദ്ധനവും ഈ രംഗത്തിന് താല്കാലികമായി മങ്ങലേല്പിച്ചിട്ടുണ്ട്. ജനകീയ ആസൂത്രണ പരിപാടിയിൽ മൃഗസംരക്ഷണരംഗത്തെ വികസനപ്രവർത്തനങ്ങൾ പൊതുജനപങ്കാളിത്തത്തോടെ പ്രാദേശികമായി ഗുണഭോക്താധിഷ്ഠിതമായി നടപ്പാക്കുമ്പോൾ ഗ്രാമീണജനതക്ക് മെച്ചപ്പെട്ട ആരോഗ്യം, തൊഴിൽ വർദ്ധനവ്, ഗ്രാമീണ സമ്പദ്ഘടനയിൽ വർദ്ധനവ് എന്നിവ കൈവരിക്കാൻ സാധിക്കും. ഈ വസ്തുതകൾ മനസ്സിലാക്കി ഗ്രാമപഞ്ചായത്തിന്റെ വികസനപ്രക്രിയയിൽ മൃഗസംരക്ഷണത്തിന് അർഹിക്കുന്ന പ്രാധാന്യം കൊടുക്കേണ്ടതാണ്.

ചരിത്രം

കുഴൽമന്ദം ഗ്രാമപഞ്ചായത്തിലെ മൃഗസംരക്ഷണ മേഖലയിൽ വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിച്ചിരുന്നതായി കാരണവന്മാരിൽ നിന്നു് അറിയുന്നു. 15 വർഷം മുമ്പുവരെ പാലുല്പാദനരംഗത്തേക്കാളുപരിയായി മൃഗങ്ങളെ വളർത്തിയിരുന്നത് കാർഷികപ്രവൃത്തികൾക്കാണ്. കാർഷികരംഗത്ത് ട്രാക്ടർ, പവർ ടില്ലർ എന്നിവയുടെ ഉപയോഗം മൂലം ഉഴവുമൃഗങ്ങളെ ഏറെക്കുറെ ഒഴിവാക്കി. ട്രാക്ടർ എത്താൻ സാധിക്കാത്ത സ്ഥലങ്ങളിൽ മാത്രമേ ഉഴുവാൻ മൃഗങ്ങളെ ഉപയോഗിക്കുന്നുള്ളൂ. ഈ പ്രദേശങ്ങളിൽ 40 വർഷം മുമ്പ് മൃഗചികിത്സ പരമ്പരാഗതമായ ചില നാട്ടുവൈദ്യന്മാരെ മാത്രം ആശ്രയിച്ചായിരുന്നു. ഇപ്പോഴും ചിലർ നാട്ടുവൈദ്യന്മാരെ ആശ്രയിക്കുന്നുണ്ട്. 1950 ൽ മദ്രാസ് സർക്കാരിന്റെ എൻ.ഇ.എസ്. ബ്ലോക്കുകളിൽ കൂടി ശാസ്ത്രീയമൃഗ സംഹക്ഷണപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. അക്കാലത്ത് ബ്ലോക്കുകളിലുള്ള എക്സ്റ്റൻഷൻ ഓഫീസർമാരുടെ സമയോചിതമായമായ പ്രവർത്തനം കൊണ്ട് കന്നുകാലികളിലെ മാരകമായ ചങ്കുടപ്പൻ, അടപ്പൻ, കാലിവസന്ത എന്നീ കോഗങ്ങൾ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. മൃഗസംരക്ഷണ മേഖലയിൽ ശാസ്ത്രീയനീക്കങ്ങൾ ഉണ്ടായിരുന്നെങ്കിലും ഈ പ്രദേശത്ത് ഗ്രാമീണരിൽ ചില അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിലവിലുണ്ടായിരുന്നു. പഴയ തലമുറയിലെ കർഷകർ പറയുന്നു "എന്റെ മലയഗേവതി, ഞ്ഞെ കരിമ്പറം പോത്തിന്റെ അടപ്പൻ മാറ്റത്തായോ ! നമ്മളൊരു മുട്ടനാടിന്റെ കലശം ചെയ്തോളാമേ!" എന്നു നെഞ്ചുരുകി പ്രാർത്ഥിച്ചശേഷമേ ചികിത്സ തുടങ്ങാറുള്ളൂ. ഈ മലയഗേവതിസ്ഥാനവും കുന്നിൻമുകളിലെ പടർന്നുപന്തലിച്ചു നിൽക്കുന്ന പുളിമരവും ഈ പഞ്ചായത്തിലെ പത്താം വാർഡിൽ മലയപ്പോതി (മലയഗേവതി) എന്ന പേരിൽ നിലകൊള്ളുന്നു.

ഇന്നും നിത്യേന ഈ ക്ഷേത്രസ്ഥാനത്ത് കലശവും പൂജയും നടക്കാറുണ്ട്. പ്രകൃതി കവിതകുറിക്കുന്ന ഈ സ്ഥലം പ്രാചീന മൃഗചികിത്സയുടെ സ്മരണയ്ക്ക് ഒരു ടൂറിസ്റ്റ് കേന്ദ്രമായി പഞ്ചായത്തിന് വികസിപ്പിച്ചെടുക്കാവുന്നതാണ്.

"കുഴൽമന്ദം" അന്നും ഇന്നും പുറം നാടുകളിൽ അറിയപ്പെടുന്നത് ഒന്നരപതിറ്റാണ്ടിലേറെ പഴക്കമുള്ള കന്നുകാലിച്ചന്തയിലൂടെയാണ്. ശനിയാഴ്ചതോറും നടത്തുന്ന ഈ ചന്ത കേരളത്തിലെ സഹകാര്യവ്യക്തികൾ നടത്തുന്ന ഏക കന്നുകാലി വിപണനവേദിയാണ്. ദക്ഷിണേന്ത്യയിലെ രണ്ടാം സ്ഥാനത്ത് നിൽക്കുന്ന ചന്തയാണ് കുഴൽമന്ദം ചന്ത. കാർഷിക ഉൽപ്പന്നങ്ങൾ, നാടൻകൃഷി ആയുധങ്ങൾ, പച്ചക്കറി വിത്തുകൾ, ഫലവൃക്ഷത്തൈകൾ, കോഴികൾ എന്നു തുടങ്ങി പലതും ഈ ചന്തയിൽ വില്പനയ്ക്ക് എത്താറുണ്ട്. ഷൺമുഖൻ എന്ന ധനാഢ്യൻ പാലക്കാട് രാജാവിന്റെ ഒത്താശയോടെ സാമൂതിരി രാജാവിന്റെ പക്കൽനിന്നും 20 ഏക്കർ സ്ഥലം ഭീമമായ ഒരു തുക കൊടുത്ത് വാങ്ങി എന്നും പിന്നീട് തുണ്ടം തുണ്ടമായി വിറ്റു എന്നും അറിയുന്നു. 4½ ഏക്കറോളം വിസ്തീർണ്ണമുള്ള ഈ ചന്ത ഇന്ന് മൂന്ന് സഹകാര്യവ്യക്തികളുടെ ഉടമസ്ഥതയിലാണ്. ആഴ്ചതോറും സുമാർ ലക്ഷക്കണക്കിന് രൂപയുടെ ക്രയവിക്രയം നടത്തുന്ന ചന്ത, കന്നുകാലിബ്രോക്കർമാർ, കന്നുകാലികളെ ആട്ടിക്കൊണ്ടുവരുന്ന തൊഴിലാളികൾ, കന്നുകാലികളെ വണ്ടിയിൽ കയറ്റി ഇറക്കുന്ന ചുമട്ടു തൊഴിലാളികൾ, മറ്റു കച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ തുടങ്ങി ഒരു വലിയ തൊഴിലാളി സമൂഹത്തിന്റെ ജീവിതമാർഗ്ഗമാണ്.

കേരളത്തിലെ മറ്റൊരു ഗ്രാമപഞ്ചായത്തിലും ഇല്ലാത്ത "കാറ്റിൽ റേസ് സ്റ്റേഡിയം" കുഴൽമന്ദം പഞ്ചായത്തിലെ ഒരു പ്രത്യേകതയാണ്. 'കാറ്റിൽ റേസ് ക്ലബ് ഓഫ് ഇന്ത്യ' എന്ന ഒരു കർഷകസംഘടനയുടെ സെക്രട്ടറിയായിരുന്ന കണ്ടത്ത് ഹരിദാസിന്റെ ഓർമ്മയ്ക്കായി 'ചിതലി'യിൽ സ്ഥിതി ചെയ്യുന്ന

ഈ സ്റ്റേഡിയത്തിൽ ആണ്ടുതോറും, കന്നുകാലിവളർത്തുന്നവരുടെ കൊയ്ത്തുകാല വിനോദമായി കന്നുപൈളി മത്സരവും അതിനോടനുബന്ധിച്ച് കാളവണ്ടി ഓട്ടമത്സരവും നടത്താറുണ്ട്. പരേതനായ ഡോക്ടർ കെ. വി. അശോകന്റെ നേതൃത്വത്തിൽ കാടക്കോഴിവളർത്തൽ, പട്ടുനൂൽപ്പുഴുവളർത്തൽ എന്നീ പദ്ധതികൾ ഈ ക്ലബ് നടപ്പാക്കിയിട്ടുണ്ട്.

കുഴൽമന്ദം പഞ്ചായത്തിലെ ഇന്നത്തെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന ഒരേയൊരു സ്ഥാപനമാണ് ചന്തപ്പുരയിൽ സ്ഥിതി ചെയ്യുന്ന "സർക്കാർ മൃഗാശുപത്രി". കുഴൽമന്ദം ചന്തയുടെ ഉടമസ്ഥരിൽ നിന്ന് ദാനമായി കിട്ടിയ എട്ട് സെന്റ് സ്ഥലത്താണ് ഈ സ്ഥാപനം നിലകൊള്ളുന്നത്. 1952-ൽ മൃഗസംരക്ഷണവകുപ്പിന്റെ ക്യാമ്പ് മൃഗാശുപത്രിയായി ആരംഭിച്ച ഈ സ്ഥാപനം 1954-ൽ മദ്രാസ് സർക്കാരിന്റെ കാലത്ത് കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ഇപ്പോഴത്തെ കെട്ടിടത്തിൽ ഒരു സ്ഥിരം സ്ഥാപനമായി പ്രവർത്തനം ആരംഭിച്ചതായി രേഖകളിൽ കാണുന്നു. 1976 ലും 1984 ലും മൃഗസംരക്ഷണവകുപ്പ് കെട്ടിടത്തിന് അറ്റകുറ്റപ്പണികൾ ചെയ്തിട്ടുണ്ട്. 1976-ൽ ഈ സ്ഥാപനത്തിൽ തന്നെ ഒരു മൊബൈൽ ഫാം എയ്ഡ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. 1986-ൽ ഈ സ്ഥാപനത്തിന്റെ പ്രവർത്തനശേഷി പരിഗണിച്ച് വെറ്ററിനറി ഡിസ്പെൻസറി എന്ന ഗ്രേഡിൽ നിന്ന് വെറ്ററിനറി ഹോസ്പിറ്റൽ എന്നാക്കി ഉയർത്തി ഒരു സീനിയർ വെറ്ററിനറി സർജന്റെ നിയന്ത്രണത്തിലാക്കി. ഈ സ്ഥാപനത്തിൽ പല ഡോക്ടർമാർ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഡോ.പി.നവീൻ, ഡോ.എം. രാമനുണ്ണി, ഡോ.കെ.വി.അശോകൻ എന്നിവരുടെ കാലത്ത് ആശുപത്രിയുടെ പ്രവർത്തനത്തിൽ പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് കർഷകർ പറയുന്നു. ആശുപത്രിയുടെ ജീർണ്ണോദ്ധാരണപ്രവർത്തനങ്ങൾക്ക് ശ്രീ.എൻ.പത്മനാഭന്റെ നേതൃത്വം കൊടുത്തിരുന്ന മൃഗാശുപത്രി പോപ്പുലർ കമ്മിറ്റി സ്തുത്യർഹമായ പങ്കു വഹിച്ചിട്ടുണ്ടെന്ന് രേഖകളിലുണ്ട്. 1996 ജൂലൈ ഒന്നാം തിയ്യതി ഇപ്പോഴത്തെ ഗ്രാമപഞ്ചായത്തു് പ്രസിഡണ്ട് പി.എൻ. സേതുമാധവൻ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ മൃഗസംരക്ഷണസെമിനാറിൽ വെച്ച് പാലക്കാട് ലൈവ് സ്റ്റോക്ക് ഇംപ്രൂവ്മെന്റ് അസോസിയേഷന്റെ ഒരു യൂണിറ്റ് കുഴൽമന്ദത്ത് ആരംഭിച്ചു. പ്രതിരോധകുത്തിവെയ്പുകൾ, ചർച്ചാ ക്ലാസുകൾ, പശുകറവപരിശീലനം, കോഴികളിൽ വാക്സിനേഷൻ പരിശീലനം എന്നീ പരിപാടികൾ കർഷകർക്കിടയിൽ ഈ യൂണിറ്റ് നടത്തിക്കൊണ്ടിരിക്കുന്നു. ശ്രീ.എൻ. പത്മനാഭന്റെ പ്രസിഡന്റും ഡോ. യു. ചന്ദ്രപ്രകാശ് എക്സ് ഒഫീഷ്യോ സെക്രട്ടറിയും ആയി ഈ യൂണിറ്റിന്റെ പ്രവർത്തനം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

1-11-1995 ന് മൃഗസംരക്ഷണവകുപ്പ് ഈ സ്ഥാപനവും അതിലെ ആസ്തികളും കുഴൽമന്ദം ഗ്രാമപഞ്ചായത്തിന് കൈമാറി. ഈ സ്ഥാപനത്തിൽ ഉള്ള മൊബൈൽ യൂണിറ്റ് ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണത്തിനാണ്.

ഈ സ്ഥാപനത്തിലെ ഉദ്യോഗതസ്തികകൾ.

1. സീനിയർ വെറ്ററിനറി സർജൻ
2. ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ
3. അറ്റൻഡർമാൻ
4. പാർട്ട് ടൈം സ്വീപ്പർ

മൊബൈൽ യൂണിറ്റ് (M.F.A.U)

1. വെറ്ററിനറി സർജൻ
2. അറ്റൻഡർമാർ
3. ഡ്രൈവർ

ആകെയുള്ള ഏഴ് തസ്തികകളിൽ മൂന്നെണ്ണം ഒഴിഞ്ഞുകിടക്കുന്നു. ഒരു തസ്തികയിൽ ഉള്ള ഉദ്യോഗസ്ഥൻ ലീവിലുമാണ്.

സമീപ പഞ്ചായത്തുകളായ മാത്തൂർ, കണ്ണാടി, തേങ്കുറുശ്ശി എന്നീ പഞ്ചായത്തുകളിൽ നിന്ന് ധാരാളം കർഷകർ സേവനം ലഭിക്കുന്നതിന് ഈ സ്ഥാപനത്തിൽ എത്താറുണ്ട്. ഈ സ്ഥാപനത്തിലെ കഴിഞ്ഞ അഞ്ച് വർഷത്തെ പ്രവർത്തന റിപ്പോർട്ടുകളിൽ കാണുന്നത് 5000 മുതൽ 5500 ഓളം ഉരുക്കളുടെ ചികിത്സയും 2200 ലധികം ഉരുക്കളിൽ കൃത്രിമ ബീജസങ്കലനവും വർഷംതോറും നടത്തിയതായി കാണുന്നു. ഇത് പ്രശംസനീയമായ ഒരു സേവനമാണ്. മറ്റു സേവന റിപ്പോർട്ടുകളും നടപ്പാക്കിയ വികസന പദ്ധതികളും താഴെ ചേർക്കുന്നു.

ചാർട്ട് - 1

കുഴൽമന്ദം ഗ്രാമപഞ്ചായത്ത് കന്നുകാലികളുടെ കണക്ക്

ഇനം	1987 സെൻസസിലെ കണക്ക്	1996 സെൻസസിലെ കണക്ക്
പശുക്കൾ	3246	3979
എരുമകൾ	1351	558
ആടുകൾ	1645	1963
മറ്റുള്ളവ	1474	1845
കോഴികൾ	20519	21762

കുഴൽമന്ദം ഗ്രാമപഞ്ചായത്ത് കന്നുകാലികളുടെ ചികിത്സാകണക്ക്

നമ്പർ	രോഗവിവരങ്ങൾ	പശു	എരുമ	ആട്	നായ	കോഴി	മറ്റുള്ളവ
1.	ദഹനസംബന്ധമായവ	829	48	74	18	2145	1
2.	ശ്വാസകോശസംബന്ധമായവ	99	17	17	-	-	1
3.	ഉപചയസംബന്ധമായവ	30	1	-	-	-	-
4.	തൊക്ക് രോഗങ്ങൾ	74	4	8	6	-	-
5.	ധാതുലവണ അഭാവം	126	7	21	6	4	-
6.	പരാദ രോഗങ്ങൾ	788	50	20	4	510	-
7.	പ്രത്യുൽപാദനം സംബന്ധിച്ച്	134	4	8	-	-	-
8.	വന്ധ്യത	210	-	-	-	-	-
9.	അകിടുവീക്കം	131	-	-	-	-	-
10.	മുടന്തൻപനി	163	16	-	-	-	-
11.	പകർച്ചവ്യാധികൾ	-	-	-	-	-	-
12.	മറ്റു രോഗങ്ങൾ	771	60	-	8	350	6

പട്ടിക -3

കൃത്രിമ ബീജസങ്കലനം

ക്രമനമ്പർ	ഇനം	ബീജസങ്കലനം നടത്തിയവ	ഒന്നിലധികം പ്രാവശ്യം ബീജസങ്കലനം നടത്തിയവ
1.	പശുക്കൾ	1324	82
2.	കിടാരികൾ	630	87
3.	എരുമകൾ	147	16

പട്ടിക - 4

കഴിഞ്ഞ അഞ്ച് വർഷത്തിൽ നടപ്പാക്കിയ പദ്ധതികൾ

നമ്പർ	വർഷം	പദ്ധതിയുടെ പേര്	ഗുണഭോക്താക്കളുടെ എണ്ണം	ചിലവഴിച്ചതുക	സ്ക്കൂൾ
1.	1991-92	അടുക്കളക്കോഴിവളർത്തൽ പ്രോത്സാഹനം	50	2850	
2.	"	മാതൃകാ ഡയറി യൂണിറ്റുകൾ	2	7224	
3.	"	സ്ക്കൂൾ വിദ്യാർത്ഥികളിൽ കോഴി വളർത്തൽ ക്ലബ്ബ്	30	360	സി.എ ഹൈസ്ക്കൂൾ
4.	1992-93	സമഗ്ര കോഴിവളർത്തൽ പരിപാടി	333	16000	
5.	"	എഗ്ഗർ നേഴ്സറി യൂണിറ്റ്	1	12000	
6.	1992-94	ഗോ രക്ഷാ ക്യാമ്പുകൾ	2	400	
7.	1994-94	SCP സ്ക്കീം മഞ്ഞാടി (IHDP)	38	26400	
8.	1995-96	ഗോ രക്ഷാ ക്യാമ്പുകൾ	2	400	
9.	"	വന്ധ്യത പരിശോധനാ ക്യാമ്പ്	1	1000	
10.	"	വികസന സെമിനാർ	1	1000	
11.	"	SCP സ്ക്കീം, മഞ്ഞാടി (IHDP)	14	18000	
12.	"	SCP സ്ക്കീം നായാടിക്കുന്ന് കോളനി	10	16000	

ഉൽപാദന മേഖല

1. പാൽ ഉൽപാദനം
2. ഇറച്ചി കോഴിവളർത്തൽ
3. അടുക്കള കോഴി വളർത്തൽ
4. എഗ്ഗർ നഴ്സറികൾ സ്ഥാപിക്കൽ
5. ആടുവളർത്തൽ
6. പന്നിവളർത്തൽ
7. മുയൽ വളർത്തൽ
8. മാംസോൽപാദനം വർദ്ധിപ്പിക്കൽ
9. ഉപോൽപ്പന്നങ്ങളുടെ ഉൽപാദനം
10. ജൈവവളം/ഊർജ്ജോൽപാദനം

ആസൂത്രണ മേഖല

1. പൊതുജനപങ്കാളിത്തത്തോടെ
2. കർഷകരുടെ ഉന്നമനം ഗ്രാമസഭ അവലോകനം
3. ഗുണഭോക്താധിഷ്ഠിത പദ്ധതികൾ
4. ശരിയായ ഗുണഭോക്താവിനെ തെരഞ്ഞെടുക്കൽ
5. കർമ്മസേനയുടെ പദ്ധതി നടപ്പാക്കൽ
6. ഉപദേശകസമിതി-പ്രശ്നപരിഹാരം
7. പദ്ധതി അവലോകനം-കർമ്മസേനയിലൂടെ
8. പദ്ധതിയുടെ ബോധവൽക്കരണം

സേവനമേഖല

1. മൃഗാശുപത്രി ആധുനികരിക്കുക
2. രോഗനിർണ്ണയ ലാബറട്ടറി രൂപീകരണം
3. ശുദ്ധമായ മാംസോൽപാദനം
4. പേ വിഷബാധ നിയന്ത്രണം
5. ജന്തുദ്രോഹനിവാരണ സമിതി രൂപീകരണം.
6. ക്ഷീരോൽപാദന സഹകരണ സംഘം രൂപീകരണം.
7. വിജ്ഞാന വ്യാപന വിഭാഗം
8. ഇൻഷുറൻസ് പദ്ധതി നടപ്പാക്കൽ

വിവിധ മേഖലകൾ, അവയുടെ പ്രാധാന്യം പദ്ധതികൾ

ജനകീയ ആസൂത്രണത്തിൽ മൃഗസംരക്ഷണരംഗം മൂന്നു മേഖലകൾ ആക്കി തിരിച്ചിട്ടുണ്ട്. ചാർട്ട് 5 ശ്രദ്ധിക്കുക.

I. ഉൽപാദനമേഖല

1. പാലുല്പാദനം

നമ്മുടെ പഞ്ചായത്തിൽ ദിനംപ്രതി 1500 ലിറ്റർ മുതൽ 1800 ലിറ്റർ വരെ പാൽ ഉൽപാദിപ്പിക്കുന്നതായി കാണുന്നു. ശരാശരി ഒരു സങ്കരയിനം പശുവിന് നാലു മുതൽ അഞ്ചു ലിറ്റർ വരെ ഈ നല്ലയിനം പശുക്കൾക്ക് ഗുണനിലവാരമുള്ള കാലിത്തീറ്റ ഒരു നിശ്ചിത അളവിൽ കൊടുക്കുകയാണെങ്കിൽ ഈ പശുക്കളുടെ ആരോഗ്യവും ഉല്പാദനവും മെച്ചപ്പെടും.

ഓരോ വാർഡിലും നല്ലയിനം പശുക്കളെ വളർത്തുന്ന തെരഞ്ഞെടുത്ത കർഷകർക്ക് സൗജന്യനിരക്കിൽ ഗുണനിലവാരമുള്ള കാലിത്തീറ്റ കൊടുക്കാനുള്ള പദ്ധതി രൂപം കൊടുത്ത് ഇപ്പോഴുള്ള പശുക്കളുടെ പാലുല്പാദനക്ഷമത വർദ്ധിപ്പിക്കാം. ഇതിന് പാലുല്പാദനക്ഷമത വർദ്ധിപ്പിക്കൽ പദ്ധതി എന്ന പേർ നൽകാം.

2. പാലുല്പാദനംനശിപ്പിക്കുന്ന രോഗങ്ങൾക്കെതിരെയുള്ള പദ്ധതി .

1995-96 മൃഗാശുപത്രിയിലെ ഒ.പി. രജിസ്റ്റർ പ്രകാരം 131 അകിടുവീക്കം രോഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഉരുവിന്റെ മുപ്പതുശതമാനം ഉൽപാദനക്ഷമത നശിപ്പിക്കുന്ന പ്രതിരോധകുത്തിവെയ്പില്ലാത്ത ഈ സുഖക്കേടിന് നിയന്ത്രണം വരുത്താൻ അകിടുവീക്കരോഗനിയന്ത്രണപദ്ധതിക്ക് രൂപം കൊടുക്കാം. ശാസ്ത്രീയമായ കറവ ഒരു കലയാക്കി ഒരു പരിശീലനക്കളരി, തൊഴുത്ത് ആധുനീകരിക്കാനുള്ള സഹായം, അകിടുവീക്കനിയന്ത്രണകിറ്റുകളുടെ വിതരണം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തണം.

3 പഞ്ചേതം പാലുല്പാദനത്തിന് പരമപ്രധാനം.

1. നല്ല കറവലക്ഷണമുള്ള ഉരുക്കളെ തെരഞ്ഞെടുക്കുക.
2. നല്ല ഗുണനിലവാരമുള്ള തീറ്റ ശാസ്ത്രീയാടിസ്ഥാനത്തിൽ (ജീവസന്ധാരണം/ഉല്പാദനം) കൊടുക്കുക.
3. രണ്ടു പ്രസവക്കാലങ്ങൾക്കിടയിലുള്ള ദൈർഘ്യം കുറയ്ക്കുക.
4. സമയോചിതമായ പ്രതിരോധകുത്തിവെയ്പുകൾ നടത്തുക.
5. ഇൻഷുറൻസ് ആനുകൂല്യം ഏർപ്പെടുത്തുക.

ഈ അഞ്ച് തത്വങ്ങൾ പശുവളർത്തുന്ന കർഷകരിൽ നടപ്പാക്കാൻ അഞ്ച് ദിവസത്തിൽ കുറയാത്ത ബോധവൽക്കരണ പരിശീലനപരിപാടിക്ക് രൂപം കൊടുക്കാം. വാർഡുതോറും നടപ്പാക്കുക.

2 ഇറച്ചിക്കോഴിവളർത്തൽ

ഏറ്റവും ചുരുങ്ങിയ കാലം കൊണ്ട് ചുരുങ്ങിയ മുതൽ മുടക്കിൽ കൂടുതൽ വരുമാനം ഉണ്ടാക്കാവുന്ന ഒരു പദ്ധതിയാണിത്. അദ്ധ്വാനമനോഭാവവും ശാസ്ത്രീയ കാഴ്ചപ്പാടും ഉണ്ടെങ്കിൽ സ്വയം തൊഴിൽ കണ്ടെത്തുന്നവർക്ക്ഒരു മാസത്തെ പരിശീലനത്തിനുശേഷം ഈ രംഗം സ്വീകരിക്കാവുന്നതാണ്. ഓരോ വർഷവും ഓരോ വാർഡുവീതം തെരഞ്ഞെടുത്ത് 10 മുതൽ 15 വരെ ചെറുപ്പക്കാരെ സംഘടിപ്പിച്ച് ആൾപാർപ്പിടം അധികം ഇല്ലാത്ത സ്ഥലത്ത് സഹകരണാടിസ്ഥാനത്തിൽ പദ്ധതിക്ക് രൂപം കൊടുക്കാവുന്ന താണ്.

ഇപ്പോൾ ഈ പഞ്ചായത്തിൽ അഞ്ച് ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ ഭാഗികമായി പ്രവർത്തിക്കുന്നു. ഉല്പാദനത്തിന് സമയോചിതമായ വിപണനസൗകര്യം, നല്ല കോഴിതീറ്റയുടെ വിതരണം എന്നീ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയാണെങ്കിൽ ഈ രംഗം പുഷ്ടിപ്പെടും.

3. അടുക്കളക്കോഴി വളർത്തൽ

നമ്മുടെ പഞ്ചായത്തിലേക്ക് വരുന്ന മുട്ടയുടെ കണക്കു കണ്ടാൽ നമ്മൾ ഞെട്ടിപ്പോവും, (ഉദ്ദേശം 5000 മുട്ട ദിനംപ്രതി വരുന്നുണ്ട്) ഡിപ് ലിറ്റർ, കേജ് എഗ് തുടങ്ങിയ മുട്ടക്കോഴി വളർത്തൽ പരിപാടികൾക്ക് ഭാരിച്ച ചെലവ് വരും. അതുകൊണ്ട് കുട്ടികളുടെയും വീട്ടമ്മമാരുടെയും ലളിതമായ ജോലിയായി അടുക്കളക്കോഴി വളർത്തൽ വികസിപ്പിക്കാവുന്നതാണ്. സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ പോൾട്രിക്ലബുകൾ ഉണ്ടാക്കി അടുക്കള കോഴിവളർത്തലിന് പറ്റിയ ഇനം കോഴികളെ ഗ്രാമലക്ഷ്മി, അതുല്യ വിതരണം ചെയ്യാവുന്ന പദ്ധതിക്ക് രൂപം കൊടുക്കാം.

1. നാടൻകോഴികളുടെ ഉല്പാദനക്ഷമത വർഷത്തിൽ 110 മുട്ടയാണ്. നാടൻകോഴികളെ വളർത്തുന്നവർക്ക് കോഴിത്തീറ്റ സൗജന്യനിരക്കിൽ കൊടുക്കുകയാണെങ്കിൽ ഇവയുടെ ഉല്പാദനം ചെറിയ തോതിൽ വർദ്ധിപ്പിക്കുവാൻ സാധിക്കും.
2. നല്ലയിനം പൂവൻകോഴികളെ ഇണചേർത്താൽ നാടൻകോഴികളുടെ കൂട്ടത്തിൽ വിട്ട് ഇവയുടെ വർഗ ശുദ്ധിഉയർത്താനും മുട്ടയുല്പാദനം വർദ്ധിപ്പിക്കുവാനും സാധിക്കും.
3. നാട്ടിൻപുറങ്ങളിൽ "കോഴിവസന്ത" എന്ന രോഗം മൂലം ഉള്ള നഷ്ടംതടയുവാൻ ഓരോവാർഡിലും തിരഞ്ഞെടുത്ത നാലു വനിതകൾക്ക് പരിശീലനം കൊടുത്ത് വാക്സിനേറ്റർമാരായി ഉപയോഗപ്പെടുത്താം. ഈ രോഗം പരിപൂർണമായും നിയന്ത്രിക്കാൻ സാധിക്കും. ഗ്രാമീണ സമ്പദ്ഘടനയുടെ നഷ്ടം ഒഴിവാക്കാം.

4. എഗ്ഗർ നഴ്സറികൾ സ്ഥാപിക്കൽ

ഒരു ദിവസം പ്രായമായ നല്ലയിനം കോഴികുഞ്ഞുങ്ങളെ വാങ്ങിച്ച് കൃത്രിമചൂടും (ബ്രൂഡിങ്ങ്) പരിചരണവും കൊടുത്ത് രണ്ടുമാസംവരെ വളർത്തിവലുതാക്കി എല്ലാ പ്രതിരോധകുത്തിവെയ്പുകളും നടത്തി ഗ്രാമീണർക്കു തന്നെ വിതരണം ചെയ്യുന്ന പദ്ധതിയാണിത്. തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് ഒരു മാസത്തെ പരിശീലനത്തിന് ശേഷം വാർഡുതോറും ഓരോ നഴ്സറി തുടങ്ങുന്ന പദ്ധതിക്ക് രൂപം നല്കാവുന്നതാണ്. നമ്മുടെ മൃഗാശുപത്രിയുടെ കീഴിൽ പല്ലൻചാത്തനൂർ ഭാഗത്ത് ഒരു നഴ്സറി മാത്രം പ്രവർത്തിച്ചുവരുന്നുണ്ട്.

5. ആടുവളർത്തൽ

നമ്മുടെ പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പും മറ്റു പരിസ്ഥിതികളും ആടുവളർത്തൽ പദ്ധതിക്ക് അനുയോജ്യമാണ്. 1996 ലെ കന്നുകാലിസെൻസസ് അനുസരിച്ച് 1987 ൽ ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ എണ്ണം കന്നുകാലികൾ കുഴൽമന്ദം പഞ്ചായത്തിലുണ്ടായിട്ടുണ്ട്. നൊച്ചുള്ളി, പെരുങ്കുന്നം, ചിതലി ഭാഗങ്ങളിൽ ദേശസാൽക്കൃതബാങ്കുകളിൽ നിന്ന് ലോണെടുത്ത് ആടുവളർത്തൽ ഒരു ഉപതൊഴിലായി പലരും നടത്തുന്നുണ്ട്. "പാവപ്പെട്ടവന്റെ പശു" എന്നുപറയുന്ന ആടിനെ വളർത്തുന്നതിന്റെ ശാസ്ത്രസാങ്കേതിക മാർഗങ്ങളിൽ ഇന്നും കർഷകർ അജ്ഞതരാണ്. തീറ്റ പരിവർത്തനശേഷി, ആടുകളുടെ വളർച്ചനിരക്ക്, സമയോചിതമായ വിരയിളക്കൽ എന്നിവയിൽ ഈ കർഷകരെ ബോധവാൻമാരിക്കി ഈ രംഗത്തിന് കൂടുതൽ പ്രോൽസാഹനം കൊടുക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ചിതലി ഭാഗത്ത് ഒരു ഗ്രൂപ്പു ഫാമിങ്ങ് മാതൃകയിൽ ഒരു ആടുവളർത്തൽ വാർഡുതന്നെ രൂപപ്പെടുത്തുന്ന പദ്ധതിക്ക് രൂപം കൊടുക്കാവുന്നതാണ്.

6. പന്നി വളർത്തൽ

നമ്മുടെ പഞ്ചായത്തിൽ ഒരു ചെറിയ പന്നിവളർത്തൽ യൂണിറ്റാണ് ഇപ്പോൾ ഉള്ളത്. സാമൂഹ്യ എതിർപ്പുകളുള്ള വാർഡുകളിൽ ഈ രംഗം വികസിപ്പിക്കാൻ പറ്റില്ല. മനുഷ്യന് ഉപയോഗമില്ലാത്ത ആഹാരവസ്തുക്കൾ അടുക്കള അവശിഷ്ടങ്ങൾ, ഹോട്ടൽ അവശിഷ്ടങ്ങൾ അറവുശാല അവശിഷ്ടങ്ങൾ, എന്നീ പാഴായിപ്പോവുന്ന വസ്തുക്കളെ ഒരു നല്ല ജന്തുജന്യാഹാരമായി മാറ്റാൻ പന്നികൾക്കുള്ള കഴിവ് ഒന്നു വേറെതന്നെയാണ്. തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് പരിശീലനം, നല്ല പന്നിക്കുഞ്ഞുങ്ങളുടെ വിതരണം, സൗജന്യനിരക്കിൽ തീറ്റ, ഇൻഷുറൻസ് ആനുകൂല്യം എന്നീ പരിപാടികൾ ആസൂത്രണം ചെയ്ത് പന്നി വളർത്തൽ പദ്ധതിക്ക് പ്രോൽസാഹനം കൊടുക്കാവുന്നതാണ്.

7. മുയൽവളർത്തൽ

"ഒരു കൗതുകമൃഗം", "കുട്ടികളുടെ കൂട്ടുകാരൻ" എന്നീ നിലകളിൽ മനുഷ്യന്റെ മനസിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. ന്യൂസിലന്റ് വൈറ്റ്, സോവിയറ്റ് ചിഞ്ചില, ഗ്രേ ജയന്റ് എന്നീ ഇനങ്ങൾ പെട്ടന്ന് വളർന്ന് മൃദുലവും പോഷകമൂല്യവുമുള്ള ഒരു ആഹാരഘടകമായി മാറുന്നു. കൂടാതെ ഇതിന്റെ തുകൽ, രോമം എന്നിവയ്ക്ക് നല്ല വിലയുണ്ട്. ഒരു പരീക്ഷണമെന്ന നിലയിൽ തിരഞ്ഞെടുത്ത കുറച്ചു വനിതകൾക്ക് മൊത്തം മുതൽ മുടക്കിന്റെ അമ്പത് ശതമാനം കിഴിവ് കൊടുത്ത് ഈ പരിപാടി വികസിപ്പിക്കാനുള്ള സാദ്ധ്യതകളേറെയുണ്ട്.

8. മാംസ ഉൽപാദനം വർദ്ധിപ്പിക്കൽ

മാംസം ഒരു പോഷകമൂല്യമുള്ള ആഹാരമാണെന്ന് തർക്കമറ്റ സംഗതിയാണ്. പക്ഷേ ശാസ്ത്രീയമായ പരിശോധനയില്ലാത്ത, വൃത്തിഹീനമായ സ്ഥലത്ത് ഉള്ള മാംസഉൽപാദനം നല്ല ആഹാരഘടകത്തിന്റെ മൂല്യം കുറയ്ക്കും. പഞ്ചായത്തിന് ഒരു ലഘുസൗകര്യങ്ങൾ ഉള്ള അറവുശാലക്ക് (മിനി സ്ലോട്ടർ ഹൗസ്) ആദ്യമായി രൂപം കൊടുക്കണം. ശുചിതമുള്ള കൊച്ച് വിപണനകേന്ദ്രങ്ങൾ ഘട്ടം ഘട്ടമായി എല്ലാവാർഡുകളിലും (മിനി സെയിൽസ് സെന്റർ) തുടങ്ങാവുന്നതാണ്. ഇവയുടെ വാടകയിനത്തിൽ പഞ്ചായത്തിന് ഒരു വരുമാനമാർഗ്ഗവുമാണ്. കുഴൽമന്ദം പഞ്ചായത്തിൽ കുളവൻമുക്കിലും, ചന്തപ്പുരയിലുമാണ് രണ്ടു മാംസ വില്പന കേന്ദ്രങ്ങൾ. ആഴ്ചതോറും ശരാശരി 750kg ആട്ടിറച്ചിയും ഉദ്ദേശം 2000kg മാട്ടിറച്ചിയും വില്പന നടത്തുന്നുണ്ട്. ബ്രോയിലർ കോഴിയിറച്ചിയുടെ വില്പനകേന്ദ്രം ചെറിയതോതിലാണ് നടക്കുന്നത്. ഈ മാംസോല്പാദനത്തിനുള്ള ആടുമാടുകൾ അയൽപഞ്ചായത്തുകൾ, സംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. ഈ ചുറ്റുപാടിൽ കാളകുട്ടി, പോത്തുകുട്ടി പരിപാലനം, ആടുവളർത്തൽ എന്നിവയ്ക്ക് ഉദാരമായ പ്രോൽസാഹനം പഞ്ചായത്തിന്റെ പദ്ധതികളിൽ രൂപം കൊടുക്കാവുന്നതാണ്.

ശനിയാഴ്ചതോറുമുള്ള കുഴൽമന്ദം ചന്തയിൽ വരുന്ന 90 ശതമാനം ഉരുക്കളും മാംസോൽപാദനത്തിനാണു വിറ്റഴിയുന്നത്. ഈ ഉരുക്കൾ നല്ല ഒരു അസംസ്ക്കൃത വസ്തുവായി പഞ്ചായത്തിൽ എത്തുമ്പോൾ ഈ ആനുകൂല്യം ഉപയോഗപ്പെടുത്തി സഹകരണാടിസ്ഥാനത്തിൽ ഒരു "മാംസഫാക്ടറിക്ക്" രൂപം കൊടുക്കാൻ സാദ്ധ്യതകളുണ്ട്. കാർഷിക ഗവേഷണ ശാലയിലെ "മീറ്റ് ടെക്നോളജി" വിഭാഗത്തിൽ തിരഞ്ഞെടുത്ത ചെറുപ്പക്കാർക്ക് ശുദ്ധമായ ഗുണനിലവാരമുള്ള മാംസോല്പാദനത്തിൽ പരിശീലനം കൊടുത്ത് ഈ രംഗത്തേക്ക് ആകർഷിച്ച്

ഉത്പാദനമേഖലയിൽ വിപ്ലവകരമായ മാറ്റം വരുത്താൻ പഞ്ചായത്തിന് കഴിയും. മാത്രമല്ല നല്ല വിപണനശൃംഖല ഉറപ്പാക്കിയാൽ ഗ്രാമീണ സമ്പത്ത് ഘടന മെച്ചപ്പെടും.

9. ഉപോല്പന്നങ്ങളുടെ ഉല്പാദനം

നമ്മുടെ പഞ്ചായത്തിലും അയൽപഞ്ചായത്തുകളിലും അറവ് ചെയ്യപ്പെടുന്ന അറവുശാല അവശിഷ്ടങ്ങൾക്ക് ഇന്ന് നല്ല ഒരു വിപണനം ഇല്ല. കുഴൽമന്ദം ചന്തയിൽ ആഴ്ചതോറും അറവ് ചെയ്യപ്പെട്ട കന്നുകാലികളുടെ തുകൽ സംഭരിക്കുകയും ചെറിയ തോതിൽ വിപണനം ചെയ്യപ്പെടുകയും ചെയ്യുന്നുണ്ട്. കാള, പോത്ത് എന്നിവയുടെ തോലിന് ശരാശരി 650 രൂപയും, ആട്ടിൻ തോലിന് 170 രൂപയുമാണ് കിട്ടുന്നത്. ഈ വില വളരെ തുച്ഛമാണ്. ഈ പഞ്ചായത്തിലെ ഉപയോഗശൂന്യമായി കിടക്കുന്ന "വെള്ളപ്പാറ" യിൽ ഒരു ഉപോല്പന്നസ്ഥാപനത്തിന് സാദ്ധ്യതയുണ്ട്. തോല്, എല്ല് പൊടിക്കുക, മറ്റ് കുടൽ, കൊമ്പ്, എന്നിവ സംസ്ക്കരിക്കൽ എന്നിവ നടത്തിയാൽ നല്ല ലാഭം കൊയ്തെടുക്കാവുന്ന മേഖലയാണ്. തൊഴിൽസാദ്ധ്യതയുള്ള ഈ മേഖലയ്ക്ക് പഞ്ചായത്ത് പദ്ധതികളിൽ അർഹിക്കുന്ന സ്ഥാനം കൊടുക്കണം.

10. ജൈവവളം, ഊർജ്ജം, മൃഗശക്തി

കാർഷികമേഖലയിൽ രാസവളത്തിന്റെ വർദ്ധന ജൈവ വളത്തിന്റെ മൂല്യം വർദ്ധിക്കുന്നു. "ഓർഗാനിക് മാന്യൂർ" ചാണകവും കൂടിച്ചേർത്ത് ഉപയോഗിക്കുന്നത് രാസവളപ്രയോഗ ത്തേക്കാളും ലാഭകരമാണെന്ന് തെളിയിച്ചിട്ടുണ്ട്. ഒരു കൊട്ട (ഉദ്ദേശം 15 കെ.ജി) ചാണകത്തിന് ഇന്ന് 5 രൂപ മുതൽ 8 രൂപ വരെ വിലയുണ്ട്. പുറമെ ആട്ടിൻകാഷ്ഠം ഒരു ടിൻ അളവിന് 15 രൂപ വരെ വിലയുണ്ട്. ഈ ജൈവവളത്തിന്റെ ഉല്പാദനത്തിന് മൃഗങ്ങൾ തരുന്ന വരവ് നോക്കുകയാണെങ്കിൽ തന്നെ മൃഗസംരക്ഷണ മേഖല കാർഷികമേഖലയ്ക്കൊപ്പംതന്നെ വികസിപ്പിക്കേണ്ടതാണെന്നു മനസ്സിലാക്കാം.

ചാണകം ഒരു നല്ല ഊർജ്ജസ്രോതസ്സാണ്. ബയോഗ്യാസ് പ്ലാന്റുകൾ കമ്മീഷൻ അടിസ്ഥാനത്തിൽ ഫീൽഡ് വർക്കേഴ്സിനെ വെച്ച് വാർഡുതോറും വികസിപ്പിച്ചെടുത്താൽ ഇന്ധനച്ചെലവു കുറക്കാം. മാത്രമല്ല ഇതിലെ ചാണകത്തിന്റെ വളക്കൂറ് കൂടുകയും ചെയ്യും. കുഴൽമന്ദം പഞ്ചായത്തിൽ നാല്പതോളം ഗോബർഗ്യാസ് പ്ലാന്റുകൾ ഉണ്ടെങ്കിലും ചിലതു പ്രവർത്തനരഹിതമാണ്. കേടുവന്ന പ്ലാന്റുകൾക്ക് റിപ്പയറിംഗ് ആനുകൂല്യം കൊടുക്കുക. ഊർജ്ജത്തിന്റെ ഉറവിടത്തെപ്പറ്റി ഗ്രാമീണരെ ബോധവാന്മാരാക്കുക എന്നിവ പഞ്ചായത്തിനു ചെയ്യാവുന്നതാണ്.

പഞ്ചായത്തിലെ ഗതാഗതയോഗ്യമല്ലാത്ത "കച്ചറോഡ്" കളിൽ മൃഗശക്തിയുടെ (കാളവണ്ടി, പോത്തുവണ്ടി) ഉപയോഗം അനുഗ്രഹമാണ്. കാർഷിക ഉല്പന്നങ്ങൾ വിപണനസ്ഥലത്തും വളങ്ങൾ കാർഷികസ്ഥലത്തും എത്തിക്കുന്നതിൽ ഇവയുടെ പങ്ക് പ്രശംസനീയമാണ്. ഒരു വണ്ടി വലിക്കുന്ന ഉരു 0.5 H.P. ഊർജ്ജം പ്രദാനം ചെയ്യുന്നു എന്നാണ് കണക്ക്. കാളവണ്ടികൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ്, ടയർ പിടിപ്പിച്ച പുതിയ വണ്ടികൾ എന്നിവ വിതരണം ചെയ്യുക എന്നീ പദ്ധതികൾക്ക് രൂപം കൊടുക്കാം.

മേലുദ്ധരിച്ച പദ്ധതികളിൽനിന്ന് ഒന്നു മനസ്സിലാക്കാം - "പാലുല്പാദനം മാത്രമല്ല മറിച്ച് ബഹുവിധ ഉല്പാദനങ്ങളുടെ മേഖലയാണ് മൃഗസംരക്ഷണം" എന്ന്.

II. സേവനമേഖല

1 മൃഗാശുപത്രി ആധുനീകരിക്കുക

പഞ്ചായത്തിൽ മൃഗചികിത്സയ്ക്ക് ഒരേയൊരു സ്ഥാപനമുള്ളത് സർക്കാർ മൃഗാശുപത്രിയാണ്. ഈ സ്ഥാപനത്തിന് സ്ഥലസൗകര്യം കുറവാണ്. സ്ഥാപനത്തിന്റെ പടിഞ്ഞാറുഭാഗത്തുള്ള ഒഴിഞ്ഞുകിടക്കുന്ന രണ്ടുസെന്റ് സ്ഥലം പഞ്ചായത്തിന് മൃഗാശുപത്രിയുടെ വികസനത്തിനായി വാങ്ങിക്കാവുന്നതാണ്. 1995 ൽ 5002 ഉരുക്കളെ (എ.പി.രജിസ്റ്റർ) ചികിത്സ നടത്തിയിട്ടുണ്ട്. 2412 ഉരുക്കളെ ബീജസങ്കലനം നടത്തിയിട്ടുണ്ട്. ആശുപത്രിക്ക് I.P. വാർഡ് O.P. വാർഡ്, ഓപ്പറേഷൻ തിയേറ്റർ, ക്ലിനിക്കൽ ലാബറട്ടറി, ഫോൺ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തി ഒരു പോളിക്ലിനിക്കായി ഉയർത്തേണ്ടതാണ്. പൂപ്പുള്ളിക്കാട്, പെരുങ്കുന്നം, കളപ്പെട്ടി, ചിതലി, ഏരിയ കേന്ദ്രീകരിച്ച് കളപ്പെട്ടിയിലുള്ള പാലുല്പാദകസംഘത്തിനടുത്തായി മൃഗാശുപത്രിയുടെ ഒരു സബ് സെന്റർ സ്ഥാപിച്ചുകിട്ടിയാൽ ഈ പ്രദേശത്തുള്ളവർക്ക് വളരെ ഉപകാരമായിരിക്കും. 42 കൊല്ലം പഴക്കമുള്ള ഈ സ്ഥാപനത്തിന് വെള്ളം എത്തിക്കാൻ ഇപ്പോഴാണ് നടപടിയുണ്ടായത്.

കന്നുകാലികൾ, കോഴികൾ എന്നിവയ്ക്ക് രോഗപ്രതിരോധ കുത്തിവെയ്പുകൾ, S.C.P. പദ്ധതികൾ നടപ്പാക്കൽ എന്നിവയെല്ലാം മൃഗാശുപത്രിയുടെ സേവനമേഖലയാണ്. മാംസപരിശോധന, ശുദ്ധമായ മാംസോല്പാദനം എന്നീ സേവനങ്ങൾ, ഈ രംഗത്ത് പ്രാവീണ്യം നേടിയ വെറ്ററിനറി സർജന്മാരെക്കൊണ്ട് നടപ്പാക്കാവുന്നതാണ്.

മറ്റൊരു സേവനമേഖലയാണ് പേ വിഷബാധനിയന്ത്രണം. മനുഷ്യരാശിക്ക് പേടിസ്വപ്നമായിരിക്കുന്ന പേവിഷബാധ നിയന്ത്രണം ഇന്നും പഞ്ചായത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയാണ്. അലഞ്ഞുതിരിഞ്ഞുനടക്കുന്ന തെരുവ് നായ്ക്കളെ നശിപ്പിച്ച് വളർത്തുനായ്ക്കളിൽ പ്രതിരോധകുത്തിവെയ്പും

നിർബന്ധലൈസൻസിങ്ങും പഞ്ചായത്തിന് ഏർപ്പെടുത്താവുന്നതാണ്.

അടുത്ത സേവനമേഖലയാണ് ഉല്പന്നങ്ങളുടെ വിപണനരംഗം. പഞ്ചായത്തിന്റെ ആകെയുള്ള ഒരു വിപണനവേദി കളപ്പെട്ടി ക്ഷീരോല്പാദനസഹകരണസംഘം ആണ്. ദിനംപ്രതി ശരാശരി 500 ലിറ്റർ പാൽ സംഭരിക്കുകയും ഏഴ് വെണ്ടർമാരിലൂടെ വിപണനം ചെയ്യുകയും ഈ സംഘം ചെയ്യുന്നു. ഏകദേശം 25 സഹകാരിവെണ്ടർമാരും വിപണനം നടത്തുന്നുണ്ട്. കർഷകർക്ക് പാലിന് ന്യായമായ വില കിട്ടുന്നില്ല. ഗ്രാമസഭകളിലും 1-7-96 നടന്ന മൃഗസംരക്ഷണ സെമിനാറിലും ഉയർന്ന ഒരാവശ്യം രണ്ടുവാർഡിന് ഒരു പാൽ സഹകരണസംഘമെങ്കിലും വേണമെന്നാണ്. കൂടുതൽ പാൽ ഉൽപാദനമുള്ള മനം (കൊളവൻമുക്ക്, നൊച്ചുള്ളി) കണ്ണനൂർ കേന്ദ്രമായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക താല്പര്യത്തോടുകൂടി ഓരോ സഹകരണസംഘം തുടങ്ങുന്നത് കർഷകർക്ക് ഒരനുഗ്രഹമായിരിക്കും. കുഴൽമന്ദം കേന്ദ്രമായി പ്രവർത്തിക്കുന്ന ക്ഷീരവികസനവകുപ്പിന്റെ സേവനം ഉപയോഗപ്പെടുത്താം. കളപ്പെട്ടി ക്ഷീരോല്പാദനസംഘത്തിൽ നിന്ന് കന്നുകാലി വളർത്തൽ ലാഭകരമാക്കാൻ തീറ്റപുൽക്കൃഷിക്ക് ആനുകൂല്യങ്ങൾ, ധാതുമിശ്രിതങ്ങൾ എന്നിവ വിതരണം ചെയ്യുന്നുണ്ട്. കൂടുതൽ ക്ഷീരോല്പാദനസഹകരണസംഘങ്ങൾക്ക് രൂപം കൊടുക്കുകയാണെങ്കിൽ പഞ്ചായത്തിലെ സഹകരണസംഘങ്ങളുടെ ഒരു യൂണിറ്റിന്റെ നേതൃത്വത്തിൽ ഒരു കാലിത്തീറ്റഫാക്ടറിക്ക് രൂപം കൊടുക്കാവുന്നതാണ്. ഗുണനിലവാരമുള്ള വിലകുറഞ്ഞ കാലിത്തീറ്റ പഞ്ചായത്തിലുള്ള കർഷകർക്ക് കിട്ടുവാൻ ഇത് സഹായിക്കും.

കൊയ്ത്തുകാലത്ത് വൈക്കോൽ പുറനാടുകളിലേക്ക് പോകുന്നത് തടയേണ്ടതാണ്. പഞ്ചായത്തിന്റെ നേതൃത്വത്തിൽ വൈക്കോൽ സൂക്ഷിച്ച് കർഷകർക്ക് ആവശ്യാനുസരണം വിതരണം ചെയ്യുന്നത് പഞ്ചായത്തിന് വരുമാനവും കർഷകർക്ക് സേവനവുമാണ്.

മറ്റൊരു സേവനമേഖലയാണ് ജന്തുശ്രോഹനിവാരണ സമിതിയുടെ രൂപീകരണം. ജന്തുക്കളോട് കാട്ടുന്ന ക്രൂരത തടയുവാൻ ഈ സമിതിക്ക് കഴിയും. വാർഡുകൾ തോറും രണ്ടു മെമ്പർമാരെ തെരഞ്ഞെടുത്ത് ബോധവൽക്കരണം നടത്താം. കന്നുകാലിച്ചന്തയിൽ ജന്തുശ്രോഹനിവാരണസമിതി നിർമിച്ച ടാങ്കുകളിൽ വെള്ളം എത്തിക്കുക, തണൽമരങ്ങൾ വെച്ചുപിടിപ്പിക്കുക, ചന്തയിലെ സൗകര്യങ്ങൾ കൂട്ടുക. ചന്ത ദിവസമാൽക്കരിക്കുക തുടങ്ങി പലതും ഈ സമിതിക്ക് ചെയ്യാൻ കഴിയും. ലോറിയിൽ കന്നുകാലികളെ കയറ്റുന്നതിനും ഇറക്കുന്നതിനും ചന്തയുടെ ഒരു വശത്ത് പ്ലാറ്റ്ഫോം കെട്ടിക്കൊടുത്ത് ആണ്ടുതോറും ലേലം ചെയ്യുകയാണെങ്കിൽ പഞ്ചായത്തിന് വരുമാനവും മിണ്ടാപ്രാണികളോട് കാട്ടുന്ന ക്രൂരതക്ക് ഒരു ശമനവും ആകും.

വേറൊരു സേവനമേഖലയാണ് വിജ്ഞാനവ്യാപനരംഗം. ശാസ്ത്രസാങ്കേതിക നേട്ടങ്ങൾ കാലോചിതമായി കർഷകന്റെ വീട്ടുപടിക്കൽ എത്തിക്കുവാൻ എല്ലാ പഞ്ചായത്തിലും വിജ്ഞാനവ്യാപനരംഗം വേണം. ഗോരക്ഷാക്യാമ്പുകൾ, വന്ധ്യത നിവാരണക്യാമ്പുകൾ, പശുവളർത്തൽ പരിശീലനകളരികൾ തുടങ്ങിയ പരിപാടികൾ ഈ മേഖലയിൽക്കൂടി നടത്താവുന്നതാണ്. ഗ്രാമീണകർഷകന് ആകസ്മികമായി ഉണ്ടാകാവുന്ന നഷ്ടം ഒഴിവാക്കാൻ വളരെ കാര്യക്ഷമമായി നടത്തേണ്ടുന്ന ഒരു സേവനമേഖലയാണ് കന്നുകാലി ഇൻഷുറൻസ് - ആണ്ടുതോറും എല്ലാ വാർഡുകളിലും "കന്നുകാലി ഇൻഷുറൻസ് യജ്ഞങ്ങൾ" നടത്തുക, കർഷകരെ ഈ കാര്യത്തിൽ ബോധവാന്മാരാക്കുക എന്നീ സംഗതികൾക്ക് പഞ്ചായത്തിന് നേതൃത്വം നൽകാവുന്നതാണ്.

III. ആസൂത്രണമേഖല

ഉല്പാദനമേഖലയിലും സേവനമേഖലയിലും ചുണ്ടിക്കാട്ടിയ പദ്ധതികൾക്ക് ആസൂത്രണം കൊടുക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

1. ഓരോ പദ്ധതിക്കും ലക്ഷ്യം, പ്രവർത്തനരീതി, പദ്ധതിവിഹിതത്തിന്റെ വരവ്-ചെലവ് കണക്കുകൾ - പദ്ധതിയുടെ ഭൗതികനേട്ടം - സാമ്പത്തികനേട്ടം എന്നിവ പ്രത്യേകം കാണിക്കണം.
2. കഴിഞ്ഞ കാലഘട്ടത്തിൽ നടപ്പാക്കിയ പദ്ധതികൾക്ക് പാളിച്ചകൾ പറ്റിയിട്ടുണ്ടെങ്കിൽ ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.
3. പൊതുജനപങ്കാളിത്തത്തോടെ ഗുണഭോക്തൃാധിഷ്ഠിതമായി പദ്ധതികൾ ആസൂത്രണം ചെയ്യണം.
4. പഞ്ചായത്തിലെ നിലവിലുള്ള വിഭവശേഷി മെച്ചപ്പെടുത്തുകയും ഉള്ളത് നഷ്ടപ്പെടാതിരിക്കാനും ശ്രമിക്കേണ്ടതാണ്.
5. പദ്ധതികൾ നടപ്പാക്കുന്നതിലും ആസൂത്രണത്തിലും കർമ്മസേന നിർബന്ധമായും ഉണ്ടാക്കേണ്ടതാണ്.
6. ആസൂത്രണം ചെയ്യുന്ന പദ്ധതികളുടെ നേട്ടങ്ങളും കോട്ടങ്ങളും കർമ്മസേനാംഗങ്ങൾ, ഉദ്യോഗസ്ഥൻമാർ, ഗുണഭോക്താക്കളുടെ നോമിനി, വാർഡുമെമ്പർ എന്നിവരടങ്ങുന്ന ഒരു "ഉപദേശകസമിതി" വിലയിരുത്തണം.
7. ആസൂത്രണപദ്ധതികൾ താല്പര്യമുള്ള,അർഹരായ ഗുണഭോക്താക്കൾക്കുമാത്രം വിതരണം ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

IV. മത്സ്യബന്ധനം

കുഴൽമന്ദം പഞ്ചായത്തിൽ മത്സ്യബന്ധനം തൊഴിലാക്കിയവർ ആരും തന്നെ ഇല്ല. മീൻ വളർത്തുന്നതിന് പ്രത്യേക സംവിധാനം ഇല്ല. സ്വകാര്യവ്യക്തികൾ കുളങ്ങളിൽ വളർത്താറുണ്ട് എങ്കിലും വ്യാപകമല്ല. ഒക്ടോബർ, നവംബർ, ഡിസംബർ എന്നീ മാസങ്ങളിൽ മറ്റു ജില്ലകളിൽ നിന്നു കൊണ്ടുവരുന്ന മത്സ്യങ്ങളാണിവിടെ കൂടുതൽ കിട്ടുന്നത്. പണ്ടുകാലങ്ങളിൽ കണ്ണൻ, പൻമീൻ, മനങ്ങ് എന്നീ മീനുകൾ കുളങ്ങളിലും പാടശേഖരങ്ങളിലും നിന്ന് ലഭിച്ചിരുന്നു. എന്നാൽ ഇന്ന് രാസവളപ്രയോഗവും കീടനാശിനികളുടെ ഉപയോഗവുമൂലം മീനുകൾക്ക് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നു. ശനിയാഴ്ചതോറും നടത്തുന്ന കുഴൽമന്ദം ചന്തയിൽ നിന്നാണ് അത്യാവശ്യമായ ഉണക്കമീൻ ലഭിക്കുന്നത്. ഈ പഞ്ചായത്തിൽ ആഹാരാവശ്യത്തിന് മീനുകൾ കിട്ടാൻ വളരെ പ്രയാസമാണ്. മീൻവളർത്തൽ നടത്തി മത്സ്യബന്ധനത്തിനു യോജിച്ച തരത്തിലുള്ള കുളങ്ങളുണ്ട്. ഒരേക്കർ മുതൽ നാലേക്കർ വരെ വിസ്തൃതിയുള്ള 150 ഓളം കുളങ്ങളുള്ളതായി അറിയുന്നു. ഈ കുളങ്ങളെ മത്സ്യം വളർത്തുന്നതിന് ഉപയോഗപ്പെടുത്തിയാൽ ഈ പഞ്ചായത്തിലെ ജനങ്ങൾക്കാവശ്യമായ മത്സ്യം ഇവിടെ നിന്നു തന്നെ ഉല്പാദിപ്പിക്കുവാനും അടുത്ത പഞ്ചായത്തു കളിലേക്ക് കൊടുക്കുവാനും സാധിക്കും.

നിർദ്ദേശങ്ങൾ

1. പൊതുകുളങ്ങൾ, ഗ്രൂപ്പായോ സ്വന്തമായോ മത്സ്യക്കൃഷി നടത്തുന്നതിന് കൊടുക്കാവുന്നതാണ്. (പാങ്കുളം, മലയങ്കോട്, കണ്ണങ്കുളം, പടിഞ്ഞാറെ മണ്ഡപകുടം കുളം) എന്നിവ പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതാണ്.

2. സ്വകാര്യകുളങ്ങളുള്ളവർക്ക് സഹകരണസ്ഥാപനങ്ങളിൽ നിന്നും ഫിഷറീസ് ഡിപ്പാർട്ടുമെന്റിൽ നിന്നും മറ്റു ധനകാര്യസ്ഥാപനങ്ങളിൽനിന്നും സാമ്പത്തികസഹായം ചെയ്തു കൊടുത്ത് മീൻവളർത്തൽ പ്രോത്സാഹിപ്പിക്കുക.

3. വിപണനകേന്ദ്രത്തിന് സൗകര്യം ഒരുക്കികൊടുക്കുക.

4. ഗ്രൂപ്പുതലത്തിൽ മത്സ്യക്കൃഷി നടത്തുന്നതിന് പ്രത്യേകപദ്ധതി നടപ്പിലാക്കുകയും ഐ.ആർ.ഡി.പി. ലിസ്റ്റിലുള്ളവർക്ക് മുൻഗണന കൊടുക്കുകയും ചെയ്യുക.

5. മത്സ്യക്കൃഷി നടത്തുന്നവർക്ക് പ്രോത്സാഹനപദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

6. ശാസ്ത്രീയമായ മത്സ്യക്കൃഷി സമ്പ്രദായങ്ങൾ നടത്തുന്നതിന് വേണ്ട പരിശീലനങ്ങൾ നല്കേണ്ടതാണ്.

7. കുഴൽമന്ദം ചന്ത പഞ്ചായത്ത് ഏറ്റെടുത്ത് മത്സ്യവിപണന കേന്ദ്രമാക്കാവുന്നതാണ്.

വിദ്യാഭ്യാസം



"മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം"
-മഹാത്മാഗാന്ധി

വിദ്യാഭ്യാസം ഒരു സാമൂഹ്യപ്രക്രിയയാണ്. സമൂഹത്തിന്റെ സർവ്വതോന്മുഖമായ വളർച്ചലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പ്രതിബദ്ധരായ തലമുറയെ സൃഷ്ടിക്കയാണ് വിദ്യാഭ്യാസത്തിന്റെ എക്കാലത്തേയും പ്രധാന ലക്ഷ്യം. പാലക്കാട് ജില്ലയുടെ പടിഞ്ഞാറായി സ്ഥിതിചെയ്യുന്ന ഒരു കാർഷികഗ്രാമമാണ് കുഴൽമന്ദം ഗ്രാമപഞ്ചായത്ത്. സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് 1915 ലാണ് കുഴൽമന്ദം പഞ്ചായത്ത് അതിർത്തിയിൽ സ്ഥിതിചെയ്യുന്ന ഇന്നത്തെ കണ്ണനൂർ ജൂണിയർ ബേസിക് സ്കൂൾ സ്ഥാപിതമായത്. അവർണ്ണവർഗ്ഗത്തിന് സംസ്കൃതം അപ്രാപ്യമായിരുന്ന കാലത്ത് കണ്ണനൂർ കളത്തിൽ വീട്ടിൽ കേളൻ മാസ്റ്റർ 20 കുട്ടികളെ വിളിച്ചിരുത്തി ഒരു സംസ്കൃത പള്ളിക്കൂടം സ്ഥാപിച്ചു. തികച്ചും സേവനമനസ്സോടുകൂടി ആരുടേയും സഹായമില്ലാതെ സ്വന്തം ചെലവിൽ കെട്ടിടം ഉണ്ടാക്കി ആ പ്രദേശത്തെ ഗ്രാമീണരിൽ വിദ്യാഭ്യാസത്തോടുള്ള ഒരു അഭിവാഞ്ഛ വളരുവാനിടയായി. പിൽക്കാലത്ത് കേളൻ മാസ്റ്ററുടെ മകനായ ചാമു എന്ന അപ്പു മാസ്റ്റർ അന്നത്തെ മദിരാശി സർക്കാരിൽ നിന്ന് മേൽപ്പറഞ്ഞ നാമധേയത്തിലുള്ള സ്കൂളിന് അംഗീകാരം വാങ്ങി. നൂറിൽതാഴെ കുട്ടികളുമായി തുടങ്ങിയ പ്രസ്തുത വിദ്യാലയമാണ് കുഴൽമന്ദം ഗ്രാമത്തിലെ പ്രഥമവിദ്യാലയം. ഈ വിദ്യാലയത്തിലെ പ്രധാന അദ്ധ്യാപകനായ എം.ജി.വർക്കി മാസ്റ്റർക്ക് 1995 ലെ സംസ്ഥാന അദ്ധ്യാപക അവാർഡ് കിട്ടിയിട്ടുണ്ട്. 1954 കാലഘട്ടത്തിൽ കളപ്പെട്ടിയിൽ ബേസിക് ട്രെയിനിംഗ് സെന്റർ എന്ന പേരിൽ അദ്ധ്യാപക പരിശീലനം നടത്തുന്ന കേന്ദ്രം ഉണ്ടായിരുന്നതായി പറഞ്ഞുകേൾക്കുന്നുണ്ട്. 1924 ൽ മന്ദിരാട് മാധവന്റെ ഉടമസ്ഥതയിലുള്ള ഒരു വാടകക്കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച ഒരു വിദ്യാലയമാണ് ഗവൺമെന്റ് ബേസിക് അപ്പർ പ്രൈമറി സ്കൂൾ കുഴൽമന്ദം. ഈ വിദ്യാലയം ഇന്നും വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കേണ്ട ശോചനീയ സ്ഥിതിയിലാണുള്ളത്. ഏകദേശം 690 വിദ്യാർത്ഥികൾ രണ്ട് ഷിഫ്റ്റുകളിലായി അദ്ധ്യയനം നടത്തുന്നു. ഇതിൽ കൂടുതൽ വിദ്യാർത്ഥികളും താഴ്ന്ന വരുമാനക്കാരായ രക്ഷിതാക്കളുടെ കുടുംബങ്ങളിൽ നിന്നും വരുന്നവരാണ്. ഒരു പ്രധാന അദ്ധ്യാപകനും 19 സഹഅദ്ധ്യാപകരും പ്രവർത്തിക്കുന്നുണ്ട്. ഷിഫ്റ്റ് സമ്പ്രദായമായതിനാൽ വേണ്ടവിധത്തിൽ അദ്ധ്യയനം ലഭ്യമാക്കാൻ സാധിക്കുന്നില്ല.

പഞ്ചായത്തിൽ ഏക ഹൈസ്കൂളായ സി.എ.ഹൈസ്കൂൾ ഏതാണ്ട് 43 വർഷങ്ങൾക്കുമുമ്പ് (1953) പരേതനായ ശ്രീ.കെ.വി.ജോൺ എം.എൽ.എ. യുടെ അദ്ധ്യക്ഷതയിൽ സർവ്വശ്രീ.കെ.ടി. ഫിലിപ്പ്, ഇ.രാമനാഥമന്നാടിയാർ, കെ.എച്ച്.കൃഷ്ണയ്യർ (Retd. H.E.O) എളയാട്ട് അച്യുതമേനോൻ, കെ.പി.വേലുണ്ണി, എം.അബ്ദുള്ള സാഹിബ്, കെ.എസ്.രാമചന്ദ്രഅയ്യർ എന്നിവർ ചേർന്ന് ഈ നാടിന്റെ പിന്നോക്കാവസ്ഥയെപ്പറ്റിയും ഒരു ഹൈസ്കൂളിന്റെ അഭാവത്തെപ്പറ്റിയും ചർച്ച ചെയ്ത് ശ്രീ.കെ.വി.ജോൺ പ്രസിഡണ്ടായി ഒരു കമ്മിറ്റി രൂപീകരിച്ച് ഈ കമ്മിറ്റിയുടെ പ്രവർത്തനഫലമായി ഒരു ഹൈസ്കൂളിനാവശ്യമായ 10 ഏക്കർ സ്ഥലം ഗ്രാമദേവസ്വത്തിന്റെ പ്രസിഡണ്ട് കെ.എ.സുബ്രഹ്മണ്യ

അയ്യരുടേയും ഗ്രാമവാസികളുടേയും സഹകരണത്തോടുകൂടി ലക്ഷ്യമാക്കുകയും സ്ക്കൂൾ സ്ഥാപിക്കുന്നതിന് പ്രാപ്തിയുള്ള ഒരു വ്യക്തിയേയും 250 കുട്ടികളേയും കണ്ടെത്തുക എന്നുള്ള കമ്മിറ്റിയുടെ പ്രവർത്തനഫലമായി വിദ്യാഭ്യാസരംഗത്തെ ഭീഷ്മാചാര്യനായ ആയക്കാട് ശ്രീ.ശർമ്മയെ ഈ മഹത്സ്ഥാപനം ഏറ്റെടുത്തുനടത്തുവാൻ പ്രേരിപ്പിച്ചു. മദിരാശി വിദ്യാഭ്യാസഡയറക്ടറായിരുന്ന ശ്രീമതി ഒ.സി.ശ്രീനിവാസനിൽ നിന്ന് സ്ക്കൂൾ അനുവദിച്ചുകൊണ്ടുള്ള അനുമതി വാങ്ങുകയും ഉദാരമതികളായ ജനങ്ങളുടെയും നിർല്ലോഭമായ സഹായസഹകരണം മൂലവും കേവലം പതിനെട്ട് ദിവസം കൊണ്ട് ഇന്ന് കാണുന്ന ഒന്നാമത്തെ കെട്ടിടത്തിൽ 8-ാം സ്റ്റാൻഡേർഡ് ആരംഭിക്കുകയും തുടർന്ന് ഓരോ വർഷങ്ങളിലായി 9,10 എന്നീ ക്ലാസുകളിലേക്ക് ഉയർത്തിക്കൊണ്ട് വരുവാനും കഴിഞ്ഞു.

സ്ക്കൂളിലെ പ്രഥമ ഹെഡ്മാസ്റ്ററായ ശ്രീ.സി. രാമചന്ദ്രന്റെ അശ്രാന്ത പരിശ്രമഫലമായി ഈ വിദ്യാലയത്തിന്റെ എല്ലാവിധ പ്രവർത്തനങ്ങളും ദ്രുതഗതിയിലായിരുന്നു. പഠിപ്പിക്കുക, ശ്രദ്ധാപൂർവം പഠിക്കുക എന്ന അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ലക്ഷ്യത്തിന്റെ ഭാഗമായി അഭിഭാഷകരേയും, അദ്ധ്യാപകരേയും, ഡോക്ടർമാരേയും, എൻജിനീയറന്മാരേയും, ഫ്രഫസറന്മാരായും വളർത്തിയെടുക്കുവാനും കഴിഞ്ഞിട്ടുള്ള ഒരു സ്ഥാപനമാണ് കൂടാതെ ജൂനിയർ ബേസിക് സ്ക്കൂൾ, കുഴൽമന്ദം, ബാലകൃഷ്ണാമെമ്മോറിയൽ എയ്ഡഡ് ജൂനിയർ ബേസിക് സ്ക്കൂൾ-നൊച്ചുള്ളി, സർക്കാർ എൽ.പി.സ്ക്കൂൾ, പെരുങ്കുന്നം, സർക്കാർ വെൽഫെയർ സ്ക്കൂൾ കളപ്പെട്ടി, ക്രിസ്തുദാസാശ്രമം യു.പി.സ്ക്കൂൾ, ഒലിവ് മൗണ്ട് എന്നിവയുൾപ്പെടെ മൂന്ന് സർക്കാർ വിദ്യാലയങ്ങളും അഞ്ച് സഹകാര്യവിദ്യാലയങ്ങളുമാണ് ഈ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്നത്.

എട്ട് വിദ്യാലയങ്ങളിലായി 4698 വിദ്യാർത്ഥികളാണ് പഠിക്കുന്നത്. 2369 ആൺകുട്ടികളും 2338 പെൺകുട്ടികളും അതിൽ 1099 പട്ടികജാതിയിൽപ്പെട്ടവരും 375 തോറ്റുപഠിക്കുന്ന വിദ്യാർത്ഥികളും പഠിക്കുന്നുണ്ടെങ്കിലും പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾ 10-ാം തരം പാസ്സാകുന്നത് വളരെ വിരളമായിട്ടാണ് കാണാൻ കഴിയുന്നത്.

പട്ടിക-1

എസ്.എസ്.എൽ.സി വിജയശതമാനം

വർഷം	ആകെ കുട്ടികൾ	വിജയം	വിജയശതമാനം
1990	357	89	25%
1991	363	87	24%
1992	385	70	18%
1993	329	71	22%
1994	333	59	18%
199.	397	70	18%
1996	369	41	18%

മേൽ സൂചിപ്പിച്ച കണക്കുകൾ പരിശോധിക്കുമ്പോൾ വിദ്യാർത്ഥികളുടെ പഠനനിലവാരം താഴെക്കാണ്. എന്ന് കാണാവുന്നതാണ്. കൂടാതെ മൂന്ന് അംഗീകാരമില്ലാത്ത സ്ക്കൂളുകളിലായി 500 ഓളം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ഇതിനുപുറമെ പാലക്കാട്, ആലത്തൂർ, പല്ലാവൂർ മുതലായ ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ പോകുന്നവരുടെയും എണ്ണം 500 ന് മേൽ വരും.

പഞ്ചായത്തിലെ 6 വിദ്യാലയങ്ങളിൽ ഭൗതികസാഹചര്യങ്ങൾ വളരെ ശോചനീയമാണ്. കുടിവെള്ളം, വൈദ്യുതി, കക്കൂസ്, ഫർണിച്ചർ എന്നിവയുടെ കുറവ് വളരെ പ്രയാസം നേരിടുന്നു. തൊഴിലധിഷ്ഠിത വിദ്യാഭ്യാസകേന്ദ്രം കുഴൽമന്ദത്ത് വേണം എന്ന ഇവിടത്തെ ജനങ്ങളുടെ ആഗ്രഹമനുസരിച്ച് 1990 ൽ കുഴൽമന്ദം എം.എൽ.എ. ആയിരുന്ന ശ്രീ.ടി.കെ. ആറുമുഖന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിയതിന്റെ ഫലമായി പാലക്കാട് ജില്ലയിലെ 47 പഞ്ചായത്തുകളിൽ നിന്നും, സഹകാര്യവ്യക്തികളിൽ നിന്നും സംഭാവന ശേഖരിച്ച് ഐ.ടി.ഐ. യ്ക്ക് ആവശ്യമായ താൽക്കാലിക ഷെഡ് പണിയുന്നതിനും നിർദ്ദിഷ്ട സ്ഥലം ഏറ്റെടുക്കുന്നതിനുമുള്ള പ്രവർത്തനം നടത്തിയതിന്റെ ഫലമായി ഇന്ന് ഇലക്ട്രിക്കൽ, ഇലക്ട്രോണിക് മെക്കാനിക്ക് എന്നീ രണ്ടു ട്രേഡുകളിലായി 32 വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തുന്നു. പ്രിൻസിപ്പാൾ, രണ്ട് അദ്ധ്യാപകർ, ഒരു ക്ലാർക്ക്, പ്യൂൺ, വാച്ച്മേൻ, സ്വീപ്പർ എന്നീ ഉദ്യോഗസ്ഥരും നിലവിലുണ്ടെങ്കിലും ഇന്ന് നിലവിലുള്ള കെട്ടിടത്തിൽ പഞ്ചായത്ത് താല്കാലികമായി കൊടുത്തത്) ഫിറ്റർ ട്രേഡ് കൂടി നടത്താൻ കഴിയുമെങ്കിലും നടത്തുന്നില്ല.

എന്നാൽ 11.8.95 ന് ആരംഭിക്കുമ്പോൾ 32 കുട്ടികൾ മാത്രമാണ് പഠനം നടത്തുന്നത് എന്നാൽ നോട്ടിഫിക്കേഷൻ നടത്തി അനേകം അപേക്ഷകൾ സ്വീകരിച്ചിട്ടും, രണ്ടാം ബാച്ച് ഇനിയും ആരംഭിച്ചിട്ടില്ല. ഐ.ടി.ഐ. ക്കുവേണ്ടി ഏറ്റെടുത്ത സ്ഥലത്ത് അടിയന്തിരമായി ബിൽഡിംഗ് വെക്കുകയും 600 ൽ കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതരത്തിലും 20-ലേറെ ട്രേഡുകൾ ഉള്ളതുമായ ഒന്നാം ഗ്രേഡിലുള്ള സ്ഥാപനമായി ഉയർത്തി ഈ പ്രദേശത്തെ പിന്നോക്കാവസ്ഥ മാറ്റുന്നതിനും പുരോഗതിക്കും വേണ്ടിയും അടിയന്തിരമായി ഫിറ്റർ ട്രേഡ് തുടങ്ങുന്നതിനും സ്വീകരിച്ച അപേക്ഷയിൻമേൽ പ്രവേശനം നടത്തുകയും വേണം.

കുഴൽമന്ദം സി.എ.ഹൈസ്ക്കൂൾ, കണ്ണനൂർ ബേസിക് സ്ക്കൂൾ എന്നിവ എല്ലാവിധ ഭൗതിക സൗകര്യങ്ങൾ ഉള്ള പഞ്ചായത്തിലെ രണ്ട് വിദ്യാലയങ്ങളാണ്.

സംസ്ഥാന തലത്തിലും ദേശീയതലത്തിലും

പങ്കെടുത്തിട്ടുണ്ട്. ജില്ലാതലത്തിൽ ഹൈസ്ക്കൂളിൽ നിന്ന് കബടി, മിമിക്രി, ബാറ്റ് മിന്റൺ മുതലായ മത്സരങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. സ്ക്കൂൾ സർവേയിൽ 1944 വിദ്യാർത്ഥികളിൽ പട്ടികജാതിയിൽപ്പെട്ടവരും മറ്റർഹസമുദായക്കാരും ലംപ്സംഗ്രാന്റ് വാങ്ങുന്നവരാണെന്ന് കാണുന്നു. ജി.ബി.എസ്, കണ്ണനൂരിൽനിന്ന് മന്നും സി.ഡി.യു.പി.ലെിമൗണ്ട് സ്ക്കൂളിൽനിന്ന് 16 ഉം മെറിറ്റ് സ്ക്കോളർഷിപ്പുകൾ കരസ്ഥമാക്കിയിട്ടുണ്ട്. മറ്റുസാമ്പത്തികാനുകൂല്യങ്ങൾ ലഭ്യമായതായി സർവേയിൽ കാണുന്നില്ല.

മിക്ക സ്ക്കൂളുകളിലും അദ്ധ്യാപകരക്ഷാകർതൃസമിതി സജീവമല്ല. പേരിന് എല്ലാ സ്ക്കൂളിലും, അദ്ധ്യാപകരക്ഷാകർതൃ സമിതി, മാതൃസംഗമം എന്നിവ നിലനിൽക്കുന്നുണ്ട്. എന്നാൽ ജനപങ്കാളിത്തം കുറവാണ്. ഇംഗ്ലീഷിലുള്ള അമിതമായ ഭ്രമം മൂലം സമ്പന്നരായവരുടെ കുട്ടികൾ അധികവും പുറമെയുള്ള സ്വകാര്യ ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളെ ആശ്രയിക്കുന്നു. കർഷകത്തൊഴിലാളികളുടെയും, പട്ടികജാതിവിഭാഗത്തിൽ പെടുന്നവരുടേയും കുട്ടികളുടെ രക്ഷാകർതൃസമിതിയിൽ പങ്കാളിത്തം കുറയാൻ കാരണമാകുന്നുണ്ട് എന്നാണ് കാണുന്നത്.

വിദ്യാലയസർവ്വേയിലെ വിവരങ്ങളനുസരിച്ച് 160 അദ്ധ്യാപകരാണുള്ളത്. ഇതിൽ 75 ശതമാനം അദ്ധ്യാപിക മാരാണ്.

പട്ടിക - 3

വിദ്യാലയ സൗകര്യങ്ങൾ

നമ്പർ	വിദ്യാലയങ്ങളുടെ പേര്	വിസ്തീർണ്ണം	ഓഫീസ്	സ്റ്റാഫ്	ലാബറട്ടറി	ലൈബ്രറി	കുടിവെള്ളം	ടോയ്ലറ്റ്	പാചകപുര	വൈദ്യുതി	കളിസ്ഥലം	ഫർണീച്ചർ
1.	ജൂനിയർ ബേസിക് സ്ക്കൂൾ, കണ്ണനൂർ എൽ.പി	1.5 ഏക്കർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
2.	യൂണിയൻ ജൂനിയർ ബേസിക് സ്ക്കൂൾ, കുഴൽമന്ദം. എൽ.പി	60 സെന്റ്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
3.	ബാലകൃഷ്ണാ മെമ്മോറിയൽ എയിഡഡ് ജൂനിയർ ബേസിക് സ്ക്കൂൾ, നൊച്ചുള്ളി. എൽ.പി	1.5 ഏക്കർ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്
4.	ഗവ: ബേസിക് ലോവർ പ്രൈമറി സ്ക്കൂൾ, പെരുങ്കുന്നം എൽ.പി	2.5 ഏക്കർ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല
5.	ഗവ: വെൽഫയർ എൽ.പി. സ്ക്കൂൾ, കളപ്പെട്ടി. എൽ.പി	49 സെന്റ്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല
6.	ഗവ: ബേസിക് അപ്പർ പ്രൈമറി സ്ക്കൂൾ, കുഴൽമന്ദം. യു.പി.	വാടക കെട്ടിടം	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	പൈപ്പ് ഉണ്ട്
7.	കൃസ്തുദാസാശ്രമം യു.പി. സ്ക്കൂൾ, ഒലിവുമൗണ്ട്	1.7 ഏക്കർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
8.	സി.എ. ഹൈസ്ക്കൂൾ, കുഴൽമന്ദം	3.09 ഏക്കർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്

ചാർട്ട് - 8

വിദ്യാലയ വിവരങ്ങൾ

സ്കൂളിന്റെ പേര്	സ്കൂളിന്റെ സ്വഭാവം	കുട്ടികളുടെ എണ്ണം	അദ്ധ്യാപകരുടെ എണ്ണം
വി.ജെ.ബി. സ്കൂൾ, കുഴൽമന്ദം	എയ്ഡഡ്	269	9
ബി.എം.എ. ജെ. സ്കൂൾ, നൊച്ചുള്ളി	"	342	11
ജി.ബി.എൽ.പി. സ്കൂൾ, പെരിങ്കുന്നം	സർക്കാർ	222	8
ജി.ഡബ്ലിയു. എൽ.പി. സ്കൂൾ, കളപ്പെട്ടി	"	121	4
ജെ.ബി. സ്കൂൾ, കണ്ണനൂർ	എയിഡഡ്	401	11
ജി.ബിയു.പി. സ്കൂൾ, കുളവൻമുക്ക്	(സർക്കാർ) വാടകക്കെട്ടിടം	696	21
സി.ഡി.യു.പി. സ്കൂൾ, ലിറ്റിൽഫ്ലവർ	എയിഡഡ്	576	21
സി.എ. ഹൈസ്കൂൾ, കുഴൽമന്ദം	എയിഡഡ്	2071	75
ഐ.ടി.ഐ	സർക്കാർ	32	3

[illegible] ഒന്ന് മുതൽ പത്താം ക്ലാസ് വരെ [illegible] വിഭാഗത്തിലുള്ള കുട്ടികൾ

ക്ലാസ്	മൊത്തം കുട്ടികൾ	SC/ST	ശതമാനം
1	403	103	26%
2	519	126	24%
3	456	117	26%
4	469	131	28%
5	517	128	25%
6	442	106	24%
7	473	95	20%
8	557	136	24%
9	492	101	20%
10	370	56	15%
ആകെ	4698	1099	23.4%

പഠനിലവാരത്തെക്കുറിച്ച് സമഗ്രമായ പഠനം നടത്തിയില്ലെങ്കിലും 1996-ലെ കാൽക്കൊല്ല പരീക്ഷയിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ ആകെയുള്ള 4698 വിദ്യാർത്ഥികളിൽ 1800 വിദ്യാർത്ഥികളും (38%) മിനിമം മാർക്കിലും താഴെയാണെന്ന് കാണാം. 60% -ത്തിന് മേൽ മാർക്കുള്ളവർ 281 പേർ (6%) മാത്രമാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

96-97 -ലെ കാൽക്കൊല്ല പരീക്ഷാ പഠനനിലവാര പട്ടിക

ക്ലാസ്	30% താഴെ	30-40	40-50	50-60	60ന് മുകളിൽ
3	145	53	98	71	62
4	50	85	87	79	70
5	138	48	49	34	36
6	175	42	42	30	42
7	178	34	33	16	31
8	472	46	25	7	7
9	370	46	27	18	22
10	272	52	26	6	11

പഠനം നിർത്തിപ്പോയവരുടെ പട്ടിക

ക്ലാസ്	1	2	3	4	5	6	7	8	9	10
എണ്ണം	7	8	5	1	3	5	10	26	33	5

പാഠ്യാനുബന്ധപ്രവർത്തനങ്ങൾ എല്ലാ സ്ക്കൂളുകളിലും തരക്കേടില്ലാതെ നടക്കുമ്പോൾ പാഠ്യേതര പ്രവർത്തനങ്ങൾ ഇല്ലെന്നു തന്നെയാണ് അനുഭവം.

അനൗപചാരിക വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് പുറമെ ഒരു ട്യൂട്ടോറിയൽ കോളേജും 3 ടൈപ്പ്റൈറ്റിംഗ് സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. സാങ്കേതികവിദ്യാഭ്യാസത്തിനായി ഒരു ഐ.ടി.ഐ. പ്രവർത്തിക്കുന്നുണ്ട് എങ്കിലും ഉന്നതവിദ്യാഭ്യാസത്തിന് ഈ പഞ്ചായത്തിൽ മറ്റു യാതൊരു സൗകര്യവും ഇല്ലാത്തതിനാൽ മറ്റു സ്ഥാപനങ്ങളെ ആശ്രയിക്കുന്നു. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ 14 അംഗനവാടികൾ പതിനൊന്ന് വാർഡുകളിലായി ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. മോശമായ ഭൗതിക സാഹചര്യങ്ങൾ, കളിപ്പാട്ടങ്ങളുടെ അപര്യാപ്തത എന്നിവ ഇതിന്റെ നിലവാരത്തെ താഴേക്ക് കൊണ്ടുവരുന്നു.
കെട്ടിടങ്ങളും പ്രാഥമികസൗകര്യങ്ങളും ഇല്ലാത്ത അംഗനവാടികളും ഉണ്ട്.

അനൗപചാരിക വിദ്യാഭ്യാസം

കുഴൽമന്ദത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ മഹാത്മാഗാന്ധിയും, വിനോബോഭാവെയുമെല്ലാം സന്ദർശിച്ച ഈ പഞ്ചായത്തിൽ അവരുടെ പ്രഭാഷണങ്ങളിൽ നിന്നും ഉത്തേജനം ഉൾക്കൊണ്ട ജനത വയോജനവിദ്യാഭ്യാസം അഭ്യസിച്ചിട്ടുണ്ട്. സ്വാതന്ത്ര്യാനന്തരം പല സംഘടനകളും വയോജനവിദ്യാഭ്യാസം ആരംഭിക്കുകയും പിന്നീടത് നിർത്തുകയും ചെയ്തു. എന്നാൽ അതിൽനിന്നും താഴെക്കിടയിലുള്ള ജനങ്ങൾക്ക് കുറെയൊക്കെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിച്ചേരാൻ കഴിഞ്ഞിട്ടുണ്ട്. എഴുതാനും വായിക്കാനും ഈ വിധത്തിൽ പഠിച്ചവർ ഇന്നും ജീവിച്ചിരിക്കുന്നു. സന്നദ്ധസംഘടയിലെ കുാൻഫെഡ്, ഈ രംഗത്ത് പ്രവർത്തിക്കുന്നു.

പിന്നീട് സർക്കാർ ഏറ്റെടുത്ത് സാക്ഷരതാപ്രവർത്തനം ജനപങ്കാളിത്തത്തോടെ നടത്തിയെങ്കിലും എല്ലാവിഭാഗത്തിൽപ്പെട്ടവരും ഇന്നും അക്ഷരജ്ഞാനമില്ലാത്തവർ ഉണ്ട് എന്ന ദുഃഖസത്യമാണ്. കാണാൻ കഴിയുന്നത്. തുടർവിദ്യാഭ്യാസത്തിനായി ആരംഭിച്ച രണ്ട് ജനവിദ്യാകേന്ദ്രങ്ങൾ ഉണ്ടെങ്കിലും പ്രവർത്തനക്ഷമതയില്ല.

വിദ്യാലയങ്ങളിലെ നിലവാരതകർച്ചയും, അക്ഷരജ്ഞാനവുമില്ലായ്മയും പരിഗണിച്ച് ഈ പ്രശ്നങ്ങൾ പരിഗണിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

പ്രശ്നങ്ങൾ

1. എസ്.എസ്.എൽ.സി. വിജയശതമാനം കുറഞ്ഞുകൊണ്ടിരിക്കുന്നു.
2. പല സ്ക്കൂളുകളുടെയും ഭൗതികസാഹചര്യങ്ങൾ തൃപ്തികരമല്ല.
3. വിദ്യാർത്ഥികളിൽ നിരക്ഷരത വർദ്ധിക്കുന്നു.
5. ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിലേക്ക് പോകുന്ന കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നു.
6. പ്രാഥമിക വിദ്യാഭ്യാസത്തിന് 5 കിലോമീറ്റർ യാത്ര ചെയ്യുക എന്ന പ്രയാസം അനുഭവിക്കുന്നു.
7. അനൗപചാരികവിദ്യാഭ്യാസത്തിന് പഞ്ചായത്തിൽ യാതൊരു പരിപാടിയും ഇല്ല.
8. അംഗനവാടികളിൽ കളിക്കോപ്പുകൾ ഇല്ല, കെട്ടിടങ്ങളില്ല, കുടിവെള്ളമില്ല, ചുറ്റുമതിലുകളില്ല.
9. സ്ക്കൂളുകളിൽ പാഠ്യേതരവിഷയങ്ങളിൽ യാതൊന്നും നടക്കുന്നില്ല.
10. കലകളെ പ്രോൽസാഹിപ്പിക്കുവാൻ പറ്റുന്ന സ്ഥാപനങ്ങൾ ഒന്നും ഇല്ല.
11. അംഗീകാരമില്ലാത്ത ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ പൊതുവിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് ഭീഷണിയാണ്.
12. മാതൃസംഗമം, പി.ടി.എ. എന്നിവ സജീവമല്ല. ക്ലാസ്സ് പി.ടി.എ. ഇല്ല.
13. സെഷണൽ സമ്പ്രദായം ഹൈസ്ക്കൂൾ പഠനനിലവാരം താഴാൻ കാരണമാകുന്നു.
14. സർക്കാർ വിദ്യാലയങ്ങളിൽ സമയത്തിന് അദ്ധ്യാപക നിയമനം ഇല്ല.
15. പഠനോപകരണങ്ങൾ, ലാബറട്ടറി മുതലായ സൗകര്യങ്ങൾ കുറവ്, ഉള്ളവ ഉപയോഗിക്കുന്നില്ല.
16. സിലബസ് മാറുന്നതിനനുസരിച്ച് അദ്ധ്യാപകർക്ക് ഇൻസർവ്വീസ് കോഴ്സ് നല്കുന്നില്ല.
17. വിദ്യാഭ്യാസ മേലധികാരികൾ സ്ക്കൂൾ പരിശോധന നടത്തുന്നത് തൃപ്തികരമല്ല.
18. കുട്ടികളുടെ മാനസികവും, ഭൗതികവുമായ പ്രശ്നങ്ങൾ പഠിച്ച് വേണ്ട നിർദ്ദേശങ്ങൾ അദ്ധ്യാപകരും, രക്ഷിതാക്കളും നൽകുന്നില്ല.
19. പരീക്ഷാസമ്പ്രദായത്തിലെ അപാകതകൾ.
20. സ്കൂൾവാർഷികങ്ങൾ കൃത്യമായി നടത്താറില്ല.
21. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിലും, മറ്റുദൃഷ്യങ്ങൾ തടയുന്നതിലും, സ്ഥാപനങ്ങളുടെ പരിസരത്തുള്ളവർ പോലും താല്പര്യം കാണിക്കുന്നില്ല.

നിർദ്ദേശങ്ങൾ

1. പഠനനിലവാരം മെച്ചപ്പെടുത്തുവാൻ അദ്ധ്യയന വർഷത്തിൽ 3 ഗ്രാവശ്യം എ.ഇ.ഒ., ഡി.ഇ.ഒ., അക്കാദമി സമിതി, സ്ക്കൂൾ പരിശോധന കർശനമാക്കണം.

2. പഞ്ചായത്ത് തലത്തിൽ സ്കൂൾ കോംപ്ലക്സ് കാര്യക്ഷമമാക്കണം.

3. വിദ്യാഭ്യാസതല്പരരെ ഉൾപ്പെടുത്തി പഞ്ചായത്ത്, സ്കൂൾ തലത്തിൽ സമിതി രൂപീകരിക്കുക. (വിദ്യാഭ്യാസസമിതി).

4. പഞ്ചായത്ത് അക്കാദമിക് സമിതി രൂപീകരിക്കുക.

5. നല്ല നിലവാരം പുലർത്തുന്ന സ്കൂളുകൾക്കും, പ്രധാനദ്ധ്യാപകർക്കും, അദ്ധ്യാപകർക്കും പഞ്ചായത്തിലും, ജില്ലാ, സംസ്ഥാനതലത്തിലും, അവാർഡുകൾ ഏർപ്പെടുത്തുക.

6. പഞ്ചായത്ത് തലത്തിൽ അദ്ധ്യാപകർക്ക് ഇൻസർവ്വീസ് കോഴ്സ് നടത്തുക.

7. പഠനോപകരണങ്ങൾ, വാങ്ങുന്നതിനും നിർമ്മിക്കുന്നതിനും ധനസഹായം നല്കുക.

8. കലാകായിക പ്രവർത്തനങ്ങൾ, സ്കൂൾ വാർഷികം, സാഹിത്യസമാജം എന്നിവ കാര്യക്ഷമമായി പ്രവർത്തിക്കണം.

9. പി.ടി.എ., മാതൃസംഗമം, ക്ലാസ് പി.ടി.എ. എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

10. എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നല്കി വിജയശതമാനം ഉയർത്തുന്നതിന് അക്കാദമിക് സമിതി കാര്യക്ഷമമായി പ്രവർത്തിക്കുക.

11. എസ്.എസ്.എൽ.സി.വിദ്യാർത്ഥിക്ക് അവാർഡ് ഏർപ്പെടുത്തുക.

12. എല്ലാ സ്കൂളിനോടുചേർന്ന് പ്രീ-പ്രൈമറി സ്ഥാപിക്കണം. നഴ്സറി സ്കൂൾ സ്ഥാപിക്കണം.

13. വിദ്യാർത്ഥികൾക്ക് സ്ഥാപനങ്ങളിൽ നിന്നും വൈദ്യ പരിശോധന നിർബന്ധമാക്കണം.

14. എല്ലാ സ്കൂളുകളിലും യൂണിഫോം നിർബന്ധമാക്കണം.

15. ഹൈസ്കൂളിലെ സെഷണൽ സമ്പ്രദായം പൂർണ്ണമായി നിർത്തലാക്കുവാൻ പദ്ധതി നടപ്പിലാക്കണം.

16. സ്കൂളുകളിലെ പ്രാഥമിക സൗകര്യം ഉറപ്പു വരുത്തണം.

17. സ്കൂൾ ലൈബ്രറി നിർബന്ധം ഉണ്ടാക്കണം.

18. തൊഴിലധിഷ്ഠിതകോഴ്സുകൾ നടപ്പിലാക്കണം.

19. ഹൈസ്കൂളിനോടനുബന്ധിച്ച് വൊക്കേഷൻ ഹയർസെക്കണ്ടറി സ്കൂളും പ്ലസ് ടുവും, ആരംഭിക്കുക.

20. സയൻസ്, ക്ലബ് നടപ്പിലാക്കണം.

21. കുഴൽമന്ദം ഐ.ടി.ഐ.യിൽ രണ്ടാം ബാച്ചിന് അടിയന്തിരമായി അഡ്മിഷൻ നടത്തണം.

22. എല്ലാവിധ സൈകര്യമുണ്ടായിട്ടും ഫിറ്റർ കോഴ്സ് ആരംഭിക്കാത്തത് ഉടൻ ആരംഭിക്കണം.

23. 20 ലേറെ കോഴ്സുകളിലായി 600 ലേറെ വിദ്യാർത്ഥികൾക്ക് പഠിക്കുവാൻ കഴിയുന്ന ഒന്നാം ഗ്രേഡ് ഐ.ടി.ഐ. ആക്കി ഉയർത്തുക.

24. ഐ.ടി.എ-ക്ക് നിർദ്ദിഷ്ടസ്ഥലത്ത് ഉടൻ കെട്ടിടം നിർമ്മിക്കുക.

25. പെരുങ്കുന്നം എൽ.പി.സ്കൂൾ, നൊച്ചുള്ളി ബാലകൃഷ്ണ മെമ്മോറിയൽ സ്കൂൾ യു.പി. സ്കൂളായി ഉയർത്തണം.

26. കുളവൻമുക്ക് യു.പി.സ്കൂൾ ഹൈസ്കൂളായി ഉയർത്തണം.

27. 10,11 വാർഡുകൾക്കായി 3½ കിലോമീറ്റർ ദൂരം കണക്കാക്കി പഞ്ഞിറോഡ് ഭാഗത്ത് എൽ.പി.സ്കൂൾ സ്ഥാപിക്കണം.

28. കുഴൽമന്ദം കേന്ദ്രമാക്കി ഒരു ആർട്ട്സ് കോളേജ് സ്ഥാപിക്കണം.

അനൗപചാരിക വിദ്യാഭ്യാസത്തിന്

1. സ്കൂളുകളിൽ നിന്ന് കൊഴിഞ്ഞുപോകുന്നവർക്ക് ഈവനിംഗ് സ്കൂൾ പഞ്ചായത്തടിസ്ഥാനത്തിൽ സ്ഥാപിക്കണം.

2. ജനവിദ്യാകേന്ദ്രങ്ങൾ കാര്യക്ഷമമാക്കുക.

3. തുടർവിദ്യാഭ്യാസപരിപാടിക്ക് പ്ലാൻ തയ്യാറാക്കി ഒരു സ്ഥിരം പരിപാടിയായി നടപ്പിലാക്കുക.

സാധ്യതകൾ

1. ജനപ്രതിനിധികൾ, അദ്ധ്യാപകൾ, രക്ഷിതാക്കൾ, വിദ്യാഭ്യാസവിചക്ഷണർ, വിദ്യാഭ്യാസപ്രവർത്തകർ എല്ലാവരും ചേർന്ന് വിദ്യാഭ്യാസവികസനസമിതി രൂപീകരിക്കുകയും പി.ടി.എ, മാതൃസംഗമം എന്നിവ കാര്യക്ഷമമാക്കുവാൻ കഴിയും.

2. പഞ്ഞിറോഡ് ഭാഗത്ത് എൽ.പി.സ്കൂൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം സൗജന്യമായി ലഭിക്കുന്നതാണ്, 120 കുട്ടികളേയും ചേർക്കാൻ കഴിയുന്നതാണ്.

3. അംഗനവാടികളെ ശക്തമാക്കിയാൽ പ്രാഥമിക വിദ്യാഭ്യാസമേഖലയിലേക്ക് കുട്ടികളെ ആകർഷിക്കാൻ കഴിയും.

4. റിട്ടയർ ചെയ്ത അദ്ധ്യാപകരും, തൊഴിലില്ലാത്ത അഭ്യസ്ഥവിദ്യരെയും ഉപയോഗപ്പെടുത്തി അനൗപചാരിക വിദ്യാഭ്യാസം നടത്താവുന്നതാണ്.

5. ഹൈസ്കൂൾ തലത്തിൽ SC/ST വിദ്യാർത്ഥികൾക്ക് സ്പെഷൽ കോച്ചിംഗ് ക്ലാസ്സ് നടത്തുന്നത് മറ്റു വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളെ ഉൾപ്പെടുത്തി നടപ്പിലാക്കിയാൽ എസ്.എസ്.എൽ.സി. വിജയശതമാനം വർദ്ധിക്കും.

6. കുളവൻമുക്ക് യു.പി.സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തുന്നതിനാവശ്യമായ സ്ഥലത്തേക്ക് പഞ്ചായത്തിലെ പൊതുജനങ്ങളിൽ നിന്നും സംഭാവനയായി പണം സമാഹരിച്ച് ഏറ്റെടുക്കാവുന്നതാണ്. കെട്ടിടം നിർമ്മിക്കുന്നതിന് എം.പി.ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തി കെട്ടിടം നിർമ്മിക്കാവുന്നതാണ്.

7. നിലവിലുള്ള സി.എ. ഹൈസ്കൂളിൽ വൊക്കേഷണൽ ഹയർസെക്കണ്ടറിയും പ്ലസ്ടുവും ആരംഭിക്കുന്നതിന് നിലവിലുള്ള സ്കൂളിൽനിന്നും യു.പി.വിഭാഗത്തെ കുളവൻമുക്ക് യു.പി.സ്കൂളിലേക്കും ബാലകൃഷ്ണമെമ്മോറിയൽ സ്കൂൾ നൊച്ചുള്ളി എൽ.പി.സ്കൂളും പെരുങ്കുന്നം എൽ.പി സ്കൂളും യു.പി സ്കൂൾ ആക്കുകയും ചെയ്താൽ ആവർത്തന ചെലവില്ലാതെ പുതിയകോഴ്സിന് സൗകര്യമുണ്ടാക്കാം.

8. വിദ്യാഭ്യാസപ്രവർത്തനങ്ങളെ മെച്ചപ്പെടുത്തുന്നതിന് വിദ്യാഭ്യാസസംഘടകളുടെ ആത്മാർത്ഥമായ സഹായസഹകരണം ഉപയോഗപ്പെടുത്തണം.



കുടിവെള്ളം, പൊതുജനാരോഗ്യം, പരിസരശുചിത്വം

ആരോഗ്യം

ലോകാരോഗ്യസംഘടയുടെ നിർവ്വചനമനുസരിച്ച് ആരോഗ്യമെന്നത് രോഗമില്ലാത്ത ഒരു അവസ്ഥ മാത്രമല്ല. മറിച്ച് ശാരീരികവും മാനസികവും, സാമൂഹ്യവുമായ ഒരു സുസ്ഥിതിയാണ് ആരോഗ്യം.

രണ്ടായിരമാണ്ടോടെ എവർക്കും ആരോഗ്യം എന്ന ലക്ഷ്യം നേടിയെടുക്കാനായി പ്രവർത്തിക്കുന്ന കേരളം ലക്ഷ്യം നേടിക്കഴിഞ്ഞു. ഓരോവ്യക്തിക്കും സാമൂഹ്യവും സാമ്പത്തികവുമായി ഉൽപാദനക്ഷമമായ ഒരു ജീവിത നിലവാരം കൈവരിക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

നല്ല ആരോഗ്യം കൈവരിക്കാനുള്ള കഴിവിന്റെയോ ആരോഗ്യസംവിധാനത്തിൽ നേടിയിട്ടുള്ള ഉയർച്ചയുടെയോ അർത്ഥം രോഗങ്ങൾ ചികിത്സിച്ച് ഭേദമാക്കുക എന്നി മാത്രമല്ല രോഗനിവാരണമാർഗം കൂടി കണ്ടെത്തുക എന്നാണ്. ആശുപത്രികളിലെ ചികിത്സാസൗകര്യങ്ങളിലും സുപ്രധാനമായിട്ടുള്ളത് പൊതുജനാരോഗ്യപരിപാടിയും ബോധവൽക്കരണവുമാണ്.

ആദ്യമായി കുഴൽമന്ദം പഞ്ചായത്ത് പ്രദേശത്തെ ആരോഗ്യസ്ഥിതിയെക്കുറിച്ച് ഒരു അവലോകനം നടത്താം. ആരോഗ്യനിലവാരത്തിന്റെ പ്രധാന സൂചികകളായ പൊതുമരണനിരക്ക്, ശിശുമരണനിരക്ക്, മാതൃമരണനിരക്ക്, ജനനിരക്ക് തുടങ്ങിയവ താഴെ കാണുംപ്രകാരം കണക്കാക്കപ്പെട്ടിരിക്കുന്നു. പഞ്ചായത്തിലെ ആകെ ജനസംഖ്യ 1991 സെൻസസ് പ്രകാരം 25292 ആണ്.

പൊതുമരണനിരക്ക് 1995-96	6.72
ശിശുമരണനിരക്ക് 1995-96	0.05
മാതൃമരണനിരക്ക് 1995-96	ഇല്ല
ജനനനിരക്ക്	7.64

കുഴൽമന്ദം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ആരോഗ്യസേവനരംഗത്ത് അലോപ്പതി, ഹോമിയോപ്പതി, ആയുർവേദം, പ്രകൃതിചികിത്സ എന്നീ രീതികൾ നിലവിലുണ്ട്. മന്ത്രവാദംപോലുള്ള അന്ധവിശ്വാസങ്ങളും നിലനിൽക്കുന്നു. അത്യാധുനികചികിത്സാരീതികൾ നിലനിൽക്കുന്ന ഈ കാലഘട്ടത്തിൽ കുഴൽമന്ദത്തെ ജനങ്ങളും ഏക അവലംബം ഒരു സാമൂഹ്യ ആരോഗ്യകേന്ദ്രം മാത്രമാണ്.

അലോപ്പതി വിഭാഗങ്ങൾ ഒരു സ്വകാര്യചികിത്സാ സ്ഥാപനവും, ഒരു ഹോമിയോ ക്ലിനിക്കും പ്രവർത്തിക്കുന്നുണ്ട്. സർക്കാർ തലത്തിൽ ആയുർവേദം, ഹോമിയോ ചികിത്സാ സ്ഥാപനങ്ങൾ, കുഴൽമന്ദത്ത് സ്ഥാപിക്കപ്പെട്ടിട്ടില്ല. കുഴൽമന്ദം ചന്തപ്പുരയിൽ മൂന്ന് സ്വകാര്യായുർവേദ വൈദ്യശാലകൾ പ്രവർത്തിക്കുന്നുണ്ട്. കുളവൻമൊക്കിൽ ഒരു സ്വകാര്യ ആര്യവൈദ്യശാലയും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത് പ്രദേശത്ത് സാമൂഹ്യ ആരോഗ്യകേന്ദ്രത്തിന്റെ കീഴിൽ മൂന്ന് കുടുംബക്ഷേമ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

പതിനൊന്ന് വാർഡുകളുള്ള കുഴൽമന്ദം പഞ്ചായത്തിൽ ചുരുങ്ങിയത് അഞ്ച് കുടുംബക്ഷേമകേന്ദ്രമെങ്കിലും ആവശ്യമാണ്

ആരോഗ്യസ്ഥാപനങ്ങളുടേയും, സേവനസൗകര്യങ്ങളുടേയും അഭാവം പൊതുജനങ്ങളുടെ ആരോഗ്യസ്ഥിതിയെ കാര്യമായി ബാധിക്കുന്നുണ്ട്.

ആരോഗ്യസ്ഥാപനങ്ങൾ

10.4.1952 ലാണ് പ്രാഥമിക ആരോഗ്യകേന്ദ്രം കുഴൽമന്ദത്ത് സ്ഥാപിക്കപ്പെട്ടത്. ഡോക്ടർ നായകം ആണ് ആദ്യമായി സ്ഥാപനത്തിൽ പ്രവർത്തിച്ചത്. 1995 ൽ പ്രസ്തുത സ്ഥാപനം സാമൂഹ്യാരോഗ്യകേന്ദ്രമായി ഉയർത്തുകയുണ്ടായി. മാതൃശിശുസംരക്ഷണം (കുടുംബക്ഷേമപ്രവർത്തനങ്ങൾ ഉൾപ്പെടെ) പകർച്ച വ്യാധി നിയന്ത്രണം, കണ്ണുപരിശോധന, കുഷ്ഠരോഗനിർമ്മാർജ്ജനപരിപാടി, ആരോഗ്യവിദ്യാഭ്യാസം മറ്റു ദേശീയ ആരോഗ്യപരിപാടികൾ തുടങ്ങിയ സേവനങ്ങൾ ആരോഗ്യകേന്ദ്രങ്ങളിലൂടെ നടപ്പിലാക്കിവരുന്നുണ്ട്.

1931 ൽ സ്ഥാപിതമായ അലക്സാണ്ടർ മെമ്മോറിയൽ ഹോസ്പിറ്റൽ എന്ന സ്വകാര്യഹോമിയോചികിത്സാസ്ഥാപനവും പ്രവർത്തിച്ചുവരുന്നു. അപസ്മാരരോഗം, ചിക്കൻപോക്സ്, വയറിളക്കരോഗങ്ങൾ തുടങ്ങിയ രോഗങ്ങൾക്കുള്ള ചികിത്സക്കായാണ് പ്രധാനമായും ഈ സ്ഥാപനത്തെ ആശ്രയിക്കുന്നതെന്ന് പ്രസ്തുതസ്ഥാപനത്തിലെ ഡോക്ടർ അഭിപ്രായപ്പെട്ടു.

1945 ൽ സ്ഥാപിതമായ ബിഷപ് ഏബ്രഹാം ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റൽ എന്ന സ്ഥാപനവും കുഴൽമന്ദത്തു പ്രവർത്തിക്കുന്നു. 20 കിടക്കകളുള്ള ആശുപത്രിയാണ് ഇത്. പ്രധാനമായും പ്രസവശുശ്രൂഷക്കാണ് ജനങ്ങൾ ഈ സ്ഥാപനത്തെ ആശ്രയിക്കുന്നത്.

1952 ൽ സർക്കാർ ആശുപത്രി സ്ഥാപിക്കപ്പെടുന്നതിനുമുമ്പ് ജനങ്ങൾ നാട്ടചികിത്സയും മേൽ സൂചിപ്പിച്ച സ്വകാര്യ സ്ഥാപനങ്ങളേയുമാണ് ആശ്രയിച്ചിരുന്നത്.

ജനനമരണവിവരങ്ങൾ, പ്രായാടിസ്ഥാനത്തിൽ ദമ്പതിമാരുടെ എണ്ണം, രോഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ, കുട്ടികളുടെ ആരോഗ്യപോഷണനിലവാരം, പ്രതിരോധ കുത്തിവെയ്പ് പ്രവർത്തനങ്ങൾ, പകർച്ചവ്യാധികളെക്കുറിച്ചുള്ള വിവരങ്ങൾ, ആരോഗ്യനിലവാരം അളക്കുന്നതിനായുള്ള മറ്റ് വിവരങ്ങൾ, കുടുംബാസൂത്രണ പ്രവർത്തനങ്ങൾ, ആരോഗ്യസ്ഥാപനങ്ങളെ കുറിച്ചുള്ള വിവരങ്ങൾ എന്നിവ വ്യക്തമാക്കുന്നതിനായി പട്ടികരൂപത്തിൽ താഴെ കാണുംപ്രകാരം ക്രമീകരിച്ചിരിക്കുന്നു.

ജനന മരണ വിവരങ്ങൾ

വർഷം	ജനനം	മരണം	ചാപിള്ള ജനനം
1993-94	307	158	—
1994-95	284	167	—
1995-96	193	170	2

പട്ടിക 2

പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ

(സ്ത്രീയുടെ പ്രായക്രമം)

വയസ്സ്	എണ്ണം
15 - 19	64
20 - 24	451
25 - 29	612
30 - 34	620
35 - 39	558
40 - 44	238
ആകെ	2543

പകർച്ചവ്യാധി വിവരങ്ങൾ

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ളവ	ആകെ
1993-94	322	88	27	6887	7324
1994-95	256	62	36	1370	1724
1995-96	362	33	42	4205	4642

പട്ടിക -3

കുഴൽമന്ദം ഗ്രാമപഞ്ചായത്ത്

രോഗങ്ങൾ സംബന്ധിച്ച വിവരം

വർഷം	ഇൻപേഷ്യന്റ്	ഔട്ട്പേഷ്യൻ	തക്ക്രോഗം	രോഗങ്ങൾ സംബന്ധിച്ച വിവരം - പ്രതിവർഷം (എണ്ണം)				
				പകർച്ചവ്യാധികൾ	ഐ.പി	ഒ.പി	വിഷചികിത്സ	മറ്റു രോഗങ്ങൾ	ആകെ
1992-93	752	44604	-	കോളറ	32	105	-	40830	44604
				ടൈഫോയിഡ്	25	82			
				അമീബിയാസിസ്	175	3955			
1993-94	58	86599	18	7324			-	79275	86599
1994-95	313	26473	19	1724			-	24751	26475
1995-96	75	26050	8	4642			-	21408	26050

കുട്ടികളുടെ ആരോഗ്യപോഷണനിലവാരം

പ്രായം	നോർമൽ		1-ാം ഗ്രേഡ്		2-ാം ഗ്രേഡ്		3-ാം ഗ്രേഡ്	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
ഒരുവയസിൽ താഴെ	28	35	32	30	5	3	-	1
1-3 വയസ്	62	86	79	82	39	52	4	3
3-6 വയസ്	53	52	61	57	47	37	8	7

1-ാം ഗ്രേഡ്	ലഘുവായ പോഷണക്കുറവ് ഉള്ളവർ	0
2-ാം ഗ്രേഡ്	മിതമായ പോഷണക്കുറവ് ഉള്ളവർ	1121
3-ാം ഗ്രേഡ്	ഗുരുതരമായ പോഷണക്കുറവ് ഉള്ളവർ	40

കുട്ടികളുടേയും ഗർഭിണികളുടേയും പ്രതിരോധ കുത്തിവെയ്പ്

B.C.G	D.P.T & POLIO				DT	MEASLES	TT
	I Dose	II Dose	III Dose	Booster Dose			
3440	3014	2948	4814	1667	725	2761	2646

ഇരുമ്പ്/ഫോളിക്കാസിഡ് ലഭിച്ച ഗർഭിണികളുടെ എണ്ണം	-	61
ഇരുമ്പ്/ഫോളിക്കാസിഡ് ലഭിച്ച കുട്ടികളുടെ എണ്ണം	-	127
വിറ്റമിൻ-എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം	-	55
ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം	-	122
വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം	-	1

പട്ടിക - 7

ആരോഗ്യ നിലവാരം അളക്കാനുതകുന്ന മറ്റ് വിവരങ്ങൾ

1. എ).	പഞ്ചായത്തിലെ ആകെ ജനസംഖ്യ	25292
ബി).	പുരുഷൻമാർ	12311
സി).	സ്ത്രീകൾ	12951
2.	അംഗൻവാടികളുടെ എണ്ണം	14
3. എ).	ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ	330
ബി).	1 മുതൽ 2 വരെ പ്രായമുള്ള കുട്ടികൾ	220
സി).	2 മുതൽ 3 വരെ പ്രായമുള്ള കുട്ടികൾ	403
ഡി).	3 മുതൽ 5 വരെ പ്രായമുള്ള കുട്ടികൾ	404
4.	ആകെ ഗർഭിണികളുടെ എണ്ണം	115
	പ്രത്യേകപരിചരണം ആവശ്യമുള്ളവരുടെ എണ്ണം	76
5.	മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം (6മാസം വരെ പ്രായമുള്ള കുട്ടികൾ)	123
6.	കഴിഞ്ഞവർഷത്തെ ആകെ ജനനം	193
	ചാപിള്ളാ ജനനം	2
7. എ).	ഒന്നാം പിറന്നാളിനുമുൻപ് മരിച്ച കുട്ടികളുടെ എണ്ണം	1
ബി).	1 - 3 വയസുവരെ മരിച്ച കുട്ടികളുടെ എണ്ണം	ഇല്ല
സി).	മറ്റ് മരണങ്ങൾ	169
8.	അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം	1280
	ഗർഭിണികൾ	48
	മുലയൂട്ടുന്ന അമ്മമാർ	60

പട്ടിക-8

അമ്മമാരുടെ എണ്ണം
ജീവിച്ചിരിപ്പുള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ

	അമ്മമാരുടെ എണ്ണം	കുടുംബാസൂത്രണമാർഗം സ്വീകരിച്ച അമ്മമാർ
1 കുട്ടി	489	215
2 കുട്ടികൾ	786	573
2 -ൽ കൂടുതൽ കുട്ടികൾ	1066	812
ആകെ	**2341**	**1600**

ആരോഗ്യ സ്ഥാപനങ്ങളെ സംബന്ധിച്ച്

നമ്പർ സ്ഥാപനത്തിന്റെ പേര്	ഇനം	കെട്ടിടം സ്വന്തം/വാടക	ഉദ്യോഗസ്ഥരുടെ എണ്ണം	സ്ഥാപിച്ച വർഷം	സ്ഥാപനപരമായ പ്രശ്നങ്ങൾ
1. സി.എച്ച്.സി കുഴൽമന്ദം	സർക്കാർ	സ്വന്തം	48 (7 ഡോക്ടർമാർ ഉൾപ്പെടെ)	10.4.1953	1. കോർട്ടേഴ്സിൽ വെള്ളവും വെളിച്ചവും ഇല്ല. 2. രണ്ടാം ഗ്രേഡ് സ്റ്റാഫിന്റെ ഒഴിവ് 3. പാർട്ട്ടൈം സ്വീപ്പർ തസ്തിക ഒഴിവ് 4. വാഹന ഇന്ധനം ആവശ്യത്തിന് കിട്ടുന്നില്ല. 5.മോർച്ചറി സൗകര്യമില്ല.
2. അലക്സാണ്ടർ മെമ്മോറിയൽ ഹോസ്പിറ്റൽ	സഹകാര്യം	സ്വന്തം	5	1931	ഹോമിയോപതി
3. ബി.എ.ജെ.എം ആശുപത്രി	സഹകാര്യം	സ്വന്തം	5	1945	
4. കുടുംബക്ഷേമകേന്ദ്രം, നൊച്ചുള്ളി	സർക്കാർ	സ്വന്തം	1		അറ്റകുറ്റപ്പണി തീർക്കണം.
5. കുടുംബക്ഷേമകേന്ദ്രം ചിതലി	സർക്കാർ	സ്വന്തം	1		വെള്ളവും വൈദ്യുതിയും ഇല്ല.അറ്റകുറ്റപ്പണി തീർക്കണം
6. കുടുംബക്ഷേമകേന്ദ്രം, കളപ്പെട്ടി	സർക്കാർ	സ്വന്തം	1		വെള്ളം ലഭ്യമാക്കണം, അറ്റകുറ്റപ്പണി തീർക്കണം

സാമൂഹ്യാരോഗ്യകേന്ദ്രത്തിന്റെ സേവനസൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടത് വളരെ അത്യാവശ്യമാണ്. വിവിധ തരത്തിലുള്ള പകർച്ചവ്യാധികൾ കുഴൽമന്ദം പ്രദേശത്ത് പടർന്നു പിടിക്കാറുണ്ട്. പ്രത്യേകിച്ചും മഴക്കാലത്തിന്റെ ആരംഭത്തിൽ വയറിളക്കരോഗങ്ങൾ പടർന്നുപിടിക്കുന്നുണ്ട്. സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ സ്പെഷലിസ്റ്റ് ഡോക്ടർമാരുടെ സേവനം ആധുനിക സൗകര്യങ്ങളോടുകൂടിയ ലാബറട്ടറി, ആംബുലൻസ് എന്നിവയും മോർച്ചറിയും പ്രവർത്തിക്കേണ്ടത് അത്യാവശ്യമായികാണുന്നു.

കുടിവെള്ളം

വൃത്തിയുള്ള വെള്ളം ആരോഗ്യത്തിന്റെ ഉറവിടമാണ് പ്രകൃതി മനുഷ്യന് അനുഗ്രഹിച്ചുനൽകിയ അമൂല്യസമ്പത്താണ് ജലം. ജീവൻ നിലനിർത്തുന്നതിനുള്ള അടിസ്ഥാനഘടകങ്ങളിൽ ഒന്നാണ് ജലം. ആരോഗ്യസംരക്ഷണത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ പ്രഥമസ്ഥാനം കുടിവെള്ളത്തിനാണ്. വെള്ളത്തിലൂടെ പകരുന്ന സാംക്രമികരോഗങ്ങൾ ആരോഗ്യ സംരക്ഷണത്തിന് ഇന്നും ഭീഷണിയായി നിലനിൽക്കുകയാണ്. മഴക്കാലത്ത് ഒലിച്ചിറങ്ങുന്ന മലിനജലം കുടിവെള്ളത്തിൽ കലർന്ന് അതു ഉപയോഗിക്കുന്ന ജനങ്ങൾക്ക് ഛർദ്ദി അതിസാരരോഗങ്ങൾക്ക് കാരണമാകുന്നു. നമുക്ക് ലഭിക്കുന്ന ശുദ്ധജലം പരിശുദ്ധമായി സൂക്ഷിക്കുകയും, സംരക്ഷിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

കുടിവെള്ളത്തിനായി കുഴൽമന്ദം പഞ്ചായത്തിലെ ജനങ്ങൾ കിണറുകളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. കേരളാ വാട്ടർ അതോറിറ്റിയുടെ സേവനവും നിലവിലുണ്ട്. കുഴൽമന്ദം പഞ്ചായത്ത് പ്രദേശത്ത് 61 പൊതുകിണറുകളും, 15 കുഴൽ കിണറുകളും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും പഞ്ചായത്തിലെ 50 ശതമാനം പ്രദേശത്തും വേനൽകാലത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. കേരളാ വാട്ടർ അതോറിറ്റിയുടെ 225 പൊതുടാപ്പുകളിലൂടെ കുടിവെള്ള വിതരണം നടത്തി വരുന്നുണ്ട്. 575 ഗാർഹിക കണക്ഷനുകളും നൽകിയിട്ടുണ്ട്. എങ്കിലും അത് വേണ്ട രീതിയിൽ പ്രയോജനപ്പെടുന്നില്ല. പുതുക്കോട് ഉള്ള വാട്ടർ അതോറിട്ടിയുടെ ഓഫീസിൽ ഒരു അസിസ്റ്റന്റ് എൻജിനീയറും 3 ഓവർസീയർമാരും ഉൾപ്പെടെ 9 ജോലിക്കാരുണ്ട്.

ഈ ഓഫീസിൽ നിന്ന് കുഴൽമന്ദം ഉൾപ്പെടെയുള്ള ആറ് പഞ്ചായത്തുകളിലേക്ക് സേവനം ലഭ്യമാക്കേണ്ടതുണ്ട്. എന്നതിനാൽ സേവനത്തിന്റെ അപര്യാപ്തത ഉള്ളതായി കാണുന്നു. പുതുക്കോട് സ്ഥാപിച്ചിട്ടുള്ള വാട്ടർ ടാങ്കിന് 3½ ലക്ഷം ലിറ്റർ ശേഷിയാണ് ഉള്ളത്. ഇതിനു പുറമെ വെള്ളപ്പാറയിൽ ഒരു പമ്പിംഗ് സ്റ്റേഷനും കളപ്പെട്ടിയിൽ വാട്ടർ ടാങ്കും മുഹൊന്തിരം ജലവിതരണം നടത്തി വരുന്നു.

കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങളെക്കുറിച്ചുള്ള വിശദവിവരങ്ങൾ താഴെകാണുന്ന പ്രകാരം പട്ടികരൂപത്തിൽ ചേർത്തിരിക്കുന്നു. (പട്ടിക 10)

കുടിവെള്ള ക്ഷാമ ബാധിത പ്രദേശങ്ങളും പരിഹാര മാർഗങ്ങളും

വാർഡ്	പ്രശ്നമേഖല	നിർദ്ദേശിക്കപ്പെടുന്ന പരിഹാരം
പ. മണ്ഡപംകുടം, മാരാത്ത്കളം കുണ്ടുപറമ്പ്, കുന്നുപറമ്പ്.		കിണറുകൾ കുഴിച്ച് ജലവിതരണം മെച്ചപ്പെടുത്തണം.
പോസ്റ്റാഫീസിന് സമീപം വെള്ളോട്ടുപറമ്പ്		കുഴൽകിണർ സ്ഥാപിക്കണം.
2-ാം വാർഡ് ഏറാമംഗലം, കൊല്ലംപറമ്പ്, പുത്തൻതറ, ചിമ്പിരിത്തി, കവറത്തറ		-കിണറ് കുഴിക്കുകയും ആഴം കുറഞ്ഞവ ആഴം കൂട്ടി നന്നാക്കുകയും KWA ജലവിതരണം മെച്ചപ്പെടുത്തുക.
3-ാം വാർഡ് കി. മണ്ഡപംകുടം, മങ്കരപ്പറമ്പ്		- കിണർ കുഴിക്കണം, KWA ജലവിതരണം മെച്ചപ്പെടുത്തണം. 2 ടാപ്പുകൾ സ്ഥാപിക്കണം.
4-ാം വാർഡ് മിക്ക പ്രദേശങ്ങളിലും ജലക്ഷാമം അനുഭവപ്പെടുന്നു.		- രണ്ട് കുഴൽകിണറുകൾ സ്ഥാപിക്കണം. KWA ജലവിതരണം മെച്ചപ്പെടുത്തണം. 25 ടാപ്പുകൾ സ്ഥാപിക്കണം.
5-ാം വാർഡ് ചിലപ്രദേശങ്ങളിൽ ഉപ്പുവെള്ളവും മറ്റ് പ്രദേശങ്ങളിൽ ക്ഷാമവും അനുഭവപ്പെടുന്നു.		- KWA ജലവിതരണം മെച്ചപ്പെടുത്തണം. പൊതുകിണറുകൾ കുഴിക്കണം. (ഉളമ്പക്കാട് സ്ഥലം കിട്ടും)
6-ാം വാർഡ് പുല്ലുപ്പാറ, പോത്തേംകാട്, കളപ്പെട്ടി, പടലോട്, വെള്ളാപ്പുള്ളി.		- പൊതു ടാപ്പുകൾ സ്ഥാപിക്കണം.
കുപ്പക്കാട്, മന്ദിരാട്.		- കുഴൽകിണർ വേണം.

കൊഴിഞ്ഞംപറമ്പ്, കള	
പ്പെട്ടി, പുത്തൻപുര	- കിണർ കുഴിക്കണം.
വാർഡ്. 7	
രായിരത്ത്കളം	- കേടുവന്ന കിണർ നന്നാക്കണം
മൂത്രാട്,	- KWA പൈപ്പ്ലൈൻ
കളപ്പെട്ടി, ഖാദികേന്ദ്രം,	നീട്ടണം.
ചടഞ്ഞാട്, കാളിയംപറമ്പ്.	
ആറാംകോട്, അമ്പലപ്പറമ്പ്	- കിണർ കുഴിക്കണം.
ചേലക്കാട്	-കിണർആഴംകൂട്ടി നന്നാക്കണം
8-ാം വാർഡ്	
എക്കോട്, തെക്കേക്കര,	-KWA പൈപ്പ്ലൈൻ നീട്ടണം
അയ്യപ്പൻമുച്ചി,	തെക്കേക്കരയിൽ കിണർ
	വേണം
വെള്ളപ്പാറ	- ടാങ്കേട്ടി വിതരണം മെച്ച
	പ്പെടുത്തണം.
റക്കുപാറ	- KWA പൈപ്പ്ലൈൻ നീട്ടണം
9-ാം വാർഡ്	
മിക്ക പ്രദേശങ്ങളിലും	- വെള്ളപ്പാറ ജലവിതരണം
ജലക്ഷാമം രൂക്ഷമാണ്.	കാര്യക്ഷമമാക്കണം.
10-ാം വാർഡ്	
കല്ലേംകോണം-പുഴുള്ളിപ്പാട്,	- കിണർ അറ്റകുറ്റപ്പണി
പഴയകളം, ചക്കിങ്കൽ	നടത്തണം.
	1. നൊള്ളിക്കോട് നിന്ന് നവ
	ക്കോടുവഴി കല്ലാറ്റുകളം പൈ
	പ്പ്ലൈൻ നീട്ടണം.
	2. പഞ്ചിറോഡ് പാലം മുതൽ
	കല്ലേംകോണം, മാവടി, പുളി
	യഞ്ചിവരെ.
	3.വേട്ടുവൻപറമ്പ്-
	പഞ്ചിറോഡ് പാലംവരെ.
	4. ചിതലിപ്പാലം-വേട്ടുവൻപറ
	മ്പ്
	5. ചെട്ടികുളമ്പ്-കരിപ്പാടിചാട്ടം
	6. ചെട്ടുകുളമ്പ്-ഏരാട്ടുകളം
	എന്നിവിടങ്ങളിൽ പൈപ്പ്
	ലൈൻ എത്തിക്കണം.
11-ാം വാർഡ്	
മിക്ക പ്രദേശങ്ങ	- ചെമ്മണംപറമ്പ്-പട്ടിക്കൽ
ളിലും ജലക്ഷാമം	ആന്തൂർകാട് എന്നിവിടങ്ങൾ
അനു പ്പെടുന്നു.	കിണർ കുഴിക്കണം.
	അഴിക്കോട്, ഇളനിരക്കോട്,

മുതിരപറമ്പ്, മഞ്ഞാടി, ഈ പ്രദേശത്ത് കിണറുകളും പൊതുടാപ്പുകളും സ്ഥാപിക്കണം.

കുടിവെള്ളം മലിനമാകാനുള്ള കാരണങ്ങൾ അനവധിയാണ്. ശരിയായ രീതിയിൽ ആൾമറ കെട്ടി സംരക്ഷിക്കപ്പെടാത്ത കിണറുകളിലേക്ക് പരിസരങ്ങളിൽനിന്ന് ജലം ഒഴുകിയെത്തി മലിനപ്പെടുത്തുന്നു. വെള്ളം കോരിയെടുക്കാൻ ഉപയോഗിക്കുന്ന തൊട്ടി, കയർ എന്നിവ ഒരു പരിധി വരെ മലിനമാക്കുന്നു. വെള്ളം കോരിഅശ്രദ്ധമായി സൂക്ഷിക്കുന്നത് ജലം മലിനപ്പെടുന്നു. ഇത്തരം പ്രശ്നങ്ങൾ പ്രകാരം സംരക്ഷിക്കാം.

കിണർ	- ഭൂനിരപ്പിൽ നിന്നും താഴേക്ക് 3 അടിവരെ
	യെങ്കിലും സിമന്റ് പൂശണം.
	ക്ലോറിനേഷൻ.
കോരിയെടുക്കു	
മ്പോഴുള്ള	
മലിനീകരണം	- ഒരു കിണറിന് ഒരുതൊട്ടി, ഒരു കയർ എന്ന
	തതാം പാലിക്കണം.
കോരി സൂക്ഷി	
ച്ച ജലം മലിന	
പ്പെടുന്നത്	- വെള്ളം സൂക്ഷിക്കുന്നതും പകർന്നെടുക്കുന്ന
	തുമായ പാത്രങ്ങൾ ശുചിയായി വെക്കുന്നതി
	നാവശ്യമായ ബോധവൽക്കരണത്തിനും തുടർ
	നടപടികൾക്കും സ്ഥിരം സംവിധാനം ഉണ്ടാക്ക
	ണം.
KWA ജല	
വിതരണം.	- ഇടവിട്ടുള്ള ജലവിതരണം മൂലം പൊട്ടലുക
	ളിലൂടെയും മറ്റുമുള്ള ചോർച്ച. ജല പ്രവാഹമില്ലാത്ത
	സമയങ്ങളിൽ പൈപ്പിനുള്ളിലേക്ക് വലിച്ചെ
	ടുക്കപ്പെടും. ആയതിനാൽ 24 മണിക്കൂറും
	തുടർച്ചയായ ജലവിതരണമാണ് അഭികാമ്യം.

മറ്റു നിർദ്ദേശങ്ങൾ

തുറന്ന കിണറുകൾ അടച്ചിടുന്നതിനുള്ള സംവിധാനം വേണം. വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ശുദ്ധജലവിതരണം പഞ്ചായത്തിന്റെ കീഴിൽ വരണം. പഞ്ചായത്തിന്റെ കീഴിൽ ജനപങ്കാളിത്തത്തോടെ ഈ പദ്ധതികൾ നടപ്പിലാക്കാൻ കഴിയണം.

പുതുക്കോട് വാട്ടർ ടാങ്കിൽ നിന്നുള്ള ജലവിതരണം 1,2,3,4,5,6,9, വാർഡുകളിലേക്ക് മാത്രമായി പരിമിതപ്പെടുത്തി ജലവിതരണം മെച്ചപ്പെടുത്തണം.

വെള്ളപ്പാറയിലുള്ള പമ്പിംഗ് സ്റ്റേഷനോട് ചേർന്ന വാട്ടർ

ടാങ്ക് നിർമ്മിച്ച് 8,10 വാർഡുകളിലേക്ക് വിതരണം നടത്തണം. കളപ്പെട്ടി വാട്ടർ ടാങ്കിന്റെ ശേഷി വർദ്ധിപ്പിച്ച് 7 ാം വാർഡിലും ചേർന്നുകിടക്കുന്ന 6 ാം വാർഡ് പ്രദേശത്തും ജലവിതരണം നടത്തണം. കരിയച്ചിറഡാമിനോട് ചേർന്ന് ശുദ്ധജലവിതരണ പദ്ധതിക്ക് രൂപം നൽകി 10, 11 വാർഡുകളിൽ കുടിവെള്ളം സുലഭമായി ലഭ്യമാക്കണം.

പരിസരശുചിത്വം

ഭൂമി, ജലം, വായു ഇവയെ ആശ്രയിച്ചാണ് മനുഷ്യൻ ജീവിക്കുന്നത്. പരിതസ്ഥതിയിലുണ്ടാവുന്ന മാറ്റങ്ങൾ മനുഷ്യനേയും ബാധിക്കുന്നു. മനുഷ്യനും പരിതസ്ഥിയും തമ്മിലുള്ള ബന്ധം പരസ്പരാശ്രിതത്വത്തിൽ വലിയൊരളവുവരെ ചപ്പുചവറുകൾ കാരണമാവുന്നു. ചപ്പുചവറുകളുടെ ശാസ്ത്രീയമായ സംസ്ക്കരണം ആരോഗ്യസംരക്ഷണത്തിന് അത്യാപശ്യമാണ്. അതുപോലെ തന്നെ ശരിയായി സംരക്ഷിക്കാത്ത ഓടകളും ആരോഗ്യപരിപാലനത്തിന് ഭീഷണിയാണ്.

കുഴൽമന്ദം പഞ്ചായത്ത് കാർഷികമേഖലാപ്രദേശമാണ്. അതുകൊണ്ടുതന്നെ പരിസരമലിനീകരണം പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഗുരുതരമായ പ്രശ്നമല്ല. പരിസരമലിനീകരണത്തെ ക്കുറിച്ചുള്ള പരാതികൾ പല ഗ്രാമസഭകളിലും ഉയർന്നു വന്നിട്ടുണ്ട്. കുഴൽമന്ദം ചന്ത ദേശീയപാത എന്നിവ മലിനീകരണത്തിന് കാരണമായി ഭവിക്കുന്നുണ്ട്. ശുചിത്വം രോഗപ്രതിരോധകുത്തിവെപ്പുകൾ, വ്യായാമം, പോഷകാഹാരം തുടങ്ങിയവയിലൂടെ തൃപ്തികരമായ ആരോഗ്യം നിലനിർത്തുവാൻ സാധിക്കും.

ഒന്നാം വാർഡിൽ പെടുന്ന മന്ദം പ്രദേശത്ത് അഴുക്കുചാൽ നിർമ്മാണം, സ്ഥിരമായ പൊതുശുചീകരണപ്രവർത്തനം എന്നിവ ആവശ്യമാണ്. രണ്ടാം വാർഡിൽ ഏറാമംഗലം പ്രദേശത്ത് അഴുക്കുചാൽ നിർമ്മാണം ആവശ്യമാണ്. ചന്തപ്പുര പ്രദേശം താരതമ്യേന പരിസരശുചിത്വം കുറവായ പ്രദേശമാണ്.

ശനിയാഴ്ചതോറും നടക്കാറുള്ള കാലിച്ചന്ത പരിസര ശുചിത്വത്തിന് ഒരു വെല്ലുവിളിയാണ്, വെള്ളിയാഴ്ചമുതൽ എത്തിച്ചേരുന്ന കന്നുകാലികൾ ഞായറാഴ്ചയാണ് തിരിച്ചും കയറ്റിപ്പോകുന്നത്. ഇതുമൂലം വലിയ അളവിൽ ഉണ്ടാകുന്ന ചാണകം ശുചിയായ രീതിയിൽ കൈകാര്യം ചെയ്യുന്നതിന് ശരിയായ രീതിയിലുള്ള ചാണകക്കുഴി നിർമ്മിക്കേണ്ടതാണ്.

റോഡരികിൽനിന്നും കന്നുകാലികളെ കയറ്റുന്നതും ഇറക്കുന്നതും പാർപ്പിക്കുന്നതും ഗുരുതരമായ ഒരു പ്രശ്നമായി മാറിയിരിക്കുകയാണ്. കുഴൽമന്ദത്തുനിന്ന് തേങ്കുറുശ്ശി പോകുന്ന റോഡിൽ കന്നുകാലി കയറ്റുകയും ഇറക്കുകയും ചെയ്യുന്നതിനാൽ പ്രസ്തുത പ്രദേശത്ത് ശരിയായ രീതിയിലുള്ള അഴുക്കുചാൽ നിർമ്മിക്കേണ്ടതുണ്ട്.

ശനിയാഴ്ച തന്നെ നടത്തുന്ന പച്ചക്കറിച്ചന്തയിലുണ്ടാകുന്ന ചീഞ്ഞതും അഴുകിയതുമായ പച്ചക്കറികൾ ശരിയായി സംസ്ക്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാവണം. കുഴൽമന്ദം എൻ.എച്ച്. ജംക്ഷനിലും, ചന്തപ്പുരയിലും ഉള്ള അഴുക്കുചാൽ കാര്യക്ഷമമാക്കണം.

ശനിയാഴ്ച ചന്തയിലെത്തുന്ന ജനങ്ങൾക്ക് മലമൂത്രവിസർജനത്തിനുള്ള പൊതുവായ കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കണം.

പഞ്ചായത്തിൽ പ്രത്യേകിച്ച് ചന്തപ്പുരയിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ശീതളപാനീയസ്ഥാപനങ്ങൾ എന്നിവ ശരിയായ രീതിയിൽ ശുചിത്വത്തോടെ പ്രവർത്തിക്കുന്നതിനു വേണ്ട ബോധവൽക്കരണവും, മേൽനടപടികളും അത്യാവശ്യമാണ്. ഹോട്ടലിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഹെൽത്ത് കാർഡ് നൽകുന്ന പദ്ധതി പ്രാവർത്തികമാണം. പല ഹോട്ടലുകൾക്കും മലിനജലം ഒഴുക്കിക്കളയുന്നതിനും മറ്റ് മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള സൗകര്യമില്ല. അതുകൊണ്ട് രോഗപ്രതിരോധനടപടികൾക്ക് ബുദ്ധിമുട്ടാവുന്നുണ്ട്. ആയതിനാൽ ഹോട്ടലുകൾക്ക് ലൈസൻസ് നൽകുന്നതിനു മുമ്പായി ഹെൽത്ത് അതോറിട്ടിയുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വേണമെന്ന നിബന്ധന കർശനമായും പാലിക്കണം.

ചന്തപ്പുരയിലുള്ള ചപ്പുചവറുകൾ കൂടിക്കിടക്കുന്നത് ഈച്ച വർദ്ധനവിന് കാരണമാകുന്നു. ചപ്പുചവറുകൾ മലിനജലം എന്നിവ ആരോഗ്യകരമായ രീതിയിൽ സംസ്ക്കരിച്ച് ഈച്ച കൊതുക് മറ്റ് ക്ഷുദ്രജീവികൾ എന്നിവയുടെ വളർച്ചയും വർദ്ധനവും തടയുന്നതിന് ആവശ്യമായ ബോധവൽക്കരണത്തിന് വേണ്ട സ്ഥിരമായ സംവിധാനം രൂപപ്പെടുത്തണം.

കക്കൂസ്

അലക്ഷ്യമായി മലമൂത്രവിസർജ്ജനം നിർവഹിക്കുന്നത് വ്യക്തിയുടേയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും ആരോഗ്യത്തെ ബാധിക്കുന്ന പ്രശ്നമാണ്. മനുഷ്യരുടേയും ജന്തുക്കളുടേയും വിസർജ്യത്തിലൂടെ മാരകമായ പല അസുഖങ്ങളും മറ്റുള്ളവരിലേക്ക് പകരാനിടയാകും അതുകൊണ്ടുതന്നെ ആരോഗ്യകരമായ കക്കൂസുകൾ എല്ലാ വീടുകളിലും ഉണ്ടാകേണ്ടതും അതിന്റെ ഉപയോഗം ദിനചര്യയുടെ ഭാഗമായി മാറ്റേണ്ടതുമാണ്.

നിർദ്ദേശങ്ങൾ

പഞ്ചായത്തിൽ അകെയുള്ള 7119 വീടുകളിൽ 65 ശതമാനം വീടുകളിലും കക്കൂസ് ഇല്ലാത്തതിനാൽ ഇത് ഒരു പൊതു

പ്രശ്നമെന്ന് കണ്ട് സാമ്പത്തികസഹായത്തിലൂടെയും ശ്രദ്ധാനത്തിലൂടെയും പ്രശ്നം പരിഹരിക്കുന്നതിനുള്ള പരിപാടി തയ്യാറാക്കണം. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള മുഴുവൻ കുടുംബങ്ങൾക്കും സൗജന്യമായി കക്കൂസ് നിർമ്മിക്കാനുള്ള ധനസഹായം പര്യാപ്തമായ തോതിൽ അനുവദിക്കണം.

പൊതുനിരത്തുകളിൽ മലമൂത്രവിസർജ്ജനം നടത്താതിരി

കക്കൂസുകളെ സംബന്ധിച്ചുള്ള പ്രശ്നങ്ങളും പരിഹാരങ്ങളും

വാർഡ്	കക്കൂസില്ലാത്ത വീടുകൾ	പ്രശ്നങ്ങൾ	പരിഹാരങ്ങൾ
1	400	സാമ്പത്തിക പരാധീനത	ധനസഹായം നൽകുക
2	70% ഏറാമംഗലം, കൊല്ലംപറമ്പ്, പുത്തൻതറ, ചിമ്പരത്തി, കവാത്തറ,	സാത്തികവും സ്ഥലപരിമിതിയും	പൊതുകക്കൂസോ സ്വന്തം കക്കൂസുകളോ നിർമ്മിച്ചുനൽകുക
3	300	സാമ്പത്തിക പരാധീനത	ധനസഹായം നൽകുക
4	70% കുഴൽമന്ദം ഇംഗ്ഷൻ, ചന്തപ്പുര	സാമ്പത്തികം, സ്ഥലപരിമിതി	ധനസഹായം നൽകുക
5	80%	സാമ്പത്തികം, സ്ഥലപരിമിതി	ഇ.എസ്.പി. സ്ലാബ് ധനസഹായം
6	70%	സാമ്പത്തികം	ധനസഹായം നൽകുക
7	75%	സാമ്പത്തികം	ധനസഹായം നൽകുക
8	600	സാമ്പത്തികം, സ്ഥലപരിമിതി	"
9	80%	സാമ്പത്തികം	"
10	600	സാമ്പത്തികം	"
11	80%	"	"

ടാങ്ക് നിർമ്മിച്ച് 8,10 വാർഡുകളിലേക്ക് വിതരണം നടത്തണം. കളപ്പെട്ടി വാട്ടർ ടാങ്കിന്റെ ശേഷി വർദ്ധിപ്പിച്ച് 7 ാം വാർഡിലും ചേർന്നുകിടക്കുന്ന 6 ാം വാർഡ് പ്രദേശത്തും ജലവിതരണം നടത്തണം. കരിയചിറഡാമിനോട് ചേർന്ന് ശുദ്ധജലവിതരണ പദ്ധതിക്ക് രൂപം നൽകി 10, 11 വാർഡുകളിൽ കുടിവെള്ളം സുലഭമായി ലഭ്യമാക്കണം.

പരിസരശുചിത്വം

ഭൂമി, ജലം, വായു ഇവയെ ആശ്രയിച്ചാണ് മനുഷ്യൻ ജീവിക്കുന്നത്. പരിതസ്ഥതിയിലുണ്ടാവുന്ന മാറ്റങ്ങൾ മനുഷ്യനേയും ബാധിക്കുന്നു. മനുഷ്യനും പരിതസ്ഥിയും തമ്മിലുള്ള ബന്ധം പരസ്പരാശ്രിതത്വത്തിൽ വലിയൊരളവുവരെ ചപ്പുചവറുകൾ കാരണമാവുന്നു. ചപ്പുചവറുകളുടെ ശാസ്ത്രീയമായ സംസ്ക്കരണം ആരോഗ്യസംരക്ഷണത്തിന് അത്യാപശ്യമാണ്. അതുപോലെ തന്നെ ശരിയായി സംരക്ഷിക്കാത്ത ഓടകളും ആരോഗ്യപരിപാലനത്തിന് ഭീഷണിയാണ്.

കുഴൽമന്ദം പഞ്ചായത്ത് കാർഷികമേഖലാപ്രദേശമാണ്. അതുകൊണ്ടുതന്നെ പരിസരമലിനീകരണം പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഗുരുതരമായ പ്രശ്നമല്ല. പരിസരമലിനീകരണത്തെ ക്കുറിച്ചുള്ള പരാതികൾ പല ഗ്രാമസഭകളിലും ഉയർന്നു വന്നിട്ടുണ്ട്. കുഴൽമന്ദം ചന്ത ദേശീയപാത എന്നിവ മലിനീകരണത്തിന് കാരണമായി ഭവിക്കുന്നുണ്ട്. ശുചിത്വം രോഗപ്രതിരോധകുത്തിവെപ്പുകൾ, വ്യായാമം, പോഷകാഹാരം തുടങ്ങിയവയിലൂടെ തൃപ്തികരമായ ആരോഗ്യം നിലനിർത്തുവാൻ സാധിക്കും.

ഒന്നാം വാർഡിൽ പെടുന്ന മന്ദം പ്രദേശത്ത് അഴുക്കുചാൽ നിർമ്മാണം, സ്ഥിരമായ പൊതുശുചീകരണപ്രവർത്തനം എന്നിവ ആവശ്യമാണ്. രണ്ടാം വാർഡിൽ ഏറാമംഗലം പ്രദേശത്ത് അഴുക്കുചാൽ നിർമ്മാണം ആവശ്യമാണ്. ചന്തപ്പുര പ്രദേശം താരതമ്യേന പരിസരശുചിത്വം കുറവായ പ്രദേശമാണ്.

ശനിയാഴ്ചതോറും നടക്കാറുള്ള കാലിച്ചന്ത പരിസര ശുചിത്വത്തിന് ഒരു വെല്ലുവിളിയാണ്, വെള്ളിയാഴ്ചമുതൽ എത്തിച്ചേരുന്ന കന്നുകാലികൾ ഞായറാഴ്ചയാണ് തിരിച്ചും കയറ്റിപ്പോകുന്നത്. ഇതുമൂലം വലിയ അളവിൽ ഉണ്ടാകുന്ന ചാണകം ശുചിയായ രീതിയിൽ മൈകാര്യം ചെയ്യുന്നതിന് ശരിയായ രീതിയിലുള്ള ചാണകക്കുഴി നിർമ്മിക്കേണ്ടതാണ്.

റോഡരികിൽനിന്നും കന്നുകാലികളെ കയറ്റുന്നതും ഇറക്കുന്നതും പാർപ്പിക്കുന്നതും ഗുരുതരമായ ഒരു പ്രശ്നമായി മാറിയിരിക്കുകയാണ്. കുഴൽമന്ദത്തുനിന്ന് തേങ്കുറുശ്ശി പോകുന്ന റോഡിൽ കന്നുകാലി കയറ്റുകയും ഇറക്കുകയും ചെയ്യുന്നതിനാൽ പ്രസ്തുത പ്രദേശത്ത് ശരിയായ രീതിയിലുള്ള അഴുക്കുചാൽ നിർമ്മിക്കേണ്ടതുണ്ട്.

ശനിയാഴ്ച തന്നെ നടത്തുന്ന പച്ചക്കറിചന്തയിലുണ്ടാകുന്ന ചീഞ്ഞതും അഴുകിയതുമായ പച്ചക്കറികൾ ശരിയായി സംസ്ക്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാവണം. കുഴൽമന്ദം എൻ.എച്ച്. ജംക്ഷനിലും, ചന്തപ്പുരയിലും ഉള്ള അഴുക്കുചാൽ കാര്യക്ഷമമാക്കണം.

ശനിയാഴ്ച ചന്തയിലെത്തുന്ന ജനങ്ങൾക്ക് മലമൂത്രവിസർജനത്തിനുള്ള പൊതുവായ കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കണം.

പഞ്ചായത്തിൽ പ്രത്യേകിച്ച് ചന്തപ്പുരയിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ശീതളപാനീയസ്ഥാപനങ്ങൾ എന്നിവ ശരിയായ രീതിയിൽ ശുചിത്വത്തോടെ പ്രവർത്തിക്കുന്നതിനു വേണ്ട ബോധവൽക്കരണവും, മേൽനടപടികളും അത്യാവശ്യമാണ്. ഹോട്ടലിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഹെൽത്ത് കാർഡ് നൽകുന്ന പദ്ധതി പ്രാവർത്തികമാണം. പല ഹോട്ടലുകൾക്കും മലിനജലം ഒഴുക്കിക്കളയുന്നതിനും മറ്റ് മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള സൗകര്യമില്ല. അതുകൊണ്ട് രോഗപ്രതിരോധനടപടികൾക്ക് ബുദ്ധിമുട്ടാവുന്നുണ്ട്. ആയതിനാൽ ഹോട്ടലുകൾക്ക് ലൈസൻസ് നൽകുന്നതിനു മുമ്പായി ഹെൽത്ത് അതോറിട്ടിയുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വേണമെന്ന നിബന്ധന കർശനമായും പാലിക്കണം.

ചന്തപ്പുരയിലുള്ള ചപ്പുചവറുകൾ കൂടിക്കിടക്കുന്നത് ഈച്ച വർദ്ധനവിന് കാരണമാകുന്നു. ചപ്പുചവറുകൾ മലിനജലം എന്നിവ ആരോഗ്യകരമായ രീതിയിൽ സംസ്ക്കരിച്ച് ഈച്ച കൊതുക് മറ്റ് ക്ഷുദ്രജീവികൾ എന്നിവയുടെ വളർച്ചയും വർദ്ധനവും തടയുന്നതിന് ആവശ്യമായ ബോധവൽക്കരണത്തിന് വേണ്ട സ്ഥിരമായ സംവിധാനം രൂപപ്പെടുത്തണം.

കക്കൂസ്

അലക്ഷ്യമായി മലമൂത്രവിസർജ്ജനം നിർവഹിക്കുന്നത് വ്യക്തിയുടേയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും ആരോഗ്യത്തെ ബാധിക്കുന്ന പ്രശ്നമാണ്. മനുഷ്യരുടേയും ജന്തുക്കളുടേയും വിസർജ്യത്തിലൂടെ മാരകമായ പല അസുഖങ്ങളും മറ്റുള്ളവരിലേക്ക് പകരാനിടയാകും അതുകൊണ്ടുതന്നെ ആരോഗ്യകരമായ കക്കൂസുകൾ എല്ലാ വീടുകളിലും ഉണ്ടാകേണ്ടതും അതിന്റെ ഉപയോഗം ദിനചര്യയുടെ ഭാഗമായി മാറ്റേണ്ടതുമാണ്.

നിർദ്ദേശങ്ങൾ

പഞ്ചായത്തിൽ അകെയുള്ള 7139 വീടുകളിൽ 65 ശതമാനം വീടുകളിലും കക്കൂസ് ഇല്ലാത്തതിനാൽ ഇത് ഒരു പൊതു

പ്രശ്നമെന്ന് കണ്ട് സാമ്പത്തികസഹായത്തിലൂടെയും ശ്രദ്ധാനത്തിലൂടെയും പ്രശ്നം പരിഹരിക്കുന്നതിനുള്ള പരിപാടി തയ്യാറാക്കണം. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള മുഴുവൻ കുടുംബങ്ങൾക്കും സൗജന്യമായി കക്കൂസ് നിർമ്മിക്കാനുള്ള ധനസഹായം പര്യാപ്തമായ തോതിൽ അനുവദിക്കണം.

പൊതുനിരത്തുകളിൽ മലമൂത്രവിസർജ്ജനം നടത്താതിരി

കക്കൂസുകളെ സംബന്ധിച്ചുള്ള പ്രശ്നങ്ങളും പരിഹാരങ്ങളും

വാർഡ്	കക്കൂസില്ലാത്ത വീടുകൾ	പ്രശ്നങ്ങൾ	പരിഹാരങ്ങൾ
1	400	സാമ്പത്തിക പരാധീനത	ധനസഹായം നൽകുക
2	70% ഏറാമംഗലം, കൊല്ലംപാമ്പ്, പുത്തൻതറ, ചിമ്പരത്തി, കവറത്തറ,	സാത്തികവും സ്ഥലപരിമിതിയും	പൊതുകക്കൂസോ സ്വന്തം കക്കൂസുകളോ നിർമ്മിച്ചുനൽകുക
3	300	സാമ്പത്തിക പരാധീനത	ധനസഹായം നൽകുക
4	70% കുഴിമന്ദം ജംഗ്ഷൻ, ചന്തപ്പുര	സാമ്പത്തികം, സ്ഥലപരിമിതി	ധനസഹായം നൽകുക
5	80%	സാമ്പത്തികം, സ്ഥലപരിമിതി	ഇ.എസ്.പി. സ്ലാബ് ധനസഹായം
6	70%	സാമ്പത്തികം	ധനസഹായം നൽകുക
7	75%	സാമ്പത്തികം	ധനസഹായം നൽകുക
8	600	സാമ്പത്തികം, സ്ഥലപരിമിതി	"
9	80%	സാമ്പത്തികം	"
10	600	സാമ്പത്തികം	"
11	80%	"	"

ഐ.എച്ച്.ഡി.പി ലിസ്റ്റിൽപ്പെട്ട കുടുംബങ്ങളിലെ കക്കൂസുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ


വാർഡ്	സാനിറ്ററി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം	വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം	പൂർത്തീകരിച്ചയുടെ എണ്ണം	ഇനി കക്കൂസുകൾ വേണ്ടകുടുംബങ്ങളുടെ എണ്ണം
1	244	3	2	241
2	204	9	8	195
3	201	6	5	195
4	229	4	3	225
5	285	2	2	283
6	270	8	5	262
7	249	3	3	246
8	284	5	2	279
9	212	16	15	196
10	246	24	17	222
11	219	16	9	203
				2547

ക്കുന്നതിനാവശ്യമായ ബോധവൽക്കരണത്തിനായി ഒരു സ്ഥിരം പദ്ധതി രൂപപ്പെടുത്തണം.

മറ്റ് ധനകാര്യസ്ഥാപനങ്ങളും സഹകരണസംഘങ്ങളും കക്കൂസുകൾ നിർമ്മിക്കാനാവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിന് തയ്യാറാകണം.

സ്ഥിതിവിവരകണക്കുകൾ കൃത്യമായും വ്യക്തമായും ലഭ്യമാക്കുന്ന തിനുവേണ്ടരീതിയിൽ ജനനമരണറജിസ്ട്രേഷൻ സമ്പ്രദായം പരിഷ്കരിക്കണം.

ഓരോ പഞ്ചായത്ത്/മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന ജനനം/മരണം സംഭവിക്കുന്ന സ്ഥലം ഉൾപ്പെടുന്ന പഞ്ചായത്ത്/മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്യുക എന്ന നിലവിലുള്ള സമ്പ്രദായത്തിനു പുറമെ രജിസ്റ്റർ ചെയ്യപ്പെടുന്ന ജനനം/മരണം ബന്ധപ്പെടുന്നവർ സ്ഥിരതാമസമാക്കിയിരുന്ന പഞ്ചായത്ത്/മുനിസിപ്പാലിറ്റിയിലേക്ക് അത് അറിയിക്കുകയും ആയത് പ്രത്യേകം സൂക്ഷിക്കുകയും ചെയ്താൽ, ഒരു പഞ്ചായത്തിനെ സംബന്ധിച്ച ശരിയായ ജനനം/മരണം എന്നിവ അറിയാൻ എളുപ്പത്തിൽ സാധിക്കും. മാത്രവുമല്ല വിവരങ്ങൾ കൃത്യമായി ലഭ്യമാവുകയും ചെയ്യും.



വ്യവസായം

കേരളത്തിന്റെ "നെല്ലറ" എന്ന് വിശ്ലേഷിപ്പിക്കപ്പെടുന്ന പാലക്കാട് ജില്ലയുടെ 9.5 കിമീ പടിഞ്ഞാറായി സ്ഥിതിചെയ്യുന്ന ഒരു ഗ്രാമമാണ് കുഴൽമന്ദം. കാർഷികമേഖലയിൽ താരതമ്യേന മുന്നിലാണെങ്കിലും വ്യാവസായിക മേഖലയിൽ വളരെ പിന്നോക്കമാണ്. ഇവിടത്തെ 50% ജനങ്ങളും കൃഷി ഉടമകളാണ്. അതിനാൽ ഇവിടത്തെ നല്ലശതമാനം ജനങ്ങളും കർഷകത്തൊഴിലാളികളാണ്. അദ്ധ്യസ്തവിദ്യർ, കൈതൊഴിലുകാർ, സാങ്കേതിക പരിജ്ഞാനമുള്ളവർ എന്നിങ്ങനെ ഏത് രംഗത്തും കുഴൽമന്ദം മുന്നിൽത്തന്നെയാണ്. എങ്കിലും വൻകിട വ്യവസായങ്ങൾ ഒന്നുംതന്നെ ഇവിടെയില്ല. ആകെയുള്ളത് വിരലിലെണ്ണാവുന്ന സഹകാര്യുടമയിലുള്ള ചെറുകിടവ്യവസായ യൂണിറ്റുകളുകളപ്പെട്ടിയിലുള്ള ഖാദി ഗ്രാമവ്യവസായ യൂണിറ്റും മാത്രമാണ് ഇത്തരം സ്ഥാപനങ്ങളിൽ പരമാവധി 70 പേർക്ക് മാത്രമാണ് തൊഴിൽ ലഭ്യമാകുന്നത്.

ആധുനിക ലോകത്തിൽ വ്യാവസായിക അഭിവൃദ്ധിക്ക് വൈദ്യുതി ഒഴിച്ചുകൂടാൻ വയ്യാത്ത ഒരു ഘടകമാണ്. വൈദ്യുതി രംഗത്തുള്ള പവർകട്ട്, വോൾട്ടേജ് ക്ഷാമം എന്നിവ തുടങ്ങിവെച്ചിട്ടുള്ള വ്യവസായങ്ങൾക്ക് തന്നെ ഒരു ഭീഷണിയാണ്. വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ മറ്റ് ഘടകങ്ങൾ അനുയോജ്യമായ സ്ഥലം, ആവശ്യത്തിന് തൊഴിലാളികൾ, മൂലധനം, സംഘടനാ മനോഭാവം എന്നിവയാണ്. ഇവയിൽ ഏതൊന്നിന്റെയും അഭാവം വ്യവസായത്തെ സാരമായി ബാധിക്കാൻ ഇടയാക്കുന്നു. വ്യവസായ മേഖലയുടെ വികസനത്തിന് ട്രേഡ് യൂണിയനുകളുടെയും തൊഴിലാളികളുടെയും ക്രിയാത്മക പങ്കാളിത്തം അനിവാര്യമാണ്. ഇവയെല്ലാമുണ്ടെങ്കിൽ തന്നെയും തദ്ദേശവാസികളായ ജനങ്ങളുടെ നിസ്വാർത്ഥമായ സഹകരണവും കൂടിയേതീരൂ.

കൈത്തറി, പനമ്പ്നെയ്ത്ത് മുതലായ പരമ്പരാഗത വ്യവസായങ്ങൾക്ക് അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, ആധുനിക ഉൽപ്പന്നങ്ങളിൽനിന്നുള്ള മത്സരം എന്നിവ മൂലം വളരെയധികം പ്രയാസങ്ങൾ നേരിടേണ്ടിവരുന്നുണ്ട്. എന്നിരിക്കിലും ഈ രംഗത്ത് ഉൽപാദനക്ഷമത വർദ്ധിപ്പിച്ചെങ്കിലേ കൂലിയും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കാനാവൂ. പരമ്പരാഗത വ്യവസായങ്ങൾ മിക്കവയും സഹകരണാടിസ്ഥാനത്തിലാണ് സംഘടിപ്പിക്കപ്പെട്ടിട്ടുള്ളതെങ്കിലും പ്രാദേശിക ജനകീയ സമിതികൾക്ക് ഒരു പരിവർത്തന പശ്ചാത്തലം ഒരുക്കുന്നതിന് വിലപ്പെട്ട സംഭാവനകൾ നൽകാൻ കഴിയും എന്ന കാര്യത്തിൽ സംശയമില്ല.

കർഷികരംഗത്ത് മുന്നിൽനിൽക്കുന്ന ഒരു ഗ്രാമമായതിനാൽ ഇവിടെ കാർഷികസംസ്കരണ വ്യവസായങ്ങൾക്ക് ധാരാളം സാദ്ധ്യതകൾ ഉണ്ട്. ഐ.ആർ.ഡി.പി വ്യവസായ യൂണിറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിൽ പഞ്ചായത്തിന് മുഖ്യപങ്ക് വഹിക്കാനാകും. ട്രൈസം പദ്ധതി, ജവഹർ റോസ്കാർ യോജന മുതലായ പദ്ധതികൾ പ്രയോജനപ്പെടുത്തി പുതിയ തൊഴിൽ വൈദഗ്ധ്യം സൃഷ്ടിക്കാനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനും കഴിയും.

നെൽകൃഷി കൂടാതെ നാളികേരം, കപ്പ, പച്ചക്കറികൾ എന്നിവയും പഞ്ചായത്തിൽ ധാരാളം കൃഷിചെയ്യപ്പെടുന്നുണ്ട്. വിപണന സൗകര്യങ്ങളുടെ കുറവുമൂലം ന്യായമായ വില കർഷകന് ലഭിക്കുന്നില്ല, എന്നതാണ് സത്യം. ഇവയെല്ലാം ഒരിടത്ത് സമ്പിച്ച് ന്യായവില നിശ്ചയിച്ച് ഉപഭോക്താക്കൾക്ക് വിൽക്കുവാനുള്ള സൗകര്യം ഉണ്ടാകണം. ഈ സംരംഭത്തിലൂടെ ചുരുങ്ങിയത് 5 പേർക്കെങ്കിലും തൊഴിൽ ലഭിക്കാൻ ഇടയാകും. ധാരാളം നാളികേരം കൃഷിചെയ്യപ്പെടുന്നുണ്ടെങ്കിലും മൊത്തമായി കൊപ്ര സംഭരിച്ച് ആട്ടി എണ്ണയാക്കി വിൽക്കുന്ന ഒരൊറ്റ

ഓയിൽ മില്ലുപോലും ഈ പ്രദേശത്ത് ഇല്ല. സ്ഥലദൗർലഭ്യവും സാമ്പത്തിക ബുദ്ധിമുട്ടുകളുമാണ് പ്രധാന പ്രശ്നങ്ങൾ. ധാരാളം നെല്ല് വിളയുന്ന നാടാണെങ്കിലും അവിൽ മില്ലുകളുടെ എണ്ണം താരതമ്യേന കുറവാണ്. കണ്ണന്നൂർ, ചിതലി എന്നിവിടങ്ങളിൽ ഒരോ അവിൽ മില്ലുകൾ തുടങ്ങാനുള്ള സാദ്ധ്യത കാണുന്നുണ്ട്. അതത് പ്രദേശത്തെ നെല്ലുകൾ സംഭരിച്ച് അവിലാക്കി ആ പ്രദേശത്തെ കടകളിൽ വിതരണം ചെയ്യാം. അതിലേക്ക് കുറച്ച് ആളുകളെ നിയമിക്കാം. കുറച്ചുപേർക്ക് ഈ രംഗത്ത് തൊഴിൽ ലഭിക്കാൻ ഇടയുണ്ട്.

കുഴൽമന്ദം പഞ്ചായത്തിലെ ജനസംഖ്യാ കണക്കെടുപ്പിന്റെ അടിസ്ഥാനത്തിൽ ആകെ 25292 പേർ ഉള്ളതിൽ 12981 പേർ സ്ത്രീകളാണ്. സ്ത്രീകളുടെ തൊഴിൽ സാദ്ധ്യത കണക്കിലെടുത്ത് പഞ്ചായത്തിലെ 11 വാർഡുകളിലും റെഡിമെയ്ഡ് സെന്ററുകൾ, പ്ലാസ്റ്റിക്ക് വയർ കൊണ്ടുള്ള ബാഗുകൾ, കൊട്ടകൾ, പേഴ്സുകൾ എന്നിവയുടെ നിർമ്മാണ യൂണിറ്റുകൾക്ക് കൂടുതൽ സാദ്ധ്യതകൾ ഉണ്ട്. തുകൽ ബാഗുകളുടെ നിർമ്മാണം, ചെയർനെയ്ത്ത് എന്നീ സംരംഭങ്ങൾക്കും സാദ്ധ്യതകളുണ്ട്. പഞ്ചായത്തിൽ കൂടുതൽ വിപണന സാദ്ധ്യതകളുള്ള ഒരു പ്രദേശം കേന്ദ്രീകരിച്ച് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചാൽ ഈ വക സാധനങ്ങൾ പഞ്ചായത്തിന് നേരിട്ട് വാങ്ങി വിപണനം ചെയ്യാം. പഞ്ചായത്ത് ബോർഡിന് കുറച്ചുപേരെ ഇതിലേക്കായി നിർമ്മിക്കാം. ഇപ്രകാരം ചെയ്യുന്നതിലൂടെ കുറച്ചുപേർക്കെങ്കിലും തൊഴിൽ ലഭിക്കാൻ ഇടയാകും.

പഞ്ചായത്തിന്റെ പടിഞ്ഞാറേ അറ്റം ചിതലി-പിച്ച റോഡ് എന്ന സ്ഥലത്ത് 3 ഏക്കർ സ്ഥലം സംഭാവനയായോ സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്കോ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് വേണ്ടി നൽകാമെന്ന് ശ്രീ. പികെ. സുകുമാരൻ അവർകൾ വാഗ്ദാനം ചെയ്തിട്ടുണ്ട്. ഖാദിഗ്രാമ വ്യവസായ ബോർഡിന്റെ സഹായത്തോടുകൂടി കയർ, ജാമുകൾ, പുളി സംസ്കരണ യൂണിറ്റ് എന്നിവയ്ക്ക് സാദ്ധ്യതകൾ ഉണ്ട്. ഏതൊരു സംരംഭത്തിനും പൊതുജനസഹകരണം ബോധവൽക്കരണത്തിലൂടെ നേടിയെടുക്കാൻ പഞ്ചായത്ത് ബോർഡ് മെമ്പർമാരും വികസന പ്രവർത്തകരും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. വ്യവസായത്തിന്റെ മുഖ്യ ഘടകമായ വൈദ്യുതി എത്തിച്ചേരാത്ത ഉൾപ്രദേശങ്ങൾ പഞ്ചായത്തിൽ നിരവധിയുണ്ട്. ഇത്തരം സ്ഥലങ്ങളിൽ എത്രയും വേഗം വൈദ്യുതി എത്തിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതാണ്. ഗതാഗതയോഗ്യമല്ലാത്ത റോഡുകൾ ഗതാഗതയോഗ്യമാക്കുകയും പ്രധാനപ്പെട്ട റോഡുകളുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നതിന് പ്രത്യേക മുൻഗണന നൽകണം. സ്ഥാപനങ്ങളിലേക്ക് അസംസ്കൃത സാധനങ്ങൾ പ്രയാസം കൂടാതെ എത്തുന്നതിനും പണി പൂർത്തിയായവ വിപണിയിലേക്ക് എത്തിക്കുന്നതിനും ഇത് സഹായമാകും. ആധുനിക ലോകത്തിൽ ജനങ്ങൾക്ക് ആവശ്യമുള്ള ഒട്ടുമിക്ക സാധനങ്ങളും നമുക്കുതന്നെ ഉണ്ടാക്കാവുന്നതാണ്. ഇപ്രകാരം മിക്ക സാധനങ്ങളും "ഒരു കിടക്കീഴിൽ" ലഭിക്കുന്നപക്ഷം നമ്മുടെ ജനങ്ങൾക്ക് മറ്റ് നഗരങ്ങളെ ആശ്രയിക്കേണ്ടിവരില്ല. മാത്രമല്ല, നമ്മുടെ പഞ്ചായത്തിന്റെ വരുമാന വർദ്ധനവിനും ഇത് സഹായകരമാവും.

പഞ്ചായത്തല വ്യവസായവൽക്കരണം നേരിടുന്ന പ്രശ്നങ്ങൾ

1. ഉൽപ്പാദന സാധ്യതകളെപ്പറ്റിയുള്ള അറിവില്ലായ്മ.
2. സ്ഥിതിവിവരക്കണക്കുകളുടെ അഭാവം.
3. പദ്ധതികളും അനുയോജ്യമായ സ്കീമുകളും തെരഞ്ഞെടുക്കുവാനുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ അഭാവം.
4. എല്ലാ സർക്കാർ സംവിധാനങ്ങളുടേയും നിയന്ത്രണ മനോഭാവവും പ്രോത്സാഹനപരമായ സമീപനത്തിന്റെ അഭാവവും.
5. വിപണിക്കനുസൃതമായി ഉൽപ്പന്നങ്ങളുടെ ഗുണമേൻമ, രൂപകൽപ്പന, ഉൽപാദനക്ഷമത എന്നിവയിൽ മാറ്റങ്ങൾ വരുത്താനുള്ള കെൽപ്പില്ലായ്മ.
6. സാമൂഹികമായ പ്രശ്നങ്ങൾ
   a). സർക്കാർ ഉദ്യോഗത്തിനുവേണ്ടിയുള്ള അഭിവാഞ്ഛ.
   b). സ്വയംതൊഴിൽ ചെയ്യുവാനുള്ള താല്പര്യമില്ലായ്മ.
   c). വ്യവസായ സംരംഭങ്ങൾക്ക് ഉതകുന്ന വിദ്യാഭ്യാസ രീതിയുടെ അഭാവം.
   D). വിജയികളായ സംരംഭകരുമായുള്ള സമ്പർക്കത്തിന്റെ അഭാവം.

പ്രാദേശിക വ്യവസായ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി പഞ്ചായത്തിലെ ജനപ്രതിനിധികൾ, വ്യവസായികൾ, ഉദ്യോഗസ്ഥർ (വൈദ്യുതി, ഗ്രാമവികസനം, വ്യവസായം) എന്നിവരുൾക്കൊള്ളുന്ന പത്ത്പേരിൽ താഴെയുള്ള ഒരു സമിതി രൂപീകരിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്ത് വ്യവസായ സമിതിയുടെ പ്രവർത്തനങ്ങൾ

1. ജനപങ്കാളിത്തത്തോടെ സാദ്ധ്യതയുള്ള വ്യാവസായിക പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുക.
2. ഉൽപാദനരംഗത്തെ വിവിധ സാദ്ധ്യതകളെപ്പറ്റി പൊതുജനങ്ങൾക്ക് സെമിനാറുകൾ, വ്യവസായ സംരംഭക പരിശീലനങ്ങൾ, പ്രദർശനമേളകൾ, ചലച്ചിത്രങ്ങൾ

എന്നിവയി ലൂടെ അറിവ് നൽകുക.

3. വ്യവസായ സംബന്ധമായ വിവരങ്ങൾ ശേഖരിച്ച് വേണ്ട വിധത്തിൽ വിതരണം ചെയ്യുക.
4. "ഔട്ട് വർക്കർ" ഉൽപാദന സമ്പ്രദായം കൂട്ടായ പ്രയത്നത്തിലൂടെ നടപ്പിലാക്കുക.
5. പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ട് വ്യവസായ വികസന പ്രവർത്തനങ്ങൾ രൂപകൽപന ചെയ്യുക.
6. വിപണി, അസംസ്കൃത സാധനങ്ങൾ, സാങ്കേതികവിദ്യ, സാമ്പത്തിക സഹായം എന്നിവയുമായി ബന്ധപ്പെട്ട പുതിയ കണ്ണികൾക്ക് രൂപം കൊടുക്കുക.
7. പ്രദേശിക സമൂഹത്തിൽ വ്യവസായ സംരംഭകത്വ പരിശീലനം വളർത്തിയെടുക്കുക.

കേരളത്തിലെ ചിതറിക്കിടക്കുന്ന മനുഷ്യവാസഘടന, വർദ്ധിച്ച ജനസാന്ദ്രത, സ്ഥലദൗർലഭ്യം എന്നിവ കണക്കിലെടുക്കുമ്പോൾ പഞ്ചായത്തല വികേന്ദ്രീകൃത ഉൽപാദന സമ്പ്രദായം എന്തുകൊണ്ടും യോജിച്ചതാണ്.

പഞ്ചായത്തിലെ 11 വാർഡുകളിലെ നിലവിലുള്ള പരമ്പരാഗത വ്യവസായങ്ങൾ, അവയ്ക്കുള്ള പരിമിതികൾ, കൂടുതൽ സാദ്ധ്യതകളുള്ള വ്യവസായങ്ങൾ എന്നിവയുടെ വിവരം താഴെകൊടുക്കുന്നു.

ഒന്നാം വാർഡിൽ നിലവിലുള്ള പരമ്പരാഗത വ്യവസായങ്ങൾ മൺപാത്ര നിർമ്മാണം, ഓട്ടുപാത്രനിർമ്മാണം, പപ്പട നിർമ്മാണം എന്നിവയാണ്. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം വിപണനത്തിനുള്ള പ്രയാസം എന്നിവയാണ് ഈ വ്യവസായങ്ങളുടെ പ്രധാന പ്രയാസങ്ങൾ. മൺപാത്ര നിർമ്മാണ മംഗത്ത് ഏകദേശം 50 പേരും ഓട്ടുപാത്രനിർമ്മാണത്തിൽ 25 പേരും പപ്പടനിർമ്മാണത്തിൽ മുപ്പതോളം പേരും ഏർപ്പെട്ടിരിക്കുന്നു. പപ്പട നിർമ്മാണം യന്ത്രവൽക്കരിച്ച് ആ വ്യവസായം കുറേകൂടി അഭിവൃദ്ധിപ്പെടുത്താം. സഹകരണാടിസ്ഥാനത്തിൽ ഈ വ്യവസായങ്ങൾക്ക് കൂടുതൽ പുരോഗതി കൈവരിക്കാനാകും. ഓട്ടുപാത്ര-മൺപാത്ര നിർമ്മാണ തൊഴിൽ മേഖലയിൽ ആധുനിക യന്ത്രം നടപ്പിലാക്കണം.

രണ്ടാം വാർഡിൽ നിലവിലുള്ള ഏറ്റവും പ്രധാന വ്യവസായം കൈത്തറിയാണ്. മുപ്പതോളം കുടുംബങ്ങൾ ഈ രംഗത്ത് ജോലിചെയ്യുന്നുണ്ട്. രണ്ട് കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ ഈ വാർഡിലുണ്ടെങ്കിലും അവയിലൊന്ന് തീരെ പ്രവർത്തിക്കുന്നില്ലെന്നുവേണം പറയാൻ. കൂലികുറവ്, നൂലിന്റെ വിലക്കൂടുതൽ ഇവയാണ് ഈ രംഗത്തെ പ്രധാന പ്രശ്നങ്ങൾ.

മൂന്നാം വാർഡിൽ പരമ്പരാഗത വ്യവസായ രംഗത്ത് നെയ്ത്ത് മേഖലയിൽ അഞ്ചുകുടുംബങ്ങൾ തൊഴിൽ ചെയ്യുന്നു. പേപ്പർ നിർമ്മാണം, സോപ്പ്, ചന്ദനത്തിരിനിർമ്മാണം, പാൽ ഉൽപാദനം എന്നിങ്ങനെ ചെറുകിട സംരംഭങ്ങൾ ആരംഭിക്കാൻ ജനങ്ങൾ സന്നദ്ധത കാണിക്കുന്നു.

നാലാം വാർഡിൽ പരമ്പരാഗത വ്യവസായങ്ങൾ ഒന്നും ഇല്ല. തൊഴിൽ രഹിതരും കരകൗശലവസ്തു നിർമ്മാണത്തിൽ തൽപരരുമായ വനിതകളെ സംഘടിപ്പിച്ച് കരകൗശലവസ്തുക്കളുടെ നിർമ്മാണത്തിനും വിപണനത്തിനും സൗകര്യപ്രദമായ ഒരു ചെറുകിട സംരംഭം ആരംഭിക്കേണ്ടതാണ്.

അഞ്ചാം വാർഡിൽ പരമ്പരാഗത വ്യവസായങ്ങൾ ഒന്നു ഇല്ല. സോപ്പ്, ചന്ദനത്തിരി, പ്രിന്റിംഗ് പ്രസ് എന്നിങ്ങനെ വനിതാ വ്യവസായ യൂണിറ്റുകൾ തുടങ്ങുവാൻ ആഗ്രഹിക്കുന്നവരുണ്ട്. ഇവ തുടങ്ങുന്നതിലേക്കാവശ്യമായ സഹായ സഹകരണങ്ങളും നിർദ്ദേശങ്ങളും അതാത് വാർഡ് മെമ്പർമാർ ജനങ്ങൾക്ക് നൽകേണ്ടതാണ്.

ആറാം വാർഡിൽ പുല്ലുപ്പാറ പ്രദേശത്ത് മുള ഉപയോഗിച്ച് കുട്ട, വട്ടി, പനമ്പ്നെയ്ത്ത് വ്യവസായം എന്നിവ നിലവിൽ ഉണ്ട്. അവർക്ക് ധനസഹായം ലഭിക്കാൻ ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. ഈ വസ്തുക്കളുടെ നിർമ്മാണത്തിനാവശ്യമായ മുള ന്യായവിലക്ക് അവർക്ക് ലഭിക്കാൻ സഹായിക്കേണ്ടതാണ്. ഈ വ്യവസായത്തെ ഒരു ചെറുകിട വ്യവസായ യൂണിറ്റാക്കി മാറ്റാവുന്നതാണ്. ഈ വാർഡിലെ പുന്നക്കുളത്ത് 15-ൽ പരം കുടുംബങ്ങൾ കൈത്തറി രംഗത്ത് ജോലിചെയ്യുന്നുണ്ട്. ഇവിടെയൊരു കൈത്തറി നെയ്ത്ത് സഹകരണസംഘം ആരംഭിക്കാവുന്നതാണ്. സ്ത്രീകളുടെ തൊഴിൽ സാദ്ധ്യത മുൻനിർത്തി ഇഷ്ടിക നിർമ്മാണം, അച്ചാർ, വറ്റലുകൾ എന്നിവയുടെ നിർമ്മാണ യൂണിറ്റുകളും ആരംഭിക്കാവുന്നതാണ്. കളപ്പെട്ടിയിൽ ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ഒരു യൂണിറ്റ് നിലവിൽ ഉണ്ട്. നൂൽനൂൽപ്പും തുണിനെയ്ത്തുമാണ് ഇവിടെ നടക്കുന്നത്. സ്വന്തം കെട്ടിടത്തിൽ നടക്കുന്ന ഒരു സ്ഥാപനമാണ് ഇത്. കിടക്കകൾ, കിടക്കവിരികൾ എന്നിവ നിർമ്മിച്ച് കമ്മീഷൻ വ്യവസ്ഥയിൽ വാഹനങ്ങളിൽ കൊണ്ടുപോയി വിൽക്കുകയാണ്

ചെയ്യുന്നത്. മറ്റ് യൂണിറ്റുകളിൽനിന്നുള്ള സോപ്പ്, ചന്ദനത്തിരി, തേൻ മുതലായ സാധനങ്ങൾ ഇവിടെ വിറ്റഴിയുന്നുണ്ട്. കൂലി നിരക്ക് വളരെ കുറവായതിനാൽ ഈ തൊഴിലിലേക്ക് ആളുകൾ കടന്നുവരുന്നില്ല.

ഖാദി ഗ്രാമ വ്യവസായ യൂണിറ്റ്

ജോലിയുടെ സ്വഭാവം	ജോലി ചെയ്യുന്നവരുടെ എണ്ണം	കൂലി നിരക്ക്
1. നൂൽനൂൽപ്പ്	36	ഒരു കഴിക്ക് 2.63 രൂപ ഒരാൾക്ക് ഒരുദിവസം ശരാശരി 20-25 രൂപ
2. തുണിനെയ്ത്ത് 100-ാം നമ്പർ മസ്‌ലിൻ നൂൽ ഉപയോഗിച്ച്	7	ഒരു ദിവസം ശരാശരി 25-30 രൂപ (മാസത്തിൽ 20 ദിവസം പണി)

ഇതൊക്കെയായാലും ഇവിടത്തെ തൊഴിലാളികൾക്ക് 8.33% ബോണസ്, വെൽഫെയർ ഫണ്ട് എന്നീ ആനുകൂല്യങ്ങൾ ഉണ്ടെങ്കിലും വേണ്ട വിധത്തിൽ ലഭ്യമാവുന്നില്ല.

ഖാദി-ഗ്രാമ വ്യവസായ ബോർഡിന്റെ ആഭിമുഖ്യത്തിൽ ആരംഭി ക്കാവുന്ന ചിലഗ്രാമ വ്യവസായങ്ങൾ

1. ലോഹങ്ങളെ അടിസ്ഥാനമാക്കിയുള്ളവ
   1. കളിമൺ വ്യവസായം.
   2. ചുണ്ണാമ്പ് വ്യവസായം.
   3. കല്ലൊടക്കൽ
   4. ഹോളോബ്ലോക്ക് നിർമ്മാണം.
   5. സ്ലേറ്റ് -സ്ലേറ്റ് പെൻസിൽ നിർമ്മാണം.
   6. പെയിന്റ്, വാർണീഷ്, ഡിസ്റ്റമ്പർ നിർമ്മാണം.
2. വനവിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ളവ
   1. കൈകടലാസ് നിർമ്മാണം
   2. തീപ്പെട്ടി നിർമ്മാണം.
   3. ചന്ദനത്തിരി.
   4. പേപ്പർ കപ്പ്, പ്ലേറ്റ്, ബാഗ് നിർമ്മാണം.
   5. എക്സർസൈസ് ബുക്ക്, രജിസ്റ്റർ, എൻവലപ്പ് തുടങ്ങിയവയുടെ നിർമ്മാണം.
   6. ഫോട്ടോ ഫ്രെയ്മിംഗ്.
3. ക്ഷീരവ്യവസായം
   1. കറിപൗഡറുകൾ, മസാല നിർമ്മാണം.
   2. പഴം പഴവർഗ്ഗ സംസ്കരണം.
   3. എണ്ണയാട്ടുവ്യവസായം.
4. പോളിമർ രാസവസ്തുക്കൾ അടിസ്ഥാനമാക്കിയുള്ളവ.
   1. തുകൽ വ്യവസായം.
   2. സോപ്പ് വ്യവസായം.
   3. റബ്ബർ ഉൽപ്പന്നങ്ങളുടെ നിർമ്മാണം.
   4. പ്ലാസ്റ്റിക്ക് കൊണ്ടുള്ള പാക്കേജിംഗ് ഉപകരണങ്ങളുടെ നിർമ്മാണം.
5. വസ്ത്ര വ്യവസായം (ഖാദി ഒഴികെ)
   1. കളിപ്പാട്ടങ്ങളുടെ നിർമ്മാണം.
   2. എംബ്രോയിഡറി.
   3. ബാൻഡേജ് നിർമ്മാണം.
   4. സ്യൂതിരി നിർമ്മാണം.
6. എഞ്ചിനീയറിംഗ് പരമ്പരാഗതമല്ലാത്ത ഊർജ്ജം ഉപയോഗിച്ചുള്ള വ്യവസായങ്ങൾ
   1. ആശാരിപ്പണി, കൊല്ലപ്പണി.
   2. കൂട നിർമ്മാണം.
   3. റേഡിയോ അസംബ്ലിംഗ്.
   4. മോട്ടോർ വൈന്റിംഗ്.
   5. ടി.വി. അസംബ്ലിംഗ്.
   6. വയർനെറ്റ് നിർമ്മാണം.

സംഘത്തിന്റെ പേര്	രജിസ്റ്റർചെയ്ത തിയ്യതി	ആരംഭിച്ച തിയ്യതി	അംഗങ്ങളുടെഎണ്ണം തുടക്കത്തിൽ	അംഗങ്ങളുടെഎണ്ണം ഇപ്പോൾ	ഓരോരുത്തർക്ക് കിട്ടുന്ന കൂലി പ്രിന്റിംഗ്	ഓരോരുത്തർക്ക് കിട്ടുന്ന കൂലി ബുക്ക്ബൈന്റിംഗ്	നഷ്ടം/ ലാഭം
കുഴൽമന്ദം ഹരിജൻ ഇൻഡസ്ട്രിയൽ (വർക്ക്ഷോപ്പ്) കോ ഓപറേറ്റീവ്സൊസൈറ്റി ലി. നമ്പർ S Ind (P) 68.	25.8.86	15.3.1989	44	54	20	20	നഷ്ടം

7. സൈക്കിൾ അസംബ്ലിംഗ്
8. സംഗീതോപകരണങ്ങളുടെ നിർമ്മാണം.

7. സേവനം ലഭ്യമാവുന്ന വ്യവസായങ്ങൾ
   1. അലക്ക്.
   2. പ്ലംബിംഗ്.
   3. ഇല്ക്ട്രിക്കൽ വയറിംഗ്.
   4. ആട്ടിന, ബ്യൂട്ടർ മുതലായവ.
   5. ആർട്ട്ബോർഡ് പെയിന്റിംഗ്.

പഞ്ചായത്തിലെ 7-ഉം 8-ഉം വാർഡുകളിൽ വ്യവസായങ്ങ ളൊന്നുംതന്നെയില്ല. ഗ്രാമസഭാ നിർദ്ദേശപ്രകാരം റെഡിമെയ്ഡ് യൂണിറ്റുകൾ, പ്ലാസ്റ്റിക്ക് കുട, ചെയർ എന്നീ ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ ജനങ്ങൾക്ക് ആഗ്രഹമുണ്ട്.

ഒൻപതാം വാർഡിലെ ഭൂരിപക്ഷം കുടുംബങ്ങളും കൃഷി

പഞ്ചായത്തിലെ DWCRA യൂണിറ്റുകളുടെ പ്രവർത്തനം

വാർഡ്	തൊഴിൽ സംരംഭത്തിന്റെ ഇനം	ആരംഭിച്ച വർഷം	അംഗങ്ങളുടെ എണ്ണം	പ്രവർത്തന ക്ഷമത
1,2	മന്ദം റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം	87-88	20	പ്രവർത്തനം ഇല്ല.
2	ഏടാമംഗലം കുട്ടനിർമ്മാണം (മുള)	86-87	20	
	പുത്തൻതറ കൈത്തറി വസ്ത്ര നിർമ്മാണം	86-87	20	
6	പേരത്തംകാട് ചെങ്കൽനിർമ്മാണം	96-97	8	
7	രായിരത്തിൽ കളം പശുവളർത്തൽ	82-83	12	
8	ചിതലി കരിങ്കൽജല്ലി നിർമ്മാണം	83-84	21	പ്രവർത്തനം ഇല്ല.
10	ചിതലി (പഴയകളം) പശു വളർത്തൽ	82-83	10	

യുടമകളാണ്. നെല്ല് മൊത്തമായി ശേഖരിച്ച് പുഴുങ്ങി അരിയാക്കി വിപണനം ചെയ്യാൻ ഒരു മോഡേൺ റൈസ്മിൽ ഇവിടെ തുടങ്ങാവുന്നതാണ്. എസ്.എസ്.ഐ റജിസ്ട്രേഷനുള്ള ഒരു അവിൽ മിൽ സാമാന്യം ഭേദപ്പെട്ട രീതിയിൽ ഇവിടെ പ്രവർത്തിച്ചുവരുന്നുണ്ട്.

പത്താം വാർഡിൽ പീച്ചറോഡ് എന്ന സ്ഥലത്ത് ഒരു മിനിവ്യവസായ എസ്റ്റേറ്റിന് സാദ്ധ്യതയുണ്ട്. ഇവിടെ കപ്പ ധാരാളമായി ഉണ്ടാക്കുന്നതിനാൽ ഒരു സ്റ്റാർച്ച് നിർമ്മാണ യൂണിറ്റ്, റബ്ബർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റ്, ഒരു അലുമിനിയം മോൾഡിംഗ് യൂണിറ്റ് എന്നിവയും ആരംഭിക്കാം. ഇവിടെ ഒരു മിനി വ്യവസായ എസ്റ്റേറ്റ് തുടങ്ങുന്നതുവഴി ഗതാഗത സൗകര്യം, വൈദ്യുതി എന്നീ രംഗങ്ങളിലും ഈ പ്രദേശത്തിന് വികസനം കൈവരിക്കാൻ കഴിയും. ഇവിടുത്തെ ജനങ്ങളുടെ ജീവിതരീതിയിതന്നെ ഒരു പുതിയ വഴിത്തിരിവാകാൻ ഈ സംരംഭത്തിന് കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. 11-ാം വാർഡിൽ പരമ്പരാഗത വ്യവസായങ്ങൾ ഒന്നുമില്ല. വൈക്കോൽ സംസ്കരണ യൂണിറ്റ് ആരംഭിക്കുന്നതിന് സാദ്ധ്യതയുണ്ട്.

പഞ്ചായത്തിലെ 9-ാം വാർഡിൽ (കുളവൻമുക്ക്) ഒരു ഹരിജൻ സഹകരണ പ്രിന്റിംഗ് പ്രസ് പ്രവർത്തിച്ചുവരുന്നുണ്ട്. പ്രിന്റിംഗ് ഓർഡറുകളുടെ കുറവാണ് ഇവിടുത്തെ മുഖ്യ പ്രശ്നം. ഒരു വർഷത്തിൽ ചുരുങ്ങിയത് 4 മാസം പണിയുണ്ടാവാറില്ല. ഇവിടെ ബുക്ക്ബൈന്റിംഗും ചെയ്തുവരുന്നുണ്ട്. കൂലി കമ്മീഷൻ അടിസ്ഥാനത്തിലാണ്. ഒരുമാസത്തെ പ്രിന്റിംഗ് വരവിൽ പ്രിന്റിംഗ് ചിലവ് കഴിച്ച് 75% അംഗങ്ങൾക്ക് ലഭിക്കുന്നുണ്ട്.

തുടക്കത്തിലേക്കാൾ അംഗസംഖ്യ ഇപ്പോൾ വർദ്ധിച്ചിരിക്കുകയാണ്. കൂടുതൽ ഓർഡറുകൾ ലഭിക്കുകയാണെങ്കിൽ ഈ സ്ഥാപനം സാമാന്യം നല്ലരീതിയിൽ നടത്തിക്കൊണ്ടു പോവാൻ കഴിയും.


കുഴൽമന്ദം പഞ്ചായത്തിലെ മന്നത്തുമുറി കൈത്തറിനെയ്ത്ത് പരസ്പര സഹായ സഹകരണ ക്രയ വിക്രയ സഹകരണ സംഘം. കുഴൽമന്ദം കൈത്തറി നെയ്ത്ത് പരസ്പര സഹായ സഹകരണ സംഘം എന്നിവ നിലവിൽ ഉണ്ട്. അതിൽ മന്നത്തുമുറി കൈത്തറിസംഘം പ്രവർത്തനരഹിതമായിട്ട് രണ്ട് വർഷത്തോളമായി. കുഴൽമന്ദം കൈത്തറി സംഘം നല്ലരീതിയിൽ പ്രവർത്തിക്കുന്നു.


നമ്മുടെ പഞ്ചായത്തിൽ 129 ചെറുകിട വ്യവസായ യൂണിറ്റുകൾ (SSI) റജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. അതിൽ 75 എണ്ണം താല്കാലിക രജിസ്ട്രേഷനും 54 എണ്ണം സ്ഥിരം രജിസ്ട്രേഷനുമാണ്. കൈത്തൊഴിലുകാർക്കുള്ള ധനസഹായ പദ്ധതി പ്രകാരം (RAP) + Tool kit (പണിയായുധങ്ങൾ) 11 പേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ട്. 3 വ്യവസായ യൂണിറ്റുകളുടെ പണി നടന്നുകൊണ്ടിരിക്കുകയാണ്. ഹരിജൻ വ്യവസായ സംരംഭകർക്കുള്ള ധനസഹായ പദ്ധതിയിൻ കീഴിൽ 3 പേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ ചില തൊഴിൽ സ്ഥാപനങ്ങളുടെ എണ്ണം

തൊഴിലാളികളുടെ എണ്ണം, കിട്ടുന്ന കൂലി (സ്ത്രീ, പു.) ദിനം പ്രതി

സ്ഥാപനത്തിന്റെ തരം	എണ്ണം	തൊഴിലാളികളുടെ എണ്ണം	കിട്ടുന്ന കൂലി	
			പുരു.	സ്ത്രീ
തടിമില്ലുകൾ	3	10	100	
നെല്ല് പുഴുങ്ങി അരക്കുന്ന മില്ലുകൾ	10			
നെല്ലരവ് മില്ലുകൾ	19	80	60	40
വെൽഡിംഗ് വർക്ക്ഷോപ്പുകൾ	7	20	100	
പ്രസ്സുകൾ	4	12	50	20
അവിൽ മിൽ	2	4	100	50
ഓയിൽമിൽ	3	3	100	
ലേത്ത് വർക്ക്ഷോപ്പ്	4	15	100	
പെട്രോൾ പമ്പ്	2	6	9	20
സ്റ്റീൽ ഫർണിച്ചർ	1	4	100	
അലുമിനിയ പാത്രനിർമ്മാണം	2	8	60	





ഗതാഗതം, ഊർജ്ജം

ഊർജ്ജം

ഊർജ്ജത്തെപ്പറ്റി പറയുകയാണെങ്കിൽ നമ്മുടെ പഞ്ചായത്തിൽ 1959 സെപ്തംബർ 25-ാം തീയതി പുതുക്കോട് ജോൺവർഗ്ഗീസ് എന്ന ഉപഭോക്താവിന് ആദ്യത്തെ കണക്ഷൻ നൽകിയതോടുകൂടിയാണ് വൈദ്യുതി എത്തുന്നത്. കൊടുവായൂർ സെക്ഷൻ ഓഫീസിൽ നിന്നായിരുന്നു കണക്ഷൻ നൽകിയിരുന്നത്. എന്നാൽ ഒരു ഓവർസിയർ സെന്ററായി കുഴൽമന്ദത്ത് പിന്നീടൊരു ഓഫീസ് പ്രവർത്തനം ആരംഭിച്ചു. എന്നാൽ 1983-ൽ മേജർസെക്ഷൻ ഓഫീസായി ഉയർത്തി. ഇപ്പോൾ പഞ്ചായത്തിൽ ഗാർഹികാവശ്യത്തിന് 2807 പേർക്കും വ്യാപാരാവശ്യത്തിന് 541 പേർക്കും വ്യാവസായിക ആവശ്യത്തിന് 77 പേർക്കും കാർഷിക ആവശ്യത്തിന് 195 പേർക്കും കണക്ഷൻ നൽകിയിട്ടുണ്ട്. എന്നിരുന്നാലും 156 പേർക്ക് ഇനിയും കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി അപേക്ഷ കൊടുത്ത് കാത്തിരിക്കുന്നവരായിട്ടുണ്ട്. പഞ്ചായത്തിൽ സ്ട്രീറ്റ്ലൈറ്റായി 464 ബൾബും 29 ട്യൂബും 22 സോഡിയം വേപ്പർ ലാംബും കത്തുന്നുണ്ട്. പഞ്ചായത്തിൽ 36 പട്ടികജാതി സങ്കേതങ്ങളിൽ 8 സങ്കേതങ്ങൾ വൈദ്യുതീകരിച്ചിട്ടുണ്ട്. ഇതിൽ 85 വീടുകൾ വൈദ്യുതീകരിച്ചതിൽ 56 വീടുകൾ സൗജന്യമായും 29 വീടുകൾ പണം നൽകിയും വൈദ്യുതി ഉപയോഗിച്ചുവരുന്നു. ഇനിയുള്ള 27 സങ്കേതങ്ങളിൽ 16 സങ്കേതങ്ങളിലെ വീടുകളിൽ വൈദ്യുതി വിതരണം പൂർത്തിയായിട്ടില്ല, എന്നുമാത്രമല്ല 12 സങ്കേതങ്ങളിൽ വൈദ്യുതി എത്താത്തതായും കാണുന്നുണ്ട്.

പഞ്ചായത്തിൽ വൈദ്യുതി എത്തുന്നതിന് മുൻപ് ഊർജ്ജ ആവശ്യത്തിന് മണ്ണെണ്ണയും വിറകുമാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ ഇപ്പോൾ വൈദ്യുതി ഇല്ലാതെ ജീവിക്കാൻ പറ്റില്ല എന്നരീതിയിൽ ആയിരിക്കുന്നു.

ഗ്രാമീണ ഊർജ്ജാസൂത്രണത്തിൽ അടുപ്പുകളുടെ പ്രാധാന്യം നോക്കുമ്പോൾ മെച്ചപ്പെട്ട വിറക് അടുപ്പുകളെപ്പറ്റി പ്രത്യേകം എടുത്തുപറയേണ്ടിയിരിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ ഭൂരിപക്ഷം വീടുകളിലും വിറകാണ് പ്രധാന പാചക ഇന്ധനമായി ഉപയോഗിക്കുന്നത്. നമ്മുടെ പരമ്പരാഗത വിറക് അടുപ്പുകൾക്ക് രണ്ട് ദോഷങ്ങൾ ഉണ്ട്. ഒന്നാമത് അടുപ്പിൽനിന്ന് ഉയരുന്ന പുക അടുക്കളയിൽ പെരുമാറുന്നവരുടെ ആരോഗ്യം നശിപ്പിക്കുന്നു. അമ്മയോടൊപ്പമുള്ള കൈക്കുഞ്ഞുങ്ങളുടെ ആരോഗ്യത്തേയും ഇത് ബാധിക്കുന്നു. രണ്ടാമത് അടുപ്പിന്റെ ദക്ഷത കുറവാണ്. വിറകിൽ അടങ്ങിയിരിക്കുന്ന ഇന്ധനമൂല്യത്തിന്റെ എട്ടിൽ ഒന്നുപോലും പാത്രങ്ങളിലേക്ക് കിട്ടുന്നില്ല എന്നതാണ് വസ്തുത. വിറക് വിലകൊടുത്തു വാങ്ങുന്ന ഒരു കുടുംബത്തിന് പാചകആവശ്യത്തിന് ചിലവാകുന്ന തുക ഗ്യാസ് ഉപയോഗിക്കുന്നവരുടേതിനേക്കാൾ കൂടുതലാണ്. ഈ വിരോധാഭാസത്തിന് പ്രതിവിധിയായി ബയോഗ്യാസ് അടുപ്പും, പുകയില്ലാത്ത മെച്ചപ്പെട്ട വിറക് അടുപ്പുകളും പ്രചരിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

പാചകഊർജ്ജം ലാഭിക്കുന്നതിന് വലിയൊരളവിൽ സഹായിക്കുന്ന ഒരു ഉപകരണമാണ് പ്രഷർകുക്കർ. പരിഷ്കരിച്ച വിറക് അടുപ്പ് ഉപയോഗിക്കുന്നവർക്കും പ്രഷർകുക്കർ ഉപയോഗിക്കാവുന്നതാണ്. ഇത്തരത്തിൽ വലിയൊരളവിൽ ഇന്ധനവും സമയവും ലാഭിക്കാം. പക്ഷേ, ഉയർന്ന വില മാത്രമാണ് ഇതിന് തടസ്സമായി നിൽക്കുന്നത്.

ദക്ഷതകൂടിയ വൈദ്യുത വിളക്കുകൾ

നാം സാധാരണയായി ഉപയോഗിക്കുന്ന ബൾബുകൾ വെളിച്ചത്തേക്കാൾ ചൂടാണ് നൽകുന്നത്. എന്നാൽ ട്യൂബ്‌ലൈറ്റ് ഉപയോഗിക്കുകയാണെങ്കിൽ ബൾബിനേക്കാൾ നാലിരട്ടിയോളം പ്രകാശനക്ഷമതയുണ്ട്. വില കൂടുതലും വോൾട്ടേജ് കുറവും കാരണം ട്യൂബ്‌ലൈറ്റ് ഉപയോഗിക്കുവാൻ വളരെ പ്രയാസം അനുഭവപ്പെടുന്നുണ്ട്. ഇതിന് പരിഹാരമായി കോംപാക്ട് ഫ്ലൂറസന്റ് (CFL) ബൾബുകൾ ഉപയോഗിക്കുകയാണെങ്കിൽ പതിൻമടങ്ങ് ആയുസ്സുള്ളതും വെളിച്ചം നാലിരട്ടിയായി വർദ്ധിപ്പിക്കാം. പക്ഷേ ഇതിനും വില കുറച്ച് കൂടുതലാണ്.

ജൈവോർജ്ജം

നമ്മുടെ പഞ്ചായത്തിലെ ജൈവോർജ്ജം നമ്മൾ വേണ്ടപോലെ ഉപയോഗിക്കുന്നില്ല. കൂടുതൽ കുടുംബങ്ങളും കൃഷിക്കാരായതുകൊണ്ട് വീടുകളിൽ ചാണകം സുലഭമായി കിട്ടുമെങ്കിലും അത് ജൈവോർജ്ജത്തിനുവേണ്ടി ഉപയോഗിക്കുന്നില്ല. ചാണകം ഉപയോഗിച്ച് ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കേണ്ടതാണ്.

കുഴൽമന്ദം പഞ്ചായത്തിൽ ഇലക്ട്രിസിറ്റി മേജർ സെക്ഷനിൽ നിന്നുള്ള വൈദ്യുതി വിതരണത്തെ സംബന്ധിച്ച്;

1.	ട്രാൻസ്ഫോർമറുകളുടെ എണ്ണം	21
2.	11 കെ.വി. ലൈൻ	18.29കി.മീ
3.	3 ഫേസ് ലൈൻ	68.5കിമി.
4.	സിങ്കിൾ ഫേസ്	62 കിമി.

നിലവിലുള്ള ഉപഭോക്താക്കൾ

1.	ഗാർഹികം	2807
2.	വ്യാപാരം	541
3.	വ്യാവസായികം	77
4.	കാർഷികം	195
	ആകെ	3620

സ്ട്രീറ്റ് ലൈറ്റുകൾ

ബൾബ് 40 W - 368 60W - 96 =	464
ട്യൂബ്	29
സോഡിയം വേപ്പർ	22

പട്ടികജാതി സങ്കേതങ്ങളിൽ വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

നമ്പർ	പേര്	കുടുംബങ്ങൾ	സൗജന്യം	പണം നൽകുന്നവർ
1.	മാരാത്ത്കളം	2		2
2.	കളക്കാട്	18	13	5
3.	ചക്കാലക്കൽപറമ്പ്	16	15	1
4.	പെലച്ചിറാംകാട്	1		1
5.	പറച്ചിരിക്കാട്	3		3
6.	പേഴാംകാട്	15	7	8
7.	മഞ്ഞാടി	5	4	1
8.	ആലടിക്കാട്	25	17	8

എട്ടാം പദ്ധതിയിൽ നടപ്പിലാക്കിയ പദ്ധതികൾ

1.	ട്രാൻസ്ഫോർമർ	5
2.	എച്ച്.ടി. ലൈൻ	2 കിമി
3.	3 ഫേസ് ലൈൻ	16.164 കിമി
4.	സിങ്കിൾഫേസ്	13.747 കിമി
5.	സിങ്കിൾ ഫേസ് 3 ഫേസ് ആക്കിയത്	800 മീ

സ്ട്രീറ്റ്‌ലൈറ്റ്

ബൾബ്	126
സോഡിയം വേപ്പർ	22

വൈദ്യുതീകരിച്ച കോളനികൾ

1. മഞ്ഞാടി, 2. പേഴാംകാട്
3. പറച്ചിരിക്കാട് 4. കളക്കാട്
5. ചക്കാളക്കൽ പറമ്പ് 6. മാരാത്ത്കാട്

9-ാം പദ്ധതിയിൽ നടപ്പിലാക്കേണ്ടവ:

(വോൾട്ടേജ് ഇംപ്രൂവ്മെന്റ്)

1.	ആശാരിത്താഴം കിഴക്കേമണ്ഡപംകുടം :	100 കെ.വി. ട്രാൻസ്ഫോർമർ, 400 മീറ്റർ HT ലൈൻ, 1 കിമി 3 ഫേസ് കൺവർഷൻ
2.	നവക്കോട്	100 കെവി ട്രാൻസ്ഫോർമർ, 1 കിമി. HT ലൈൻ

(അനുമതി പ്രതീക്ഷിക്കുന്നത്)

3.	ചരപ്പറമ്പ്	100 കെവി ട്രാൻസ് ഫോർമർ, 1 കിമീ. HT ലൈൻ (അനുമതി പ്രതീക്ഷിക്കുന്നത്)
4.	മഞ്ഞാടി	100 കെവി ട്രാൻസ് ഫോർമർ, 1 കിമീ. HT ലൈൻ
5.	എറവക്കാട് - പടിഞ്ഞാറേമണ്ഡപംകുടം :	1.5 കിമി സിങ്കിൽ ഫേസ് കൺവെർ ഷൻ 3 ഫേസ്

പ്രശ്നങ്ങൾ

തെക്കുമുറി, തലമുള്ളി, മണ്ഡപംകുടം എന്നീ പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.

ഏറാമംഗലം-ചാളക്കൽ പ്രദേശത്ത് വൈദ്യുതി എത്തിയിട്ടില്ല.

കിഴക്കേമണ്ഡപംകുടം ഭാഗത്ത് വോൾട്ടേജ് തീരെ കുറവും 600 മീറ്റർ നീളംവരുന്ന റോഡിൽ സ്ട്രീറ്റ്ലൈറ്റും ഇല്ല.

പുളിന്തൊടി, മാട്ടുകോണം, തച്ചങ്കോട്, ചേങ്ങോട് എന്നീ പ്രദേശങ്ങളിൽ സ്ട്രീറ്റ്ലൈറ്റ് ഇല്ല.

തോട്ടപ്പുര, മണ്ണാർക്കോട്, ചാത്രക്കോട്, ഉളമ്പക്കാട് എന്നീ പ്രദേശങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല.

പോത്താംകാട് ഭാഗത്ത് 25-ഓളം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന പ്രദേശത്ത് വൈദ്യുതി എത്തിയിട്ടില്ല. ഒരു കിമീ ദൂരം വരുന്ന അംബേദ്കർ കോളനിറോഡിൽ സ്ട്രീറ്റ്ലൈറ്റ് ഇല്ല. പടലോട്, ആലടിക്കാട്, പൊക്കാത്ത്, കാരപ്പാടം, തരിയൻകോണം പ്രദേശത്ത് തെരുവ് വിളക്കുകൾ സ്ഥാപിക്കണം.

കുന്നേക്കാട്, അമ്പലപ്പറമ്പ് എന്നീ റോഡുകളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കണം.

കുന്തംപുള്ളി, വള്ളിക്കാട്, എക്കോട്, തെക്കേക്കര ഈ പ്രദേശത്ത് തെരുവ് വിളക്കുകൾ സ്ഥാപിക്കണം. എക്കോട് മുതൽ അയ്യപ്പൻമുച്ചിവരെ വൈദ്യുതി എത്തിയിട്ടില്ല. തെക്കേക്കര പട്ടികജാതി സങ്കേതം വൈദ്യുതീകരിച്ചിട്ടില്ല.

അത്താണിപ്പറമ്പ്, വലിയപുര, കൊല്ലത്തറ എന്നീ പ്രദേശങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല. കരുവട, മാണിയംപറമ്പ് എന്നീ പട്ടികജാതി സങ്കേതത്തിലും വൈദ്യുതി എത്തിയിട്ടില്ല. കുളവൻമുക്ക് മുതൽ വെള്ളപ്പാറവരെ എൻ.എച്ച് റോഡിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കണം.

ചിതലിപാലം-ചെന്നക്കോട് റോഡിലും വെള്ളപ്പാറ, പൂപ്പുള്ളിക്കാട്, ചുരത്തിൻകളം റോഡിലും തെരുവ് വിളക്കുകൾ സ്ഥാപിക്കണം. കല്ലേംകോണം ഭാഗത്ത് വൈദ്യുതി എത്തിയിട്ടില്ല.

അഴിക്കോട്, കാളോട്, കരിയൻചിറ, മഞ്ഞാടി, ചെന്നക്കോട് ഭാഗത്ത് വൈദ്യുതി എത്തിയിട്ടില്ല. മഞ്ഞാടി, അഴിക്കോട്, കാളോട് റോഡിൽ തെരുവ് വിളക്കുകൾ

പഞ്ചായത്തിൽ വൈദ്യുതി മേഖലയിൽ അടിയന്തിരമായി ചെയ്യേണ്ട ലൈൻ പ്രവർത്തനങ്ങൾ സംബന്ധിച്ച പട്ടിക

നമ്പർ	പേര്	ലൈൻ	ചെലവ്
1.	വള്ളിക്കാട്-കുന്തപുള്ളി	700 മീറ്റർ 3 വയർ + 6)	54,682.00
2.	എക്കോട്-തെക്കേക്കര	800 മീറ്റർ + 6 (SL)	62,042.00
3.	ചിതലി-ചെന്നക്കോട്	300 മീറ്റർ + 4 (SL)	24,188.00
4.	വെള്ളപ്പാറ-ചുരത്തിൽകളം	500 മീറ്റർ + 5 (SL)	39,435.00
5.	ഏറാമംഗലം-ചാളക്കൽ	600 മീറ്റർ 2 വയർ	48,400.00
6.	കുന്നേക്കാട്-കളപ്പെട്ടി-അമ്പലപറമ്പ്	10 (SL)	5270.00
7.	അഴിക്കോട്-കാളോട്, ചെന്നക്കോട്-മഞ്ഞാടി	1 കിമീ + 10 (SL)	65,770.00
8.	കിഴക്കേമണ്ഡപംകുടം റോഡ്	780 മീറ്റർ 3 ഫേസ് കൺവെർഷൻ	42,600.00
9.	ആനക്കോട്-കരിഞ്ഞാൻന്തൊടി-കളക്കാട്	750 മീറ്റർ 2 ലൈൻ + 18 (SL)	54,861.00
10.	മാണിയംപറമ്പ്	750 മീറ്റർ + 8 (SL)	49,591.00
11.	അത്താണിപറമ്പ്	500 മീറ്റർ + 5 (SL)	33,100.00
12.	കൊല്ലത്തറ	500 മീറ്റർ + 5 (SL)	33,100.00
13	പുളിന്തൊടി-മാട്ടുകോണം-തച്ചങ്കോട്	750 മീറ്റർ 2 വയർ + 8 (SL)	49,591.00
14.	അംബേദ്കർ കോളനി	6 (SL)	3182.00
	മന്ദിരാട്	500 മീറ്റർ + 10 (SL)	35,520.00

സ്ഥാപിക്കണം.

സാദ്ധ്യതകൾ

വൈദ്യുതി ഓഫീസുകളിലെ റജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടുള്ള അളവിലാണ് വൈദ്യുതി ഉപയോഗിക്കുന്നത് എന്ന് ഉറപ്പുവരുത്തുക.

വൈദ്യുതി നഷ്ടത്തിന് കാരണമാവുന്ന പ്രേക്ഷണ വിതരണ തകരാറുകൾ പരിഹരിക്കുക. ഇതിനുവേണ്ടി മരച്ചില്ലകൾ ലൈനുകളിൽതട്ടി തടസ്സമുണ്ടാവുന്ന സാഹചര്യങ്ങൾ കർശനമായി ഒഴിവാക്കേണ്ടതാണ്. ഇതിന് പ്രത്യേക സംവിധാനം വേണം.

വൈദ്യുതിയുടെ പ്രസരണനഷ്ടം ഒഴിവാക്കുവാനും വീടുകളിൽ വൈദ്യുതിയുടെ ദുരുപയോഗം തടയുവാനും അപകടങ്ങൾ ഇല്ലാതാക്കുവാനും വൈദ്യുതി ബോർഡിന്റെ സഹായത്തോടെ പഞ്ചായത്ത്തലത്തിൽ ബോധവൽക്കരണം സംഘടിപ്പിക്കുക.

കൃഷിയോഗ്യമല്ലാത്ത തരിശ്ഭൂമിയിലും മലമ്പുഴ കനാലുകളുടെ പുറംപോക്ക് ഭൂമിയിലും വൃക്ഷങ്ങൾ വെച്ചുപിടിപ്പിച്ച് വിറക് ക്ഷാമം പരിഹരിക്കാവുന്നതാണ്. പുകയില്ലാത്ത വിറക് അടുപ്പിന്റെ പ്രചരണം വാർഡ്തലത്തിൽ സംഘടിപ്പിക്കേണ്ടതാണ്.

ഗതാഗതം

കുഴൽമന്ദം ഗ്രാമപഞ്ചായത്തിൽ റോഡ്ഗതാഗതം മാത്രമാണ് ഉള്ളത്. ജനജീവിതത്തിന്റെ പുരോഗതിക്കും നാടിന്റെ സർവ്വതോൻമുഖമായ വികസനത്തിനും ഗതാഗതം അനിവാര്യ ഘടകമാണ്. സേലം, കന്യാകുമാരി ദേശീയപാതയുടെ ഉദ്ദ്യേശം 7 കീമീ ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നു. കുഴൽമന്ദത്തിന്റെ വികസനത്തിന് ഈ ദേശീയപാത വളരെയധികം ഗുണംചെയ്തിട്ടുണ്ട്. ഇതിനുപുറമേ പൊതുമരാമത്ത് വകുപ്പിന് കീഴിലും റോഡുകൾ ഉണ്ട്. അവയുടെ വിവരം സംബന്ധിച്ച പട്ടിക താഴെ ചേർക്കുന്നു.

പട്ടിക - 1

PWD റോഡിന്റെ വിവരങ്ങൾ

ക്രമ നമ്പർ	റോഡിന്റെ പേര്	ദൂരം (കിമീ)	ബസ് ഗതാഗതം ഉണ്ട്/ഇല്ല
1.	കുളവൻമുക്ക്-കുത്തനൂർ	3.5	ഉണ്ട്
2.	കുഴൽമന്ദം-കൊടുവായൂർ	2	ഉണ്ട്
3.	കുഴൽമന്ദം-കോട്ടായി	1	ഉണ്ട്
4.	കുഴൽമന്ദം-O.NH	2	ഉണ്ട്
5.	പെരിങ്കുന്നം റോഡ്	3	ഇല്ല

പട്ടിക - 2

പഞ്ചായത്തിലെ ടാർ ചെയ്ത റോഡുകൾ

ക്രമ നമ്പർ	റോഡിന്റെ പേര്	ദൂരം (കിമീ)	ബസ്ഗതാഗതം ഉണ്ട്/ഇല്ല
1.	കുളവൻമുക്ക്-കളപ്പെട്ടി	3	ഉണ്ട്
2.	ബാലചന്ദ്രൻ മെമ്മോറിയൽറോഡ്	4.4	ഇല്ല
3.	മന്ദം-പെരിയപാലം	2.6	ഇല്ല
4.	ചിതലി-മഞ്ഞളൂർ	0.6	ഇല്ല
6.	ചിതലി-പുളക്കൽപറമ്പ്	1.5	ഇല്ല
7.	ചിതലി-മലയഗേവതി	0.3	ഇല്ല

പട്ടിക - 3

മെറ്റൽ ചെയ്ത റോഡുകൾ

ക്രമ നമ്പർ	റോഡിന്റെ പേര്	ദൂരം (കിമീ
1.	കളക്കാട് SL	1.0
2.	ആലടിക്കാട് SL	0.3
3.	ചിതലി-ചേങ്ങോട് SL	0.3
4.	ചിതലി-കുന്തംപുള്ളി DL	0.7
5.	മന്ദം-കൊല്ലംപറമ്പ് SL	0.8
6.	കിഴക്കേത്തറ-മാണിയംപറമ്പ് SL	0.305
7.	മന്നിരാട്-പുന്നക്കുളം	1.0
8.	പുതുക്കോട്-പുല്ലുപ്പാറ	1.5
9.	ഹൈസ്ക്കൂൾറോഡ്	0.82
10.	പുന്നക്കുളം-കൊഴിഞ്ഞംപറമ്പ്	1.2
11.	കല്ലേംകോണം-കരിയൻചിറ	2.0
12.	ചിതലി-മലയ ഭഗവതി	1.0
13.	കണ്ണനൂർ-മാണ്ടാർക്കോട് CADA	1.5
14.	പരുക്കുംപള്ളം-ആശാരിത്തറ	0.8
15.	കിഴക്കേമണ്ഡപംകുടംറോഡ്	0.6
16.	പുപ്പുള്ളിക്കാട് റോഡ്	0.5
17.	പെരുങ്കുന്നം-കുന്നേക്കാട്	1.0
18.	മുത്രാട്-കണിയംകോട്	0.5
19.	മഞ്ഞാടി-ആർമാംകോട്	1.8
20.	ഇല്ലത്തുപാടംറോഡ്	1.0

പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയിൽ 74.33 ഹെക്ടർ സ്ഥലം റോഡിനായി ഇപ്പോൾതന്നെ വിനിയോഗിച്ചി

ട്ടുണ്ടെങ്കിലും ഇനിയും ധാരാളം റോഡുകൾ അനിവാര്യമാണെന്നാണ് കാണുന്നത്. പുതിയതായി നിർമ്മിക്കേണ്ട റോഡുകളുടെ ഒരു നീണ്ട പട്ടികതന്നെ നിരത്താൻ കഴിയും. 95-96 -ൽ റോഡിനായി പഞ്ചായത്തിൽ മൊത്തം 491218 രൂപ ചെലവാക്കിയിട്ടുണ്ട്. ഇത് പഞ്ചായത്തിന്റെ ആകെ വരുമാനത്തിന്റെ 38.56% വരും. അതുകൊണ്ടുതന്നെ പുതിയ റോഡുകൾ ഉണ്ടാക്കുന്നതിന് അധികം തുക ചിലവഴിക്കാൻ ഇനി കഴിയാത്ത ഒരു അവസ്ഥയാണ് പഞ്ചായത്തിൽ നിലനിൽക്കുന്നത്.

അതുകൊണ്ട് പുതിയറോഡുകൾ എവിടെയൊക്കെ വേണമെന്ന് അതാത് സ്ഥലവാസികൾ തന്നെ നിശ്ചയിച്ച് അതിനാവശ്യമായ സ്ഥലം വിട്ടുകൊടുത്ത് ശ്രമദാനം വഴി റോഡുകൾ ഉണ്ടാക്കുന്നതിന് സന്നദ്ധത പ്രകടിപ്പിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ നിർമ്മിക്കപ്പെടുന്ന റോഡുകൾ ഏറ്റെടുത്ത് മെറ്റലിട്ട് ടാർജോലികൾ ചെയ്യുന്നതിന് പഞ്ചായത്ത് പ്രതിജ്ഞാബദ്ധമായിരിക്കും. റോഡ് വികസന കാര്യത്തിൽ വിശാലമായ ജനപങ്കാളിത്തം സ്വരൂപിക്കാനും അതുവഴി പുരോഗതി കൈവരിക്കുന്നതിനുമുള്ള ഒരു പുതിയ സംസ്കാരം ഉരുത്തിരിഞ്ഞ് വരേണ്ടിയിരിക്കുന്നു. ആയതിന് പഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും സഹായ സഹകരണം ഉണ്ടായാലേ മതിയാവൂ.

പഞ്ചായത്തിൽ PWD റോഡായി 5 എണ്ണം ഉണ്ട്. ആകെ 11.5 കിമീ ദൂരംവരും. അതിൽ കുളവൻമുക്ക്-കുത്തനൂർ റോഡും കുഴൽമന്ദം-കൊടുവായൂർ റോഡും കുഴൽമന്ദം-കോട്ടായി റോഡും അടിയന്തിരമായി വികസിപ്പിക്കേണ്ടതാണ്. അതുപോലെതന്നെ നിലവിൽ ബസ്സർവ്വീസ് നടത്തുന്ന കുളവൻമുക്ക്-കളപ്പെട്ടി പഞ്ചായത്ത്റോഡ് 8 മീറ്റർ വീതിയുണ്ട്. ബാലചന്ദ്രൻ മെമ്മോറിയൽ റോഡ് (നൊച്ചുള്ളി-ചിതലി) മന്ദം-പെരിയപാലം റോഡുകളും 8 മീറ്റർ വീതിയുണ്ടെങ്കിലും ബസ് സർവ്വീസ് ഇല്ല. കുളവൻമുക്ക്-കളപ്പെട്ടിറോഡും ബാലചന്ദ്രൻ മെമ്മോറിയൽ റോഡും മന്ദം-പെരിങ്കപാലം റോഡും PWD ഏറ്റെടുത്ത് ബസ് സർവ്വീസ് നടത്തുവാൻ പ്രാപ്തമാക്കേണ്ടതുണ്ട്. പഞ്ചായത്തിലെ 20-ലോറെ മെറ്റൽ ചെയ്ത റോഡുകളിൽ അടിയന്തിരമായി കളക്കാട് റോഡ്, ഹൈസ്കൂൾ റോഡ്, ചിതലി-മലയഭഗവതി റോഡ് പെരുങ്കുന്നം-പാങ്കുളം റോഡ്, അംബേദ്കർ കോളനി-പുതുക്കോട് റോഡ് എന്നിവ ടാർ ചെയ്ത് സംരക്ഷിക്കേണ്ടതുണ്ട്. 45 -ഓളം മണ്ണ്റോഡുകൾ നിലവിലുള്ളതിൽ പുപ്പുള്ളിക്കാട്-എറവക്കാട് റോഡ്, വേട്ടുവൻപാറ-എരക്കാട്ടുകളം റോഡ്, മുതുകാട് റോഡ്, പെരിങ്കുളങ്ങര റോഡ്, ചാത്തൻകോട്-പീച്ചറോഡ്, മുകാംബികറോഡ്, കളപ്പെട്ടി-ചക്കാന്തറ റോഡ്, കല്ലേംകോണം-ആന്തൂർകാട് എന്നീ റോഡുകൾ അടിയന്തിരമായി മെറ്റൽചെയ്ത് യാത്രാസൗകര്യം ഉണ്ടാക്കേണ്ടതാണ്.

പട്ടിക - 4

മെറ്റൽ ചെയ്യേണ്ട റോഡുകൾ

ക്രമ നമ്പർ	പേര്	നീളം കിമീ)
1.	കരിഞ്ഞാംതൊടി-നായാട്ടുമുളി	0.6
2.	വാണിയൻതറ	0.4
3.	ചെന്നക്കോട്	0.4
4.	പുപ്പുള്ളിക്കാട്	2.0
5.	കുഴൽമന്ദം ഗ്രാമം	0.5
6.	കൊഴിഞ്ഞംപറമ്പ്-പുത്തൻപുര	0.6
7.	പുല്ലുപ്പാറ	1.0
8.	കളപ്പെട്ടി-കുംമ്പാരത്തറ	0.6
9.	പെരുങ്കുന്നം-കുന്നേക്കാട്	1.4
10.	ഏറാമംഗലം-വാതിനിത്തറ	0.4
11.	പുതുക്കോട്-തെക്കുംപുറം	1.5
12.	പെരുങ്കുന്നം-തെക്കേക്കര	0.8
13.	വേട്ടുവൻപാറ-എരക്കാട്ടുകളം	1.0
14.	ചെമ്മണംപറമ്പ്	0.4
15.	ചേങ്ങോട്-കൊല്ലംപറമ്പ്	0.7
16.	മുതുകാട്	1.5
17.	ഇറവക്കാട്	2.0
18.	തോണിക്കാട്	0.5
19.	കാളോട്	0.98
20.	പെരിങ്കുളങ്ങര	1.8
21.	തെക്കേക്കര-പുപ്പനി	0.6
22.	ചാത്തൻകോട്-പീച്ചറോഡ്	1.5
23.	ചാളക്കൽ	0.6
24.	ആറാംകോട്	0.8
25.	മുത്രാട്പള്ളി	0.6
26.	ഇളനിരക്കോട്	0.8
27.	കരിപ്പാലിപ്പാടം	0.5
28.	കണിയങ്ങോണം	0.4
29.	മുകാംബിക	1.2
30.	ചിൻമയാനന്ദാ റോഡ്	0.3
31.	കരിങ്ങാതൊടി	0.3
32.	ചരപ്പറമ്പ്-കരുവട	0.3
33.	പെരുങ്കുന്നം-ആണ്ടിത്തറ	0.75
34.	പാങ്കുളം-തോണിക്കാട്	0.64
35.	നെല്ലിയംകാട്	0.605
36.	കളപ്പെട്ടി-ചക്കാന്തറ	1.6
37.	മന്ദം-തലമുളി	0.24
38.	കല്ലേംകോണം-അന്തൂർക്കാട്	1.12

39.	പഞ്ഞിറോഡ്-കാളനി	0.222
40.	മണ്ണാർക്കോ-നന്തുകുളങ്ങര തേക്കുവീ	0.35
41.	പുളിക്ൽ റോഡ്	0.7
42.	അ്പറക്കുളമ്പ്	0.515
43.	ക്കോട് റോഡ്	0.3
44.	ായർതറ	0.2
45.	ചിതലി-മലയഗേവതി	2.8

പട്ടിക -5

പുതിയ റോഡുകൾ ആവശ്യമുള്ളവ

വാർഡ്	പേര്	നീളം കിമീ
1	കൊട്ടാരപ്പടി മണ്ഡപംകുടം റോഡ്-കുന്നുപറമ്പ്	0.2
1	ചക്കാന്തറ-കുണ്ടുപറമ്പ്	0.15
1	നൊച്ചുള്ളി-നായാടിക്കോളനി	0.15
2	ചേനാത്തുപറമ്പ്-കവറത്തറ	0.2
3	കാളിമുത്തിപറമ്പ്-PWD റോഡ്	0.5
3	ആശാരിത്തററോഡിൽ കൽവർട്ട്	-
4	പോസ്റ്റാഫീസ്-പുളിത്തൊടി	0.15
4	BAJMH-മാട്ടുകാട്	0.15
4	പോലീസ്സ്റ്റേഷൻ-കാർട്ടേഴ്സ്	0.2
5	കാഞ്ഞിരംമ്പള്ളം-നെല്ലിയങ്കാട്	0.8
5	പെരുകുളങ്ങര-നെല്ലിയങ്കാട്	0.7
5	ആണ്ടിത്തറ-മായക്കാട്	0.5
6	തരിയംകോണം	0.5
6	പുന്നക്കുളം-കളപ്പെട്ടി	0.3
6	പൊക്കാത്ത്-ആലടിക്കാട്	0.3
6	കാരപ്പാടം-പള്ളി	0.15
6	പോത്തംകാട് തെക്കുഭാഗം	0.15
6	പടലോട് ഇടവഴി	0.15
6	കളപ്പെട്ടി	0.15
7	പടിഞ്ഞാറേകുന്നേക്കാട്-ചേലക്കാട്	0.2
9	അമ്പാഴപറമ്പ്-മണിയംപറമ്പ് (ശ്രമദാനം)	0.15
9	ചരപ്പറമ്പ്-കരുവക്കോട് (ശ്രമദാനം)	0.3
1	ചരപ്പറമ്പ്-അത്താണിപ്പറമ്പ്	0.3
10.	പുപ്പളിക്കാട്-പടിക്കൽ ശ്രമദാനം	0.2
10.	വേട്ടുവൻപാറ-മടയൻപറമ്പ് (ശ്രമദാനം	0.5

പ്രശ്നങ്ങൾ

റോഡുകളുടെ അറ്റകുറ്റപണികൾ യഥാസമയം നടത്തുന്നില്ല.

ഒട്ടേറെ വളവുതിരിവുകൾ കാരണം വാഹന അപകടങ്ങൾ പെരുകുന്നു.

നിർമ്മാണ പ്രവർത്തനത്തിൽ ജനപങ്കാളിത്തം ഇല്ലായ്മ.

അഴുക്ക് ചാലുകളുടെ നിർമ്മാണവും പരിരക്ഷയും ഇല്ലായ്മ.

പ്രധാന സ്റ്റോപ്പുകളിൽ വെയിറ്റിംഗ് ഷെഡുകളുടെ അഭാവം.

സാദ്ധ്യതകൾ

ഓരോ വാർഡിലും സന്നദ്ധ സംഘടനാ പ്രവർത്തനം വഴി റോഡ് നിർമ്മിക്കുക.

പഞ്ചായത്തിലെ മെറ്റൽ ചെയ്ത മുഴുവൻ റോഡും ടാർ ചെയ്ത് സംരക്ഷിക്കുക.

നിലവിലുണ്ടാക്കിയ റോഡുകൾ, മെറ്റൽചെയ്തും സൈഡ്കെട്ടി സംരക്ഷിക്കുക.

കുളവൻമുക്ക്-കുത്തന്നൂർറോഡ്, കുഴൽമന്ദം-കൊടുവായൂർ റോഡ്, കുഴൽമന്ദം-കോട്ടായിറോഡ് ഇവ വീതി കൂട്ടി ഗതാഗതസൗകര്യം മെച്ചപ്പെടുത്തുക.

കുളവൻമുക്ക്-കളപ്പെട്ടി, നൊച്ചുള്ളി-ചിതലി, മന്ദം-പെരിയപാലം തുടങ്ങിയ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് ഗതാഗതസൗകര്യം മെച്ചപ്പെടുത്തുക.

പ്രധാന സ്റ്റോപ്പുകളിൽ വെയിറ്റിംഗ് ഷെഡ് പണിയുന്നതിന് സന്നദ്ധസംഘടനകളെ പ്രോത്സാഹിപ്പിക്കുക.

സ്റ്റോപ്പുകളിൽ മൂത്രപ്പുര, കുടിവെള്ളം എന്നിവയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തുക.

എൻ.എച്ച് റോഡിൽ പുകമൂലമുള്ള പരിസരമലിനീകരണം തടയുന്നതിന് വനവൽക്കരണം നടത്തുന്നതിന് സന്നദ്ധ സംഘടനകളെ പ്രോത്സാഹിപ്പിക്കുക.

എൻ.എച്ച് റോഡിൽ ഗതാഗത ബാഹുല്യം കണക്കിലെടുത്ത് 4 വരി പാത നിർമ്മിക്കുക.


എൻ.എച്ച് റോഡിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

O.NH (പഴയറോഡുകൾ) പാർക്കിംഗ് ഐലന്റുകളായി വികസിപ്പിച്ചെടുക്കുക.

NH റോഡരികിൽ വഴിയോര വിശ്രമകേന്ദ്രം സ്ഥാപിക്കുക.

മദ്യപിച്ച് വാഹനം ഓടിക്കുന്നത് കർശനമായി തടയുക.

ഭവനനിർമ്മാണം, ക്ഷേമപ്രവർത്തനം



പാർപ്പിടം

കാർഷികഭൂപ്രദേശമായ കുഴൽമന്ദം പഞ്ചായത്ത് വിദ്യാഭ്യാസപരമായി വളരെയേറെ മുന്നിലല്ലെങ്കിലും സാംസ്ക്കാരികമായി മുന്നിലാണ്. കുഴൽമന്ദം 1, കുഴൽമന്ദം 2 എന്നീ രണ്ട് വില്ലേജുകളിലായി 30.62 ചതുരശ്രകി.മീ. ആണ്. ഈ പഞ്ചായത്തിന്റെ വിസ്തീർണ്ണം. കാർഷികപുരോഗതിയെ ആശ്രയിച്ചാണ് ഈ പ്രദേശത്തിന്റെ സാമ്പത്തിക നിലനില്പ്.

കുഴൽമന്ദം ഗ്രാമപഞ്ചായത്തിൽ പ്രാചീനകാലം തൊട്ട് താമസസൗകര്യത്തിന് മരസാധനങ്ങൾ, മണ്ണ്, കുമ്മായം, ഓട്, മുള, കരിമ്പനയുടെ പട്ട എന്നിവയാണ് ഉപയോഗിച്ചിരുന്നത്. മേച്ചിൽ ഓട് വ്യാപകമാവുന്നതിനുമുമ്പ് ചില്ലോട് എന്ന ഒരിനം ഓട് ഉപയോഗിച്ചിരുന്നു. ചെറുകിട കൃഷിക്കാരും സാമ്പത്തികമായി പിന്നോക്കംനിൽക്കുന്നവരും വീട് നിർമ്മിക്കുന്നതിന് ഇവിടെ വ്യാപകമായി കിട്ടുമായിരുന്ന പനംപട്ടയാണ് ഉപയോഗിച്ചിരുന്നത്. കർഷകതൊഴിലാളികൾക്കും ചെറുകിടകർഷകർക്കും മുൻതൂക്കമുള്ള ഈ പഞ്ചായത്തിൽ ഭൂരിപക്ഷം കർഷകത്തൊഴിലാളികളും പട്ടപ്പുരകളിലാണ് താമസിച്ചിരുന്നത്. ഭൂരിപക്ഷം കർഷകർക്കും ഇടത്തരം വീടുകളാണ് ഉണ്ടായിരുന്നത്. ഭൂപരിഷ്ക്കരണനിയമം നിലനിൽവന്നതോടെ കൃഷിഭൂമിയിലും കുടിയിരിപ്പിലും സ്ഥിരാവകാശം ലഭിച്ചതിനാൽ കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും സാമ്പത്തികനില കാര്യമായി മെച്ചപ്പെട്ടു. അത് അവരുടെ ഗൃഹനിർമ്മാണത്തിലും പരിഷ്ക്കാരങ്ങൾ വരുത്തി. അതുപോലെ ഗൾഫ് രാജ്യങ്ങളിൽ പോയി ജോലി നേടിയവരുടെ സാമ്പത്തിക വളർച്ച പുതിയ രീതിയിലുള്ള കോൺക്രീറ്റ് കെട്ടിട നിർമാണത്തിന് പ്രചോദനം ഏകി. ഗൃഹനിർമ്മാണരംഗത്ത് പല പരിഷ്ക്കാരങ്ങളും ശാസ്ത്രീയരീതികളും സ്വീകരിച്ചുതുടങ്ങിയെങ്കിലും ഈ പഞ്ചായത്തിൽ പാർപ്പിടപ്രശ്നം ഇനിയും പരിഹരിക്കപ്പെടേണ്ടതായിട്ടുണ്ട്.

92-93 സാമ്പത്തികവർഷത്തിൽ പഞ്ചായത്തിലെ 11 വാർഡുകളിലായി ഇപ്പോൾ നിലവിലുള്ള വീടുകൾ ഏകദേശം തുല്യത പുലർത്തുന്നവയാണ്. പഞ്ചായത്തിലെ 7139 വീടുകളിൽ 4307 എണ്ണം ഭേദപ്പെട്ടതും 2497 എണ്ണം ഇടത്തരവും ബാക്കി 335 എണ്ണം കുടിലുകളോ ഓലപ്പുരകളോ ആണ് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. മേൽപ്പറഞ്ഞവയിൽ 129 എണ്ണം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെയാണ്.

പഞ്ചായത്തിന്റെ മദ്ധ്യത്തിലൂടെ നാഷനൽ ഹൈവേ കടന്നുപോകുന്നതുകൊണ്ട് റോഡിന്റെ ഇരുവശവും കൃഷിഭൂമി നികത്തി കെട്ടിടങ്ങൾ പണിയുന്ന ഒരു പ്രവണത ചെറിയ തോതിൽ വളർന്നു വന്നിട്ടുണ്ട്. ഇതിന്റെ ഭാഗമായി കാർഷികമേഖലയിൽ ചെറിയ തോതിൽ ദോഷം സംഭവിക്കുന്നുണ്ട്. അതുകാരണം ഭൂമിയുടെ വില അനിയന്ത്രിതമായി കൂടുന്നതുകൊണ്ട് സാധാരണക്കാരന് വീട് നിർമ്മിക്കുവാൻ ഭൂമി വാങ്ങുന്നതിന് പ്രയാസം അനുഭവപ്പെടുന്നുണ്ട്.

പ്രശ്നങ്ങൾ

ഈ പഞ്ചായത്തിൽ ഭവനനിർമ്മാണരംഗത്ത് പ്രവർത്തിക്കുന്ന ഹൗസിങ് സൊസൈറ്റി നിലവിലില്ല. സർവ്വീസ് സഹകരണബാങ്ക്, ജില്ലാസഹകരണബാങ്ക് ശാഖ, കാർഷികവികസനബാങ്ക് ആലത്തൂർ ശാഖ, കേരളസംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസനകോർപ്പറേഷൻ എന്നീ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നാണ് പ്രധാനമായും വായ്പ ലഭിക്കുന്നത്. എന്നാൽ അമിതമായ പലിശയും വിഷമകരമായ ജാമ്യവ്യവസ്ഥയും കാരണം സാധാരണക്കാരന് ഈ സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.

പഞ്ചായത്തിലെ ഹരിജൻ കോളനികളിലും, പിന്നോക്കപ്രദേശങ്ങളിലും നിലവിലുള്ള പശ്ചാത്തല സൗകര്യങ്ങൾ വളരെ കുറവാണ്. ഇവിടെ നിർമ്മിച്ചിട്ടുള്ള വീടുകൾ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ അവയുടെ അവസ്ഥ വളരെ ശോചനീയമാണ്.

വിവിധപദ്ധതികൾ അനുസരിച്ച് ഈ പഞ്ചായത്തിൽ ദുർബ്ബല വിഭാഗങ്ങൾക്ക് സൗജന്യമായി നിർമ്മിച്ചുകൊടുത്ത വീടുകളുടെ എണ്ണം വളരെ കുറവാണ്.

ഭവനനിർമ്മാണബോർഡുവഴിയും വിവിധ സർക്കാർ പദ്ധതികളിലൂടെയും നടപ്പിലാക്കുന്ന ധനസഹായം, വാസ്തുക കാലോചിതമായി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഭവനനിർമ്മാണത്തിന് ആവശ്യമായ ഇഷ്ടിക, കരിങ്കല്ല്, മരം എന്നിവ ഈ പഞ്ചായത്തിൽ നിന്ന് ലഭിക്കുന്നുണ്ട്. എന്നാൽ ഓട് തൃശൂർ ജില്ലയിൽ നിന്നാണ് ലഭിക്കുന്നത്.

ഭവനനിർമ്മാണ സാമഗ്രികളുടെ വിലകയറ്റവും നിത്യോപയോഗസാധനങ്ങളുടെ വില കയറ്റത്തിനോടനുബന്ധിച്ച് തൊഴിലാളികളുടെ കൂലി വർദ്ധനയും സാധാരണക്കാരന് സ്വന്തമായൊരു വീട് എന്ന ആഗ്രഹം പൂർത്തിയാക്കാൻ പറ്റാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്.

പഞ്ചായത്തിൽ 1980-81 കാലഘട്ടങ്ങളിൽ വിദഗ്ദ്ധ തൊഴിലാളികൾക്ക് 8 രൂപയും അവിദഗ്ദ്ധതൊഴിലാളികൾക്ക് 5 രൂപയുമാണ് കൂലി നിരക്ക്. എന്നാൽ 1995-96 കാലവർഷമായപ്പോൾ അത് യഥാക്രമം 80-100 ഉം 40-60 ഉം ആയി. ഈ പഞ്ചായത്തിൽ ഇപ്പോൾ 230 ഓളം വിദഗ്ദ്ധ തൊഴിലാളികൾ ഉണ്ടെന്നാണ് സർവ്വേ സൂചിപ്പിക്കുന്നത്. അവിദഗ്ദ്ധ തൊഴിലാളികൾ കൂടുതലാണെങ്കിലും അവർക്ക് കൂലി നിരക്ക് കുറവാണ്.

പഞ്ചായത്തിലെ ഭവനരഹിതർക്ക് വീട് നിർമ്മിച്ചുനല്കാൻ സർക്കാർ വിവിധ ഏജൻസികളിലൂടെ ഇപ്പോൾ ലഭ്യമാക്കുന്ന വായ്പകളും, ധനസഹായങ്ങൾ കൊണ്ടും ഈ രംഗത്ത് കാര്യമായ മാറ്റം വന്നിട്ടില്ല. പാർപ്പിടരംഗത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. പഞ്ചായത്തിലെ മുഴുവൻ ഭവനരഹിതർക്കും വീട് നിർമ്മിക്കാൻ വായ്പ ആയോ, ധനസഹായം വഴിയോ സർക്കാർ ഏജൻസികൾ മുഖാന്തിരം സഹായം ലഭ്യമാക്കുക.
2. സർക്കാർ ഏജൻസികൾ വഴി നടപ്പാക്കുന്ന ഭവനനിർമ്മാണ സഹായത്തിനുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക.
3. പഞ്ചായത്തിൽ ലഭ്യമല്ലാത്ത കെട്ടിടനിർമ്മാണ സാമഗ്രികളുടെ നിർമ്മാണവും, വിതരണവും, സഹകരണാടിസ്ഥാനത്തിൽ നടത്തുക.
4. ഭവനനിർമ്മാണ രംഗത്തെ തൊഴിലാളികളെ സംഘടിപ്പിച്ച് Labour Contract Society രൂപീകരിക്കുക.
5. ഭവനനിർമ്മാണ സഹകരണസംഘം രൂപീകരിക്കുകയും ഈ സ്ഥാപനത്തിൽ കൂടുതൽ ആളുകളെ നിക്ഷേപം നടത്തുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
6. സർക്കാർ ഭവനനിർമ്മാണ സഹായം വഴി ലഭിച്ച വീടുകളുടെ അറ്റകുറ്റപ്പണികൾ ചെയ്തു തീർക്കുവാനുള്ള സാമ്പത്തിക സഹായം ബന്ധപ്പെട്ട വകുപ്പിൽ നിന്ന് അനുവദിക്കേണ്ടതാണ്.
7. നിർമ്മിതി കേന്ദ്രം പോലുള്ള സ്ഥാപനങ്ങളുടെ സഹായത്തോടെ ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് ബോധവല്കരണ ക്യാമ്പ് സംഘടിപ്പിക്കേണ്ടതാണ്.
8. നിർമ്മാണ രംഗത്ത് തൊഴിലാളികൾക്ക് സഹകരണസംഘങ്ങൾ വഴി പരിശീലനം കൊടുക്കുക വഴി ഈ രംഗത്തെ തൊഴിലാളി ദൗർലഭ്യം പരിഹരിക്കാൻ കഴിയും.
9. മൈത്രീ ഭവന നിർമ്മാണ പദ്ധതി ഈ പഞ്ചായത്തിൽ നടപ്പിലാക്കുക.
10. നിർമ്മാണ ചിലവ് 5 ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന വീടുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുക. ദുർവ്യയ ഭവനനിർമ്മാണം നിരുത്സാഹപ്പെടുത്തുവാൻ നികുതി സംവിധാനം ഏർപ്പെടുത്തുക.
11. സർക്കാർ നടപ്പിലാക്കുന്ന ഭവനനിർമ്മാണ പദ്ധതികളായ LAY, JRY, MWS എന്നിവയുടെ ധനസഹായത്തുക ഉയർത്തുക.
12. പഞ്ചായത്തിലെ മിച്ചഭൂമി, പുറമ്പോക്ക് ഭൂമി മുതലായവയിൽ നിന്ന് ഭൂരഹിതർക്ക് വീട് നിർമ്മിക്കുവാൻ 5 സെന്റ് ഭൂമി വീതം സൗജന്യമായി നൽകുക.
13. ഭവനനിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിനുള്ള നിർദ്ദേശങ്ങൾ.

1. നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കുക.

2. ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്നവർക്ക് പലിശ 5 ശതമാനവും അതിനു മുകളിലുള്ളവർക്ക് പത്തുശതമാനവും ആക്കി നിജപ്പെടുത്തുക.

3. വായ്പാ ഗഡുക്കൾ തിരിച്ചടക്കുന്ന കാലാവധി വർദ്ധിപ്പിക്കുക.

14. വിവിധ വകുപ്പുകളിലൂടെ നടപ്പിലാക്കുന്ന ഭവന നിർമ്മാണസഹായങ്ങളെ കുറിച്ച് അറിയുന്നതിനും സമയാസമയങ്ങളിൽ അപേക്ഷ നല്കുന്നതിനും പഞ്ചായത്തിലെ ജനങ്ങൾക്ക് ബോധവത്കരണ ക്യാമ്പുകൾ നടത്തുക.
15. ഭവനനിർമ്മാണ സഹായപദ്ധതികൾ പൂർണ്ണമായും പഞ്ചായത്തിലൂടെ ആയിരിക്കണം.

വീടുകളുടെ തരംതിരിവ് പട്ടിക (വാർഡ്തലം)

വാർഡ്	ആകെവീട്	നികുതി ഒഴിവാക്കിയത്	ആരാധനയാലയങ്ങൾ സ്ക്കൂൾ, ആശുപത്രി	നികുതി ചുമത്തുന്നവ	ഓലപ്പുര	SC/ST ഓലപ്പുര
1	513	177	19	317	30	5
2	679	298	56	325	45	15
3	713	232	33	448	10	5
4	887	2061	37	589	35	5
5	837	342	29	466	32	12
6	751	264	25	462	28	10
7	633	309	28	296	15	7
8	721	297	24	400	30	15
9	601	141	37	421	15	10
10	632	263	22	347	50	30
11	499	248	17	234	45	15
ആകെ	**7466**	**2832**	**327**	**4307**	**335**	**129**

പട്ടിക - 2

ഭവനലഭ്യതാ പട്ടിക

വർഷം	RLEGP	NREP	IAY	MWS	JRY	ആകെ
85-86	10	40				50
86-87	30	5				35
87-88	5	15				20
88-89	14	20				34
89-90			10			10
90-91			5	35	22	62
91-92			3	5	2	10
92-93			3	13	13	29
93-94			2	12	17	31
94-95			10	16	4	30
95-96			25	9	10	44
96-97			29		8	37

സാമൂഹ്യക്ഷേമം

സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ മുഖമുദ്ര ദാരിദ്ര്യവും, അജ്ഞതയും, അന്ധവിശ്വാസവുമായിരുന്നു. സർക്കാരിന്റെ ഏറ്റവും പ്രധാനമായ കർത്തവ്യം രാജ്യത്ത് പട്ടിണിയും, തൊഴിലില്ലായ്മയും ഇല്ലാതാക്കുന്നതിനുള്ള തീവ്രയത്നപരിപാടികളായിരുന്നു. അതിന്റെ ഭാഗമായിട്ടാണ് പഞ്ചവത്സരപദ്ധതികൾ ആരംഭിച്ചത്. പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി ആസൂത്രിത വികസനലക്ഷ്യമാക്കി 1952 ലാണ് NES ബ്ലോക്കുകൾ തുടങ്ങിയത്.

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനവിഭാഗങ്ങളുടെ പുരോഗതിലക്ഷ്യമാക്കിയുള്ള ക്ഷേമപദ്ധതികളാണ് ഇന്ന് നിലവിലുള്ളത്. ഈ രംഗത്ത് പല ഏജൻസികൾ നിലവിലുണ്ടെങ്കിലും പഞ്ചായത്തിൽ കാര്യമായി സഹായം ലഭ്യമാക്കി കൊണ്ടിരിക്കുന്നത് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസ് മുഖാന്തരമാണ്.

ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികൾ

ഐ.ആർ.ഡി.പി.

കുടുംബവാർഷിക വരുമാനം 11,000 രൂപയിൽ താഴെയുള്ള കുടുംബങ്ങളെ കണ്ടെത്തി അത്തരം കുടുംബങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾക്ക് രൂപം നൽകി സഹായിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

എട്ടാംപഞ്ചവത്സരപദ്ധതിയുടെ തുടക്കത്തിൽ 2181 കുടുംബങ്ങളാണ് ദാരിദ്ര്യരേഖക്കു് താഴെയുള്ളവർ എന്നാണ് പഞ്ചായത്ത് കണക്കുകൾ വ്യക്തമാക്കുന്നത്. മേല്പറഞ്ഞ കുടുംബങ്ങൾക്ക് മാത്രമേ വായ്പ കൊടുക്കുവാൻ കഴിഞ്ഞിട്ടുള്ളൂ.

പട്ടിക 1

IRDP സർവ്വേസഹായലഭ്യത കണക്ക്

വർഷം	പട്ടിക ജാതി	മറ്റു വിഭാഗം	ആകെ	സബ്സിഡി	വായ്പ
1992-93	31	25	56	1,64,614	2,61,615
1993-94	32	22	54	1,86,721	2,20,913
1994-95	23	26	49	2,34,666	3,11,670
1995-96	21	20	41	2,00,657	3,78,986

ഇതിൽ നിന്ന് ഒരു കാര്യം വ്യക്തമാണ് ദാരിദ്ര്യമനുഭവിക്കുന്ന എല്ല കുടുംബങ്ങളേയും സഹായിക്കാൻ പറ്റാത്ത പരിതസ്ഥിതിയാണ് ഈ പദ്ധതിക്കുവേണ്ടി ഓരോ കൊല്ലവും നീക്കി വെക്കുന്ന തുക പരിമിതമായതുകൊണ്ടാണ് ഇങ്ങിനെ സംഭവിക്കുന്നത്. IRDP സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ട അർഹരായ എല്ലാ കുടുംബങ്ങളേയും ഈ പദ്ധതിയിൽ കീഴിൽ സാമ്പത്തികസഹായം അനുവദിക്കുവാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

ഈ പദ്ധതിപ്രകാരം ആനുകൂല്യം കിട്ടിയ കുടുംബങ്ങൾ മുഴുവനായും ദാരിദ്ര്യവിമുക്തമായ ഒരു സ്ഥിതിയിൽ എത്തിയിട്ടില്ല. ഗുണഭോക്താക്കളുടെ ഇക്കാര്യത്തിലുള്ള അവബോധത്തിന്റെ കുറവാണ് പദ്ധതിയുടെ പരാജയത്തിന്റെ മുഖ്യകാരണം. സഹായം കിട്ടിയ ആളുകൾ വായ്പ തിരിച്ചടക്കാൻ ഉത്സാഹം കാണിക്കുന്നില്ല. അതുകൊണ്ട് അവരുടെ പേരിലുള്ള വായ്പയും പലിശയും കൂടി വരുന്നതുകൊണ്ട് വായ്പ എടുത്ത ആൾ ബാദ്ധ്യതക്കാരനായി മാറുന്നു. ഈ കാരണങ്ങൾ കൊണ്ട് ധനകാര്യസ്ഥാപനങ്ങൾ പുതിയ ആളുകൾക്ക് വായ്പ കൊടുക്കുവാൻ ഉദാസീനത കാണിക്കുന്നു. ചില ആളുകൾ എന്തിനുവേണ്ടിയാണോ വായ്പ എടുക്കുന്നത് ആ പദ്ധതി നടപ്പിലാക്കാതെ മറ്റു ആവശ്യങ്ങൾക്കുവേണ്ടി പണം ചെലവഴിച്ച് ദുരുപയോഗം ചെയ്യുന്നു.

ഈ പദ്ധതിയുടെ കീഴിൽ വരുന്ന ജീവനോപാധികളുടെ വില വർദ്ധനപരാജയത്തിന്റെ ഒരു കാരണമാവുന്നു. ആയതിനാൽ കാലോചിതമായി യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിക്കേണ്ടതാണ്. ഈ പദ്ധതിയിൽ കീഴിൽ ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന സബ്സിഡി തുക കൂട്ടേണ്ടതാണ്.

വായ്പ അനുവദിക്കുന്ന കാര്യത്തിൽ കുറെക്കൂടി ഉദാരമായ സമീപനം ധനകാര്യസ്ഥാപനങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും സ്വീകരിക്കേണ്ടതാണ്. ഈ പദ്ധതിയെക്കുറിച്ച് വ്യാപകമായ പ്രചരണപരിപാടി സംഘടിപ്പിക്കേണ്ടതും ദാരിദ്ര്യരേഖയുടെ പരിധി ചുരുങ്ങിയത് 25000 രൂപയായി എങ്കിലും വർദ്ധിപ്പിക്കേണ്ടതാണ്. . IRDP പദ്ധതി പ്രകാരം ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുവാൻ പഞ്ചായത്ത് തലത്തിൽ സ്ഥിരം മാർക്കറ്റിങ്ങ് സംവിധാനം ഉണ്ടാക്കേണ്ടതാണ്.

ഗ്രാമീണ വനിതാ ശിശുവികസനപരിപാടി (DWCRA)

ഗ്രാമപ്രദേശങ്ങളിലെ സ്ത്രീകളുടെയും കുട്ടികളുടെ ഉത്തമനത്തിനുവേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് ഗ്രാമീണവനിത ശിശു വികസന പരിപാടി. IRDP പദ്ധതി പ്രകാരം സാമ്പത്തിക ആനുകൂല്യം ലഭിക്കുവാൻ അർഹതയുള്ള കുടുംബങ്ങളിലെ സ്ത്രീകളാണ് ഈ പദ്ധതിയിലെ ഗുണഭോക്താക്കൾ. ഈ പഞ്ചായത്തിൽ രൂപീകരിച്ച DWCRA യൂണിറ്റുകളിന്റെ വിവരം.

DWCRA സഹായ ലഭ്യതാ പട്ടിക

നമ്പർ	വർഷം	സ്ഥലം	പദ്ധതി	ഗുണഭോക്താക്കളുടെ എണ്ണം
1.	1983-84	ചിതലി	കരിങ്കല്ല് ജല്ലി നിർമ്മാണം	21
2.	86-87	കവറത്തറ	മുള ഉപയോഗിച്ച് കുട്ട, വട്ടി നെയ്ത്ത്	20
3.	86-87	പുത്തൻതറ	കൈത്തറി വസ്ത്ര നിർമ്മാണം	20
4.	87-88	മന്ദം	റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം	20
5.	92-93	ചിതലി	പശുവളർത്തൽ	10
6.	92-93	രായിരത്തിൽകളം	പശുവളർത്തൽ	12
7.	96-97	പോത്തേംകാട്	ചെങ്കൽനിർമ്മാണം	8

മേല്പറഞ്ഞ യൂണിറ്റുകളിൽ ചിതലി (ജല്ലിനിർമ്മാണം) മന്ദം (റെഡിമെയ്ഡ് വസ്ത്രനിർമ്മാണം) മുതലായവ പ്രവർത്തിക്കുന്നില്ല. അംഗങ്ങളുടെ നിസ്സഹകരണമനോഭാവമാണ് ഇത്തരം യൂണിറ്റുകളുടെ പ്രവർത്തനത്തിന് തടസ്സം നിൽക്കുന്ന പ്രധാന ഘടകം. തുടങ്ങിയ യൂണിറ്റുകൾക്ക് ആവശ്യമായ വികസനപരമായ കാര്യങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കാത്തതിന്റെ കുറവും ഇതിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്. യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തുവാനും ആവശ്യമായ സഹായം നൽകാത്ത സന്നദ്ധസംഘടനകളുടെ സഹായം ലഭിക്കണമെന്ന് നിർദ്ദേശമുണ്ട്. യൂണിറ്റുകളുടെ പദ്ധതി തയ്യാറാക്കുന്നതിനുമുമ്പ് അസംസ്കൃത സാധനങ്ങളുടെ ലഭ്യത ഉല്പന്നങ്ങളുടെ വിപണനസാദ്ധ്യത മുതലായവ പരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്. പഞ്ചായത്തടിസ്ഥാനത്തിൽ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സ്ഥിരം സംവിധാനം വേണം ഈ പഞ്ചാത്തിൽ പുതിയതായി റെഡിമെയ്ഡ് യൂണിറ്റുകൾ രൂപീകരിക്കണമെന്ന് ഗ്രാമസഭകളിൽൽ നിന്ന് നിർദ്ദേശം വന്നിട്ടുണ്ട്.

ഗ്രാമീണയുവതീയുവാക്കൾക്കുള്ള സ്വയം തൊഴിൽ പരിശീലനപരിപാടി (TRYSEM)

ഗ്രാമീണയുവതീയുവാക്കൾക്ക് ചെറുകിട കുടിൽ വ്യവസായ സർവ്വീസ് മേഖലകളിൽ സ്വയം തൊഴിൽ പരിശീലനം നൽകി അവർക്ക് സ്വയം തൊഴിൽ പദ്ധതി തുടങ്ങുന്നതിന് ആവശ്യമായ വായ്പ ലഭ്യമാക്കുക എന്ന ലക്ഷ്യമാണ് ഈ പദ്ധതിക്കുള്ളത്. ഐ.ആർ.ഡി.പി. ലക്ഷ്യവിഭാഗത്തിൽ 18 നും 35 നും മദ്ധ്യേപ്രായമുള്ളവർ പരിശീലനത്തിന് അർഹരാണ്. പരിശീലനകാലയളവിൽ ഒരു നിശ്ചിത തുക സ്റ്റൈപ്പന്റ് ആയി ഗുണഭോക്താക്കൾക്ക് നൽകുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ കഴിഞ്ഞ പദ്ധതികാലയളവിൽ പരിശീലനം കിട്ടിയവരുടെ കണക്കുകൾ താഴെ ചേർക്കുന്നു.

ട്രൈസം പരിശീലനപട്ടിക

വർഷം	എണ്ണം
1992-93	9
1993-94	10
1994-95	5
1995-96	7
ആകെ	31

ഈ പദ്ധതിയിൽ കീഴിൽ തിരഞ്ഞെടുക്കാൻ അർഹതയുള്ളവരിൽ കുറച്ചുപേർക്ക് മാത്രമേ പരിശീലനം ലഭിച്ചിട്ടുള്ളു എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഈ സ്ഥിതി മാറി അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ഘട്ടംഘട്ടമായി അഭിരുചിക്കനുസരിച്ച് പരിശീലനം നൽകണം. സ്റ്റൈപ്പന്റ് മാത്രം ലക്ഷ്യമാക്കി വരുന്ന പരിശീലനാർത്ഥികളെ ബോധവൽക്കരണത്തിലൂടെ നേർവഴിക്ക് കൊണ്ടുവരുവാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്. ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന സ്റ്റൈപ്പന്റ് തുക കാലോചിതമായി കൂട്ടേണ്ടതാണ്.

ഗ്രാമീണ കൈതൊഴിലുകാർക്കുള്ള തൊഴിലുപകരണങ്ങളുടെ വിതരണപദ്ധതി (Tool Kit)

ഗ്രാമീണകൈതൊഴിലുകാർക്ക് അവരുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും വരുമാനം മെച്ചപ്പെടുത്തുന്നതിനുമായി നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ്. മരപ്പണി, ഇരുമ്പുപണി, സ്വർണ്ണപണി, മൺപാത്രനിർമ്മാണം എന്നീ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്. നടപ്പുപദ്ധതികാലത്ത് നമ്മുടെ പഞ്ചായത്തിൽ ഈ ആനുകൂല്യം ലഭിച്ചവരുടെ വിവരം.

വർഷം	എണ്ണം
1993-94	24
1994-95	04
1995-96	13
ആകെ	41

ഈ പഞ്ചായത്തിൽ ഇനിയുള്ള അർഹരായ എല്ലാ ഗ്രാമീണ കൈതൊഴിലുകാരെയും കണ്ടെത്തി ടൂൾകിറ്റ് വിതരണം ചെയ്യേണ്ടതാണ്. കൈതൊഴിലുകാരുടെ തൊഴിൽ സംരക്ഷിക്കുന്നതിന് ലേബർ കോൺട്രാക്റ്റ് സൊസൈറ്റി രൂപീകരിക്കുകയും പഞ്ചായത്തിലെ വികസനപ്രക്രിയയിൽ ഇവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനു പുറമെ അതിനാവശ്യമായ പണിയായുധങ്ങൾ നൽകുകയും വേണം.

കേന്ദ്രഗ്രാമ ശുചിത്വ പരിപാടി (CRSP)

ഗ്രാമങ്ങളിലെ ശുചിത്വ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ സർക്കാർ നടപ്പാക്കുന്ന പദ്ധതിയാണിത്. ഗ്രാമങ്ങളിൽ ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുവാൻ ഈ പരിപാടി വഴി സഹായം ലഭിക്കും.

യു.എൻ.ഡി.പി. മാതൃകയിലുള്ളവയായിരിക്കും കക്കൂസുകൾ. ഒരെണ്ണത്തിന് 2500 രൂപ ചെലവ് വരും. ഇതിൽ 300 രൂപ ഗുണഭോക്താവിന്റെ വിഹിതമായിരിക്കും. 2500 രൂപ സർക്കാർ സൗജന്യമായി ഗുണഭോക്താക്കൾക്ക് നൽകുന്നതാണ്. ഈ പദ്ധതിയിലൂടെ കഴിഞ്ഞ പദ്ധതികാലത്ത് ആനുകൂല്യം ലഭിച്ചവരുടെ വിവരം.

വർഷം	എണ്ണം
1992-93	2
1993-94	29
1994-95	36
1995-96	20
ആകെ	87

പഞ്ചായത്തിൽ കക്കൂസ് ഇല്ലാത്ത നിർദ്ധനരായ ആളുകൾക്ക് മുഴുവൻ കക്കൂസ് കെട്ടുന്നതിനുള്ള സാമ്പത്തികസഹായം അനുവദിക്കുകയും, അതുപയോഗിച്ച് ഇത്തരം ആളുകൾ കക്കൂസ് കെട്ടുന്നുണ്ടോ എന്ന് പരിശോധിക്കുകയും വേണം. സാമ്പത്തികമായി ഉയർന്ന ഇടത്തരം കുടുംബങ്ങളിൽ കക്കൂസ് ഇല്ലെങ്കിൽ അവരെ കക്കൂസിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തി അവരെകൊണ്ട് കക്കൂസ് ചെയ്യിപ്പിക്കുകയും വേണം.

കക്കൂസ് നിർമ്മിക്കുന്നതിന് ഇപ്പോൾ കൊടുക്കുന്ന ധനസഹായം കാലോചിതമായി പുനർനിർണ്ണയം ചെയ്തു വർദ്ധിപ്പിക്കേണ്ടതിനും പുറമെ അതാതുപ്രദേശത്തെ സാഹചര്യങ്ങൾക്കനുസരിച്ച് മാതൃകകൾ സ്വീകരിക്കേണ്ടതാണ്.

കോളറബാധിതപ്രദേശങ്ങളുള്ള നമ്മുടെ പഞ്ചായത്തിൽ കക്കൂസ് നിർമ്മിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സന്നദ്ധസംഘടനകളുടെ സഹായത്തോടെ ബോധവൽക്കരണ പരിപാടികൾ നടത്തേണ്ടതുമാണ്.

വിവിധ പദ്ധതികളിൽ ആനുകൂല്യത്തിനായി തിരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി ആനുകൂല്യം ലഭ്യമാക്കുന്നതിന് സേവനരംഗത്ത് പ്രവർത്തിക്കുന്ന ജീവനക്കാരുടെ അഭാവം നിലനിൽക്കുന്നുണ്ട്. ഇതിനു മാറ്റമുണ്ടാക്കാൻ സേവനരംഗത്ത് ആവശ്യമായ ജീവനക്കാരെ നിയോഗിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സാമൂഹ്യക്ഷേമപരിപാടികൾ സുശക്തമാക്കുന്നതിന് നിലവിലുള്ള പദ്ധതികൾക്ക് പുറമെ നൂതനമായ പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കേണ്ടതാണ്. സമൂഹ നന്മയേയും വ്യക്തിയേയും ലക്ഷ്യമാക്കി ആവിഷ്കരിച്ചിട്ടുള്ള തൊഴിലുറപ്പുപദ്ധതി (E.A.S) നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പെൻഷനുകളെ സംബന്ധിച്ച്

സാമൂഹ്യക്ഷേമരംഗത്ത് റവന്യൂ വകുപ്പ് നൽകിവരുന്ന പെൻഷനുകൾ നിർധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായവും, അർഹരായ മുഴുവൻ പേർക്കും കിട്ടുന്നില്ലെന്നും മാത്രമല്ല അനർഹരായവർ കൈപ്പറ്റുന്നതായിട്ടാണ് കാണാൻ കഴിയുന്നത്. അവശ ജന വിഭാഗങ്ങൾക്കു നൽകുന്ന ഈ പദ്ധതി കളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

വിധവാപെൻഷൻ

ഈ പഞ്ചായത്തിൽ 266 പേർക്ക് പെൻഷൻ ലഭിക്കുന്നുണ്ട്.

പെൻഷൻ അർഹതക്ക് അപേക്ഷിക്കുന്നതിനുള്ള പ്രയാസം പരിഹരിക്കുന്നതിനും തീർപ്പ് കൽപിക്കുന്നതിനും വിതരണത്തിനും പഞ്ചായത്ത് തലത്തിൽ സംവിധാനം ഉണ്ടാകേണ്ടതാണ്. പെൻഷൻ അപേക്ഷകന്റെ നിലവിലുള്ള കുടുംബവരുമാനപരിധി ഉയർത്തേണ്ടതാണ്.

അഗതിപെൻഷൻ

പഞ്ചായത്തിൽ 52 പേർക്ക് ഈ ആനുകൂല്യം ലഭിക്കുന്നുണ്ട്. നാട്ടാചാരപ്രകാരവും നിയമപരമായും വിവാഹമോചനത്തിനിരയായ 40 വയസ്സിനുമുകളിലുള്ള വരുമാനം കുറഞ്ഞ സ്ത്രീകൾക്ക് ഈ ആനുകൂല്യം ലഭ്യമാക്കണം.

വാർദ്ധക്യകാലപെൻഷൻ

ഈ പഞ്ചായത്തിൽ 140 പേർക്കാണ് വാർദ്ധക്യ കാലപെൻഷൻ ലഭിക്കുന്നുത്. വരുമാനപരിധിമാറി അർഹതയുള്ള എല്ലാവർക്കും ഈ ആനുകൂല്യം ലഭ്യമാക്കണം.

കർഷകതൊഴിലാളി പെൻഷൻ

അർഹരായ മുഴുവൻ കർഷകതൊഴിലാളികൾക്കും പെൻഷൻ ലഭിക്കുന്നില്ല. പ്രായക്കൂടുതൽ കാരണം ക്ഷേമനിധിയിൽ അംഗത്വം ലഭിക്കാൻ കഴിയാത്തവരെ കൂടി ഉൾപ്പെടുത്തി കർഷകതൊഴിലാളി പെൻഷൻ കൊടുക്കണം. പെൻഷൻ ആനുകൂല്യം 150 രൂപയായി വർദ്ധിപ്പിക്കണം. അപേക്ഷ തീർപ്പുകല്പിക്കൽ, പെൻഷൻ വിതരണം, പഞ്ചായത്തുകളിലൂടെ ആവണം. ഇതിനായി പഞ്ചായത്ത് തലത്തിൽ ഉപദേശകസമിതി രൂപീകരിക്കണം.

തൊഴിലില്ലായ്മവേതനം

തൊഴിലില്ലായ്മ വേതനം വാങ്ങുന്ന ഗുണഭോക്താക്കൾ പഞ്ചായത്ത് തലത്തിലുള്ള സന്നദ്ധസംഘടനാ പ്രവർത്തനങ്ങളിൽ പങ്കാളികളാവണം.ഈ ആനുകൂല്യം വാങ്ങുന്നവരിൽ അനർഹരായവരെ കണ്ടുപിടിച്ച് ഒഴിവാക്കേണ്ടതാണ്.

ക്ഷയരോഗപെൻഷൻ, 9 ഉം കുഷ്ഠരോഗികൾക്കുള്ള പെൻഷൻ 8 ഉം ഗുണഭോക്താക്കൾ പഞ്ചായത്തിലുണ്ട്. മേല്പറഞ്ഞ പെൻഷൻ തുക വർദ്ധിപ്പിക്കണ്ടതാണ്. ഈ ആനുകൂല്യം പഞ്ചായത്ത് മുഖാന്തിരം വിതരണം ചെയ്യേണ്ടതാണ്.

ക്ഷേമനിധികളെ സംബന്ധിച്ച്

കർഷകതൊഴിലാളിക്ഷേമനിധി

കർഷകതൊഴിലാളി ക്ഷേമനിധിയിൽ 3000 ത്തോളം തൊഴിലാളികൾ ചേർന്നിട്ടുണ്ട്. എന്നാൽ അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും ഇതിൽ അംഗത്വം ലഭിക്കുവാൻ സാധിച്ചിട്ടില്ല. ക്ഷേമനിധിയിലെ ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കുകയും ഇത് ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുകയും വേണം.

കെട്ടിടനിർമ്മാണ തൊഴിലാളിക്ഷേമനിധി

ഈ പദ്ധതിയിൽ പഞ്ചായത്തിൽ 150 ഓളം അംഗങ്ങൾ ചേർന്നിട്ടുണ്ട്. ഇതിന്റെ ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കണം.

കൈതൊഴിലാളി വിദഗ്ദ്ധ തൊഴിലാളിക്ഷേമപദ്ധതി

ഈ ക്ഷേമപദ്ധതിയിൽ പഞ്ചായത്തിൽ 50 പേർ അംഗത്വം നേടിയിട്ടുണ്ട്. ഇതിൽ അംഗത്വം ലഭിക്കാൻ അർഹതയുള്ള എല്ലാവരേയും ഉൾപ്പെടുത്തി ക്ഷേമനിധി നടപ്പിലാക്കേണ്ടതാണ്. ഉദാഹരണമായി ബാംബൂ വർക്കേഴ്സ്, മൺപാത്രനിർമ്മാണ തൊഴിലാളികൾ, ഓട്ടുപാത്രനിർമ്മാണ തൊഴിലാളികൾ, അലക്കുതൊഴിലാളികൾ, ബാർബർ തൊഴിലാളി, എന്നീ ഗവൺമെന്റ് അംഗീകരിച്ച മുഴുവൻ തൊഴിലാളികൾക്കും ക്ഷേമനിധിയിൽ അംഗത്വം നൽകേണ്ടതാണ്. കേന്ദ്ര ട്രേഡ് യൂണിയൻ അംഗത്വമുള്ളവർക്ക് മാത്രം അംഗീകാരം കൊടുക്കാവുന്നതായി നിജപ്പെടുത്തണം.

ചെത്തുതൊഴിലാളി ക്ഷേമനിധി

ഈ പഞ്ചായത്തിൽ ഈ ആനുകൂല്യത്തിന് അർഹരായവർ 57 ആളുകളുണ്ട്. ഈ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിലേക്കായി തൊഴിൽ സംരക്ഷണ നിയമം നടപ്പാക്കണം.

ചുമട്ടുതൊഴിലാളിക്ഷേമനിധി

ഈ പഞ്ചായത്തിൽ ആർക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നില്ല. ചുമട്ടുതൊഴിൽ ഉപജീവനമാർഗ്ഗമായി കഴിയുന്നവരും അംഗീകൃതതൊഴിലാളിസംഘടയിൽ അംഗത്വം ഉള്ള എല്ലാവർക്കും ഇതിൽ അംഗമാകാവുന്ന തരത്തിൽ നിയമം ഭേദഗതി ചെയ്യേണ്ടതാണ്.

നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് തോറും ക്ഷേമനിധി ഓഫിസ്സുകൾ സ്ഥാപിക്കുക.
2. ക്ഷേമനിധികളിലെ തൊളിലാളി വിഹിതം സഹകരണസംഘങ്ങളിലൂടെ പിരിച്ചീടാക്കാനുള്ള നടപടി സ്വീകരിക്കണം.

3. കർഷകതൊഴിലാളി ക്ഷേമനിധിയിൽ ഭൂവുടമകളുടെ വിഹിതം പിരിച്ചെടുക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണം.
4. കെട്ടിടനിർമ്മാണതൊഴിലാളിക്ഷേമനിധിയിലെ കെട്ടിട ഉടമാവിഹിതം പിരിച്ചെടുക്കാൻ സത്വരനടപടി സ്വീകരിക്കണം.
5. കർഷകതൊഴിലാളികളേയും നിർമ്മാണ തൊഴിലാളികളേയും സംരക്ഷിക്കുവാൻ കേന്ദ്രനിയമം കൊണ്ടുവരണം.

പൊതുവിതരണം

പൊതുവിതരണരംഗത്ത് 10 റേഷൻ കടകൾ 1 മാവേലി സ്റ്റോർ എന്നിവയാണ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. ഇതിൽ 4879 കാർഡുടമകളും 367 പെർമിറ്റുകാരും പൊതുവിതരണ ശൃംഖലയുടെ ആനുകൂല്യം കിട്ടുന്നവരാണ്. എന്നാൽ മുഴുവൻ കുടുംബങ്ങൾക്കും റേഷൻ കാർഡ് ഇല്ല എന്ന അവസ്ഥയാണ് കാണാൻ കഴിയുന്നത്. പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും റേഷൻ കടയിലും മാവേലി സ്റ്റോറിലും ഭക്ഷ്യധാന്യങ്ങളും പലവ്യഞ്ജന സാധനങ്ങളും കിട്ടുന്ന വിധത്തിൽ വിപുലപ്പെടുത്തണം. നിലവലുള്ളത് ക്രമീകരിച്ച് പഞ്ചായത്തടിസ്ഥാനത്തിൽ മാവേലി സ്റ്റോറുകൾ സ്ഥാപിക്കേണ്ടതാണ്. കാർഡുടമകൾക്കു മാത്രം സാധനങ്ങൾ ലഭിക്കുന്ന തരത്തിൽ വിതരണം ക്രമീകരിക്കേണ്ടതാണ്.

1995-96
റേഷൻകടകളുടെ വിവരം

ARD NO	NE	E	P
61	321	239	45
62	280	269	46
63	229	121	20
64	361	232	21
65	233	248	20
66	338	388	85
95	222	280	50
121	223	173	11
91/62	231	92	6
151	187	212	63
ആകെ	**2625**	**2254**	**367**

അംഗനവാടികൾ

സാമൂഹ്യക്ഷേമരംഗത്ത് സ്തുത്യർഹമായ സേവനം കാഴ്ച വെക്കുന്ന അംഗനവാടികൾ നമ്മുടെ പഞ്ചായത്തിൽ 11 വാർഡുകളിലായി 14 എണ്ണം പ്രവർത്തിക്കുന്നുണ്ട്.

ഓരോ ജനങ്ങൾക്ക് ഒരു അംഗനവാടിയെന്നതാണ് ഐ.സി.ഡി.എസ്സിന്റെ ലക്ഷ്യമെങ്കിലും നമ്മുടെ പഞ്ചായത്തിൽ ഇത് നേടാനായിട്ടില്ല. ഇത് അംഗനവാടിയുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്.

പുത്തൻ വിദ്യാഭ്യാസസംസ്ക്കാരത്തിന്റെ കടന്നുകയറ്റവും ഇംഗ്ലീഷിനോടുള്ള ഭ്രമവും പഞ്ചായത്തിലും പ്രകടമാണ്. നിലവിലുള്ള അംഗനവാടികളിൽ പ്രാഥമിക സൗകര്യത്തിന്റെ അഭാവം ജീവനക്കാരിൽ പ്രയാസവും കുട്ടികളുടെ രക്ഷിതാക്കളിൽ അസന്തുഷ്ടിയും ഉളവാക്കുന്നു. മേല്പറഞ്ഞ 14 അംഗനവാടികളിൽ സ്ഥലമില്ലാത്തതും അറ്റകുറ്റ പണി നടത്താത്തതും കളിപ്പാട്ടങ്ങൾ ഇല്ലാത്തതും വലിയ പ്രശ്നമുളവാക്കുന്നു. അംഗനവാടി ജീവനക്കാരുടെ സ്ഥിതിയും ദയനീയമാണ് രാവിലെ 9 മണിമുതൽ വൈകുന്നേരം 3.30 വരെ അംഗനവാടിയിലെ പ്രവർത്തനവും തുടർന്ന് മഹിളാസമൃദ്ധിയോജന, ആരോഗ്യ വകുപ്പിലെ ഗൃഹ സന്ദർശനം മുതലായവയും മറ്റുജോലികളും ഇവരിൽ അമിതജോലി ഭാരം ഉളവാക്കുന്നു. വർക്കർ, ഹെൽപ്പർ എന്നീ രണ്ടു തസ്തികകളാണ് അംഗനവാടിയിലുള്ളത് ഈ തസ്തികളിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ വേതനം വളരെ തുച്ഛമാണുതാനും.

നിർദ്ദേശങ്ങൾ

1. ഏതെങ്കിലും സാമ്പത്തിക ഏജൻസികളെക്കൊണ്ടോ, JRY ഫണ്ടോ ഉപയോഗിച്ച് അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുകയും ഉള്ളവയിൽ അറ്റകുറ്റ പണികൾ ചെയ്യേണ്ടതുമാണ്.
2. പഞ്ചായത്ത് ലീസ് ഭൂമിയോ, മിച്ചഭൂമിയോ അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടം സ്ഥാപിക്കുന്നതിന് നൽകുക.
3. DWCRA യൂണിറ്റ് ഫണ്ടിന്റെ നിശ്ചിതശതമാനം കളിപ്പാട്ടങ്ങൾ വാങ്ങുന്നതിന് ഉപയോഗിക്കുക.
4. അംഗനവാടികളിലൂടെ കുട്ടികൾക്ക് പോഷകാഹാരത്തിന് നൽകുന്ന സംഖ്യയുടെ പരിധി വർദ്ധിപ്പിക്കുക.
5. അനർട്ട് അടുപ്പുകൾ അംഗനവാടികളിൽ വ്യാപകമാക്കുക.
6. അംഗനവാടിവർക്കർമാരേയും ഹെൽപ്പർമാരേയും സർക്കാർ ജീവനക്കാരായി അംഗീകരിച്ച് വേതനവ്യവസ്ഥകൾ ഉയർത്തുക.
7. അംഗനവാടികളിൽ മുഴുവനും സാനിട്ടറി ലാട്രിൻ നിർമ്മിക്കുക.
8. കെട്ടിടം സ്വന്തമായി ഉള്ള അംഗനവാടികൾക്ക് ചുറ്റുമതിൽ നിർമ്മിക്കുക.
9. ഓരോ അംഗനവാടികളോടനുബന്ധിച്ച് സ്ഥലം ലഭ്യമെങ്കിൽ പച്ചക്കറിതോട്ടം നിർമ്മിക്കുക.
10. അംഗനവാടികളിൽ മെഡിസിൻ കിറ്റ് വിതരണം നടത്തുക.
11. അംഗനവാടികളിൽ ജലവിതരണത്തിന് പൈപ്പുകൾ സ്ഥാപിക്കുക.
12. അംഗനവാടികളിൽ പഠിക്കുന്ന പാവപ്പെട്ട കുട്ടികൾക്ക് ജാതിമതഭേദമെന്യേ വസ്ത്ര വിതരണം കാലാകാലങ്ങളിൽ നടത്തുക.
13. അംഗനവാടികളിൽ കുടിർജ്യോതി പദ്ധതി അനുസരിച്ച് വൈദ്യുതി വിളക്കുകൾ സ്ഥാപിക്കുക.
14. 1,2,3,5,8 എന്നീ വാർഡുകളിൽ ഓരോ അംഗനവാടിയും 50 ൽ കൂടുതൽ കുട്ടികളുള്ള സ്ഥലങ്ങളിൽ പുതിയ അംഗനവാടിയും ആരംഭിക്കണം.

അംഗൺവാടികളുടെ വിവരം

നമ്പർ	വാർഡ്	എണ്ണം	അംഗൺവാടികൾ	കെട്ടിടം ഉണ്ട്/ഇല്ല	കുട്ടികൾ	കളിപ്പാട്ടം ഉണ്ട്/ഇല്ല
1.	2	1	C2	ഉണ്ട്	133	ഇല്ല
2.	3	1	C3	ഉണ്ട്	65	ഇല്ല
3.	3	1	C8	ഉണ്ട്	91	ഇല്ല
4.	4	1	C4	ഉണ്ട്	63	ഇല്ല
5.	4	1	C13	ഉണ്ട്	70	ഇല്ല
6.	5	1	C5	ഉണ്ട്	4	ഇല്ല
7.	6	1	C6	ഉണ്ട്	98	ഇല്ല
8.	7	1	C9	ഇല്ല	97	ഇല്ല
9.	7	1	C7	ഉണ്ട്	153	ഇല്ല
10.	8	1	C10	ഉണ്ട്	167	ഇല്ല
11.	9	1	C11	ഉണ്ട്	116	ഇല്ല
12.	9	1	C14	ഉണ്ട്	79	ഇല്ല
13.	10	1	C12	ഉണ്ട്	82	ഇല്ല
14.	11	1	C1	ഉണ്ട്	188	ഇല്ല

സാംസ്കാരികരംഗം



രാഷ്ട്രപിതാവിന്റെ പാദസ്പർശമേറ്റ് പുണ്യപുളകമണിഞ്ഞ ഈ നാടിന് ഒരു സാംസ്ക്കാരിക പൈതൃകം തിലകച്ചാർത്ത് അണിയിക്കുന്നു. ചരിത്രത്തിന്റെ വികാസപ്രക്രിയയിൽ സൃഷ്ടിച്ചിട്ടുള്ളതും സൃഷ്ടിച്ചുകൊണ്ടിരിക്കുന്നതുമായ അതിന്റെ ഭൗതികവും ആത്മീയവുമായ മൂലകങ്ങളുടെ ആകെത്തുകയാണ് സംസ്ക്കാരം എന്ന നിർവ്വചനത്തെ സാർത്ഥകമാക്കുന്നതാണ് ഈ നാട്ടിലെ സാംസ്ക്കാരികരംഗം. ക്ഷേത്രങ്ങളും പള്ളികളും വിവിധ ജീവിതരീതികളും ഇടകലർന്നൊഴുകി മനുഷ്യസ്നേഹമാകുന്ന മഹാസാഗരത്തിൽ ലയിച്ച് സാംസ്ക്കാരിക ഐക്യത്തിന്റെ വിളനിലമായിത്തീരുന്ന കാഴ്ച വർത്തമാന കാലത്തിന്റേതുമാത്രമല്ല ഗതകാലത്തിന്റെ നേട്ടം കൂടിയാണ്. ജനങ്ങളുടെ തദ്ദേശീയമായ കൂട്ടായ്മകളിലൂടെ രൂപപ്പെട്ട സർഗ്ഗാത്മകത സാമൂഹ്യമാറ്റത്തിന്റെ അനിവാര്യതയെക്കുറിച്ചുള്ള തിരിച്ചറിവ് ജനങ്ങൾക്കേകിയപ്പോൾ സഫലമായത് ഇവിടുത്തെ സാംസ്ക്കാരിക പ്രവർത്തനങ്ങളുടെ ലക്ഷ്യങ്ങളിൽ ചിലതുമാത്രം.

കഴിഞ്ഞ കാലഘട്ടത്തിന്റെ രാജകീയസ്മരണകൾ അയവിറക്കിക്കൊണ്ട് കുഴൽമന്ദം കൊട്ടാരം നിലകൊള്ളുന്നു. ആ കൊട്ടാരത്തിന്റെ പ്രശാന്തതയിൽ ഉറങ്ങിക്കിടക്കുന്നത് സംവേദനഹൃദയമായ ഒരു കാലഘട്ടത്തിന്റെ സ്മൃതികളാണ്. കുഴൽമന്ദത്തെ പുൽപുരമന്ദത്തിന് തൊട്ടുവടക്കുഭാഗത്ത് സ്ഥിതി ചെയ്യുന്ന മരുതൂർ ക്ഷേത്രത്തോട് തൊട്ടാണ് കുഴൽമന്ദം കൊട്ടാരം സ്ഥിതിചെയ്യുന്നത്. അതിന്റെ അവശിഷ്ടമായി ഒരു കൽപത്തായവും കൽത്തറയും കൽച്ചുമരും ഇന്നുണ്ട്. ഈ പത്തായത്തിലെ നെല്ല് എത്രയെടുത്താലും വീണ്ടും നിറഞ്ഞിരുന്നതായി പഴമക്കാർ പറയുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇന്നും കർക്കിടകമാസത്തിലെ അത്തം നക്ഷത്രത്തിൽ നിറദിവസം കേരളത്തിന്റെ ഏതാനും ഭാഗങ്ങളിൽ 'നിറയോനിറ നിറ കുഴൽമന്ദം കൊട്ടാരം പോലെ നിറയോ നിറ' എന്ന് പറഞ്ഞുവരുന്നുണ്ട്. ഈ ക്ഷേത്രസങ്കേതത്തിന് തൊട്ടുതെക്കുഭാഗത്തു കിടക്കുന്ന പുൽപുരമന്ദിൽ ഒരു വലിയ ചെമ്പകവൃക്ഷം ഉണ്ടായിരുന്നുവെന്നും ശ്രീകൃഷ്ണഭഗവാൻ ഈ മരത്തിലിരുന്ന് ഓടക്കുഴൽ വായിച്ചതിന്റെ ഫലമായി ഈ പ്രദേശം കുഴൽമന്ദം എന്ന പേരിൽ പ്രസിദ്ധമായിത്തീർന്നു എന്നുമാണ് ഐതിഹ്യം. കുഴൽമന്ദം കൊട്ടാരത്തിന്റെ സമീപത്തിൽ അടിയാരെ കാത്തുവാഴുന്ന വടകോവിൽനാഥനാണ് മരുതൂർ ഭഗവാൻ എന്നാണ് വിശ്വാസം. വർഷങ്ങൾക്കുമുമ്പ് ഈ ക്ഷേത്രവും ക്ഷേത്രക്കുളവും തൊട്ടുകിടക്കുന്ന പ്രദേശങ്ങൾ മുഴുവനും നമ്പൂതിരിമാരുടെ അധീനത്തിലായിരുന്നു. ചുറ്റുപാടും അവരുടെ ഇല്ലങ്ങളും മനകളുമാണ് ഉണ്ടായിരുന്നത്. പന്നിയൂർ ഗ്രാമക്കാരായ ഈ നമ്പൂതിരിമാർ അവരുടെ അനുഷ്ഠാനങ്ങൾക്ക് ഈ ക്ഷേത്രം ഉപയോഗിച്ചിരുന്നു. പിന്നീട് അവർ സ്ഥലംവിട്ട് പോവുകയും ഈ ക്ഷേത്രം സാമൂതിരി രാജസരൂപത്തിലേക്ക് ലയിപ്പിക്കുകയും ചെയ്തു. അഴകൊത്ത മഹാദേവക്ഷേത്രം, ഭരതപുരം ക്ഷേത്രം, വടക്കുംനാഥക്ഷേത്രം എന്നിവയും സാമൂതിരി രാജവംശത്തിന്റെ കീഴിലാണ്. മരുതൂർ ശ്രീകൃഷ്ണഭഗവാന്റേയും ഈ ദേശത്തെ പരദേവതയായ ശ്രീകുരുംബാഭഗവതിയുടേയും സാന്നിദ്ധ്യം കൂട്ടിക്കലർത്തിക്കൊണ്ടാണ് ഇവിടത്തെ കണ്യാർ കളിയുടെ ചരിത്രം സ്ഥിതി ചെയ്യുന്നു.

പ്രാചീനസംസ്ക്കൃതിയുടെ വേരുകൾ തേടിപ്പോയ വിശ്വപ്രസിദ്ധസാഹിത്യകാരൻ ഒ.വി.വിജയൻ തന്റെ പ്രസിദ്ധനോവലായ ഖസാക്കിന്റെ ഇതിഹാസത്തിന് ഭൂമികയായി തെരഞ്ഞെടുത്തത് ചിതലിമലയുടെ താഴ്വരകളാണ്. അനേകം വിദേശഭാഷകളിലേക്ക് തർജ്ജമ ചെയ്തിട്ടുള്ള ഈ നോവലിന് പശ്ചാത്തലമായതോടെ ഈ ഗ്രാമം ധന്യമായി.. കലാരംഗത്തും തനതായ വ്യക്തിമുദ്ര പതിപ്പിക്കുവാൻ കുഴൽമന്ദത്തിന് കഴിഞ്ഞിട്ടുണ്ട്. പഞ്ചവാദ്യം എന്ന വാദ്യകലാരൂപത്തിന് നവീനമായ രൂപവും ഭാവവും നൽകിയ വിഖ്യാതകലാകാരൻ ചിതലി രാമ മാരാർക്ക് ജന്മം നൽകിയ നാടാണ് ഇത്.

ഭൂരിപക്ഷം ഹിന്ദുക്കളും ന്യൂനപക്ഷം ക്രൈസ്തവരുമാണ്. ഇവരുടെ ആരാധനാകേന്ദ്രങ്ങളായി അനേകം ക്ഷേത്രങ്ങളും പള്ളികളും ഉണ്ട്. ക്ഷേത്രങ്ങൾ രാജഭരണവുമായി ബന്ധപ്പെട്ട് നിലനിന്നിരുന്നവയാണ്. സാമൂതിരി കോവിലകത്തിന്റെ കീഴിലുള്ള ക്ഷേത്രങ്ങളാണ് ഇവിടെ കൂടുതൽ. പ്രധാനക്ഷേത്രങ്ങളിലെല്ലാം നിത്യവും പൂജയും ആരാധനയും ഉണ്ട്. ധാരാളം വിശ്വാസികൾ ഇവിടെ ദർശനം നടത്തുന്നു. അഴകൊത്ത മഹാദേവ ക്ഷേത്രം, വടക്കുംനാഥ ക്ഷേത്രം, മരുതൂർ ശ്രീകൃഷ്ണ ക്ഷേത്രം, കളപ്പെട്ടി മൂകാംബിക ക്ഷേത്രം എന്നിവ ഇവിടത്തെ പ്രധാന ക്ഷേത്രങ്ങളാണ്. എരവമന്ദാട്ടിൽ കാരണവരുടെ നേതൃത്വത്തിലുള്ള ട്രസ്റ്റ് നടത്തുന്ന നാല് ക്ഷേത്രങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. ഇവയിലെ കുറുംബക്കാവ് ക്ഷേത്രത്തിലെ മീനത്തിലുത്രാടം വേല പ്രസിദ്ധമാണ്. പുതിയ കോവിലകം തമ്പുരാന്റെ ക്ഷേത്രമായിരുന്ന മുത്താരംകാവ് ഭഗവതി ക്ഷേത്രവും പ്രസിദ്ധമാണ്. 20 വർഷങ്ങൾക്കുമുമ്പുവരെ ഇവിടെ വിപുലമായ ആഘോഷങ്ങൾ നടത്തിയിരുന്നു. ചിതലി പ്രദേശത്തെ മലയഭഗവതി ആരാധന പലതരത്തിലുള്ള വിശ്വാസങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്നു. നാട്ടുകാർ തങ്ങളുടെ കന്നുകാലികൾക്ക് അസുഖം വന്നാൽ ചികിത്സയ്ക്ക് മുമ്പ് ഇവിടെ പ്രാർത്ഥന നടത്തുകയും നേർച്ച നേരുകയും ചെയ്യുന്നു. ഇവിടെ മുസ്ലിം പള്ളികയും ഉണ്ട്. ഓരോ മതവിഭാഗത്തിനും പ്രത്യേക ഉത്സവാഘോഷങ്ങൾ ഉണ്ടെങ്കിലും എല്ലാ ഉത്സവങ്ങളിലും എല്ലാ മതവിഭാഗങ്ങളും പങ്കെടുക്കുകയും സഹായസഹകരണങ്ങൾ നൽകുകയും ചെയ്യുന്നു. കുഴൽമന്ദം കേന്ദ്രീകരിച്ച് നടത്തുന്ന അയ്യപ്പൻവിളക്ക് എല്ലാമതവിഭാഗങ്ങളുടെയും ആഘോഷമാണ്. അഴകൊത്ത മഹാദേവ ക്ഷേത്രത്തിൽ മണ്ഡലപൂജയുടെ പരിസമാപ്തി കുറിക്കുന്ന ആറാട്ടുത്സവം എല്ലാ ജനവിഭാഗങ്ങളെയും ആകർഷിക്കുന്നു. കണ്യാർകളിയോടനുബന്ധിച്ചുള്ള ആഘോഷങ്ങൾ കാളിമുത്തിക്കാവ് കേന്ദ്രമായുള്ള വിഷുവേല എന്നിവയെല്ലാം ഈ നാട്ടിലെ ആഘോഷങ്ങളാണ്. മുസ്ലിങ്ങളും അവരുടെ ആഘോഷങ്ങൾ നടത്താറുണ്ട്. പള്ളനേർച്ചയോടനുബന്ധിച്ച് കുഴൽമന്ദത്തുനിന്ന് തെരുവത്ത്പള്ളിയിലേക്ക് പോകുന്ന നേർച്ചയിൽ എല്ലാ മതവിഭാഗങ്ങളും പങ്കെടുക്കുന്നുണ്ട്.

പ്രാദേശിക കലകൾ

ഓരോ നാടിനും തനിമയാർന്ന നാടൻകലകളുടെ സമ്പന്നമായ ഒരു ചരിത്രം ഉണ്ട്. കുഴൽമന്ദവും ഇക്കാര്യത്തിൽ അനുഗൃഹീതമാണ്. ഇവിടത്തെ കലകൾ പലതും ഉത്സവാഘോഷങ്ങളുമായി ബന്ധപ്പെട്ടതാണ്. ക്ഷേത്രങ്ങളിലെ ഉത്സവങ്ങളിലെല്ലാം മുൻനിരയിൽതന്നെ പ്രത്യക്ഷപ്പെടുന്ന ഒരു പ്രാദേശിക കലയാണ് പറയപ്പൊറാട്ട്. ഉത്സവങ്ങൾക്കെല്ലാം അറിയിപ്പ് നൽകുന്നത് പറയർ സമുദായക്കാരാണ്. പൊറാട്ടുനാടകം തൊഴിലാക്കിയ ഒരു വിഭാഗം കണ്ണനൂരിൽ ഉണ്ട്. അവരിൽ ഒരു ആചാര്യമായ ചാത്തൻ ഇന്നും ജീവിച്ചിരുപ്പുണ്ട്. പൊറാട്ടുനാടകം ഉപജീവനമാക്കിയ ഒരു വിഭാഗം കളപ്പെട്ടിയിലും ഉണ്ട്. കുഴൽമന്ദത്തെ മറ്റൊരു നാടൻ കലയാണ് മലയപ്പൊറാട്ട്. നാടിന്റെ തനതായ വ്യക്തതയും സാംസ്ക്കാരികപാരമ്പര്യവും ഈ കലകളിൽ പ്രതിഫലിക്കുന്നു. പടിഞ്ഞാറെ മണ്ഡപം, കിഴക്കെ മണ്ഡപം എന്നിവ കേന്ദ്രമാക്കി നടത്തുന്ന കണ്യാർകളിയുടെ ആദ്യകാല ആചാര്യൻമാരിലൊരാളായിരുന്നു എ. കൃഷ്ണൻ ആശാരി. അദ്ദേഹത്തിന്റെ ശിഷ്യൻ എളനിറക്കാട് വേലായുധനും പ്രശസ്തനായിരുന്നു. കുഴൽമന്ദത്തെ മറ്റൊരു പ്രധാന നാടൻകലയാണ് കണ്യാർകളി. സംവിധാനഭദ്രതയിൽ ഉന്നതനിലവാരം പുലർത്തുന്ന ഈ കലാരൂപം വർഷം തോറും പ്രദർശിപ്പിക്കുന്നു. കണ്യാർകളി ഉത്സവത്തിന്റെ ഭാഗമായ ഈ കലാരൂപത്തിലെ അഷ്ടകലാശത്തോടെയുള്ള നൃത്തരൂപം സവിശേഷതയാർന്നത്. വർഷങ്ങൾക്കുമുമ്പ് തിരുവനന്തപുരം ദൂരദർശനിൽ ഇത് തെരഞ്ഞെടുക്കപ്പെട്ട് അവതരിപ്പിക്കുകയുണ്ടായി. കേരളത്തിൽ അപൂർവ്വം സ്ഥലങ്ങളിൽ മാത്രമുള്ള ഈ കല ഇപ്പോഴും അന്യൂനമായി നിലകൊള്ളുന്നു.

വിദ്യാലയങ്ങൾ-ഗ്രന്ഥശാലകൾ

സാമൂഹികമുന്നേറ്റം ലക്ഷ്യമാക്കി ചലനാത്മകവും ലക്ഷ്യാധിഷ്ഠിതവുമായ സാംസ്ക്കാരികപ്രവർത്തനങ്ങൾക്ക് ഗുണപരമായ നേതൃത്വം നൽകുക എന്ന ദൗത്യം ഇവിടത്തെ സാംസ്ക്കാരികപ്രവർത്തകർ തിരിച്ചറിഞ്ഞിട്ടുണ്ടെങ്കിലും ആ വഴിക്ക് ഊർജ്ജസ്വലമായ പ്രവർത്തനം ആവശ്യമാണ്. ഈ നാട്ടിലെ ഗ്രാമീണസംസ്ക്കാരത്തിന് പരിപോഷകമായി വർത്തിക്കുന്നവയാണ് വിദ്യാലയങ്ങളും വായനശാലകളും ഗ്രന്ഥശാലകളും. ഇവയിൽ പ്രഥമപരിഗണന അർഹിക്കുന്നത് വിദ്യാലയങ്ങളാണ്. കുഴൽമന്ദത്ത് ആദ്യത്തെ വിദ്യാലയം കണ്ണനൂരിൽ സ്ഥാപിതമായ സംസ്ക്കൃത വിദ്യാലയമാണ്. കളത്തിൽ കേളൻ മാസ്റ്ററായിരുന്നു ഈ വിദ്യാലയത്തിലെ ആദ്യത്തെ ആചാര്യൻ. 1915 ലാണ്ഈ വിദ്യാലയം ആരംഭിച്ചത്. ഇപ്പോൾ ഒരു ഹൈസ്ക്കൂൾ അടക്കം 8 വിദ്യാലയങ്ങൾ ഇവിടെയുണ്ട്. സ്ക്കൂളുകളിൽ കലാസാംസ്ക്കാരിക മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെക്കുന്ന രണ്ട് വിദ്യാലയങ്ങളാണ് സി.എ. ഹൈസ്ക്കൂളും യു.ജെ.ബി. സ്ക്കൂളും. പ്രാഥമിക വിദ്യാഭ്യാസം നേടിയവർ തുടർന്നുള്ള വായനയ്ക്ക് ഗ്രന്ഥശാലകളെയും വായനശാലകളെയും ആശ്രയിക്കുന്നു. സാക്ഷരതാ പരിപാടി ഒന്നാംഘട്ടത്തിൽ ഊർജ്ജിതമായിരുന്നുവെങ്കിലും സാക്ഷരതാശതമാനം ഈ പഞ്ചായത്തിൽ താരതമ്യേന കുറവാണ്. പുൽപൂരമന്ദത്തുള്ള തപോവന സ്മാരകഗ്രന്ഥാലയം നല്ലനിലയിൽ പ്രവർത്തിച്ചിരുന്നു. 50,000 ത്തോളം ഗ്രന്ഥങ്ങൾ ഇവിടെയുണ്ട്. സാമൂഹിക വിദ്യാഭ്യാസത്തിന്റെ ചാലകശക്തികളാകാൻ കഴിയുന്ന

ഗ്രന്ഥശാലകളുടെ പ്രവർത്തനം ഇപ്പോൾ ആശാവഹമല്ല. കുഴൽമന്ദത്തെ പ്രിയങ്ക റീഡിംഗ് റൂം ആന്റ് ലൈബ്രറി, നാഷനൽ റീഡിംഗ് റൂം, കണ്ണനൂരിലുള്ള എ.കെ.ജി.സ്മാരക വായനശാല, ചരപ്പറമ്പിലുള്ള ശ്രീനാരായണ ലൈബ്രറി എന്നിവ സാമാന്യം നല്ല നിലയിൽ പ്രവർത്തിക്കുന്നു. വാർത്താവിനിമയ രംഗത്തുണ്ടായ വിസ്ഫോടനം കുഴൽമന്ദത്തെ മാധ്യമരംഗത്തേക്കും കാര്യമായി സ്വാധീനിച്ചിട്ടുണ്ട്. ടെലിവിഷന്റേയും കേബിൾ ടി.വി.യുടെയും അതിപ്രസരം ഇവിടുത്തെ നാട്ടുകാരുടെ ഗൗരവവായനയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. വായനശാലകളുടെ പ്രവർത്തനം അല്പം മന്ദീഭവിച്ചതും ഒരു കാരണമാണ്.

കലാസാംസ്ക്കാരിക സമിതികൾ

കുഴൽമന്ദത്തെ സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്ന ക്ലബുകൾ 12 എണ്ണമുണ്ട്. ഇവ കലാ കായിക പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നു. ഗ്രാമീണജനതയുടെ കലാവാസനകൾ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ഈ സമിതികൾ മുൻകൈ എടുക്കുന്നു. യുവജനമേള, കേരളോത്സവം തുടങ്ങിയ പരിപാടികളിൽ ഗ്രാമീണരെ പങ്കെടുപ്പിക്കാൻ ക്ലബുകൾ ശ്രമിക്കാറുണ്ട്. പൊതു ആഘോഷങ്ങൾ, ദേശീയോത്സവങ്ങൾ എന്നിവയോടനുബന്ധിച്ച് ക്ലബുകൾ പരിപാടികൾ നടത്താറുണ്ട്. ഓണാഘോഷത്തോടനുബന്ധിച്ച് പൂക്കള മത്സരം ഇതിന് ഉദാഹരണമാണ്. കാർഷികമേഖലയായ കുഴൽമന്ദത്തിന്റെ മറ്റൊരു സവിശേഷത ഇവിടെ വർഷംതോറും നടത്തുന്ന കന്നുപൂട്ടുമത്സരം. ആവേശോജ്ജ്വലമായ ഈ മത്സരാഘോഷം നടത്തുന്നത് കാറിൽ റെയ്സ് ക്ലബ് ആണ്.

ബഹുജന പ്രസ്ഥാനങ്ങൾ

ജനകീയ പ്രസ്ഥാനങ്ങൾക്ക് ഉറച്ച വേരോട്ടമുള്ള നാടാണ് കുഴൽമന്ദം. ഏകദേശം എല്ലാ ദേശീയ കക്ഷികൾക്കും ഇവിടെ പ്രവർത്തകർ ഉണ്ട്. കർഷകത്തൊഴിലാളികൾ ഭൂരിപക്ഷമായിട്ടുള്ള ഈ പ്രദേശത്തെ തൊഴിൽ മേഖല സുസംഘടിതമാണ്. വ്യക്തമായ കാഴ്ചപ്പാടും വർഗ്ഗബോധമുള്ളവരാണ് ഇവിടുത്തെ കർഷകത്തൊഴിലാളികൾ. അനുകരണീയമായ ഒരു തൊഴിൽ സംസ്ക്കാരത്തിനുടമകളായ ഇവർ ഈ നാടിന്റെ അമൂല്യസമ്പത്താണ്. ജനങ്ങളുടെ പ്രശ്നങ്ങൾ അറിയുന്നതിനും അവയോട് അനുഭാവപൂർവ്വം പ്രതികരിക്കുന്നതിനും ഇവിടെ സന്നദ്ധ ബഹുജനസംഘടനകൾ ഉണ്ട്. ഏറെക്കുറച്ചിലുകൾ ഉണ്ടെങ്കിലും വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും പുരോഗമന ദേശീയ സംഘാടനകൾ, വനിതാസംഘടനകൾ, മഹിളാസമാജങ്ങൾ എന്നിവയെല്ലാം ഇവിടെ പുരോഗമന പരമായ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും

ലൈബ്രറികൾ & വായനശാലകൾ

നമ്പർ	പേര്	വർഷം	സ്വഭാവം	പുസ്തകങ്ങളുടെ എണ്ണം	പത്രമാസികകളുടെ എണ്ണം	പ്രവർത്തനം
1.	തപോവന സ്മാരക ഗ്രന്ഥാലയം	1950	സ്വാകര്യ വാടക ഗ്രന്ഥശാലാ സംഘം	50,000	-	10 വർഷമായി ഇല്ല.
2.	പ്രിയങ്ക ലൈബ്രറി	1990	സ്വകാര്യം	5,000	15	നല്ലനിലയിൽ പ്രവർത്തിക്കുന്നു.
3.	നാഷണൽ റീഡിംഗ് റൂം		"		15	നല്ലനിലയിൽ പ്രവർത്തിക്കുന്നു.
4.	എ.കെ.ജി സ്മാരക വായനശാല		"		15	നല്ലനിലയിൽ പ്രവർത്തിക്കുന്നു. വാർഷികം കൊണ്ടാടുന്നു.
5.	ശ്രീനാരായണ വായനശാല		"		10	നല്ലനിലയിൽ പ്രവർത്തിക്കുന്നു.


സാംസ്ക്കാരിക സമന്വയം സാദ്ധ്യമാക്കുന്നതിനും സഹകരിക്കുന്നു.

കുഴൽമന്ദം ഒരു കാർഷികമേഖലയാണ് എന്നതും സാമ്പത്തികമായ പിന്നോക്കാവസ്ഥയും ഇവിടത്തെ സാംസ്ക്കാരിക വിദ്യാഭ്യാസപ്രവർത്തനങ്ങളെ ബാധിച്ചിട്ടുള്ള ഘടകങ്ങളാണ്. പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് ശക്തമായ സ്വാധീനമുള്ള ഈ പഞ്ചായത്തിന്റെ സാംസ്ക്കാരിക പുരോഗതിക്ക് ഈ വിഭാഗങ്ങളുടെ ഉന്നമനം അനുപേക്ഷണീയമാണ്. സ്വാതന്ത്ര്യലബ്ധിക്ക് ശേഷമുള്ള കാലങ്ങളിൽ അടിസ്ഥാനവിദ്യാഭ്യാസം എല്ലാ വിഭാഗക്കാർക്കും ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ ധാരാളം സന്നദ്ധപ്രവർത്തനങ്ങൾ ഇവിടെ നടന്നിട്ടുണ്ട്. വയോജനവിദ്യാഭ്യാസം ഇതിൽ പ്രധാനമാണ്. ഇവിടത്തെ പട്ടികജാതി വിഭാഗം ജനങ്ങളിൽ അക്ഷരത്തിന്റേയും അറിവിന്റേയും വെളിച്ചം എത്തുന്നതിനു് ഇത് സഹായകമായിട്ടുണ്ട്. സമീപകാലത്ത് നടന്ന സാക്ഷരതായജ്ഞവും ഇവിടെ പ്രത്യാശാജനകമായ ഒരന്തരീക്ഷം സൃഷ്ടിച്ചു. എന്നാൽ തുടർസാക്ഷരതാപരിപാടി വേണ്ടത്ര വിജയിക്കാതിരുന്നത് ഒരു പോരായ്മയായി കാണേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസരംഗത്ത് ഇനിയും ബഹുദൂരം മുന്നോട്ടുപോയാൽ മാത്രമേ സൃഷ്ടിപരമായ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കാൻ കഴിയുകയുള്ളൂ.


സാമൂഹിക സാംസ്ക്കാരിക രംഗത്ത് വിലപ്പെട്ട സംഭാവനകൾ നൽകാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഈ മേഖലയിൽ ഇനിയും ബഹുദൂരം മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. കുഴൽമന്ദത്തെ സാംസ്ക്കാരികരംഗം പരിപോഷിപ്പിക്കുന്നതിന് ജനകീയാസൂത്രണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച വിശേഷാൽ ഗ്രാമസഭകൾ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഉന്നയിച്ചു.

1. കുഴൽമന്ദത്തെ സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും ഏകോപിപ്പിക്കുന്നതിനും പഞ്ചായത്ത് കേന്ദ്രമാക്കി ഒരു സാംസ്ക്കാരിക നിലയം സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കണം.
2. ഗ്രന്ഥശാലകൾ, വായനശാലകൾ എന്നിവ സജീവമാകുവാൻ തുടർസാക്ഷരതാ പരിപാടി ഊർജ്ജിതമാക്കണം.
3. കേബിൾ ടിവികളിലൂടെ വരുന്ന പരിപാടികളിലെ സാംസ്ക്കാരികജീർണ്ണതയ്ക്കെതിരെ ബോധവൽക്കരണം സംഘടിപ്പിക്കണം.
4. രണ്ടാം വാർഡിലെ വായനശാലയിൽ ടെലിവിഷൻ സ്ഥാപിക്കണം.
5. രണ്ടാം വാർഡിലെ സാംസ്ക്കാരിക നിലയം തുറന്നു പ്രവർത്തിക്കണം.
6. കണ്യാർകളിക്ക് പ്രോൽസാഹനം നൽകണം.
7. ഒന്നാം വാർഡിൽ പൊതുടെലിവിഷനും സാംസ്ക്കാരിക നിലയവും സ്ഥാപിക്കണം.
8. യുവജനമേളകൾ കാര്യക്ഷമമാക്കണം.
9. മൂന്നാം വാർഡിൽ ഒരു മൂവിംഗ് ലൈബ്രറി ആവശ്യമാണ്.
10. പതിനൊന്നാം വാർഡിൽ ഒരു സാംസ്ക്കാരിക നിലയം സ്ഥാപിക്കുന്നതിന് സ്ഥലം നൽകാൻ ജനങ്ങൾ തയ്യാറാണ്.
11. അഞ്ചാം വാർഡിലെ കോളനികളിൽ ഒരു പൊതുടെലിവിഷൻ ആവശ്യമാണ്.
12. പൊറാട്ടുനാടകത്തിന്റെ പ്രോൽസാഹനത്തിന് സാധനസാമഗ്രികൾ നൽകണം.
13. എട്ടാം വാർഡിലെ അർഹതയുള്ള അവശകലാകാരൻമാർക്ക് പെൻഷൻ അനുവദിക്കണം.
14. പറച്ചിലക്കാട് കൾച്ചറൽക്ലബ്ബിന്റെ കെട്ടിടം പുതുക്കിപണിയണം.
15. പഞ്ചായത്തിൽ ഒരു മിനിസ്റ്റേഡിയം ആവശ്യമാണ്.

കലാസാംസ്കാരിക സമിതികൾ



1. നാഷണൽ ആർട്സ് & സ്പോർട്സ് ക്ലബ്ബ്
2. സംഗമം യുവജനവേദി
3. ഫീനിക്സ്
4. യുവജന ആർട്സ്
5. ഫ്രന്റ്സ് ആർട്സ് & സ്പോർട്സ്
6. പറച്ചിലക്കാട് സാംസ്കാരിക നിലയം
7. കൃഷ്ണപിള്ള സ്മാരക കലാസമിതി





വനിതാക്ഷേമം

ഭാരത ചരിത്രത്തിൽ തങ്കലിപികളിൽ ആലേഖനം ചെയ്യേണ്ട ഒരു നവയുഗപിറവിക്ക് നാന്ദികുറിക്കുകയാണ് ജനകീയാസൂത്രണത്തിലൂടെ കേരള ജനതചെയ്യുന്നത്. നാളിതുവരെ നാം കണ്ടതിൽവെച്ച് ഏറ്റവും പ്രതീക്ഷയുണർത്തുന്ന ഒരു സംരംഭമായി ജനകീയാസൂത്രണം തീരുവാൻ പോവുന്നു. നാം പിന്നിട്ട പഞ്ചവൽസരപദ്ധതികളിലെല്ലാം വനിതാ വികസനം ലക്ഷ്യപ്രാപ്തിയിലെത്താൻ കഴിയാതെ ഒരു മരീചികയായി അവശേഷിക്കുന്നു. എന്നാൽ ജനകീയാസൂത്രണം അന്യൂനമായ വികസനപ്രവർത്തനങ്ങളിലൂടെ അതിന്റെ ലക്ഷ്യങ്ങൾ സഫലമാക്കുന്നതിൽ ഊന്നൽ നൽകുന്നതുമൂലം പ്രത്യാഗമക്കല്ലാതെ ഒട്ടും നിരാശക്ക് വക നൽകുന്നില്ല. സന്തുലിതമായ ഒരു തുലാസിലെ തട്ടുകൾപോലെ രാഷ്ട്രീയം, വിദ്യാഭ്യാസം, സാമ്പത്തികം, സാമൂഹികം തുടങ്ങി എല്ലാ രംഗങ്ങളിലും പുരുഷനും, സ്ത്രീയും തുല്യനിലയിൽ എത്തേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

കുഴൽമന്ദം ഗ്രാമപഞ്ചായത്തിലെ 1991 ലെ സെൻസസ്പ്രകാരം ജനസംഖ്യ 25292 ആണ്. അതിൽ 12981 പേർ സ്ത്രീകളാണ്. അതുകൂടാതെ സാക്ഷരതയിൽ പുരുഷന്മാർ 74.78 ശതമാനവും സ്ത്രീകൾ 61.20 ശതമാനവുമാണ്. ഇതിന്റെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 2561 സ്ത്രീകളുടെ സാക്ഷരത നിലവാരം 46.87 ശതമാനം മാത്രമാണ്.

പട്ടിക-1

ജനസംഖ്യ		സാക്ഷരതാ ശതമാനം
പുരുഷൻ	12311	74.78
സ്ത്രീ	12981	61.20

പട്ടികജാതി ജനസംഖ്യ

ജനസംഖ്യ		സാക്ഷരതാ ശതമാനം
പുരുഷൻ	2472	52.47
സ്ത്രീ	2563	41.27
ആകെ	5035	46.87

വിദ്യാഭ്യാസം

പട്ടിക 2

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പഠിക്കുന്നവരുടെ പട്ടിക

1 ാം ക്ലാസ് മുതൽ 10 ാം ക്ലാസ്സ് വരെ	ആകെ വിദ്യാർത്ഥിനികൾ	ആകെ വിദ്യാർത്ഥികൾ
	2330	2397

പട്ടിക 3

മറ്റ് പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനത്തിൽ പോയി പഠിക്കുന്നുവർ

1 ാം ക്ലാസ് മുതൽ 10 ാം ക്ലാസ്സ് വരെ	ആകെ വിദ്യാർത്ഥിനികൾ	ആകെ വിദ്യാർത്ഥികൾ
	210	290

2. ആരോഗ്യം

ആരോഗ്യരംഗത്തും സ്ത്രീപുരുഷന്മാരുടെ അന്തരം

ഇന്നും നിലനിൽക്കുന്നു. ആരോഗ്യപരിപാലത്തിൽ സ്ത്രീകളെ കൂടുതൽ ശ്രദ്ധക്കേണ്ടിയിരിക്കുന്നു. കുടുംബത്തിന്റെ ആരോഗ്യസംരക്ഷണം അവരുടെ നേതൃത്വത്തിലാണെങ്കിലും അവരുടെ സ്വന്തം കാര്യത്തിൽ വേണ്ടത്ര ശ്രദ്ധിക്കാൻ കഴിയാതെ പോകുന്നു. ഗർഭിണികൾക്കും കുട്ടികൾക്കും നൽകേണ്ടതായ പ്രതിരോധകുത്തിവെയ്പുകളെ കുറിച്ച് അജ്ഞത നിലനൽക്കുന്നു. ഈയാവശ്യത്തിനായി ഗർഭിണികൾക്കും, കുട്ടികൾക്കും, നൽകേണ്ടാതായ ഇരുമ്പ്/ഫോളിക് ഗുളികകളും, വിറ്റാമിൻ എ തുള്ളിമരുന്നുകളും മുതലായവയെ കുറിച്ച് ജൂണിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരിലൂടെ ബോധവൽക്കരണത്തിന്റെ ആവശ്യകത ഈ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിൽ 1995-96 വർഷത്തിൽ ആകെ ജനനം 193 ഉം ചാപിള്ള ജനനം രണ്ടുമാണ്. പഞ്ചായത്തിലുള്ള ആരോഗ്യകേന്ദ്രങ്ങളിൽ 26050 പേർ ഔട്ട്പേഷ്യന്റായി വന്നിട്ടുണ്ട്. അതിൽ കോളറ, ടൈഫോയിഡ്, അമീബിയാസിസ്റ്റ് തുടങ്ങി പകർച്ചവ്യാധികൾ മൂലം 4642 പേർ ചികത്സ തേടിയിട്ടുണ്ട്. മറ്റുള്ള രോഗങ്ങൾമൂലം 21408 പേർക്ക് ചികിത്സ നൽകിയിട്ടുണ്ട്. കുടിവെള്ളത്തിലൂടെ പകരുന്ന സാംക്രമി രോഗങ്ങൾ വനിതകളുടെ ആരോഗ്യസംരക്ഷണത്തിന് ഇന്നും ഭീഷണിയായ് നിലനിൽക്കുന്നു. മഴക്കാലങ്ങളിൽ ഒലിച്ചിറങ്ങുന്ന മലിനജലം കുടിവെള്ളത്തിൽ കലർന്ന് അതുപയോഗിക്കുന്നവർക്ക് ഛർദ്ദിഅതിസാരം എന്നീ പകർച്ച വ്യാധികൾ ഉണ്ടാവാൻ ഇടയാക്കുന്നു. നമുക്കു ലഭിക്കുന്ന ശുദ്ധജലം വൃത്തിയായി സൂക്ഷിക്കുവാനുള്ള ബോധനം വനിതകൾക്കിടയിൽ അത്യാവശ്യമാണ്.

3. തൊഴിൽ

കുഴൽമന്ദം ഗ്രാമപഞ്ചായത്തിൽ പരമ്പരാഗത തൊഴിലുകളായ മൺപാത്ര നിർമ്മാണം, കൈത്തറി, വസ്തുനിർമ്മാണം, മുള, ഈറ, തുടങ്ങിയവ കൊണ്ടുള്ള കൊട്ട, മുറം മുതലായവയുടെ നിർമ്മാണം നല്ല രീതിയിൽ നടന്നുവരുന്നു. അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യതയും, കൂലികുറവും കാരണം ഈ തൊഴിൽ രംഗങ്ങൾ നാമാവശേഷമായി കൊണ്ടിരിക്കുന്നു. ഇവയിൽ മൺപാത്ര നിർമ്മാണം, മുള കൊണ്ട് നിർമ്മിക്കുന്ന വട്ടി, കൊട്ട തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ മാത്രം ചെറിയ തോതിൽ നിലനിൽക്കുന്നു. ഈ പഞ്ചായത്തിൽ വിവിധ വാർഡുകളിൽ ടൈലറിങ്ങ് പരിശീലനം പൂർത്തിയാക്കിയവർ ധാരാളമുണ്ട്. ഇവർ അന്യ സ്ഥലങ്ങളിൽ തൊഴിൽ തേടി പോകുന്ന പ്രവണതയാണ് ഇന്നും കാണുന്നത്. കൂടാതെ ബുക്ക് ബൈൻഡിംഗ്, വറ്റൽ, അച്ചാർ, ജാം നിർമ്മാണം, പ്ലാസ്റ്റിക് കെയിൽ വർക്കുകൾ, കരകൗശല വസ്തുക്കൾ തുടങ്ങിയവ നിർമ്മിക്കുന്നതിൽ പ്രാവീണ്യം നേടിയ സ്ത്രീകൾ ഇവിടെയുണ്ട്.

ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ നേതൃത്വത്തിൽ കളപ്പെട്ടിയിൽ വീവിങ്ങ്, സ്പിന്നിങ്ങ് യൂണിറ്റുകൾ വനിതകളെ മാത്രം ഉൾപ്പെടുത്തിയാണ് നടത്തിവരുന്നത്. ആകെ 85 പേർക്കു ജോലിസാദ്ധ്യതയുള്ള ഇവിടെ രണ്ടു വിഭാഗത്തിലുമായി 42 വനിതകൾ മാത്രമേ പണിയെടുക്കുന്നുള്ളൂ. ജോലിസ്ഥിരത യില്ലായ്മയും, കൂലികുറവുമാണ് വനിതകളെ ഈ രംഗത്തേക്കു ആകർഷിക്കാതിരിക്കുന്നത്.

കുളവൻമുക്ക് വനിത ടൈലറിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ശില്പ ടൈലറിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിൽ ഏകദേശം 100 ഓളം വനിതകൾക്ക് പരിശീലനം കൊടുക്കുന്നുണ്ട്. ഇവർക്കെല്ലാം പ്രവർത്തന മേഖല ലഭ്യമായാൽ ഈപഞ്ചായത്തിലെ തൊഴിൽ രഹിതരായ സ്ത്രീകളുടെ സംഖ്യഗണ്യമായി കുറയ്ക്കാം. റെഡിമെയ്ഡ് വസ്ത്രനിർമ്മാണത്തിൽ പ്രാവീണ്യം നേടിയ നിരവധി സ്ത്രീകൾ പ്രവർത്തനരംഗം കാണാതെ വിഷമിക്കുന്നതിന് ആശ്വാസം ലഭിക്കും.

കാർഷികമേഖലയായ കുഴൽമന്ദം പഞ്ചായത്തിൽ കർഷകതൊഴിലാളികളിൽ ഭൂരിഭാഗവും വനിതകളാണ്. ആകെ 4343 കർഷകതൊഴിലാളികളിൽ 2626 പേർ സ്ത്രീതൊഴിലാളി കളാണുള്ളത്. ഇവർക്ക് വർഷത്തിൽ രണ്ടു സീസണിൽ (നെൽകൃഷിപണി) മാത്രമാണ് ജോലി ലഭിക്കുന്നത്. രണ്ടു സീസണുകളിലായി ഏകദേശം 45-50 തൊഴിൽ ദിനങ്ങൾ മാത്രമാണ് ലഭിക്കുന്നത്. പഞ്ചായത്തിൽ ഏകീകരിച്ച കൂലി നിലവിലില്ല. പുരുഷതൊഴി ലാളികൾക്ക് 50-60 രൂപ കൂലിയും സ്ത്രീകൾക്ക് 25-3-35 രൂപ നിലയിലുമാണ് കൂലി. ഏകീകൃതമായ കൂലിവ്യവസ്ഥ പഞ്ചായത്തിൽ നിലവിൽ വരേണ്ടത് അത്യാവശ്യമാണ്. ഈ രംഗങ്ങളിൽ കർഷകതൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരുന്നു. പുതിയതലമുറ ഈ രംഗങ്ങളിലേക്ക് കടന്നു വരാൻ മടിക്കുന്നു. മെച്ചപ്പെട്ട കൂലിവ്യവസ്ഥ നടപ്പിലാക്കുകയും പെൻഷൻ, ക്ഷേമനിധി കാര്യക്ഷമമാക്കുകയും നിലവിലുള്ള ഇൻഷുറൻസ് സംവിധാനത്തെ കുറിച്ച് തൊഴിലാളികൾക്കിടയിൽ ബോധവൽക്കരണം നടത്തുകയും ചെയ്താൽ ഒരു പരിധി വരെ വനിതകളെ കാർഷികമേഖലയിലേക്ക് ആകർഷിക്കുവാൻ കഴിയും

തൊഴിൽമേഖല

തൊഴിൽ വിവരം	സ്ത്രീ എണ്ണം	പുരു എണ്ണം
കർഷകൻ	289	756
കർഷകത്തൊഴിലാളികൾ	2626	1117
മൃഗസംരക്ഷണം	4	139
ചെറുകിട വ്യവസായം	44	593
കെട്ടിടനിർമ്മാണം	105	439
ഗതാഗതം വാർത്താവിനിമയം	20	488
വ്യാപാരം	35	729
മറ്റുള്ളവ	1001	1113
തൊഴിലില്ലാത്തവർ	8935	6330

സ്വയം സംരഭങ്ങളിലൂടെ വിവിധ ചെറുകിട വ്യവസായയൂണിറ്റുകളിൽ (അടുക്കളതോട്ടം, ആടുവളർത്തൽ, പ്ലാസ്റ്റിക് കൊണ്ടുള്ള പാക്കേജിംഗ് ഉപകരണങ്ങളുടെ നിർമ്മാണ്, ചന്ദനത്തിരി, മെഴുകുതിരികളുടെ നിർമ്മാണം തുടങ്ങിയവ പ്രധാനം) സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കാൻ വേണ്ട ബോധവൽക്കരണം ഓരോ വാർഡിലും അത്യാവശ്യമാണ്.

1991 ലെ കാനേഷുമാരി കണക്കുപ്രകാരം ഈ പഞ്ചായത്തിൽ 8935 സ്ത്രീകൾ തൊഴിലില്ലാത്തവരുമായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ വീട്ടുജോലികൾക്കിടയിൽ ആടുമാടുകളെ സംരക്ഷിക്കുക, കോഴിവളർത്തിൽ ഏർപ്പെടുക, വിറക് ശേഖരിക്കൽ, മറ്റു വീടുകളിലേക്ക് കുടിവെള്ളം എത്തിച്ചുകൊടുക്കുക എന്നീ നാനാവിധ കാണാപണികളിൽ ഈ പഞ്ചായത്തിലെ ഒരു വിഭാഗം സ്ത്രീകൾ ഏർപ്പെട്ട് വരുന്നു. ഈ പ്രവർത്തിയെടുക്കുന്നവർ ഏകദേശം 394 പേർ വരുന്നു.

ഈ പഞ്ചായത്തിൽ 360 ഓളം സ്ത്രീകൾ കുടുംബനാഥകളായി ഉണ്ട്. ഇവരിൽ ഭൂരിഭാഗവും കാർഷികവൃത്തിയുമായി ബന്ധപ്പെട്ടുകഴിയുന്നവരാണ്. ഇവർക്ക് അർഹതയുള്ള പെൻഷൻ മുതലായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് നിയമതടസ്സങ്ങൾ നിലവിലുണ്ട്. പഞ്ചായത്ത് തലത്തിൽ ഇവയെല്ലാം പരിഹരിച്ച് യഥാസമയത്ത് ആനുകൂല്യം ലഭിക്കുന്നതിന് വേണ്ട പ്രവർത്തനം ത്വരിതഗതിയിലാക്കേണ്ടതാകുന്നു. 1996 വരെ ആകെ 177 പേർക്ക് വിധവാപെൻഷൻ ആനുകൂല്യം ലഭിക്കുന്നുണ്ട്.

അംഗനവാടികൾ

പഞ്ചായത്തിൽ മൊത്തം 14 അംഗനവാടികളാണ് നിലവിലുള്ളത്. ജനസംഖ്യാടിസ്ഥാനത്തിൽ 11 അംഗനവാടികൾ കൂടി അനുവദിക്കേണ്ടതാണ്. നിലവിലുള്ളവയിൽ തന്നെ രണ്ടെണ്ണത്തിനു സ്വന്തമായി കെട്ടിടമില്ല. അംഗനവാടികളിൽ ഒന്നിലും ആവശ്യമായ കളിക്കോപ്പുകൾ ലഭിച്ചിട്ടില്ല. ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള പ്രതിരോധ കുത്തിവെയ്പുകൾ സമയാസമയങ്ങളിൽ നടത്തുവാനുള്ള സംവിധാനം ഉണ്ടാവണം. ഗവൺമെന്റിന്റെ പൾസ് പോളിയോ ദിനങ്ങളിൽ അംഗൻവാടികളിൽ അതിന്റെ പ്രവർത്തനം നടത്തിയിട്ടുണ്ട്.

അംഗനവാടികൾക്ക് ലഭിക്കേണ്ടതായിട്ടുള്ള പ്രാഥമിക സൗകര്യങ്ങൾ ലഭ്യമാകുകയും പോരായ്മകൾ പരിഹരിക്കുക. അംഗനവാടിയിലെ ജീവനക്കാർക്കുള്ള സേവനവേതന വ്യവസ്ഥകളിൽ കാലാകാലങ്ങളിൽ പരിഷ്കരിക്കുകയും ചെയ്യുകയാണെങ്കിൽ കാര്യക്ഷമതയോടുകൂടി പ്രവർത്തിപ്പിക്കുവാൻ സാധിക്കും. അംഗനവാടികളിലെ ടീച്ചർമാരുടെ സർവ്വീസ് പ്രായപരിധി 58 കഴിഞ്ഞാലും അനുവദിക്കാൻ ഗവൺമെന്റ് തീരുമാനമായിട്ടുണ്ട്. അത് അവർക്ക് വലിയ സഹായവും കൂടുതൽ സ്ത്രീകളെ ആ രംഗത്തേക്കു വരുന്നതിന് പ്രോൽസാഹിപ്പിക്കുകയും ചെയ്യും. അംഗനവാടികളിലൂടെ പ്രീ സ്ക്കൂളുകൾ അനുവദിച്ചാൽ കുട്ടികൾക്ക് എഴുത്തും വായനയും അഭ്യസിക്കുവാൻ കൂടി സഹായകമാവും. (അംഗനവാടികളിലെ കുട്ടികളിൽ 3 വയസ്സ് മുതൽ 4 വയസ്സ് വരെയുള്ള കുട്ടികൾക്ക് നോൺഫോമിലും 4 മുതൽ 5 വരെ പ്രീ സ്ക്കൂൾ എന്ന നിലയിൽ കൊണ്ടുവരണം.)

മഹിളാസമാജങ്ങൾ

ഗ്രാമവികസനപ്രവർത്തനങ്ങളിലെ സന്നദ്ധപങ്കാളിത്തത്തിന് വളരെയേറെ സഹായിച്ചിട്ടുള്ള സംഘടനകളാണ് മഹിളാസമാജങ്ങൾ വികസനബ്ലോക്കുകളുടെ മാർഗ്ഗരേഖയായി ഏകദേശം 7500 ലേറെ മഹിളാസമാജങ്ങൾ ഉണ്ട്.

ഗ്രാമീണജനതയ്ക്ക് പോഷണം പ്രതിരോധചികിത്സ, കുടുംബസംവിധാനം, സന്മാദ്യശീലം, സ്വയംതൊഴിൽ പ്രവർത്തനം തുടങ്ങിയവക്ക് ബോധനം നൽകുന്നതിന് ഇവയുടെ പ്രവർത്തനം വളരെ സഹായിക്കുന്നു.

സമാജപ്രവർത്തനങ്ങളുടെ ഭാഗമായി സാമൂഹ്യവനവൽക്കരണപരിപാടിയിൽ വൃക്ഷതൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന ചുമതല സമാജങ്ങളെ ഏല്പിക്കാറുണ്ട്. ഇവ കമ്മ്യൂണിറ്റി നഴ്സറികൾ എന്നറിയപ്പെടുന്നു. ഒരു ബ്ലോക്കിൽ ഒരു വർഷം 5 സമാജങ്ങൾക്കുവരെ ഇത്തരത്തിൽ നഴ്സറികൾ തയ്യാറാക്കാൻ അനുവാദമുണ്ട്. സമാജങ്ങൾ ഉല്പാദിപ്പിക്കുന്ന തൈകൾ പട്ടിക ജാതിപട്ടികവർഗ്ഗക്കാർക്കും, മിച്ചഭൂമി അനുവദിച്ചവർക്കും സൗജന്യമായി ബ്ലോക്കോഫീസുവഴി വിതരണം ചെയ്യുന്നു. അല്ലാത്തവർക്ക് മിതമായ വിലയിൽ തൈ വിതരണം ചെയ്യും. ഇങ്ങനെ ഒരു സമാജം ഒരു വർഷം പതിനായിരം തൈകൾ വരെ ഉല്പാദിപ്പിച്ചു നൽകാം ഇതിൽ നിന്നും കിട്ടുന്ന ലാഭം സമാജത്തിന്റെ വരവിൽ ഉൾപ്പെടുത്താം.

മേൽപ്പറഞ്ഞ പരിപാടി ആരംഭിച്ചത് 1986-87 കാലത്താണ്. നമ്മുടെ പഞ്ചായത്തിൽ 14 സമാജങ്ങളാണ് ഉള്ളത്. ഇവയിൽ 2 സമാജങ്ങൾ മേൽസൂചിപ്പിച്ച പരിപാടിയിൽ കീഴിൽ പ്രയോജനം ലഭിച്ചിട്ടുണ്ട്.

കൂടാതെ സമാജത്തിലെ അംഗങ്ങളെ ഒന്നിച്ച് ചേർത്ത് കൂട്ടായ വരുമാന പദ്ധതിയും 1984-85കാലഘട്ടത്തിൽ തുടങ്ങി. ഇതിൽ ഇടക്കാട് കസ്തൂർബാ മഹിളാസമാജത്തിൽ 9 അംഗങ്ങൾ ചേർന്ന് ബുക്ക് ബൈൻഡിംഗ് യൂണിറ്റ് തുടങ്ങി. ഇതിനുള്ള പ്രവർത്തനമൂലധനം ഗവൺമെന്റും ബാങ്കും കൂടി ചെയ്തിരുന്ന ആകെ 54,000 രൂപയിൽ 36,000 വായ്പയും 18,000 രൂപ ഗവൺമെന്റ് സഹായവും ആണ്. കാലക്രമേണ ഇതിന്റെ പ്രവർത്തനവും ഇല്ലാതായി. അംഗങ്ങളുടെ നിസഹകരണം മറ്റു രംഗങ്ങളിലെന്നതു പോലെ ഇവിടെയും ബാധിച്ചു.

രാഷ്ട്രീയം സ്ത്രീകളിൽ

ത്രിതലഭരണ സംവിധാനത്തിന്റെ സാരഥികളായി 1027ൽ ഗ്രാമപഞ്ചായത്ത് അംഗങ്ങളും, 1547 ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളും, 300 ജില്ലാപഞ്ചായത്ത് അംഗങ്ങളുമാണ് കേരളത്തിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. ഇതിൽ ഗ്രാമപഞ്ചായത്തിൽ 3831 ബ്ലോക്കുപഞ്ചായത്തിൽ 568 ഉം ജില്ലാപഞ്ചായത്തിൽ 104 ഉം അംഗങ്ങൾ വനിതകളാണ്. കൂടാതെ 331 ഗ്രാമപഞ്ചായത്തുകളിലും, 51 ബ്ലോക്കുപഞ്ചായത്തുകളിലും 5 ജില്ലാപഞ്ചായത്തുകളിലും പ്രസിഡണ്ടുമാർ വനിതകളാണ്. കൂടാതെ 3 കോർപ്പറേഷനിൽ ഒരെണ്ണം വനിതാമേയറുമാണ് ഭരണരംഗത്തുള്ളത്.

ഇങ്ങനെയൊക്കെയാണെങ്കിലും സ്ത്രീകൾ സ്വന്തം ഇഷ്ടത്തോടുകൂടി രാഷ്ട്രീയത്തിൽ വരുന്നത് വളരെ കുറഞ്ഞ ശതമാനമാണ്. ഇതിനുകാരണം.

1. കുടുംബപശ്ചാത്തലം
2. ചില ആചാരങ്ങളും സമ്പ്രദായങ്ങളും മുന്നോട്ടുള്ള പുരോഗതിയെ തടയുന്നു.
3. പല തരത്തിലുള്ള ചൂഷണങ്ങൾ
4. സ്ത്രീകൾക്കിടയിലുള്ള നിരക്ഷരതയും അറിവില്ലായ്മയും
5. നൂറാണ്ടുകളായി സാധുക്കളെ സാധുക്കളായി നിലനിർത്താൻ ശ്രമിക്കുന്ന സംഘടിതമായ ഒരു വ്യവസ്ഥിതിയാണ് നമുക്കുള്ളത്. സ്ത്രീകൾ രാഷ്ട്രീയരംഗത്തു വന്നുകഴിഞ്ഞാൽ ഈ രംഗത്ത് കാര്യമായ മാറ്റമുണ്ടാകാം.

വ്യക്തിപരമായ സമ്പർക്കം, എല്ലാവരുമായി സൗഹൃദം സ്ഥാപിക്കുക, ഒത്തുവരാനുള്ള ഒരു അന്തരീക്ഷം സൃഷ്ടിക്കുക, ഇവയിൽക്കൂടിയൊക്കെ മേൽപറഞ്ഞ കാര്യങ്ങളിൽ മുക്തി നേടാൻ സാധിക്കും.

എത്രയൊക്കെ പ്രശ്നങ്ങൾ ഉണ്ടായാലും വിഷമിക്കേണ്ടതില്ല. ദീർഘയാത്ര ഒരു കാൽ വെയ്പ്പിലാണ് ആരംഭിക്കുക

നമുക്ക് അതു നേടിയെടുക്കാം.

ഡി.ഡബ്ലിയു.സി.ആർ.എ. (DWCRA)

ഗ്രാമീണസ്ത്രീകളുടെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടി 1983-84 കാലഘട്ടത്തിലാണ് ആവിഷ്കരിക്കപ്പെട്ടത്. ഇതാണ് ഡി.ഡബ്ലിയു.സി.ആർ.എ. അഥവാ ഗ്രാമീണവനിതാ ശിശുവികസനപരിപാടി, ഈ പരിപാടി പ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ഗ്രാമീണകുടുംബങ്ങളിലെ വനിതകളുടെ കൂട്ടായ തൊഴിൽ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുക എന്നതാണ്. ഈ പരിപാടിയനുസരിച്ച് പ്രതിവർഷം 11,000 രൂപയിൽ താഴെ വരുമാനമുള്ള കുടുംബങ്ങളിലെ വനിതകൾക്കാണ് ഈ പദ്ധതി പ്രയോജനപ്പെടുക.

ഈ പഞ്ചായത്തിൽ ആകെ DWCRA യുടെ 7 യൂണിറ്റുകളാണ് 1984 മുതൽ 1996 വരെ രജിസ്റ്റർ ചെയ്തിരുന്നത്. ഇവയിൽ 2 യൂണിറ്റുകൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. പട്ടിക താഴെ കൊടുക്കുന്നു.

DWCRA സഹായ ലഭ്യതാ പട്ടിക

നമ്പർ	വർഷം	സ്ഥലം	പദ്ധതി	ഗുണഭോക്താക്കളുടെ എണ്ണം
1.	1983-84	ചിതലി	കരിങ്കല്ല് ജല്ലി നിർമ്മാണം	21
2.	86-87	കവറത്തറ	മുള ഉപയോഗിച്ച് കുട്ട, വട്ടി നെയ്ത്ത്	20
3.	86-87	പുത്തൻതറ	കൈത്തറി വസ്ത്ര നിർമ്മാണം	20
4.	87-88	മന്ദം	റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം	20
5.	92-93	ചിതലി	പശുവളർത്തൽ	10
6.	92-93	രായിരത്തിൽകളം	പശുവളർത്തൽ	12
7.	96-97	പോത്തേംകാട്	ചെങ്കൽനിർമ്മാണം	8

പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വായ്പകൾ ദീർഘകാലാടിസ്ഥാനത്തിൽ ആക്കുകയും, പലിശയിളവ് അനുവദിക്കുകയും, സബ്സിഡി വർദ്ധിക്കുകയും ചെയ്യേണ്ടതാണ്. അതുമൂലം വനിതകൾ ഈ രംഗത്തേക്ക് കൂടുതൽ കടന്നുവരുവാൻ സാദ്ധ്യതയുണ്ട്.

സാമൂഹ്യരാഷ്ട്രീയ പദവി

സാമൂഹിക പരിവർത്തനരംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം മുൻകാലങ്ങളിൽ കുറവായിരുന്നു. 1973-74 കാലങ്ങളിലാണ് പഞ്ചായത്തിൽ മഹിളാസമാജങ്ങളുടെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. എന്നിരുന്നാലും എല്ലാ വാർഡുകളിലും പ്രവർത്തനം വ്യാപിക്കുവാൻ സാധിച്ചിട്ടില്ല. പ്രവർത്തകരും അഭാവംമൂലവും, സാമൂഹ്യരംഗത്തേക്ക് കടന്നുവരുവാനുള്ള സ്ത്രീകളുടെ വിമുഖതയും മൂലമാണ് ഇങ്ങനെ സംഭവിച്ചത്. 1984-85 കാലഘട്ടത്തിൽ ഇടക്കാട് പ്രദേശത്ത് ആരംഭിച്ച കസ്തൂർബാ മഹിളാസമാജം ആദ്യകാലങ്ങളിൽ നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നുവെങ്കിലും മുകളിൽ പറഞ്ഞകാരണങ്ങൾ മൂലം നിർജീവമായിരിക്കുകയാണ്. ഇപ്പോൾ 2,11, എന്നീ വാർഡുകളിൽ മാത്രമാണ് മഹിളാസമാജങ്ങൾ ചെറിയ തോതിൽ പ്രവർത്തിച്ചു വരുന്നത്. മഹിളാസമാജത്തിന് ഒരു പഞ്ചായത്ത് കമ്മിറ്റിയും പ്രവർത്തിച്ചു വരുന്നുണ്ട്.

എന്നാൽ ജനകീയാസൂത്രണത്തോടനുബന്ധിച്ച് പഞ്ചായത്തിൽ ഗ്രാമസഭകളിലും, പരിശീലനപരിപാടികളിലും സ്ത്രീകളുടെ പങ്കാളിത്തം ആശാവഹമാണെന്നു കാണാം.

പഞ്ചായത്തിൽ സ്ത്രീധന പീഡനം താരതമ്യേന കുറവാണ്. മദ്യപാനംമൂലം ഗ്രാമത്തിലെ നിരവധി കുടുംബങ്ങൾ അവശതയനുഭവിക്കുന്നുണ്ട്. പാലക്കാട് ജില്ലയിൽ ഈഴുവ സമുദായത്തിൽ പൊതുവെ സ്ത്രീകൾ അനുഭവിക്കേണ്ടിവരുന്ന സ്ത്രീധന പീഡനത്തിന്റെ അലയൊലികൾ കുറഞ്ഞ തോതിൽ ഈ ഗ്രാമപഞ്ചായത്തിലും കേൾക്കാം. പെൺമക്കളുടെ വിവാഹത്തിനും, തുടർന്നുള്ള ആചാരമര്യാദകൾക്കുമായി യഥാർത്ഥത്തിൽ അർഹിക്കുന്നതിൽ കൂടുതൽ സാമ്പത്തികബാദ്ധ്യത ഒരു രക്ഷിതാവിന് ഉണ്ടാകുന്നുണ്ട്. മാത്രമല്ല പിന്നീട് സ്വത്തവകാശത്തിനുള്ള പീഡനം സ്ത്രീ ഭാവിയിൽ അനുഭവിക്കേണ്ടിവരുന്നു.

വനിതാമേഖല നേരിടുന്ന പ്രശ്നങ്ങൾ

1. തൊഴിൽ മേഖലയിൽ വിദ്യാലയമേഖലയൊഴികെ മറ്റു മേഖലകളിൽ സ്ത്രീകൾ പൊതുവെ അവഗണന നേരിടുന്നു.
2. സാമൂഹ്യ സേവനരംഗത്ത് സ്ത്രീകൾ ധീരമായി പ്രവർത്തിക്കുന്നതിൽ വിമുഖത കാണിക്കുന്നു.
3. സ്വയംതൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾ വേണ്ടത്ര താല്പര്യം കാട്ടുകയോ, സംരംഭങ്ങൾ ആരംഭിക്കാൻ മുന്നോട്ടുവരുകയോ ചെയ്യുന്നില്ല.
4. തൊഴിൽ രംഗത്ത് ജീവിക്കാനാവശ്യമായ വിദ്യാഭ്യാസം സ്ത്രീകൾക്ക് ലഭിക്കുന്നില്ല.
5. തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾ വേണ്ടത്ര പരിജ്ഞാനമില്ല. പരിശീലനത്തിന് സൗകര്യങ്ങൾ ലഭിക്കുന്നില്ല.
6. സ്വയംതൊഴിൽ ആരംഭിക്കുന്നതിന് സാമ്പത്തിക ഞെരുക്കം പ്രധാനകാരണമാകുന്നു.
7. സർക്കാർ സഹായം ഏതൊക്കെയാണെന്ന് വ്യക്തതയില്ലായ്മ സ്ത്രീകളെ വിഷമിപ്പിക്കുന്നു.
8. അംഗനവാടി അദ്ധ്യാപികമാർക്ക് ന്യായമായ കൂലികിട്ടാതെ വിഷമിക്കുന്നു.
9. സ്വയം ശക്തിയാർജ്ജിച്ച് ധീരമായി രംഗത്തിറങ്ങാനുള്ള മനോധൈര്യം സ്ത്രീകളിൽ കുറവാണ്.
10. വിദ്യാലയങ്ങളിലെ പാഠ്യേതരമേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം കുറവാണ്.
11. സാമാന്യവിദ്യാഭ്യാസമുണ്ടെങ്കിലും ശാസ്ത്രീയബോധ നിലവാരം കുറവാണ്. ഫലം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സ്ത്രീകൾക്കിടയിൽ ധാരാളമുണ്ട്.
12. പലതൊഴിൽ മേഖലയിലും പുരുഷ സ്ത്രീ തൊഴിലാളികൾ തമ്മിൽ തുല്യജോലിക്ക് തുല്യത ലഭിക്കുന്നില്ല.
13. എല്ലാ പ്രധാനപ്പെട്ട തുറകളിലും സ്ത്രീകളും പുരുഷന്മാരും തമ്മിൽ കൂലിയിലുള്ള അന്തരം, സ്ത്രീകളോടുള്ള വിവേചനം ഇന്നും നിലനൽക്കുന്നു.
14. മഹിളാസമാജങ്ങളുടെയും, അംഗനവാടികളുടെയും, ബാലവാടികളുടെയും എണ്ണങ്ങൾ ജനസംഖ്യാനുപാതികമായി വർദ്ധിച്ചു കാണുന്നില്ല.
15. കാർഷിക മേഖലയിൽ ജോലിയെടുക്കുന്ന വനിതാതൊഴിലാളികളുടെ രണ്ടു വയസിനു താഴെയുള്ള കുഞ്ഞുങ്ങളെ സംരക്ഷണത്തിനുള്ള ശിശുമന്ദിരങ്ങളില്ല.

പ്രശ്നപരിഹാരങ്ങൾ

1. വനിതാക്ഷേമത്തിനായി സർക്കാരിന്റെ പദ്ധതിയെക്കുറിച്ച് വ്യാപകമായ പ്രചരണം പഞ്ചായത്ത് തലത്തിൽ നടത്തേണ്ടതാണ്.
2. കേന്ദ്ര വനിതാ-ശിശുവകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ തൊഴിൽ സാദ്ധ്യതയുള്ള, വീവിംഗ്, സ്പിന്നിംഗ്, ടെയിലറിംഗ്, റെഡിമെയ്ഡ്, ജാംനിർമ്മാണം, നാരുവ്യവസായം എന്നീ വിവിധമേഖലകളിൽ പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുക.
3. വനിതാ ക്ഷേമകോർപ്പറേഷന്റെ നേതൃത്വത്തിൽ തൊഴിലധിഷ്ഠിത പ്രായോഗിക പരിശീലന പദ്ധതി ഈ പഞ്ചായത്തിൽ ആരംഭിക്കുക.
4. എല്ലാ തൊഴിൽ മേഖലകളേയും ഉൾപ്പെടുത്തി ഒരു വനിതാസഹകരണസംഘം സ്ഥാപിക്കുക.
5. അംഗനവാടികളുടെ പ്രവർത്തനം, പ്രാഥമിക സൗകര്യം മെച്ചപ്പെടുത്തുക, കുട്ടികൾക്കായുള്ള പാനോപകരണങ്ങളും

6. ജനസംഖ്യാടിസ്ഥാനത്തിൽ അംഗനവാടി, മഹിളാസമാജം, ബാലവാടി എന്നിവ ഓരോ വാർഡിലും തുടങ്ങുക.

7. പച്ചക്കറി കൃഷി, കോഴിവളർത്തൽ, കൂൺകൃഷി, കരകൗശലനിർമ്മാണം, അലങ്കാരമത്സ്യകൃഷി, ടെയിലറിംഗ്, ഫാഷൻ ഡിസൈനിംഗ്, എന്നീ മേഖലയിലേക്കു വരുന്ന വനിതകൾക്കു കൂടുതൽ പ്രോത്സാഹനം കൊടുക്കുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം.

8. സ്ത്രീധനപീഡനം, അനാചാരങ്ങൾ, അന്ധവിശ്വാസങ്ങൾ എന്നിവക്കെതിരായി ബഹുജനസംഘടനകൾ ബോധവൽക്കരണ വനിതകളുടെ നേതൃത്വത്തിൽ നടത്തണം.

9. സാമൂഹ്യസാംസ്കാരികസംഘടനകൾ സ്ത്രീധനപീഡനത്തിന് ശാശ്വതപരിഹാരം കണ്ടെത്താൻ ശ്രമിക്കണം.

10. സ്ത്രീധന സമ്പ്രദായം നിരുത്സാഹപ്പെടുത്താൻ ഉതകുന്ന ബോധവൽക്കരണം ലഭ്യമായ എല്ലാവേദികളിലും പുരുഷന്മാർക്കും സംഘടനകൾ നിരന്തരമായി ശ്രമിക്കണം.

11. ഖാദിഗ്രാമ വ്യവസായ ബോർഡ് ഗ്രാമവ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുവാൻ കൊടുക്കുന്ന എല്ലാത്തരം വായ്പകളും ഈ പഞ്ചായത്തിലും ലഭിക്കുവാൻ വേണ്ട സൗകര്യം ചെയ്തുകൊടുക്കുക.

12. ഖാദിവ്യവസായ ബോർഡിന്റെ കീഴിൽ തുടങ്ങുന്ന വ്യവസായങ്ങൾക്ക് വില്പന നികുതിയില്ലാത്തതും ചുരുങ്ങിയ പലിശയുള്ളതും വനിതാസഹകരണസംഘങ്ങൾക്കും വ്യക്തികൾക്കും മുൻഗണനയുള്ളതുമാണെന്നതുകൊണ്ട് പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമിക്കുക.

13. ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ യൂണിറ്റിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നത്തിന് വിപണനത്തിന് വേറൊരു മാർക്കറ്റ് അന്വേഷിക്കേണ്ടതുമില്ലാത്തതിനാൽ വനിതകളെ ഇതിലേക്കായി ബോധവൽക്കരണം നടത്തേണ്ടതാണ്. ഇതിലൂടെ വർദ്ധിച്ച തോതിലുള്ള തൊഴിലില്ലായ്മ പ്രശ്നത്തിന് പരിഹാരമാവും.

14. സ്ത്രീകളെ ബാധിക്കുന്ന പ്രശ്നങ്ങളെയും പരിഹാരമാർഗ്ഗങ്ങളെയും സംബന്ധിച്ച് ബോധവൽക്കരണക്യാമ്പുകളും സെമിനാറുകളും പഞ്ചായത്തിൽ നടപ്പിലാക്കണം.

15. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനോട് അനുബന്ധിച്ച് ഹോം നഴ്സിങ് പരിശീലനം നൽകിയാൽ പഞ്ചായത്തിലെ വനിതകൾക്ക് തൊഴിലാല്ലായ്മക്ക് ഒരു പരിഹാരം രോഗാതുരമായ ആളുകളുടെ സുരക്ഷയ്ക്ക് ഇതനുഗ്രഹമാകും.

16. ഖാദി ബോർഡിന്റെ നേതൃത്വത്തിലുള്ള സ്പിന്നിംഗ്, വീവിംഗ്, യൂണിറ്റിലെ വനിതാതൊഴിലാളികളുടെ വേതനം കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കുകയും ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട്, പെൻഷൻ ഫണ്ട്, പെൻഷൻ പദ്ധതികൾ യഥാസമയം നൽകുവാൻ വേണ്ട നടപടിയുണ്ടാക്കുകയും വേണം.

17. വിവിധ തരത്തിലുള്ള പെൻഷൻ ആനുകൂല്യങ്ങൾ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

18. അംഗനവാടികളിൽ പ്രീ സ്കൂളുകൾ അനുവദിക്കണം.

അംഗൺവാടികളുടെ വിവരം

നമ്പർ	വാർഡ്	എണ്ണം	അംഗൺവാടികൾ	കെട്ടിടം ഉണ്ട്/ഇല്ല	കുട്ടികൾ	കളിപ്പാട്ടം ഉണ്ട്/ഇല്ല
1.	2	1	C2	ഉണ്ട്	133	ഇല്ല
2.	3	1	C3	ഉണ്ട്	65	ഇല്ല
3.	3	1	C8	ഉണ്ട്	91	ഇല്ല
4.	4	1	C4	ഉണ്ട്	63	ഇല്ല
5.	4	1	C13	ഉണ്ട്	70	ഇല്ല
6.	5	1	C5	ഉണ്ട്	4	ഇല്ല
7.	6	1	C6	ഉണ്ട്	98	ഇല്ല
8.	7	1	C9	ഇല്ല	97	ഇല്ല
9.	7	1	C7	ഉണ്ട്	153	ഇല്ല
10.	8	1	C10	ഉണ്ട്	167	ഇല്ല
11.	9	1	C11	ഉണ്ട്	116	ഇല്ല
12.	9	1	C14	ഉണ്ട്	79	ഇല്ല
13.	10	1	C12	ഉണ്ട്	82	ഇല്ല
14.	11	1	C1	ഉണ്ട്	188	ഇല്ല

സഹകരണം



'അധികാരം ജനങ്ങളിലേക്ക്' എന്ന തത്വത്തെ ആസ്പദമാക്കി പഞ്ചായത്തീരാജ് ഊർജ്ജിതമായി നടപ്പിലാക്കി വരുന്ന ഈ കാലഘട്ടത്തിൽ ജനകീയാസൂത്രണ പരിപാടി കുഴൽമന്ദം ഗ്രാമപഞ്ചായത്തിലെ ജനങ്ങളിൽ സഹകരണ പ്രസ്ഥാനം എത്രമാത്രം സ്വാധീനം ചെലുത്തിവരുന്നുണ്ടെന്ന് പരിശോധിക്കുന്നത് തികച്ചും അവസരോചിതമായിരിക്കും.

ഭൂമിയിൽ മനുഷ്യരുൾപ്പെടെയുള്ള എല്ലാ ജീവജാലങ്ങൾക്കിടയിലും ദൈനംദിനം ദർശിച്ചുവരുന്ന ഒരു മഹാ പ്രസ്ഥാനമാണ് സഹകരണം. ഈ പ്രസ്ഥാനം എന്താണെന്ന് മനസ്സിലാകുമ്പോൾ സഹകരണം എവിടെയാണ്, എപ്പോഴാണ്, എന്തിനാണ് എന്ന് ഓരോരുത്തരുടേയും സാമാന്യ ബുദ്ധിക്കനുസരിച്ച് പരമാവധി ഉൾകൊള്ളാൻ കഴിയും. ഒരു സാധാരണ കുടുംബത്തെക്കുറിച്ച് ഒരവലോകനം ചെയ്യുകയാണെങ്കിൽ സഹകരണ പ്രസ്ഥാനം കുടുംബത്തിൽ ഏത്വിധത്തിൽ സ്പർശിക്കുന്നു എന്ന് കാണാം. ഒന്നാമതായി ഗൃഹനാഥൻ അച്ഛൻ, രണ്ടാമതായി അമ്മ, അടുത്തതായി മക്കൾ എന്നിങ്ങനെ വരുമ്പോൾ ഗൃഹനാഥന്റെ മേൽനോട്ടത്തിൽ ഗൃഹനാഥയായ അമ്മ ഭർത്താവിൽനിന്നും സ്നേഹത്താൽ ഗൃഹഭരണം ഏറ്റെടുക്കപ്പെടുകയും മറ്റുള്ളവർ മേൽപറഞ്ഞവരുടെ കീഴിൽ കുടുംബപരിതസ്ഥിതിക്കനുസരിച്ച് നല്ല രീതിയിൽ ജീവിക്കാൻ പഠിക്കുകയും സമൂഹത്തിൽ മാന്യമായി ഇടപഴകുകയും ചെയ്യുന്നു. ഇവിടെ അച്ഛൻ, അമ്മ, മക്കൾ എന്നിവർ പരസ്പരം അറിയുകയും അതനുസരിച്ച് പെരുമാറുകയും ചെയ്യുന്നതുമൂലം സന്തുഷ്ടരായി ജീവിക്കുന്നത് കാണാം. നമ്മൾ അറിയാതെ തന്നെ നമ്മളെ സഹകരണം സ്പർശിച്ചുവരുന്നു. പരസ്പര വിരുദ്ധമായ രീതിയിൽ കുടുംബാംഗങ്ങൾ ജീവിക്കുകയും പെരുമാറുകയും ചെയ്യുന്നപക്ഷം കലഹങ്ങൾ മൂത്ത് കുടുംബനാശത്തിന് വഴിതെളിയിക്കുകയും ചെയ്യുന്നു. മറ്റൊരുവിധത്തിൽ പറയുകയാണെങ്കിൽ കീടങ്ങളിൽ ചെറിയ ജീവികളായ ഉറുമ്പിൻകൂട്ടത്തെപ്പോലെയും തേനീച്ചക്കൂട്ടത്തേയും ശ്രദ്ധിക്കുന്നപക്ഷം സഹകരണത്തിന്റെ മാഹാത്മ്യം അതിന്റെ പരമോന്നതിയിൽ കാണാൻ കഴിയും.

ഒരു കൂട്ടം ഉറുമ്പുകൾ ഒത്തുചേർന്ന് ഉറുമ്പിനെക്കാൾ വലിപ്പമുള്ള ആഹാരപദാർത്ഥം ഉരുട്ടുന്നതോ എടുത്തുകൊണ്ട് പോകുന്നതോ ആയ പ്രവൃത്തി അത്ഭുതാവഹമായിത്തന്നെ ദർശിക്കേണ്ടിയിരിക്കുന്നു. ഉറുമ്പിൻപറ്റങ്ങൾ ഏകോപിച്ച് വരിവരിയായി സഞ്ചരിക്കുന്ന കാഴ്ച അത്ഭുതം ഉളവാക്കുന്നതാണ്. ഇവിടെ മനുഷ്യരെക്കാൾ കീടങ്ങളിൽ സഹകരണ പ്രസ്ഥാനം സ്വാധീനം ചെലുത്തിയിരിക്കുന്നതായി കാണാം.

'ഓരാരുത്തരും എല്ലാവർക്ക് വേണ്ടിയും എല്ലാവരും ഓരോരുത്തർക്ക് വേണ്ടിയും' എന്ന തത്വം ഭൂമിയുടെ ആവിർഭാവം മുതൽക്കുതന്നെ നടപ്പിലായിവരുന്നു എന്ന് കാണാം.

സഹകരണ പ്രസ്ഥാനത്തിന് നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ വേരുന്നിയിരുന്നെങ്കിലും തത്വദീക്ഷിതമായ ഒരു പ്രസ്ഥാനം സഹകരണ മേഖലയിൽ 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലത്തായിരുന്നു ആരംഭം കുറിച്ചത്. 1843-ൽ ഇംഗ്ലണ്ടിലെ കൈത്തറി തൊഴിലാളികൾ ഒത്തുകൂടി അവരുടെ അവശതകൾ

പരിഹരിക്കുന്നതിന് വേണ്ടി അവർക്കിടയിൽ ഉദയം കൊണ്ട മഹത്തായ ആശയമുള്ള സഹകരണ പ്രസ്ഥാനം ലോകത്തിൽ ആദ്യമായി രൂപംകൊണ്ടു. ഈ പ്രസ്ഥാനമാണ് ഇന്ത്യയുൾപ്പെടെയുള്ള ലോകരാഷ്ട്രങ്ങളിലും പ്രത്യേകിച്ച് കേരളത്തിൽ വളർന്ന് പന്തലിച്ച് ബൃഹത്തായി തീർന്നിരിക്കുന്ന സഹകരണ പ്രസ്ഥാനം.

വിദേശങ്ങളിൽ സാധാരണ ജനങ്ങൾക്കിടയിലാണ് സഹകരണം ഉടലെടുത്തതെങ്കിൽ ഇന്ത്യയിൽ ഗവൺമെന്റിന്റെ പ്രേരണയാൽ മാത്രമാണെന്നത് അതിശയോക്തിക്ക് ഇടനൽകുന്നു. 1904- മുതൽ പല ഘട്ടങ്ങളിലായി വളർന്ന് വളർന്ന് ഇന്ന് മഹാപ്രസ്ഥാനമായി മാറുകയും സഹകരണ പ്രസ്ഥാനമില്ലാത്ത ഒരു മേഖലയും ഇല്ലെന്ന സ്ഥിതിവിശേഷത്തിൽ എത്തിനിൽക്കുകയും ചെയ്യുന്നു. കേരള സംസ്ഥാനത്തോടൊപ്പം സഹകരണ പ്രസ്ഥാനം വിപുലീകരിച്ച് നടപ്പിലാക്കിവരുന്ന മറ്റ് സംസ്ഥാനങ്ങൾ ഇന്ത്യയിൽ ഇല്ലെന്നതാണ് വസ്തുത. ഏതെങ്കിലും മേഖലയെക്കുറിച്ച് വിരൽ ചൂണ്ടുമ്പോൾ ആ സഹകരണ മേഖല സംഘമായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിരിക്കുന്നതായി കാണാം.

മേൽപ്പറഞ്ഞ രീതിയിൽ വളർന്നുപന്തലിച്ചിരിക്കുന്ന സാഹചര്യത്തിൽ നെല്ലുൽപാദന മേഖലയിൽ പ്രാധാന്യം അർഹിക്കുന്ന കുഴൽമന്ദത്ത് ജനങ്ങളിൽ എത്രകണ്ട് സ്വാധീനം ചെലുത്തിയിരിക്കുന്നു എന്നതാണ് ചർച്ചാവിഷയം.

ഏകദേശം 50 വർഷങ്ങൾക്കിപ്പുറം ഉണ്ടായ മാറ്റങ്ങളെക്കുറിച്ച് അവലോകനം ചെയ്യുമ്പോൾ താഴെ കാണുന്ന മാറ്റങ്ങൾ മനസ്സിലാകുന്നു.

കർഷകർക്ക് ആവശ്യമായ പണം, വിത്ത്, വളം, കീടനാശിനികൾ, കാർഷികോപകരണങ്ങൾ എന്നിവ ചുരുങ്ങിയ പലിശനിരക്കിൽ വിതരണം ചെയ്യുന്നതിന് 1946-ൽ മുൻ എം.എൽ.എ ആയിരുന്ന ശ്രീ. കെ.വി. ജോണിന്റെ നേതൃത്വത്തിൽ പ്രാഥമിക വായ്പാ സഹകരണസംഘം എന്നപേരിൽ രജിസ്റ്റർചെയ്ത് പ്രവർത്തനം ആരംഭിച്ച സ്ഥാപനം 1961-ൽ സേവന സഹകരണ ബാങ്കായി മാറ്റപ്പെട്ടു. ഇതിന്റെ സ്ഥാപിതോദ്ദേശത്തോടെ പ്രവർത്തിച്ചുവന്നതിനാൽ ഇന്ന് മറ്റ് ഏത് ദേശസാൽകൃത ബാങ്കുകളെക്കാൾ മുൻപന്തിയിൽ ബാങ്കിംഗ് ഇടപാടുകളും കർഷികാവശ്യങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടും പ്രവർത്തിക്കുന്നു.

ഏതാണ്ട് ഇതേ കാലയളവിൽതന്നെ ലോകത്തിൽ ആദ്യമായി സഹകരണ പ്രസ്ഥാനം തുടങ്ങിവെച്ചെന്നെയ്ത്ത് തൊഴിലാളികളെപ്പോലെതന്നെ കുഴൽമന്ദത്ത് പ്രസ്ഥാനത്തിന് തുടക്കമിട്ടവരിൽ മുഖ്യപങ്ക് ഇവിടത്തെ നെയ്ത്ത് തൊഴിലാളി കളാണെന്നതാണ് വിശേഷമായി തോന്നുന്നത്. ഏകദേശം 50 തൊഴിലാളികൾ ചേർന്ന് അവരുടെ കൈത്തറി തുണികൾ വിൽപന നടത്തുന്നതിനുവേണ്ടി കൂട്ടായ ആലോചനയുടെ ഫലമായി രൂപീകൃതമായതാണ് കുഴൽമന്ദം നെയ്ത്ത് സഹകരണ സംഘം. അംഗങ്ങളുടെ സൗകര്യാർത്ഥം പ്രസ്തുത സ്ഥാപനം രണ്ടായി പിരിയുകയും പിരിഞ്ഞുപോയ സംഘത്തിന് പുൽപുര മന്ദത്തുനെയ്ത്ത് സംഘം എന്ന് നാമകരണം ചെയ്യപ്പെടുകയും ചെയ്തു. ഇവ നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു എങ്കിലും യാന്ത്രികമായ കാലഘട്ടത്തിലേക്ക് കാലം ഉയർന്നതനുസരിച്ച് ഈ സ്ഥാപനങ്ങളുടെ വളർച്ച ഇറങ്ങുകയുമാണ് ചെയ്തത്. യന്ത്രവൽകൃത തുണികൾ വിപണിയിൽ കുറഞ്ഞ വിലക്ക് ലഭ്യമായിത്തുടങ്ങിയതോടെ കൈത്തറി തുണികളുടെ വിപണനം തകർച്ചയിലേക്ക് വീഴപ്പെട്ടു. ഇതോടുകൂടി 150 -ഓളം കുടുംബങ്ങൾ മുഴുപട്ടിണിയായി തീരുകയും ചെയ്തു. സർക്കാർ അനുവദിക്കുന്ന റിബേറ്റ് ഇനത്തിൽ കുടിശ്ശികയായി 8 ലക്ഷത്തോളം രൂപ ലഭിക്കാനുണ്ടെന്നത് ഇവരുടെ ദയനീയ സ്ഥിതിയെ വെളിപ്പെടുത്തുന്നു. നൂലും കൂലിയും ലഭിക്കാത്തതിനാൽ ഈ സ്ഥാപനങ്ങൾ കഴിഞ്ഞ ഒരു വർഷക്കാലത്തിലേറെയായി പ്രവർത്തനരഹിതമായി തുടരുന്നു. റിബേറ്റ് കുടിശ്ശിക ലഭിക്കുന്നപക്ഷം രണ്ട് സ്ഥാപനങ്ങളിലെ 150 -ഓളം കുടുംബങ്ങൾ പട്ടിണിയിൽനിന്നും രക്ഷപ്പെടുമെന്നതിനാൽ ആയത് വാങ്ങി കിട്ടുന്നതിനുവേണ്ട നടപടിക്രമം പഞ്ചായത്ത് മുഖാന്തിരം സ്വീകരിക്കുന്നത് നന്നായിരിക്കും. സംഘങ്ങൾ പ്രവർത്തനം ഇല്ലാതായതോടെ പരമ്പരാഗതമായ തൊഴിലിനോട് വെറുപ്പ് തോന്നുകയും ജീവിതം നയിക്കുന്നതിന് മറ്റ് ജോലി ചെയ്ത് ശീലമില്ലാത്ത ഈ വിഭാഗം ജനങ്ങൾ നരകയാതന അനുഭവിക്കുന്നതായി കാണാൻ കഴിയുന്നു.

ഇതുപോലെത്തന്നെ പാൽഉൽപാദകർ അവർ കൊടുക്കുന്ന പാലിന്റെ വില ശരിയാംവിധം കിട്ടാത്തതിനാൽ കറവുരുക്കൾക്ക് തീറ്റകൊടുക്കുന്നതിനും ഉപജീവനമാർഗം നടത്തുന്നതിനും കഴിയാത്ത സാഹചര്യത്തിൽ പഞ്ചായത്ത് പ്രദേശം മുഴുവൻ അധികാര പരിധിയാക്കി ഒരു പാൽവിതരണ സംഘം രൂപീകരിക്കുന്നതിന് 1960-കാലഘട്ടത്തിൽ പെരുങ്കുന്നം ആസ്ഥാനമാക്കി കളപ്പെട്ടി ക്ഷീരവികസന സംഘം എന്ന പേരിൽ സ്ഥാപിതമായി. ശരാശരി 200 ഉൽപാദകർ ചേർന്ന് 600 മുതൽ 700 ലിറ്റർ പാൽവരെ സംഭരിച്ച് പ്രാദേശികമായിത്തന്നെ വിപണനം നടത്തി നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു. സംഘത്തിലെ ഉൽപദനക്ഷമത നിലനിർത്തുന്നതിന് അത്യുൽപാദന ശേഷിയുള്ള കറവുരുക്കൾ ലഭ്യമാകാത്തത് ഒരു പ്രതിസന്ധിക്ക് കാരണമാവുന്നു. ഇതിന് ഒരു പരിഹാരം എന്ന നിലയിൽ മൃഗസംരക്ഷണവകുപ്പുമായി ബന്ധപ്പെടുത്തി നല്ലയിനം കറവ് മാടുകൾ ലഭ്യമാവുന്നപക്ഷം ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുവാൻ കഴിയും. സഹകരണ

മേഖലയിലെ പക്ഷപാതപരമായ ഒരു നടപടിക്രമമായി കാണുന്നത് ഇതിലെ ജീവനക്കാർക്ക് ഏകീകൃതമായ സേവന വേതന വ്യവസ്ഥ നടപ്പിലാക്കിയിട്ടില്ല എന്നതാണ്. അർപ്പണ ബോധത്തോടെയുള്ള സേവനം കാഴ്ചവെയ്ക്കുന്നത് അവർക്ക് കിട്ടുന്ന വേതന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ വിലയിരുത്താ വുന്നതാണ്. അതുകൊണ്ട് സഹകരണ വകുപ്പിൻ കീഴിൽ വരുന്ന ജീവനക്കാർക്ക് ലഭിക്കുന്ന രീതിയിൽതന്നെ മറ്റിതര വകുപ്പുകളുടെ കീഴിൽ വരുന്ന സംഘങ്ങളുടെ ജീവനക്കാർക്കും ലഭ്യമാക്കേണ്ടതുണ്ട്. ഇത് സ്ഥാപനങ്ങളുടെ വളർച്ചയ്ക്ക് മുഖ്യ കാരണം ആയി തീരുകയും ചെയ്യും.

ബാല്യകാലം മുതൽ മിതവ്യയം, സഹകരണ മനോഭാവം, സേവനതൽപരത തുടങ്ങിയ ആവശ്യങ്ങൾ മനസ്സിലാകുന്നതിന് ഉതകത്തക്കവിധം സ്ക്കൂൾ തലത്തിൽ ഈ പ്രസ്ഥാനം പ്രവർത്തനം ആരംഭിച്ചുവരുന്നു. പഞ്ചായത്ത് പരിധിയിൽ രണ്ട് സ്ക്കൂൾ സഹകരണ സംഘങ്ങൾ നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നുണ്ടെങ്കിലും സ്ക്കൂളുകൾ തോറും സംഘങ്ങൾ രൂപീകൃതമാക്കേണ്ടതും പഠനവിഷയങ്ങളിൽ സഹകരണ പ്രസ്ഥാനം ഉൾക്കൊള്ളിക്കേ ണ്ടതുമാണ്.

ഉപഭോക്താക്കൾക്ക് ആവശ്യമായ നിത്യോപയോഗ സ്ഥാപനങ്ങൾ ഗുണമേൻമയുള്ളവ മിതമായ വിലയ്ക്ക് ലഭിക്കുന്നതിനുള്ള ഒരു കൺസ്യൂമർ സ്റ്റോർ റജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിന്റെ പ്രവർത്തനം സ്തംഭിച്ചിരിക്കുകയാണ്. സാധരണ ജനങ്ങൾക്ക് ആവശ്യമായ സാധനങ്ങൾ മൊത്തമായി ശേഖരിച്ച് മിതവിലക്ക് ലഭ്യമാക്കുക എന്നതാണ് ഒരു കൺസ്യൂമർ സ്ഥാപനത്തിന്റെ പ്രധാന ഉദ്ദ്യേശം. എന്നാൽ നിലവാരം പുലർത്തുന്ന സാധനങ്ങൾ ലഭിക്കാതിരിക്കലാണ് ഈ സ്ഥാപനത്തിന്റെ സ്തംഭനാവസ്ഥയ്ക്ക് കാരണമായി തീരുന്നത്. ഇതിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്ന പക്ഷം സഹകാര്യമേഖലയിൽ ചൂഷണവിധേയരാവുന്നവർക്ക് ഒരു പരിധി വരെ ആശ്വാസം ഉണ്ടാകുന്നതാണ്.

ഹരിജനക്ഷേമം ലക്ഷ്യമാക്കിക്കൊണ്ട് ഒരു ഹരിജന സഹകരണ സംഘം റജിസ്റ്റർ ചെയ്ത് പ്രവർത്തനം തുടങ്ങിയിരുന്നുവെങ്കിലും ഇപ്പോൾ ശോചനാവസ്ഥയിൽ കിടക്കുകയാണ്. ഇതിന്റെ പുനരുദ്ധീകരണം കൊണ്ട് സാധാരണ ജനങ്ങൾക്ക് ധാരാളം ആനുകൂല്യങ്ങൾ ലഭ്യമാകുമെന്നതിനാൽ ആയതിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കേണ്ടതും ഉടൻ പ്രവർത്തനം ആരംഭിക്കേണ്ടതുമാണ്.

ഇവിടെ സഹകരണാടിസ്ഥാനത്തിൽ ഒരു അച്ചടി ശാല നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നതിൽ ആശ്വാസം കണ്ടെത്താമെങ്കിലും സമയോചിതമായ ഫണ്ട് ലഭ്യമാകുന്നതിൽ വേണ്ടത്ര ലഭ്യമാക്കുന്നതിൽ വേണ്ടത് ചെയ്യേണ്ടിയിരിക്കുന്നു.

ജീവിതത്തിൽ ഒഴിച്ചുകൂടാൻ പാടില്ലാത്തതാണല്ലോ യാത്രചെയ്യൽ. അതുകൊണ്ടുതന്നെ വാഹനോപയോഗം നിത്യേന പെരുകിവരികയും ചെയ്യുന്നു. മോട്ടോർ വാഹനങ്ങൾ സഹകരണ മേഖലയിൽ സംഘങ്ങൾക്ക് ലഭ്യമാക്കി ഇതിലെ അംഗങ്ങൾതന്നെ ജീവനക്കാരായി പ്രവർത്തിച്ച് തൊഴിലില്ലായ്മാ പരിഹാരത്തിന് ഒരു മാർഗമായി മാറ്റുക എന്നതാണ് മോട്ടോർ സഹകരണ സംഘങ്ങളുടെ ഉദ്ദ്യേശം. ഇതുപോലൊരു സ്ഥാപനം ഇവിടെ ഉണ്ടെങ്കിലും യാതൊരു പ്രവർത്തനവും നടക്കുന്നില്ലെന്നതാണ് സത്യം. ഈ സംഘത്തിന്റെ ഉയിർത്തെഴുനേൽപ്പ് കുറച്ച് പേർക്കെങ്കിലും തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുമെന്നതിനാൽ ത്വരിതഗതിയിൽ വേണ്ടത് ചെയ്യേണ്ടതുണ്ട്.

സാധാരണക്കാർക്ക് വീടുനിർമ്മാണത്തിന് വേണ്ട സഹായം ചെയ്യുക എന്ന ഉദ്ദ്യേശത്തോടെ സ്ഥാപിതമായ ഹൗസിംഗ് സൊസൈറ്റി ഉണ്ടായി എന്നത് നല്ലകാര്യമാണെങ്കിലും ഉദ്ദ്യേശത്തിന് വിപരീതമായി പ്രവർത്തനം സ്തംഭിച്ചുപോയിരിക്കുന്നത് ഖേദകരമാണ്. വീട്നിർമ്മാണം, റിപ്പയർ തുടങ്ങിയ ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി ഈ സംഘത്തിന്റെ പ്രവർത്തനം ത്വരിത്പ്പെടുത്തേണ്ടതാണ്.

കാർഷിക മേഖലയായ നമ്മുടെ പ്രദേശത്ത് തെങ്ങിനും, പനകൾക്കും മുഖ്യപങ്കുണ്ടല്ലോ. പരമ്പരാഗത തൊഴിൽ എന്നനിലയിൽ ചിലരെങ്കിലും കള്ള് ചെത്ത് തൊഴിലായി സ്വീകരിച്ച് വരുന്നുണ്ട്. വളരെക്കാലങ്ങൾക്ക് മുൻപ് തന്നെ കള്ളിൽ ഉണ്ടാക്കപ്പെടുന്ന ഉപോൽപ്പന്നമായ ശർക്കരയുടെ വിപണനത്തിനായി ഒരു സഹകരണസംഘം സ്ഥാപിതമായി രുന്നെങ്കിലും ഇതിന്റെ പ്രവർത്തനം പ്രവർത്തനരഹിതമായിരിക്കുന്നു.

അരനൂറ്റാണ്ട് കാലയളവിൽ ഏകദേശം വിവിധ മേഖലകളിലായി ൧൦ സഹകരണ സ്ഥാപനങ്ങൾ റജിസ്റ്റർ ചെയ്തുവെങ്കിലും ൩ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്നത് ശുലേക്ഷണമായി തോന്നുന്നില്ല. എങ്കിലും കാലങ്ങളായി സഹകരണ പ്രസ്ഥാനം ജനങ്ങളിൽ സ്വാധീനം ചെലുത്തിവരുന്നു ണ്ടെന്ന് തെളിയുന്നു. എങ്കിലും പ്രസ്ഥാനത്തിന്റെ വ്യാപ്തിയു മായി താരതമ്യം ചെയ്യുമ്പോൾ ചെറിയൊരു ശതമാനം മാത്രമേ പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടുള്ളു എന്നു കാണുന്നു. പ്രവർത്തനം നിലച്ച സംഘങ്ങളെ പുനരുദ്ധീകരിക്കുന്നപക്ഷം അതിന്റെതായ ഗുണം ഗ്രാമവാസികൾക്ക് ലഭ്യമാക്കുവാൻ കഴിയുന്നതാണ്.

ലോകത്താകമാനവും പ്രത്യേകിച്ച് കേരളത്തിന്റെ

സമ്പത്ത് ഘടനയിൽ പ്രധാന പങ്ക് വഹിക്കുന്ന സഹകരണ മേഖല എല്ലാതലത്തിലും പ്രവർത്തിച്ചുവരുന്നുണ്ടെങ്കിലും ഈ പഞ്ചായത്തിൽ ഇതേവരെ ഇല്ലാത്ത ചില മേഖലകളെക്കൂടി ഉൾപ്പെടുത്തി സമ്പത്ത്ഘടനയെ എന്നപോലെ തൊഴിലവസരത്തിന് സാദ്ധ്യതകൾ ഉണ്ടാക്കിയെടുക്കുന്നതിന് വഴിയൊരുക്കുകയും ചെയ്യാം. ഇവിടെ വിജയപ്രദമായി നടപ്പിലാക്കാവുന്നവയും ഒഴിച്ചുകൂടാൻ പാടില്ലാത്തതുമായ ചില മേഖലകളെക്കുറിച്ച് താഴെ പ്രതിപാദിക്കുന്നു.

കാർഷിക പ്രാധാന്യമുള്ള നമ്മുടെ പ്രദേശത്ത് ഉൽപാദിപ്പിക്കപ്പെടുന്ന വിളയാണല്ലോ നെല്ല്. ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ ഓരോ ഗ്രാമീണനും നെല്ലുമായി ബന്ധപ്പെട്ടിരിക്കുന്നു. നാമമാത്ര കർഷകർ മുതൽ വൻകിട കർഷകർ വരെ ഭൂവിസ്തൃതിയുടെ ഭൂരിഭാഗവും കൃഷിചെയ്ത് പ്രധാന വിളവെടുപ്പാക്കി തീർത്തിരിക്കുന്ന നെല്ല് ധാരാളം ഉൽപാദിപ്പിക്കപ്പെടുന്നുണ്ടെങ്കിലും ആയതിന്റെ വിൽപ്പനയെക്കുറിച്ച് ആലോചിക്കുമ്പോൾ ഒരു ചോദ്യചിഹ്നം കർഷകനുനേരെ വിരൽ ചൂണ്ടുന്നു. കാലാവസ്ഥ, രോഗങ്ങൾ, കീടശല്യങ്ങൾ എന്നിവയ്ക്കെതിരെ പൊരുതി കഠിനാദ്ധ്വാനം ചെയ്ത് ഉൽപാദിപ്പിക്കപ്പെടുന്ന നെല്ല് വിൽപ്പന യാചകവൃത്തിയോട് താരതമ്യപ്പെടുത്തുന്ന വിധത്തിൽ തരംതാണുപോയിരിക്കുന്നു. ഇടത്തട്ടുകാരുടെ കുരുക്കിൽപ്പെട്ട് അവരുടെ നിർബന്ധത്തിന് വഴങ്ങി അവരുടെ ഇഷ്ടാനുസരണമുള്ള വിലയ്ക്കും അളവിലും നെല്ല് കൊടുക്കേണ്ടതായ ഗതികേട് ഇവിടെ വളരെക്കാലങ്ങളായി നിലനിന്നുവരുന്നു. അന്തർദേശീയ വിപണിക്കനുസരിച്ച് കാലാകാലങ്ങളിൽ ഉണ്ടാവുന്ന വിലയുടെ ഏറ്റക്കുറച്ചിലുകൾക്ക് വിധേയമായി നെല്ലിന്റെ താങ്ങുവില നിശ്ചയിച്ച് കർഷകരിൽനിന്നും നെല്ല് സംഭരിക്കുന്നതിനുള്ള സംവിധാനത്തിന്റെ പാകപ്പിഴകളുടെ മറയിൽ ഇടത്തട്ടുകാർ കർഷകരെ ചൂഷണം ചെയ്തുവരുന്നു. അമിതലാഭം ഉണ്ടാക്കുന്ന സ്വകാര്യ വ്യക്തികളെ മാറ്റിനിർത്തി കർഷകന്റെ ഗുണത്തെ ലക്ഷ്യമാക്കിക്കൊണ്ട് പൊതുമേഖലാടിസ്ഥാനത്തിൽ ഒരു സഹകരണ സംഘം രൂപീകരിച്ച് ഈ സംഘം മുഖേന നെല്ല് സംഭരിക്കുകയും വിപണനം കണ്ടെത്തുകയും ചെയ്യേണ്ടതാണ്. ഇപ്രകാരമുള്ള സ്ഥാപനത്തിന്റെ തുടക്കം മുതൽതന്നെ നെല്ലിന്റെ വില അപ്പോൾ തന്നെ ലഭ്യമാകുമെന്ന ഉറപ്പുവരുത്തൽ കാര്യഗൗരവമായിത്തന്നെ കാണേണ്ടതാണ്. അതിനുവേണ്ട ധനാഗമമാർഗം മൂൻകൂട്ടികണ്ട് ഗവൺമെന്റിൽ നിന്ന് എന്ത് സഹായമാണ് ലഭ്യമാവുക എന്ന് അറിയേണ്ടതുണ്ട്. സ്വകാര്യമേഖലയുടെ കുത്തകക്കാരെ പാടെമാറ്റിനിർത്തത്തക്ക വിധത്തിൽ സംവിധാനം ഉണ്ടാക്കുന്നതിൽ പാളിച്ചകൾ ഉണ്ടാവരുത്. വേണ്ടിവരുന്നപക്ഷം ഒരു നിയമനിർമ്മാണത്തിനു തന്നെ ശുപാർശ ചെയ്യേണ്ടതാണ്. നെല്ല് സംഭരണ സഹകരണ പ്രസ്ഥാനം നടപ്പിൽ വരുമ്പോൾ അതിന്റെ പ്രധാന ഉദ്ദ്യേശം നെല്ല് സംഭരണവും വിപണനവും ഈ സ്ഥാപനം മാത്രമേ ചെയ്യുവാൻ പാടുകയുള്ളൂ എന്നതാവണം. കരിഞ്ചന്ത, പൂഴ്ത്തിവെയ്പ് എന്നിവയ്ക്കെതിരെ കർശനമായ നടപടി സ്വീകരിക്കുന്നതിനുവേണ്ട മുൻകരുതലുകൾ ഉണ്ടായിരിക്കണം. ചെറുകിട കർഷകർ മുതൽ വൻകിട കർഷകർ വരെയുള്ളവരെ അംഗങ്ങളാക്കിക്കൊണ്ട് പ്രവർത്തനം ആരംഭിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നതിനാൽ കാലതാമസം കൂടാതെ റജിസ്ട്രേഷൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഇന്ന് ലോകമാകമാനം പെരുകിവരുന്ന വിപത്തുകളിൽ രോഗം പ്രധാന പങ്ക് വഹിക്കുന്നു. ഒരു കുടുംബത്തിൽ ഒരു രോഗിക്ക്വേണ്ടിയെങ്കിലും മരുന്ന് കടകയിൽ കയറാത്ത കുടുംബം ഉണ്ടോ എന്ന അവസ്ഥയിൽ എത്തിയിരിക്കുന്നു. സമ്പാദ്യത്തിന്റെ നല്ലൊരു ശതമാനം സ്വകാര്യമേഖലയിൽ എത്തിച്ചേരുന്നത് തടയുവാൻ വേണ്ടി സഹകരണാടിസ്ഥാനത്തിൽ ഒരു മെഡിക്കൽസ്റ്റോർ ആരംഭിക്കുന്നപക്ഷം നല്ലനിലയിൽ പ്രവർത്തിക്കുന്നതിലുപരി ഈ സ്ഥാപനം മുഖേന വാങ്ങുന്ന ഔഷധങ്ങൾക്ക് നികുതിവിമുക്തമാകുമെന്നതിനാൽ ചെറിയൊരു ഇളവിൽ വില കുറച്ച് ലഭ്യമാകുമെന്നത് സാധാരണക്കാരെ സംബന്ധിച്ച് ഉപകാരപ്രദമാകുന്നതാണ്.

സാക്ഷരതാപരിപാടി രാജ്യമൊട്ടുക്കും നടപ്പിലാക്കിവരുന്ന കാലഘട്ടമാണല്ലോ ഇപ്പോൾ നടക്കുന്നത്. കേരളം സാക്ഷരതയിൽ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനം കൂടിയാകുമ്പോൾ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് എടുത്തുപറയേണ്ടതില്ലല്ലോ. നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൊണ്ട് ഗ്രാമത്തിലെ വിദ്യാർത്ഥികൾക്ക് ആവശ്യാനുസരണം പഠനം നടത്തുവാൻ കഴിയാത്ത സാഹചര്യമാണ് കൂടുതലായി കാണുന്നത്. ഇതിനൊരാശ്വാസം എന്ന നിലയിൽ ഒരു സഹകരണ പാരലൽ കോളേജ് സ്ഥാപിതമാവുന്ന പക്ഷം കുറച്ചുപേർക്ക് തൊഴിലവസരവും പഠനത്തിനുള്ള സാദ്ധ്യത കുറഞ്ഞ അളവിലെങ്കിലും വർദ്ധിക്കുകയും ചെയ്യുമെന്നതിനാൽ മറ്റ് മേഖലകളിലെന്നപോലെ വിദ്യാഭ്യാസ സ്ഥാപനത്തിനും ഊന്നൽ നൽകിക്കൊണ്ട് പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

വിദ്യാഭ്യാസങ്ങൾക്കായി ഉപയോഗിക്കുന്ന നോട്ടുപുസ്തകങ്ങളും മറ്റും സഹകരണ അടിസ്ഥാനത്തിൽ നിർമ്മിക്കുന്നപക്ഷം കുറച്ച് തൊഴിൽ അവസരവും നിലവാരമുള്ള പുസ്തകങ്ങൾ വിദ്യാർത്ഥികൾക്ക് ലഭിക്കുമെന്നതിനാൽ ഇപ്രകാരമുള്ള സ്ഥാപനത്തിന് ഊന്നൽ നൽകാവുന്നതാണ്.

പ്രായവ്യത്യാസമില്ലാതെ എല്ലാ വിഭാഗത്തിലും പെടുന്ന ജനങ്ങൾ (ആൺ പെൺ ഭേദമന്യേ വസ്ത്രധാ

രണത്തിൽ കാണിക്കുന്ന ആർഭാടം വർദ്ധിച്ചുവരികയാണല്ലോ. വസ്ത്രധാരണത്തിലെ ഫാഷൻ ഭ്രമം ഒരിക്കലും താഴോട്ടുവരില്ല എന്ന ഒറ്റക്കാരണം കൊണ്ടുതന്നെ വസ്ത്രം തയ്ക്കുന്ന ഒരു സംഘം മൂപീകരിക്കാവുന്നതാണ്. സഹകരണ ടൈലറിംഗ് സഹകരണ സംഘം എന്ന സ്ഥാപനത്തിന് പുരുഷൻമാർക്ക് മാത്രമായോ സ്ത്രികൾക്ക് മാത്രമായോ ഇരുവിഭാഗക്കാരേയും ഉൾപ്പെടുത്തിക്കൊണ്ട് രൂപം നൽകാവുന്നതാണ്. പഞ്ചായത്ത് തലത്തിൽ ആവശ്യാനുസരണം സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാൻ കഴിയുമെന്നതിനാൽ വേണ്ടത് ചെയ്യേണ്ടിയിരിക്കുന്നു. തൊഴിലില്ലായ്മ കൊടുമ്പിരികൊള്ളുന്ന ഈ കാലഘട്ടത്തിൽ ഇത്തരത്തിലുള്ള സ്ഥാപനങ്ങളുടെ രൂപീകരണം അനുഗ്രഹമായി തീരുമല്ലോ.

മറ്റേതു പഞ്ചായത്തുകളേക്കാൾ കരിങ്കൽ വ്യവസായം നല്ലനിലയിൽ നടക്കുന്ന പഞ്ചായത്ത് നമ്മുടേതെന്നിരിക്കേ ഒരു കരിങ്കൽ തൊഴിലാളി സഹകരണ സംഘം സ്ഥാപിതമായിരുന്നുവെങ്കിലും അതിന്റെ പ്രവർത്തനം നാമമാത്രമായിരിക്കയാണ്. ഏകദേശം 500-ലേറെ തൊഴിലാളികൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുവെന്നതിനാൽ നിലവിലുള്ള സംഘത്തിന്റെ നല്ലനടത്തിപ്പിന് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടിയിരിക്കുന്നു.

വനിതകൾക്ക് പ്രാതിനിത്യം നൽകിക്കൊണ്ട് ഒരു അച്ചാർ, സ്കാഷ്, ജാം, വറ്റൽ നിർമ്മാണ സംഘം രൂപീകരിക്കുന്ന കാര്യത്തിൽ ഊന്നൽ നൽകേണ്ടതാണ്. ഈ സ്ഥാപനത്തിന് വിജയസാദ്ധ്യത ഉണ്ടെന്നുകൂടി അഭിപ്രായപ്പെടുന്നു.

പരമ്പരാഗത തൊഴിലാളികളിൽ അവശത അനുഭവിക്കുന്നവരിൽ ഒരുവിഭാഗം കളിമൺ വ്യവസായവുമായി ബന്ധപ്പെട്ടതാണ്. മൺപാത്ര ഉപയോഗം തീരെ ഇല്ലാതായതോടെ ഈ വിഭാഗത്തിൽപ്പെട്ടവർ ക്ലേശങ്ങൾ അനുഭവിക്കുവാൻ നിർബന്ധിതരായി. വിവിധ തരത്തിലുള്ള കളിമൺ പാത്രങ്ങൾ തൃശൂർ, എറണാകുളം തുടങ്ങിയ തെക്കൻ ജില്ലകളിൽ കൊണ്ടുപോയി വിൽപ്പന നടത്തിയാണ് ഇവർ ഉപജീവനം നയിക്കുന്നത്. ഇവരുടെ കഷ്ടതകൾ കണക്കിലെടുത്ത് നിർമ്മിക്കപ്പെടുന്ന പാത്രങ്ങൾ ശേഖരിച്ച് വിതരണം ചെയ്യത്തക്ക വിധത്തിലുള്ള ഒരു സംഘത്തിന്റെ രൂപീകരണം ഇവർക്ക് ഒരു നിശ്ചിത വരുമാനമാർഗമായി തീരുമെന്നതിനാൽ ആയത് ഗൗരവമായി കാണേണ്ടതാണ്.

മുളയുപയോഗിച്ചുണ്ടാക്കുന്ന പരമ്പ്, വട്ടി, മുറം തുടങ്ങിയവ ഉണ്ടാക്കുന്ന പരമ്പരാഗത തൊഴിലാളികൾക്ക് ക്ലിപ്തമായ വരുമാനം ഉറപ്പ് വരുത്തുന്നതിന് ഈ മേഖലയിൽ ഒരു സ്ഥാപനം ആരംഭിക്കേണ്ടതാണ്.

വീടുകൾ മോടിപിടിപ്പിക്കുന്നതിൽ തൽപരരായി ഇരിക്കുന്നവർ മരം കൊണ്ടുള്ള കൗതുക വസ്തുക്കൾ എന്ത് വില കൊടുത്തും വാങ്ങി പ്രദർശിപ്പിച്ച് വരുന്നതായി കാണാം. വീട് നിർമ്മാണത്തോടനുബന്ധിച്ച് വാതിൽ, ജനൽ തുടങ്ങിയവയുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ഒരു സഹകരണ സ്ഥാപനത്തിന്റെ വിജയസാദ്ധ്യത ഇവിടെ കൂടുതലാണെന്ന് തോന്നുന്നതിനാൽ കാർപ്പന്ററി സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്. ഇതുമുഖാന്തിരം വിവിധ തരത്തിലുള്ള ഫർണ്ണിച്ചർ സാധനങ്ങൾ ഉണ്ടാക്കി വിൽപ്പന നടത്തുകയും തൽമൂലം ഉണ്ടാകാവുന്ന സാമ്പത്തികലാഭം ഇതിലെ അംഗങ്ങൾക്ക് വീതിക്കാവുന്നതുമാണ്.

കാർഷികോപകരണങ്ങളായ കൈക്കോട്ട്, മഴു, അരിവാൾ, കൊടുവാൾ തുടങ്ങിയവയുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ഉന്നമനത്തിനായി ഒരു സഹകരണ സംഘം രൂപീകരിക്കാവുന്നതും വിജയസാദ്ധ്യത ഉണ്ടെന്നും അഭിപ്രായപ്പെടുന്നു.

പ്ലാസ്റ്റിക്ക് യുഗത്തിൽ പ്ലാസ്റ്റിക്കില്ലാത്ത ഉപകരണ വസ്തുക്കൾ വീടുകളിൽ വളരെ ദുർലഭമായിക്കൊണ്ടിരിക്കുന്നതിനാൽ പ്ലാസ്റ്റിക്ക് ഇനത്തിൽപ്പെട്ട വിവിധതരം വസ്തുക്കൾ ഉണ്ടാക്കി വിപണനം നടത്തുന്ന വിധത്തിൽ ഒരു സ്ഥാപനം സഹകരണാടിസ്ഥാനത്തിൽ രൂപീകരിക്കാവുന്നതും ഇതിന്റെ പ്രവർത്തനം വിജയപ്രദമാക്കാവുന്നതുമാണ്.

അനേകം മേഖലകളിൽ വിവിധതരം സംഘങ്ങൾ രൂപീകരിക്കുവാൻ കഴിയുമെങ്കിലും നമ്മുടെ പഞ്ചായത്തിന്റെ ഭൂഘടന, കാലാവസ്ഥ, ഗതാഗതസൗകര്യം, ജനസാന്ദ്രത തുടങ്ങിയ ഘടകങ്ങളെ വിലയിരുത്തി നടപ്പിലാക്കാവുന്ന ചില മേഖലകളെക്കുറിച്ചാണ് മേൽപ്രസ്താവിച്ചിരിക്കുന്നത്. ഈ മേഖലകളിൽ രൂപീകൃതമാവുന്ന സ്ഥാപനങ്ങൾ അർപ്പണബോധത്തോടെ പ്രാവർത്തികമാക്കപ്പെടുന്നുവെങ്കിൽ കുഴൽമന്ദം ഒരു സഹകരണ കോളനിയായി തീരുമെന്നതിൽ സംശയം ഇല്ല. സഹകരണ പ്രസ്ഥാനത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന റോബർട്ട് ഓവൻ എന്ന മഹാന്റെ ഉദ്ദ്യേശത്തോട് സാമ്യപ്പെടുത്താൻ കഴിയുമെങ്കിൽ സഹകരണ പ്രസ്ഥാനം അതിന്റെ അത്യുന്നതിയിൽ എത്തിച്ചേർന്നു എന്ന് അനുമാനിക്കാം. ഉൽപാദകരും ഉപഭോക്താക്കളും ആയ ആൾക്കാർ ഒന്നിച്ചുചേർന്ന് കൂട്ടായി ജീവിക്കുന്നതിനും പ്രശ്നങ്ങൾ കൂട്ടായി പരിഹരിക്കുന്നതിനും വേണ്ടി രൂപീകരിക്കപ്പെടുന്ന കോളനിയാണ് സഹകരണ കോളനി എന്ന് അർത്ഥമാവുന്നത്. ചൂഷണരഹിതമായ വിതരണ സമ്പ്രദായവും സ്വയം പര്യാപ്തതയുമാണ് ഈ കോളനിയുടെ ലക്ഷ്യം. അംഗങ്ങൾ ഉൽപാദിപ്പിക്കുന്ന സാധനങ്ങൾ ശേഖരിച്ച് അതേ

പ്രദേശത്തിലെ ജനങ്ങൾക്ക് മിതമായ വിലയ്ക്ക് വിതരണം ചെയ്ത് സ്വയം പര്യാപ്തത കൈവരിക്കുക എന്നതാണ് നമ്മുടെ ഉദ്ദ്യേശം. ആയതുകൊണ്ട് ഈ റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന മുഴുവൻ സംഘങ്ങളും പ്രവർത്തനം നടത്തിവരുമ്പോൾ കുഴൽമന്ദം ഒരു സഹകരണ കോളനി എന്ന മറ്റൊരു നാമത്താൽ നാമകരണം ചെയ്യപ്പെടും എന്ന് ആശിക്കുന്നു. അപ്രകാരംതന്നെ ആയിത്തീരട്ടെ എന്ന് ആശിച്ചുകൊണ്ട് ഈ റിപ്പോർട്ട് സമർപ്പിച്ചു കൊള്ളുന്നു.

ഏത് മേഖലയിലാണെങ്കിലും സ്ഥാപിതമാവുന്ന സംഘങ്ങളുടെ തത്വങ്ങൾ താഴെ ചേർത്തവയായിരിക്കണമെന്ന് നിഷ്കർഷിക്കേണ്ടിയിരിക്കുന്നു.

1. തുറന്ന അംഗത്വം.
2. ജനാധിപത്യ നിയന്ത്രണം.
3. ഓഹരി മൂലധനത്തിന് പരിമിതലാഭം.
4. റൊക്കവിലയ്ക്കുള്ള വിൽപ്പന.
5. കമ്പോളനിലവാരമനുസരിച്ചുള്ള വിൽപന.
6. സഹകരണ വിന്യാസം
7. രാഷ്ട്രീയവും മതപരവുമായ കാര്യങ്ങളിൽ നിഷ്പക്ഷത.

പഞ്ചായത്തിലെ 6-ാം വാർഡിൽ ടൈലറിംഗ് സഹകരണ സംഘത്തിന്റെ മെച്ചമായ പ്രവർത്തനത്തിന് സാദ്ധ്യത ഉള്ളതിനാൽ ആയതിന്റെ ആസ്ഥാനം ഇവിടെയായിരിക്കണം എന്ന് അഭിപ്രായപ്പെടുന്നു.

"Each for all and all for each" എന്ന തത്വത്തിൽ അടിയുറച്ച് വിശ്വസിച്ചുകൊണ്ട് മേൽപറഞ്ഞ സ്ഥാപനങ്ങൾ പ്രാവർത്തികമാകുമ്പോൾ കുഴൽമന്ദത്തിന്റെ മുഖച്ഛായ സഹകരണത്തിന്റെതാവട്ടെ എന്ന് ആശംസിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

അവലോകനം

1991-ലെ കാനേഷുമാരി കണക്കനുസരിച്ച് കുഴൽമന്ദം ഗ്രാമപഞ്ചായത്തിലെ പട്ടികജാതി ജനസംഖ്യ 5035 ആണ്. ഇതിൽ 2472 പേർ പുരുഷൻമാരും 2563 പേർ സ്ത്രീകളുമാണ്. ഇത് മൊത്തം ജനസംഖ്യയുടെ 19.9% വരും 1991-ലെ സെൻസസ് റിപ്പോർട്ടിൽ 18 പട്ടികവർഗ്ഗക്കാർ ഉണ്ടെങ്കിലും ആ വിഭാഗത്തിലുള്ള ആരും പഞ്ചായത്ത് അതിർത്തിക്കുള്ളിൽ താമസിക്കുന്നില്ല എന്നുള്ളതാണ് വസ്തുത. പഞ്ചായത്തിൽ ആകെ 36 പട്ടികജാതി സങ്കേതങ്ങൾ ഉണ്ട്. അവയുടെ അടിസ്ഥാന വിവരങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പട്ടിക 1-ൽ കൊടുക്കുന്നു.

പട്ടിക 1

പട്ടികജാതി സങ്കേതങ്ങൾ

ക്രമനമ്പർ	സങ്കേതത്തിന്റെ പേര്	വാർഡ്	കുടുംബങ്ങളുടെ എണ്ണം	കുടിവെള്ളം	വൈദ്യുതി	റോഡ്	അഭിപ്രായം
1.	മാരാത്ത്കുളം-കുന്നുപറമ്പ്	1	20	✓	✓	✗	
2.	നൊച്ചുള്ളി നായാടികോളനി	1	23	✓	✓	✗	IHDP
3.	ചാളക്കൽ-പരുക്കംപള്ളം	1	15	✗	✗	✓	
4.	ചേനാത്തുകുളമ്പ്	2	15	✗	✓	✗	
5.	കൊല്ലംപറമ്പ്	2	15	✗	✗	✓	
6.	പൊന്നംപിലാക്കൽ	2	12	✗	✓	✓	
7.	ഈ വരത്തറ	2	15	✓	✓	✗	
8.	ആനക്കോട്	3	25	✗	✓	✓	
9.	കളക്കാട്	3	15	✓	✓	✓	
10.	പെലച്ചിരങ്കാട്	4	50	✗	✓	✓	
11.	മാട്ടുകോണം	4	12	✗	✓	✓	
12.	ചക്കാലകളപ്പറമ്പ്-കള്ളിരങ്കാട്	4	30	✓	✓	✓	
13.	നെല്ലിയാംകാട്	5	11	✗	✗	✓	
14.	ചാത്രംകാട്	5	20	✗	✗	✓	
15.	മണ്ണാറക്കോട്	5	10	✗	✗	✗	
16.	തായങ്കോട്ടുപുര	5	15	✗	✗	✓	
17.	ചേരിങ്കൽപറമ്പ്	5	15	✗	✓	✓	
18.	കോഴിയൊട്ടുതൊടി	5	29	✓	✓	✓	
19.	പോത്തേംകാട്	6	17	✓	✓	✗	
20.	കാരപ്പാടം	6	11	✗	✓	✓	
21.	ആലടിക്കാട്	6	25	✓	✓	✓	
22.	രായിരത്തിൽകളം-ദേവസ്ഥംകളം	7	20	✓	✓	✓	
23.	പേഴുംകാട്	7	15	✓	✓	✓	
24.	പറച്ചിരിക്കാട്	7	16	✗	✓	✓	
25.	കോതോട്	8	25	✓	✓	✓	
26.	ചേങ്ങോട്	8	11	✗	✓	✓	
27.	എടയ്ക്കാട്	9	25	✗	✓	✓	
28.	അമ്പാഴപറമ്പ്-മാണിയംപറമ്പ്	9	15	✗	✗	✗	
29.	ചരപ്പറമ്പ്-കരുവടകോളനി	9	10	✗	✗	✗	
30.	ചെമ്മണ്ണംപറമ്പ്	10	20	✗	✗	✗	
31.	മാവടി-പുളിയഞ്ചിക്കളം	10	20	✗	✗	✗	
32.	പഴയകളം-നൊള്ളിക്കോട്	10	20	✓	✓	✓	
33.	പുളക്കൽപറമ്പ്	10	11	✓	✓	✓	
34.	മഞ്ഞാടി	11	41	✓	✓	✓	IHDP
35.	എളനിരക്കോട്	11	16	✗	✗	✓	
36.	നൊച്ചുള്ളി	11	12	✓	✓	✓	

✓ ഉണ്ട് ✗ ഇല്ല

കുഴൽമന്ദം പഞ്ചായത്തിൽ ചക്കിലിയൻ, ചെറുമൻ, കണക്കൻ, കവറ, മണ്ണാൻ, നായാടി, പാണൻ, പറയൻ, പുലയൻ, പുള്ളുവൻ (കോടതിവിധിക്ക് വിധേയമായി) തുടങ്ങിയ പത്ത് പട്ടികജാതി വിഭാഗങ്ങൾ അധിവസിക്കുന്നുണ്ട്. ഇതിൽ സാമൂഹികമായും സാമ്പത്തികമായും ഏറ്റവും പിന്നോക്കം നിൽക്കുന്നവർ നായാടി വിഭാഗക്കാരാണ്. പഞ്ചായത്തിലെ ഏക നായാടി സങ്കേതം നൊച്ചുള്ളിയിലാണ്. 1990-91-ൽ അംബേദ്കർ ജൻമ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി പഞ്ചായത്തിലെ ചക്കാലക്കളപറമ്പ്-കള്ളിരംകാട് കോളനിയെ അംബേദ്കർ കോളനിയായി സമഗ്രവികസനത്തിന് തെരഞ്ഞെടുത്തിട്ടുണ്ട്. 1994-95 വർഷം മഞ്ഞാടിയും, 1995-96 വർഷം നൊച്ചുള്ളിയും തീവ്രസാങ്കേത വികസനപരിപാടി പ്രകാരം തെരഞ്ഞെടുത്ത കോളനികളാണ്. നൊച്ചുള്ളി കോളനിയിൽ നായാടിവിഭാഗത്തിൽ നിന്നുള്ള ആദ്യത്തെ ഒരു ഉദ്യോഗസ്ഥയാണ് റിട്ടയർ ചെയ്ത സ്കൂൾ അദ്ധ്യാപിക ശ്രീമതി. അമ്മിണിടീച്ചർ. മഹാത്മാഗാന്ധി, ഉപരാഷ്ട്രപതി കെ.ആർ. നാരായണൻ തുടങ്ങിയ മഹാൻമാർ സന്ദർശിച്ചിട്ടുള്ള ഈ കോളനി ഇപ്പോഴും വളരെ ശോചനീയാവസ്ഥയിലാണ്. ഈ വിഭാഗത്തിൽനിന്നുള്ള ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധിയും കുഴൽമന്ദം പഞ്ചായത്ത് 6-ാം വാർഡ് മെമ്പർ 1979-84) ആദ്യത്തെ ഹോമിയോ വൈദ്യവിദഗ്ധനുമാണ് നൊച്ചുള്ളി നായാടികോളനിയിലെ കെ. വാസു. ശ്രീമതി. അമ്മിണിടീച്ചറുടെ സഹോദരനാണ് ഇദ്ദേഹം.

നടപ്പ് പദ്ധതികളുടെ അവലോകനം

പട്ടികജാതി വികസനം ലക്ഷ്യമാക്കി പട്ടികജാതി വികസന വകുപ്പും പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനും പ്രവർത്തിച്ചുവരുന്നുണ്ടെങ്കിലും ഈ രണ്ട് വകുപ്പുകൾക്കും പഞ്ചായത്ത് തലത്തിൽ ഓഫീസ് ഇല്ലെങ്കിലും കോർപ്പറേഷന്റെ പാലക്കാട് മണപ്പുള്ളിക്കാവിലുള്ള മേഖലാ ഓഫീസിന്റെ സേവനം ലഭ്യമാണ്. വിവിധ സ്വയംതൊഴിൽ സംരംഭങ്ങൾക്കും കാർ, ഓട്ടോറിക്ഷ,ലോറി തുടങ്ങിയ വാഹനങ്ങൾ വാങ്ങുന്നതിന് വായ്പയും സബ്സിഡിയും ബാങ്ക് മുഖേന അനുവദിക്കുന്നുണ്ട്.

പട്ടികജാതി വികസന വകുപ്പിന്റെ പാലക്കാട് സിവിൽ സ്റ്റേഷനിലുള്ള ജില്ലാ ഓഫീസ്, ആലത്തൂരിലെ താലൂക്ക് പട്ടികജാതി വികസന ഓഫീസ്, കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിലെ ബ്ലോക്ക് എക്സ്റ്റൻഷൻ ഓഫീസർ (പട്ടികജാതി വികസനം) എന്നീ ഓഫീസുകൾ മുഖേന വിവിധ ധനസഹായങ്ങൾ അനുവദിച്ചുവരുന്നു. പട്ടികജാതി വികസനവകുപ്പ് നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങളെ താഴെ കൊടുക്കുന്ന പ്രകാരം മൂന്നായി തരംതിരിക്കാം.

1. വിദ്യാഭ്യാസ പരിപാടികൾ
2. സാമ്പത്തിക വികസന പരിപാടികൾ
3. സാമൂഹ്യോന്നമന പരിപാടികൾ

a). വിദ്യാഭ്യാസ പരിപാടികൾ :

പട്ടികജാതിക്കാരുടെ പിന്നോക്കാവസ്ഥക്കുള്ള പ്രധാന കാരണം വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയാണെന്ന് കാണാൻ കഴിയും. ഒന്നാം ക്ലാസ് മുതൽ 10 വരെ സ്കൂൾ തലത്തിലും, പാരലൽ കോളേജ് പഠനം ഉൾപ്പടെയുള്ള ഉപരിപഠനത്തിനും ലംപ്സം ഗ്രാന്റും, സ്റ്റൈപ്പന്റും അനുവദിച്ചുവരുന്നു.

ഹോസ്റ്റൽ :

പട്ടികജാതി വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് താമസിച്ച് പഠിക്കുന്നതിനായി പ്രീ-മെട്രിക്ക് തലത്തിലും പോസ്റ്റ്മെട്രിക്ക് തലത്തിലും പ്രത്യേകം ഹോസ്റ്റലുകൾ നടത്തുന്നുണ്ട്. ഇവിടെ സൗജന്യതാമസം, ഭക്ഷണം, വസ്ത്രം, പോക്കറ്റ്മണി, ഓണം, ക്രിസ്തുമസ് തുടങ്ങിയ അവധികൾക്ക് വീട്ടിൽപോയി വരുന്നതിനുള്ള യാത്രാ ചിലവും, പഠനപുരോഗതിക്കായി പ്രത്യേക ട്യൂഷ്യനും നൽകുന്നുണ്ട്. ആലത്തൂർ താലൂക്കിൽ കോട്ടായിലും, വടക്കഞ്ചേരിയിലും ആൺകുട്ടികൾക്ക് വേണ്ടിയും ആലത്തൂരിൽ പെൺകുട്ടികൾക്ക് വേണ്ടിയുമുള്ള ഹോസ്റ്റലുകൾ നടത്തുന്നുണ്ട്. ഇതിന് പുറമേ സബ്സിഡൈസ്ഡ് ഹോസ്റ്റലുകൾ, നഴ്സറി സ്കൂളുകൾ, ഇംഗ്ലീഷ്-ഹിന്ദി-കണക്ക്-സയൻസ് എന്നീ വിഷയങ്ങൾക്ക് പ്രത്യേകം ട്യൂഷ്യൻ, എസ്.എസ്.എൽ.സി, പ്രീഡിഗ്രി, ഡിഗ്രി, പ്രൊഫഷണൻ കോഴ്സുകൾ എന്നിവയിൽ ഉന്നതവിജയം നേടുന്നവർക്ക് പ്രോത്സാഹന സ്കോളർഷിപ്പ്, പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് വിലയേറിയ പുസ്തകങ്ങൾ ലഭ്യമാക്കുന്നതിന് ബുക്ക് ബാങ്ക് പദ്ധതി, വിവിധ മത്സര പരീക്ഷകൾക്കായി കോച്ചിംഗ് ക്ലാസ്സുകൾ, എസ്.എസ്.എൽ.സി മുതൽ ഡിഗ്രിവരെയുള്ള പരീക്ഷകളിൽ പരാജയപ്പെട്ടവർക്ക് ട്യൂട്ടോറിയലിൽ ചേർന്ന് പഠിക്കുന്നതിനുള്ള ധനസഹായം, സമർത്ഥരായ വിദ്യാർത്ഥികൾക്ക് വേണ്ടി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പരമ്പരാഗതമായി തുകൽപണി, തുകൾ ഊറക്കിടൽ എന്നീ തൊഴിലിൽ ഏർപ്പെട്ടിരുന്നവരുടെ മക്കൾക്ക് വേണ്ടി പ്രത്യേകം സ്കോളർഷിപ്പ് എന്നിവ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്നു. രാജ്യത്തിന്റെ വിവിധ മേഖലകളിലെ വികസനത്തെക്കുറിച്ച് ബോധവാൻമാരാക്കുന്നതിന് ആൺകുട്ടികൾക്ക് ഇന്ത്യ മുഴുവനായും, പെൺകുട്ടികൾക്ക് ദക്ഷിണേന്ത്യ മുഴുവനും കാണുന്നതിനുള്ള പഠനപര്യടനം നടത്തുന്നുണ്ട്.

1996-97 സാമ്പത്തിക വർഷം കുഴൽമന്ദം പഞ്ചായത്തിൽ നിന്നും വിവിധ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകിയ ലംപ്സം ഗ്രാന്റിന്റെ

പട്ടിക -2

ലംപ്സം ഗ്രാന്റ് ലഭിച്ചതിന്റെ ക്ലാസ് തിരിച്ചുള്ള കണക്ക്

1		2		3		4		5		6		7		8		9		10		ആകെ വിദ്യാർത്ഥികൾ	ആകെ തുക
ആ	പെ	ആ	പെ	ആ	പെ	ആ	പെ	ആ	പെ	ആ	പെ	ആ	പെ	ആ	പെ	ആ	പെ	ആ	പെ	1062	82549
41	48	54	48	51	63	58	58	71	58	49	56	58	58	65	70	49	52	20	35		
മറ്റർഹ സമുദായത്തിൽപ്പെട്ടവർ																				82	
ആകെ																				1144	

കണക്ക് പട്ടിക 2-ൽ കൊടുക്കുന്നു.

സാമ്പത്തിക വികസന പരിപാടികൾ

തൊഴിൽരഹിതരായ പട്ടികജാതിക്കാർക്ക് സ്വയംതൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നതിന് പലിശരഹിത വായ്പയും വിവിധ സാങ്കേതിക വിദ്യകളിൽ സ്റ്റൈപ്പന്റോടുകൂടി പരിശീലനവും നൽകിവരുന്നു. സാമ്പത്തിക പരാധീനതയുള്ള നിയമ ബിരുദധാരികൾക്ക് ചേമ്പർ വാടക, വസ്ത്രം, പുസ്തകം എന്നിവ വാങ്ങുന്നതിന് ആദ്യത്തെ മൂന്ന് വർഷത്തേക്ക് സ്റ്റൈപ്പന്റും വായ്പയും നൽകുന്നുണ്ട്. പി.എസ്.സി, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എന്നിവ നടത്തുന്ന എഴുത്ത് പരീക്ഷയ്ക്കും ഇന്റർവ്യൂവിനും ഹാജരാകുന്നവർക്ക് യാത്രാകൂലി നൽകുന്നു.

സാമൂഹിക വികസന പരിപാടികൾ

പട്ടികജാതിക്കാരുടെ വികസനത്തിൽ മുന്തിയ പരിഗണന നൽകിയിരിക്കുന്നത് സാമൂഹിക വികസനത്തിനാണ്. നിർദ്ധനരായ പട്ടികജാതിക്കാരുടെ പെൺകുട്ടികൾക്ക് വിവാഹ ധനസഹായമായി രണ്ടായിരം രൂപ ഗ്രാമപഞ്ചായത്തുകൾ മുഖേന നൽകുന്നു. കഴിഞ്ഞ 5 വർഷമായി ഈ പഞ്ചായത്തിൽനിന്നും ഈ ആനുകൂല്യം ലഭിച്ചവരുടെ കണക്ക് പട്ടിക 3-ൽ കൊടുക്കുന്നു.

പട്ടിക -3

വിവാഹധനസഹായം ലഭിച്ചവരുടെ കണക്കുകൾ

വർഷം	എണ്ണം	ആകെതുക
91-92	11	22,000
92-93	1	2,000
93-94	2	4,000
94-95	6	12,000
95-96	6	12,000

പട്ടികജാതി യുവാവോ, യുവതിയോ ഇതര ജാതിക്കാരെ മിശ്രവിവാഹം ചെയ്ത് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് 2000 രൂപ വീതം ധനസഹായം നൽകിവരുന്നു.

പാർപ്പിടം

തലചായ്ക്കാൻ സ്വന്തമായി വാസയോഗ്യമായ വീടില്ലാത്തതാണ് പട്ടികജാതിക്കാരുടെ പ്രധാന പ്രശ്നം. ഇതിന് പരിഹാരം കാണാൻ പട്ടികജാതി വികസന വകുപ്പ് സംയോജിത ഭവനനിർമ്മാണ പദ്ധതിപ്രകാരം വീടും അനുബന്ധ സൗകര്യങ്ങൾക്കായി 15,000 രൂപയും സ്വന്തമായി സ്ഥലമില്ലാത്തവർക്ക്വേണ്ടി നാല് സെന്റ് സ്ഥലം വാങ്ങുന്നതിന് 10,000 രൂപയും വീടിന് 15,000 രൂപയും ഭൂരഹിത-ഭവനരഹിത പുനരധിവാസ പദ്ധതി പ്രകാരം ഗ്രാന്റ് നൽകുന്നു. വികസനത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന നായാടി വിഭാഗക്കാർക്ക് വേണ്ടി പ്രത്യേക ഭവനനിർമ്മാണ പദ്ധതിയുമുണ്ട്. ഭവനനിർമ്മാണത്തിനായി പലിശരഹിത വായ്പയും നൽകുന്നുണ്ട്.

ഓലപ്പുര കെട്ടിമേയുന്നതിന് 500 രൂപയും മേൽപ്പുര ബലപ്പെടുത്തി ഓട്മേയുന്നതിന് 2500 രൂപയും വീട് വൈദ്യുതീകരിക്കുന്നതിന് 450 രൂപയും കുളിമുറി നിർമ്മിക്കാൻ 800 രൂപയും കക്കൂസ് നിർമ്മിക്കുന്നതിന് 1000 രൂപയും ഗ്രാന്റായി നൽകുന്നു. കിണറുകൾ കുഴിക്കുന്നതിനും ശുദ്ധജലവിതരണം മെച്ചപ്പെടുത്തുന്നതിനും പട്ടികജാതി സങ്കേതങ്ങളിൽ കളർ ടെലിവിഷൻ സ്ഥാപിക്കുന്നതിനും പദ്ധതിയുണ്ട്. ഗുരുതരമായ രോഗങ്ങൾ ബാധിച്ചാൽ നിർദ്ധനരായ പട്ടികജാതിക്കാർക്ക് ചികിത്സാ ധനസഹായമായി 500 രൂപ നൽകുന്നു.

അപകട ഇൻഷുറൻസ് പദ്ധതി

1993-94 വർഷത്തെ തീവ്രസങ്കേത വികസനത്തിന് തെരഞ്ഞെടുത്ത മുഴുവൻ പട്ടികജാതി കോളനികളിലും രക്ഷിത

94' എന്ന പേരിൽ അപകട ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കി. 31.3.94 മുതൽ 30.3.99 വരെ 5 വർഷത്തേക്ക് 3 വയസിനുമേൽ പ്രായമുള്ള എല്ലാ പട്ടികജാതിക്കാർക്കും അപകടം മൂലം അംഗഭംഗമോ, മരണമോ സംഭവിച്ചാൽ പരമാവധി 10,000 രൂപ വരെ നഷ്ടപരിഹാരം ലഭിക്കും. ഇതിനെതുടർന്ന് 'സുരക്ഷാ ജ്യോതി 1996' എന്നപേരിൽ പാലക്കാട് ജില്ലയിലെ 3 വയസിന് മുകളിലുള്ള എല്ലാ പട്ടികജാതിക്കാരേയും 1.1.96 മുതൽ 31.12.98 വരെയുള്ള 3 വർഷത്തേക്ക് അപകട ഇൻഷുറൻസിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്.

സാമൂഹിക സുരക്ഷിതത്വ നടപടികൾ

പട്ടികജാതിക്കാരുടെ സാമൂഹിക സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് മുന്നോക്ക ജാതിക്കാരിൽ നിന്നുള്ള അതിക്രമങ്ങൾക്ക് വിധേയരാവുന്ന പട്ടികജാതിക്കാർക്ക് സാമ്പത്തിക സഹായവും, പുനരധിവാസ പരിപാടികളും ബോധവൽക്കരണ ക്യാമ്പുകളും നടത്തുന്നു. ക്ഷേത്രപ്രവേശന വിളംബരത്തിന്റെ വാർഷികത്തോട് അനുബന്ധിച്ച് മികച്ച സാമൂഹിക പ്രവർത്തകരെ ആദരിക്കുന്നു.

പ്രശ്നങ്ങൾ

പട്ടികജാതിക്കാരുടെ പ്രശ്നങ്ങളേയും നടപ്പ് പദ്ധതികളുടെ പോരായ്മകളേയും താഴെ പറയും പ്രകാരം പ്രതിപാദിക്കുന്നു.

സങ്കേതങ്ങളിലും ഒറ്റപ്പെട്ടും താമസിക്കുന്ന മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും സ്വന്തമായി വാസയോഗ്യമായ വീടില്ല.

സ്വന്തമായി നിർമ്മിച്ച പലവീടുകളും വൈദ്യുതീകരിച്ചിട്ടില്ല.

ഭൂരിപക്ഷം വീടുകൾക്കും കക്കൂസ് ഇല്ല.

ഭൂരിഭാഗം പട്ടികജാതി സങ്കേതങ്ങളിലും കുടിവെള്ളം ലഭ്യമല്ല.

ഭൂരിഭാഗം സങ്കേതങ്ങളിലേക്കും സഞ്ചാരയോഗ്യമായ റോഡ് ഇല്ല.

പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന (IHDP കോളനികൾ ഒഴികെ) കളർടെലിവിഷൻ ഇല്ല.

പ്രീ-പ്രൈമറി വിദ്യാഭ്യാസം ഭൂരിപക്ഷംപേർക്കും ലഭിക്കുന്നില്ല.

സ്കൂളുകളിൽനിന്നും കൊഴിഞ്ഞുപോക്ക് കൂടുന്നു, വിജയശതമാനം കുറയുന്നു.

സ്കൂളുകളിലെ പഠനയാത്രകൾ വേണ്ടത്ര ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.

സാമ്പത്തിക വർദ്ധക പദ്ധതികൾ (വായ്പ, സബ്സിഡി) എന്നിവ അപര്യാപ്തമാണ്.

നിലവിലുള്ള വേന നിർമ്മാണ പദ്ധതികൾ ഓരോ വർഷവുമുള്ള ആവശ്യക്കാരിൽ 25%-ൽ താഴെ മാത്രമേ ലഭിക്കുന്നുള്ളൂ. തുക തികച്ചും അപര്യാപ്തമാണ്.

ഓലമേച്ചൽ ഗ്രാന്റും, ഓടുമേച്ചിൽ ഗ്രാന്റും തുലോം കുറവാണ്.

വിവിധ ധനസഹായങ്ങൾ ലഭിക്കുന്നതിനുള്ള വരുമാന പരിധി വർഷങ്ങൾക്ക് മുമ്പ് നിശ്ചയിച്ചതും യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടാത്തതുമാണ്.

സാമ്പത്തിക പരാധീനത കാരണം വൈദ്യചികിത്സ ലഭിക്കുന്നതിന് പ്രയാസം ഉണ്ടാകുന്നു.

വിവിധ ക്ഷേമപദ്ധതികളെക്കുറിച്ചും വിദ്യാഭ്യാസ പരിപാടികളെക്കുറിച്ചും സാമൂഹിക സുരക്ഷിതത്വ നിയമങ്ങളെക്കുറിച്ചും വേണ്ടത്ര അവബോധമില്ല.

സാദ്ധ്യതകളും പരിഹാര നിർദ്ദേശങ്ങളും

മുഴുവൻ പട്ടികജാതി കുടുംബങ്ങളെക്കുറിച്ചും സങ്കേതങ്ങളെക്കുറിച്ചും വിശദമായ സർവ്വേ നടത്തി പഞ്ചായത്ത് തലത്തിൽ 'വികസന കാർഡ്' തയ്യാറാക്കി നൽകുക. ഭൂരഹിതർ ഭവനരഹിതർ തൊഴിൽരഹിതർ (ആൺ, പെൺ) വികലാംഗർ, എന്നിവരെക്കണ്ടെത്തി സമയബന്ധിതമായി ഇവരെ സഹായിക്കുന്നതിന് IRDP ലിസ്റ്റിന്റെ മാതൃകയിൽ ലിസ്റ്റ് തയ്യാറാക്കുകയും മുൻഗണനാക്രമത്തിൽ ആനുകൂല്യങ്ങൾ അനുവദിക്കുകയും ചെയ്യുക. ഈ സംവിധാനം സ്ഥിരവും തുടർച്ചയായുള്ളതുമായിരിക്കണം. ഇതിനായി വിവിധ വികസന വകുപ്പുകളുടെ ഉദ്യോഗസ്ഥൻമാരേയും ജനപ്രതിനിധികളേയും ഉൾപ്പെടുത്തി പ്രത്യേകസമിതി രൂപീകരിക്കണം. മുഴുവൻ കോളനികൾക്കും ടെലിവിഷൻ, കക്കൂസ് എന്നിവ നൽകുന്നതിനും വീടുകൾ വൈദ്യുതീകരിക്കുന്നതിനും സമയ ബന്ധിത പദ്ധതി വേണം.

പട്ടികജാതി യുവതി-യുവാക്കൾക്ക് വിവിധ തൊഴിലുകളിൽ പ്രാവീണ്യം നേടുന്നതിന് പഞ്ചായത്ത് തലത്തിൽ സാങ്കേതിക പരിശീലനം നൽകി കേർപ്പറേഷൻ മുഖേന സ്വയം തൊഴിൽ വായ്പകൾ ലഭ്യമാക്കണം.

സ്കൂളുകളിലെ പട്ടികജാതി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കും വിജയശതമാന തകർച്ചയും തടയുന്നതിന് അവരുടെ മാത്രമായി പ്രത്യേകം പി.ടി.എ കൾ എല്ലാമാസവും വിളിച്ചുചേർത്ത് വകുപ്പുദ്യോഗസ്ഥനേയും എ.ഇ.ഒ വിനേയും പങ്കെടുപ്പിക്കുക.

പട്ടികജാതി വിദ്യാർത്ഥികൾക്ക് മാത്രമായി പഞ്ചായത്ത് തലത്തിൽ മോഡൽ പ്രീ-പ്രൈമറി സ്കൂൾ ആരംഭിക്കണം.

അപകട ഇൻഷൂറൻസിന്റെ മാതൃകയിൽ പഞ്ചായത്തിലെ മുഴുവൻ പട്ടികജാതിക്കാർക്കും ചികിത്സാ ഇൻഷൂറൻസ് നടപ്പിലാക്കുക.

എല്ലാമാസവും പഞ്ചായത്ത് തലത്തിൽ അലോപ്പതി, ആയുർവേദം, ഹോമിയോ വിഭാഗങ്ങളെ പങ്കെടുപ്പിച്ച് മെഡിക്കൽ ക്യാമ്പ് നടത്തുക.

പ്രത്യേക ഘടകപദ്ധതി പ്രകാരം വിവിധ വകുപ്പുകൾ ചെലവഴിക്കുന്ന തുക പഞ്ചായത്ത് തലത്തിൽ 'പൂൾ' ചെയ്ത് ഏകോപിപ്പിച്ച് പഞ്ചായത്ത് കമ്മിറ്റിയുടേയും പട്ടികജാതി വികസന വകുപ്പിന്റെയും മേൽനോട്ടത്തിൽ നടപ്പിലാക്കുക.

ഭവന നിർമ്മാണ ധനസഹായം ചുരുങ്ങിയത് 25000 രൂപയായി വർദ്ധിപ്പിക്കേണ്ടതാണ്. സ്ഥലം വാങ്ങുന്നതിനുള്ള തുക 15000 രൂപയായി വർദ്ധിപ്പിക്കുക.

വീട് അറ്റകുറ്റപ്പണികൾ നടത്തുന്നതിന് 5000 രൂപ വരെ ധനസഹായം നൽകാൻ പദ്ധതി ആവിഷ്ക്കരിക്കണം.

ഓലമേച്ചിൽ ഗ്രാന്റ് 1500 രൂപയായും ഓട്മേച്ചിൽ ഗ്രാന്റ് 6000 രൂപയായും ഉയർത്തണം.

വിവിധ ധനസഹായങ്ങൾ ലഭിക്കുന്നതിനുള്ള കാർഷിക വരുമാനപരിധി 24000 രൂപയായി ഉയർത്തണം. വളരെ പിന്നോക്കം നിൽക്കുന്ന 'നായാടി' വിഭാഗത്തിന്റെ പുരോഗതിക്കായി സമഗ്രവും തുടർച്ചയായുള്ളതുമായ പദ്ധതി ഉണ്ടാക്കുകയും അവർക്ക് തൊഴിൽ മേഖലകളിൽ പരിശീലനം നൽകുകയും പുനരധിവസിപ്പിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം.

നിലവിലുള്ള ഹോസ്റ്റലുകളിലെ ശേഷി വർദ്ധിപ്പിക്കുകയും കൂടുതൽ വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാക്കുകയും ചെയ്യുക.

വിവാഹ ധനസഹായവും മിശ്രവിവാഹ ധനസഹായവും 5000 രൂപയായി വർദ്ധിപ്പിക്കേണ്ടതാണ്.

പഞ്ചായത്ത് തലത്തിൽ പട്ടികജാതിക്കാരുടെ പരമ്പരാഗത ഉൽപ്പന്നങ്ങളുടെ ഉൽപാദക-വിപണന കേന്ദ്രം തുറക്കണം.

സ്കൂൾ തലത്തിൽ പഠനയാത്ര പോകുന്നതിന് പ്രത്യേകം ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിക്കണം.

വിദ്യാഭ്യാസ നിലവാരവും വിജയശതമാനവും ഉയർത്തുന്നതിന് പഞ്ചായത്ത് തലത്തിൽ ഉയർന്ന മാർക്ക് വാങ്ങുന്ന വിദ്യാർത്ഥികളേയും അവരുടെ രക്ഷിതാക്കളേയും അദ്ധ്യാപകരേയും പഞ്ചായത്ത് തലത്തിൽ ആദരിക്കണം.

പട്ടികജാതി സഹകരണസംഘങ്ങൾ സംഘടിപ്പിച്ച് അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തണം.

പട്ടികജാതിക്കാരുടെ കായികപരിശീലനത്തിനായി പഞ്ചായത്ത് തലത്തിൽ പ്രത്യേകപരിശീലനവും ക്യാമ്പുകളും സംഘടിപ്പിക്കണം.

എല്ലാ ആനുകൂല്യങ്ങളും യഥാവിധി ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ വാർഡ്മെമ്പർമാരുടെ നേതൃത്വത്തിൽ ജനകീയ കമ്മിറ്റി രൂപീകരിക്കണം.

ആകെയുള്ള 36 പട്ടികജാതി സങ്കേതങ്ങളിൽ 33 എണ്ണവും മുൻഗണനാക്രമത്തിൽ IHDP കോളനികളാക്കണം.

വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ മാറ്റുന്നതിനും സർക്കാർ ധനസഹായങ്ങൾ രക്ഷിതാക്കൾ വിദ്യാഭ്യാസ മേഖലയിൽ ഉപയോഗിക്കാത്ത പ്രവണത പരിഹരിക്കുന്നതിനും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം.

സാദ്ധ്യതകൾ


കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കണം.

കൊട്ട, വട്ടി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾ നടത്തുന്നവർക്ക് സഹകരണസംഘം ഉണ്ടാക്കുക. അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിന് തിരിച്ചറിയൽ കാർഡ് നൽകുക.

പട്ടികജാതി സർവ്വീസ് സഹകരണസംഘം രൂപീകരിക്കുക.

പെൺകുട്ടികൾക്ക് ഗ്രാമീണ കൈത്തൊഴിൽ പരിശീലന കേന്ദ്രങ്ങൾ നടപ്പിലാക്കുക.

എല്ലാ പട്ടികജാതി സങ്കേതങ്ങളിലും പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകുക.



വിഭവസമാഹരണം

പഞ്ചായത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുവാൻ സഹായിക്കുന്ന മാനദണ്ഡങ്ങളിൽ ഒന്നാണ് വരവ്-ചിലവ് കണക്കുകൾ. പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ എന്താണെന്നും എങ്ങിനെ ചിലവഴിക്കപ്പെടുന്നുവെന്നും മനസിലാക്കുന്നത് പ്രയോജനകരമാണ്. കുഴൽമന്ദം പഞ്ചായത്ത് ഒരു ഒന്നാം ഗ്രേഡ് പഞ്ചായത്താണ് പഞ്ചായത്തിന്റെ വരുമാന സ്രോതസ് വസ്തുകൈമാറ്റനികുതി, കെട്ടിടനികുതി, തൊഴിൽ നികുതി, വിനോദനികുതി എന്നിവയാണ്.

പഞ്ചായത്തിന്റെ വരവ്

1995-96 സാമ്പത്തിക വർഷത്തിലെ പഞ്ചായത്തിലേക്കുള്ള വരവ് സംബന്ധിച്ചുള്ള വിവരങ്ങൾ പട്ടിക-1 ൽ നൽകിയിരിക്കുന്നു. പ്രധാന വരുമാന സ്രോതസ് വസ്തു കൈമാറ്റ നികുതിയാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സബ്രജിസ്ട്രാർ ഓഫീസ് വരുമാന സ്രോതസ് വർദ്ധിപ്പിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. പഞ്ചായത്തിന്റെ വരുമാനത്തിലേക്ക് ഏറ്റവും തുച്ഛമായ സംഭാവന നൽകുന്ന ഇനം ലൈസൻസ് ഫീസുകളാണ്.

വരുമാന സ്രോതസ്

ഇനങ്ങൾ	വരവ്	ശതമാനം
കെട്ടിടനികുതി	149366.80	10.76
തൊഴിൽ നികുതി	119120.00	8.58
വിനോദനികുതി (ഷോനികുതി ഉൾപ്പെടെ)	78694.74	5.67
ചന്തയിൽനിന്നുള്ള വരുമാനം	58540.00	4.22
ലൈസൻസ് ഫീ	12127.00	0.87
വസ്തുകൈമാറ്റനികുതി	188937.00	13.61
ഡെപ്പോസിറ്റുകൾ	66728	4.80
സർക്കാർ ഗ്രാന്റ്		
ഇതര വരവുകൾ	70782.81	5.09
സർക്കാർ ഗ്രാന്റുകൾ	644317	46.40
ആകെ	**1388612.55**	**100.00**

പഞ്ചായത്തിന്റെ വരുമാനത്തിൽ തനത് വരുമാനം (പഞ്ചായത്ത് നികുതികൾ, ലൈസൻസ് ഫീസുകൾ വിനോദനികുതി).

വരുമാനത്തിന്റെ 30% മാത്രമാണ് ഫണ്ട്. പ്രത്യേക സ്കീമുകൾക്കുള്ള സഹായം സർക്കാർ പിടിച്ചെടുത്ത് പഞ്ചായത്തിൽ നൽകുന്നത് മുതലായവയാണ് ശേഷിച്ച ഭാഗം.

പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളിൽ ഒന്നായ വിനോദനികുതി പ്രദർശന ശാലയിൽനിന്ന് വളരെ കുറച്ച് മാത്രമേ ലഭിക്കുന്നുള്ളു. 1995-96 വർഷത്തിൽ വിനോദ നികുതിയിനത്തിൽ 78694 രൂപയാണ് ലഭിച്ചത്. ഏകദേശം ഒരു ദിവസം 215 രൂപ മാത്രമേ വരുന്നുള്ളു. അതുപോലെതന്നെ പട്ടിക-2 ൽ കാണിച്ച പ്രകാരം ആകെ 7466 വീടുകൾ ഉള്ളതിൽ 3159 വീടുകളിൽനിന്നായി കെട്ടിടനികുതിയിനത്തിൽ 58540 രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. പഞ്ചായത്തിൽ കെട്ടിടനികുതി ഇല്ലാത്ത ലക്ഷംവീടുകൾ 297 ഓലപ്പുരകൾ അതിൽ 129 എസ്.സി വീടുകൾ എന്നിവ കൂടാതെ അനേകം വീടുകൾക്ക് നികുതിയില്ല.

വാർഡ്	ആകെ വീടുകൾ	നികുതിയുള്ള വീടുകൾ	നികുതിയില്ലാത്ത വീടുകൾ	
			സ്കൂൾ അമ്പലം പള്ളി	ഓല കുടിൽ മറ്റുള്ളവ
1	513	317	19	177
2	679	325	56	298
3	713	448	33	232
4	887	589	37	261
5	837	466	29	342
6	751	462	25	264
7	633	294	28	309
8	721	400	24	297
9	601	423	37	141
10	632	347	22	263
11	499	234	17	248
ആകെ	7466	4307	327	2832

1980-81 വർഷം മുതൽ പഞ്ചായത്തിന്റെ ഓരോ 5-ാം വർഷത്തിലേയും ഗ്രാന്റിതര വരവിന്റെ കണക്ക്.

പട്ടിക - 3

ഇനങ്ങൾ	80-81	85-86	90-91	95-96
കെട്ടിടനികുതി	27919	51961	86241	149377
തൊഴിൽനികുതി	37455	65090	131116	119120
വാഹനനികുതി	690	607	31	-
വിനോദനികുതി അഡീഷണൽ	14648	23745	53020	47305
വിനോദനികുതി	9222	14847	32187	28697
ഷോ ടാക്സ്	782	717	1103	2154
സർചാർജ്ജ്	196	-	276	539
ചന്തനികുതി	-	-	50198	58540
ലൈസൻസ് ഫീ വസ്തുകെ	9450	5601	9021	12127
മാറ്റ നികുതി 75%	35670	75769	79448	88937
" 25%	10000	35000	15000	10000
മറ്റ് വരവുകൾ	64773	20450	278805	70782
ഡെപ്പോസിറ്റുകൾ	15518	10691	65313	66728

ചിലവുകൾ

95-96 വർഷത്തിലെ പഞ്ചായത്തിന്റെ ചിലവ് സംബന്ധിച്ച വിവരങ്ങൾ പട്ടിക-4-ൽ നൽകിയിരിക്കുന്നു. ഭരണപരമായ ചിലവ് പഞ്ചായത്തിന്റെ വരുമാനത്തിന്റെ 62.79 ശതമാനം ആണ്. മൊത്തം ചിലവിന്റെ 36% പൊതുമരാമത്തിനുവേണ്ടി വിനിയോഗിക്കുന്നു.

പട്ടിക -4

ഇനങ്ങൾ	ചെലവ്	മൊത്തം ചിലവ് (%)
ഭരണം	467403	34.62
പൊതുമരാമത്ത്	491704	36.42
വിദ്യാഭ്യാസം	11772	0.88
ജലവിതരണം		
ഓടകൾ, പൊതു-ജനാരോഗ്യം	83684	6.20
തെരുവ്വിളക്കുകൾ	99422	7.36
മറ്റുള്ളവ	196094.50	14.52
ആകെ	1350079.50	100.00

ഗ്രാന്റുകൾ

1995-96 വർഷത്തിൽ ലഭിച്ച ഗ്രാന്റുകൾ

1.	അൺടൈഡ് ഫണ്ട് ജനറൽ സ്കീം	-	195000.00
2.	അൺടൈഡ് ഫണ്ട് S.C.P	-	160500.00
3.	VTC ഗ്രാന്റ്	-	134273.00
4.	എസ്റ്റാബ്ലിഷ് മെന്റ് ഗ്രാന്റ്	-	94210.00
5.	VRM ഗ്രാന്റ്	-	15630.00
6.	ശൗചാ ഗ്രാന്റ്	-	7500.00
7.	ബേസിക്ടാക്സ് ഗ്രാന്റ്	-	37204.00
ആകെ		-	**644317.00**

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്ന തിനായി അൺടൈഡ് ഫണ്ടുകൾ കൂടുതൽ ലഭിക്കണം.

പഞ്ചായത്തിന്റെ 80-81 മുതൽ ഓരോ 5 വർഷത്തി ലേയും ചിലവുകൾ പട്ടിക 5-ൽ ചേർക്കുന്നു.

പട്ടിക -5

ഇനങ്ങൾ	80-81	85-86	90-91	95-96
ഭരണം	71142	112618	250046	467404

പൊതുമരാമത്ത്	27047	48150	353472	491704
വിദ്യാഭ്യാസം	8579		27083	11772
ജലവിതരണം-				
ഓടകൾ-				
പൊതുജനാരോഗ്യം	1055	1806	21560	83685
തെരുവ് വിളക്ക്		1515	64943	99422
മറ്റുള്ളവ	158249	126632	177541	196095
ആകെ	266072	290722	914645	1350080

ഭരണചിലവിനുള്ള വർദ്ധനവ് ജീവനക്കാർക്കുള്ള ഡി.എ കുടിശ്ശിക, പെൻഷൻ, കോൺട്രിബ്യൂഷൻ എന്നിവയിലുള്ള മാറ്റമാണ്.

ഈ പഞ്ചായത്തിൽ രണ്ട് ദേശാൽകൃത ബാങ്കുകളും ഒരു പ്രാഥമിക സഹകരണ ബാങ്കും കേരളാ ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്, ജില്ലാ സഹകരണ ബാങ്കിന്റെ ശാഖയുമാണ് മുഖ്യ ധനകാര്യ സ്ഥാപനങ്ങൾ. സ്വകാര്യ ചിട്ടി സ്ഥാപനങ്ങളും പണമിടപാട് സ്ഥാപനങ്ങളും ഇവിടെ പ്രവർത്തിക്കുന്നു. ഇന്ത്യയ്ക്ക് പുറത്ത് ജോലിചെയ്യുന്നവർ 210 പേർ മാത്രമാണ്. പഞ്ചായത്തിലെ മുഴുവൻ ധനകാര്യസ്ഥാപനങ്ങളേയും വിദേശത്തുള്ളവരുടെ നിക്ഷേപവും ഉപയോഗപ്പെടുത്തി കൃഷി, വ്യവസായം എന്നീ മേഖലകളിൽ തൊഴിൽ ചെയ്യുന്നതിന് വേണ്ട സൗകര്യം ചെയ്തുകൊടുക്കുകയാണെങ്കിൽ പഞ്ചായത്തിന് കൂടുതൽ വരുമാനം ഉണ്ടാവുന്നതാണ്.

പഞ്ചായത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുവാനും വിവേ സമാഹരണം കാര്യക്ഷമമാക്കുവാനും പരിഗണിക്കാവുന്ന ചില പ്രധാന സാദ്ധ്യതകൾ ചുവടെ ചേർക്കുന്നു.

1. ഭരണസംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി അതാത് കാലങ്ങളിൽ നികുതികൾ നിശ്ചിത പരിധിക്കുള്ളിൽ പിരിച്ചെടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക. നികുതി ഈടാക്കാവുന്ന മേഖലകളുടെ മിനിമം നിരക്ക് ചെറിയതോതിൽ ഉയർത്തുക വഴി വിഭവസമാഹരണം വർദ്ധിപ്പിക്കാൻ കഴിയും. പുതിയ സേവന മേഖലകൾ ആരംഭിക്കുകയും നിലവിലുള്ളവ വൈവിധ്യവൽക്കരിക്കുകയും ചാർജ്ജുകൾ ലൈസൻസ് ഫീസുകൾ, സെസ്സുകൾ എന്നിവ വർദ്ധിപ്പിക്കാവുന്നതാണ്. പഞ്ചായത്ത് രാജ് നിയമങ്ങൾ വഴി ഭരണഘടന ഉറപ്പുനൽകുന്ന പുതിയ നികുതി അധികാരങ്ങൾ പൂർണ്ണമായും ഉപയോഗപ്പെടുത്തേണ്ടതുമാണ്.

2. നിലവിലുള്ള ലൈസൻസ് ഫീസുകൾ കാലാനുസൃതമായി പുതുക്കിയാൽ വരുമാനം വർദ്ധിപ്പിക്കാം. ഇതിനുവേണ്ട നയപരമായ തീരുമാനങ്ങൾ എടുക്കുവാൻ സർക്കാർ സമ്മർദ്ദം ചെലുത്തേണ്ടതാണ്.

3. എസ്റ്റാബ്ലിഷ്മെന്റ് ചെലവിനത്തിൽ വർദ്ധന ഉണ്ടാവാൻ ഇടയുള്ളതുകൊണ്ട് ചുരുങ്ങിയത് 10% എങ്കിലും സർക്കാർ അനുവദിക്കണം.

4. കുഴൽമന്ദത്തിന്റെ ഹൃദയഭാഗമായ ചന്തപ്പുരയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് കം ലോഡ്ജിംഗ് കെട്ടിടം നവീകരിച്ച് കൂടുതൽ സൗകര്യങ്ങളോടെ വാടകയ്ക്ക് കൊടുക്കാൻ കഴിയണം. കൂടാതെ ബസ്സ്റ്റാന്റ് കെട്ടിയ സ്ഥലത്ത് ഇനിയും കടകളും കംഫർട്ട് സ്റ്റേഷനും നിശ്ചിത ചാർജ്ജ് ഏർപ്പെടുത്തി നിർമ്മിക്കണം.

5. പഞ്ചായത്ത് അതിർത്തിയിൽ ഒരു അറവ്ശാല പണിയിച്ച് നിശ്ചിതതുക ഫീസായി വാങ്ങാവുന്നതാണ്. തോൽ, കൊമ്പ് എന്നിവയിൽനിന്ന് ഉൽപ്പന്നങ്ങളുടെ വൻസാദ്ധ്യത ഉണ്ടാവും.

6. കുഴൽമന്ദത്തെ കന്നുകാലി, പച്ചക്കറി ചന്ത പഞ്ചായത്ത് ഏറ്റെടുത്താൽ വരുമാനം വർദ്ധിപ്പിക്കാം. ഏകദേശം 10,000 ജോഡി കന്നുകാലികൾ ഒരാഴ്ചയിൽ ക്രയവിക്രയം നടക്കുന്നു. ഇപ്പോൾ അവിടെനിന്നും കിട്ടുന്ന വരുമാനം ആഴ്ചയിൽ 1100 രൂപ മാത്രമാണ്.

7. കെട്ടിടനിർമ്മാണത്തിന്റെ ചിലവ് കണക്കാക്കി കെട്ടടനികുതി വർദ്ധിപ്പിക്കാവുന്നതാണ്. ഇതിനാവശ്യമായ ബിൽഡിംഗ് ആക്ട് പഞ്ചായത്തിൽ നടപ്പിലാക്കണം.

8. അമ്പലം, പള്ളി, സ്ക്കൂൾ മുതലായ സ്ഥാപനങ്ങൾക്ക് ഏകദേശം (327) പൊതുമരാമത്ത് വകുപ്പ് നിർദ്ദേശിക്കുന്ന നികുതിയെങ്കിലും ഈടാക്കേണ്ടതാണ്. (നിയമസാധുതയോടെ)

9. ഇപ്പോൾ 2832 വീടുകൾ നികുതിയില്ലാത്തതായി പഞ്ചായത്തിലുണ്ട്. ഇതിൽ പട്ടികജാതിയിൽപ്പെട്ടവരുടെയും (വരുമാന പരിധി) ലക്ഷംവീട്ടിൽ താമസിക്കുന്നവരേയും ഓലപ്പുരയിൽ താമസിക്കുന്നവരേയും ഒഴിവാക്കി മുഴുവൻ വീടുകൾക്കും നികുതി ചുമത്തേണ്ടതാണ്.

10. ഭൂനികുതി വർദ്ധിപ്പിക്കേണ്ടതാണ്. (നികുതി പിരിച്ചെടുക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകണം.

11. പഞ്ചായത്തിലെ ഓരോവാർഡിലേയും ചപ്പുചവറുകളും ചന്തയിലെ അവശിഷ്ടങ്ങളും മറ്റും സംസ്കരിച്ച് വളമാക്കി മാറ്റാനുള്ള ഒരു പ്ലാന്റ് ആരംഭിക്കുകയാണെങ്കിൽ വരുമാനം ഉണ്ടാക്കാം.

12. പഞ്ചായത്തിലെ പുറംപോക്ക് ഭൂമികളിലുള്ള

തെങ്ങുകളും മരങ്ങളും (പുളിമരം ഉൾപ്പെടെ) ലേലം നടത്തേണ്ടവ കൃത്യമായി നടത്തിയെടുക്കേണ്ടതാണ്.

13. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ നടത്തിവരുന്ന ചിട്ടിക്കമ്പനികളിൽനിന്ന് നിശ്ചിത ഫീസ് ഈടാക്കാവുന്നതാണ്. (അതിനുവേണ്ട നിയമഭേദഗതി നടപ്പിലാക്കേണ്ടതാണ്)

14. സ്വകാര്യ ട്യൂട്ടോറിയൽ കോളേജുകൾ, നെഴ്സറി സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് നിശ്ചിത ഫീസ് ഈടാക്കാവുന്നതാണ്.

15. ഓരോ ഡിപ്പാർട്ട്മെന്റിൽനിന്നും അനുവദിക്കുന്ന ഫണ്ടുകൾ ഉപയോഗിച്ച് നടത്തുന്ന വികസനപ്രവർത്തനങ്ങൾക്ക് അതിനാവശ്യമായ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് അവരിൽനിന്നുതന്നെ ഈടാക്കേണ്ടതാണ്.

16. ഭരണചിലവ് കൂടുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

17. പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങൾ തദ്ദേശീയരായ തൊഴിൽരഹിതരെ ഉപയോഗിച്ച് ജനകീയ കമ്മറ്റികൾ ഉണ്ടാക്കി വ്യക്തമായ സേവനവേതന ഉടമ്പടി പ്രകാരം നടപ്പിലാക്കിയാൽ ഇടനിലക്കാരെ ഒഴിവാക്കുവാനും വിവേചോർച്ച തടയുവാനും തൊഴിലില്ലായ്മയ്ക്ക് ഒരു പരിഹാരമാർഗ്ഗവും കൂടിയാകും.

18. സ്വകാര്യബാങ്കുകളുടെ പ്രവർത്തനം ഏതുതരത്തിലാണെന്നും അതിന്റെ പലിശനിരക്ക് എത്രയാണെന്നും അതിന്റെ വിനിയോഗം ഏതാവശ്യത്തിനാണെന്നും മനസിലാക്കി ആ ആവശ്യങ്ങൾ പ്രാഥമിക സഹകരണ സംഘങ്ങളിലൂടെ നടപ്പിലാക്കാൻ കഴിയുമോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

19. പഞ്ചായത്തിലുള്ള എല്ലാ ബാങ്കുകളുടേയും ധനകാര്യ സ്ഥാപനങ്ങളുടേയും 3 മാസത്തിൽ ഒരിക്കലെങ്കിലും പഞ്ചായത്ത് തലത്തിൽ മീറ്റിംഗ് സംഘടിപ്പിക്കണം.

20. സ്വയംതൊഴിൽ കാംക്ഷിക്കുന്ന യുവതിയുവാക്കൾക്ക് പഞ്ചായത്തിൻകീഴിൽ സെൽഫ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തുടങ്ങിയാൽ പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്ക് മുതൽകൂട്ടാകും.

21. പഞ്ചായത്തിൽ ഒരു സർവ്വീസ് സെന്റർ ആരംഭിക്കണം. അപേക്ഷാഫോറങ്ങൾ എസ്.ടി.ഡി. ബൂത്ത് ജോബ് ടൈപ്പിംഗ്, ഇലക്ട്രിക്ക് ബിൽ, വാട്ടർ ടാക്സ്, ടെലിഫോൺ ബിൽ എന്നിവ ശേഖരിച്ച് അടക്കുവാനുള്ള സൗകര്യം. സമയാസമയം ചിട്ടിപണങ്ങൾ, റിക്കറിംഗ് ഡെപ്പോസിറ്റ് മുതലായവ അടക്കുന്നതിനുള്ള സൗകര്യവും ഇലക്ട്രിക്ക് സാധനങ്ങൾ റിപ്പയർ ചെയ്തുകൊടുക്കുന്നതിനും (ടി.വി, റേഡിയോ ഉൾപ്പെടെ) സൗകര്യമുള്ള സർവ്വീസ് സെന്റർ ആരംഭിക്കണം.

22. പ്രാഥമിക സഹകരണ സംഘത്തിന്റെ പ്രവർത്തനം എല്ലാ മേഖലകളിലേക്കും വ്യാപിപ്പിക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

23. പ്രാഥമിക സഹകരണ സംഘങ്ങളിൽ പഞ്ചായത്തിലെ സ്ഥിരം താമസക്കാർക്ക് അംഗത്വം ലഭിക്കുന്നതിന് സൗകര്യം ഉണ്ടാക്കേണ്ടതാണ്.

24. കോർട്ട്ഫീ സ്റ്റാമ്പുകളുടെ വിഹിതം പഞ്ചായത്തിന് ലഭിക്കുവാനുള്ള നടപടി ഉണ്ടാവേണ്ടതാണ്.

25. പഞ്ചായത്തിലുള്ള ധനകാര്യസ്ഥാപനങ്ങളിൽ എത്തിച്ചേരുന്ന ഗർഫ് പണത്തിന്റെ കണക്ക് ശേഖരിച്ച് പഞ്ചായത്തിൽ വികസനപരമായ ആവശ്യങ്ങൾക്ക് മുതൽമുടക്കുവാനുള്ള പ്രചോദനം അവർക്ക് നൽകണം. ആയതിനുവേണ്ടി പഞ്ചായത്ത് അവരിൽനിന്ന് കടപ്പത്രം സ്വീകരിക്കുവാൻ വേണ്ട നടപടിക്ക് ശ്രമിക്കേണ്ടതാണ്.

26. പഞ്ചായത്തിൽ ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കണം. ഒരോ വാർഡിൽനിന്നും ഇതിനാവശ്യമായ സാമ്പത്തികം സമാഹരിക്കണം. പഞ്ചായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരിൽ അപകടം മൂലമോ അല്ലാതെയോ മരണപ്പെടുമ്പോഴോ ആ കുടുംബത്തിന് ചെറിയൊരു സഹായനിധി കൊടുക്കേണ്ടതാണ്. മാരകമായ രോഗമുള്ളവർക്കും ഇത് ബാധകമാക്കേണ്ടതാണ്.

27. എൻ.ആർ.ഐ അക്കൗണ്ടുകൾ പ്രാഥമിക സഹകരണ ബാങ്കുകളിൽ തുറക്കുവാൻ നിയമനിർമ്മാണം നടത്തണം. ആ തുകകൾ വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുവാൻ വേണ്ടനടപടി സ്വീകരിക്കണം.

28. ചന്തപ്പുര, കുളവൻമുക്ക്, മന്ദം തുടങ്ങിയ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ ശുചീകരണ പ്രവർത്തനത്തിന് സംവിധാനം ഉണ്ടാക്കണം. പൊതുസ്ഥലങ്ങളിൽ ചത്തുകിടക്കുന്നായ തുടങ്ങിയ മൃഗങ്ങളുടെ ശവശരീരങ്ങൾ യഥാസമയം നീക്കം ചെയ്യുവാനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്.

29. പഞ്ചായത്തിന്റെ പ്രവർത്തനം സുതാര്യതയോട് കൂടിയതും ബഹുജന പങ്കാളിത്തത്തോട് കൂടിയും നടപ്പിലാക്കേണ്ടതാണ്.

പുനഃരധിവാസം

കുഷ്ഠം, ക്ഷയം തുടങ്ങിയ രോഗവിമുക്തർ, ശാരീരിക അംഗവൈകല്യം ബാധിച്ചവർ, അന്ധർ തുടങ്ങിയവരുടെ മാനവശേഷി ഉപയോഗിക്കപ്പെടാനുള്ള അദ്ധ്വാനഭാരം കുറഞ്ഞതുമായ ജോലികൾ ചെയ്യുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കേണ്ടതാണ്. മേപ്പടി വിഭാഗക്കാർക്കും സമൂഹത്തിനുതന്നെയും നേട്ടമുണ്ടാക്കാൻ കഴിയുന്നതാണ്.

വികസന രേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

ആമുഖം

ശ്രീ. പി.എൻ. സേതുമാധവൻ
ശ്രീ. ആർ സുരേന്ദ്രൻ
ശ്രീ. എൻ. മോഹൻദാസ്
ശ്രീ. പി.എം. പ്രഭാകരൻ
ശ്രീ. എം. ഹംസ
ശ്രീ. ടി. വിജയൻ
ശ്രീ. വി. നാരായണൻ

കൃഷി ജലസേചനം

ശ്രീ. കെ.വി. പരമൻ
ശ്രീ. വി.ഇ. മോഹൻദാസ്
ശ്രീ. കെ.വി. ചെന്താമര
ശ്രീ. പി.കെ. സുകുമാരൻ
ശ്രീ. വി. ബാലസുബ്രഹ്മണ്യൻ
ശ്രീ. എ.വി. രാഘവൻ

മൃഗസംരക്ഷണം, മത്സ്യമേഖല

ഡോ. യു. ചന്ദ്രപാൽ
ശ്രീ. കെ. ഗോപിനാഥൻ
ശ്രീ. വി. രവി
ശ്രീ. എ.എം.എ. റഹ്മാൻ

വിദ്യാഭ്യാസം

ശ്രീ. കെ.എൻ. നാരായണൻകുട്ടി
ശ്രീ. എം. ചാമുക്കുട്ടി
ശ്രീ. പി. തങ്കച്ചൻ
ശ്രീ. പി. രാമൻ
ശ്രീ. എ. ഗോപിനാഥൻ
ശ്രീമതി. സി. ജാനകിവാസു

ആരോഗ്യം കുടിവെള്ളം പരിസരശുചിത്വം

ശ്രീമതി. സി. രാധികാദേവി
ശ്രീ. സി. രാധാകൃഷ്ണൻ
ശ്രീ. എം. ഉണ്ണിക്കുട്ടൻ
ശ്രീമതി. എസ്. അംബുജം
ശ്രീ. പി.സി. ബാബുരാജ്
ശ്രീമതി. ആർ. വസന്ത

വ്യവസായം

എസ്. അംബികാമോഹൻദാസ്
ശ്രീ. വി. കിരൺ
ശ്രീ. വി. രാമചന്ദ്രൻ
ശ്രീ. വി. കൃഷ്ണൻ
ശ്രീ. സി. പ്രകാശൻ

റോഡുകൾ ഊർജ്ജം

ശ്രീ. എം.കെ. രാജൻ
ശ്രീ. എ. ദേവദാസ്
ശ്രീ. എസ്. ഉദയകുമാർ
ശ്രീ. എം.കെ. ഗിരീഷ്കുമാർ
ശ്രീ. എ. കണ്ടു

ഭവനനിർമ്മാണം ക്ഷേമപ്രവർത്തനങ്ങൾ

ശ്രീ. എൻ. മുരളീധരൻ
ശ്രീ. കെ.കെ. മോഹനൻ
ശ്രീമതി. വി. ശോഭ
ശ്രീ. എം. ജയപ്രകാശ്
ശ്രീമതി. കെ. ഇന്ദിര

സംസ്കാരം

ശ്രീ. ടി.പി. സുനന്ദൻ
ശ്രീ. കെ. ഗംഗാധരൻ
ശ്രീ. എം.കെ. രാജൻ
ശ്രീ. കെ. ഗംഗാധരൻ
ശ്രീ. ലക്ഷ്മികാന്തൻ
ശ്രീ. സി. രാധാകൃഷ്ണൻ

വനിതാ ക്ഷേമം

ശ്രീ. വി.എൻ. ഗോപിനാഥൻ
ശ്രീ. എം.എ ഉണ്ണികൃഷ്ണൻ
ശ്രീമതി. ജി. ശ്രീദേവിയമ്മ
ശ്രീമതി. ജെ.കെ. സുഭദ്രാമ്മ
ശ്രീമതി. പി. ജയലക്ഷ്മി

സഹകരണം

ശ്രീ. എ. കാശു
ശ്രീ. കെ. മുത്തു
ശ്രീ. എ.കെ. ദിനേശൻ
ശ്രീ. എം. രാമൻ
ശ്രീ. എം.ആർ. രാമദാസ്


പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

ശ്രീ. കെ. വാസു
ശ്രീ. കെ. ശിവരാമൻ
ശ്രീ. കെ. പ്രേംജി
ശ്രീ. വി.എസ്. മുഹമ്മദ് ഇബ്രാഹിം
ശ്രീമതി. സി. ജാനകിവാസു

വിവേസമാഹരണം

ശ്രീ. ആർ. ശിവദാസൻ
ശ്രീ. എം.എൻ. വേലായുധൻ
ശ്രീ. ആർ. കുട്ടി
ശ്രീ. വി. രാജൻ
ശ്രീ. എ. നാരായണൻ

ഉപസംഹാരം



പഞ്ചായത്തിന്റെ സമഗ്രവികസനരേഖ കുഴൽമന്ദം പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും മുൻപാകെ സാദരം സമർപ്പിക്കുകയാണ്. പഞ്ചായത്തിലെ സമസ്ത പ്രശ്നങ്ങളും പരിശോധിക്കപ്പെട്ടിട്ടുള്ള സമഗ്രരേഖയാണ് ഇതെന്ന് അവകാശപ്പെടുന്നില്ല. എന്നാൽ ജനകീയാസൂത്രണത്തിന്റെ ഭാഗമായി വിലയിരുത്തപ്പെട്ട എല്ലാ പ്രശ്നങ്ങളും അവതരിപ്പിക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്.

ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന ജനവികാരങ്ങൾ പ്രതിഫലിപ്പിക്കാൻ ഒട്ടൊക്കെ കഴിഞ്ഞിട്ടുണ്ടെന്ന് നിസംശയം പറയാം. പ്രധാനമായി നമ്മുടെ ചന്ത, കുളവൻമുക്ക് യു.പി സ്കൂൾ ഹൈസ്കൂളായി ഉയർത്തി സ്വന്തം കെട്ടിടത്തിൽ പ്രവർത്തിപ്പിക്കുവാനും കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിന് കരിയംചിറ പദ്ധതി നടപ്പിലാക്കുന്നതോടൊപ്പം പഞ്ചായത്തിലെ നെൽപ്പാടങ്ങളിൽ സ്വകാര്യവ്യക്തികളുടെ കൈവശമുള്ള അനേകം കുളങ്ങളിൽ അത്യാവശ്യമായത് കൃഷിക്കാരുടെ സഹകരണത്തോടുകൂടി ഏറ്റെടുത്ത് അതാത് പ്രദേശത്തെ കൃഷിക്കാവശ്യമായ ജലം സംഭരിക്കുവാനും കൃഷിയെ അഭിവൃദ്ധിപ്പെടുത്തുവാനും കഴിയുന്ന രൂപത്തിൽ നമ്മുടെ പഞ്ചായത്തിന്റെ നിലവിലുള്ള സ്ഥിതി, പ്രശ്നങ്ങൾ, സാദ്ധ്യതകൾ മനസ്സിലാക്കി അവതരിപ്പിക്കപ്പെട്ടിട്ടുള്ള ഈ രേഖ നാളെയുടെ പദ്ധതി രൂപങ്ങൾക്കുള്ള മാർഗ്ഗരേഖയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഉരുത്തിരിയുന്ന വികസന പദ്ധതികൾ പ്രാവർത്തികമാക്കുവാൻ കക്ഷിരാഷ്ട്രീയ മത പരിഗണനക്കതീതമായ ജനകീയ ശക്തി ഉയർത്തിക്കൊണ്ടുവരണം. അതിനായുള്ള യത്നങ്ങൾക്ക് കർമ്മ സേനയുടെ പ്രവർത്തനം സുസജ്ജമാക്കണം.

നിരവധി പേരുടെ അഹോരാത്ര പരിശ്രമത്തിന്റെ ഉൽപ്പന്നമാണ് ഈ രേഖ. കുഴൽമന്ദത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങളും, സ്കൂളുകളും, മറ്റ് തൊഴിൽ സ്ഥാപനങ്ങളും നമ്മോട് സഹകരിച്ചിട്ടുണ്ട്.

സാംസ്കാരിക ചരിത്ര പഠനങ്ങളുടെ ഭാഗമായി സഹകരിച്ച എല്ലാവരേയും നന്ദിപൂർവ്വം സ്മരിക്കുന്നു.

ൻപതാം ജനകീയാസൂത്രണത്തിന്റെ പശ്ചാത്തലത്തിൽ ഉരുത്തിരിഞ്ഞുവന്ന പദ്ധതികളുടെ നടത്തിപ്പിന്റെ പൂർണ്ണ ഉത്തരവാദിത്വം ജനങ്ങൾക്കാണ്. ആയതിനാൽ വിശ്വാസത്തോടും ധൈര്യത്തോടും ചുമതലകൾ ഏറ്റെടുക്കുവാൻ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നതോടൊപ്പം പരസ്പരം സഹകരിച്ചും മറ്റുള്ളവരെ സഹകരിപ്പിച്ചും വികസനപ്രവർത്തന ങ്ങളിൽ നമുക്ക് വിജയിക്കുവാൻ കഴിയട്ടെ എന്ന് ആശംസിച്ചുകൊണ്ടും വികസന സെമിനാറിലേക്ക് നിങ്ങളെ സ്വാഗതം ചെയ്യുന്നു.

പ്രസിഡന്റ്

പി.എൻ. സേതുമാധവൻ

WITH BEST COMPLIMENTS FROM

A. Ramakrishnan,

Vijaya Bakery (Kalathil Bros)

Coyalmannam

A. Sukumaran,


Vijaya Stores, Coyalmannam. & Vijaya

Baking Group, Highway Jn.

Kolavanmukku.

VIJAYA BAKING GROUP

High Way Jn.
Kulavanmukku, Coyalmannam.



A. Vijayakumar,

Vijaya Baking Co.,

Kannanur, Kannadi.

P.K. Soubagyavathy,

Silpa Tailoring Institute,

Kolavanmukku, Coyalmannam

WITH BEST COMPLIMENTS FROM

. ആശംസകളോടെ.....!

ഫോൺ : 283262

ഹാജി. എൻ. മുഹമ്മദ് സാഹിബ് & സൺസ്, കുഴൽമന്ദം

- ഇക്ബാൽ റൈസ്മിൽ, കുഴൽമന്ദം
- നൂർ മെഡിക്കൽസ് "
- ന്യൂപോപ്പുലർ സ്റ്റോർസ് "
- നജൂൺ സിറോക്സ് "
- സ്റ്റുഡൻസ് സെന്റർ "
- ക്രൗൺ പാലസ്, കല്യാണമണ്ഡപം, കുഴൽമന്ദം

(Opening Shortly)

With best compliments from -

PH : 533980 - PKD
283274 - CYM

★

THEMMALAPPURAM INVESTMENTS,

PALAKKAD

&

NOCHULLY FINANCIERS,

KOLAVANMOKKU, KUZHALMANNAM

N.B. Balakrishnan

Wish You a Happy
X 'Mas & New Year

✆ : 522074, 522075
522074, 522075

HOTEL Chanakya

C.B.E Road, Chandranagar
PALAKKAD - 678 007

The above of traditional Indian Hospitality

- ❐ A/C & Non A/C Rooms
- ❐ Restaurant
- ❐ Out Door Catering
- ❐ Conference Hall
- ❐ Feast Undertaking
- ❐ Lawn Service
- ❐ Home Delivery

With best compliments from KMS

K.M. SYED MOHAMED & CO.

DEALERS : HINDUSTAN PETROLEUM CORPORATION
COYALMANNAM - 678 702, PALAKKAD DIST. PH: 282025, RES : 282225

- ❐ CEMA LPG GAS DEALER
- ❐ NATIONAL RICE MILL
- ❐ K.M.S BUS SERVICE
- ❐ A.C.C CEMENT DEALER

Layout & Printing : Anugraha Offset, Alathur